ശ്രീചിത്രാവലി നമ്പർ ൨.

3-84.
D. ച. 28

# പ്രബന്ധചൈത്രകം

ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല
തിരുവനന്തപുരം
1123

ീത്രാവലി നമ്പർ 5.

# പ്രബന്ധചൈത്രകം

ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല

തിരുവനന്തപുരം

1123

[വില ഒരു രൂപ]

മൂന്നാംപതിപ്പ്

*Printed at the*
P. K. MEMORIAL PRESS
VAZHUTHACAUD - TRIVANDRUM.

1 സ്വാതിതിരുനാൾ മഹാരാജാവ്
കവിതിലകൻ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
എം. ഏ. ബി. എൽ.

2. ലക്ഷ്മിയുടെ പൊല്ലിയാട്ടം
എം. രാജരാജവർമ്മത്തമ്പുരാൻ, എം. ഏ. ബി. എൽ.

3. തിരുവിതാംകൂറും മേൽകോയ്മയും
സദസ്യതിലകൻ, ററി. കെ. വേലുപ്പിള്ള,
ബി ഏ. ബി. എൽ.

4. രണ്ടുമൂന്നു ദാക്ഷിണാത്യകവയിത്രികൾ
പി. കെ. നാരായണപിള്ള, ബി. ഏ. ബി. എൽ;

5. ദൃശ്യകാവ്യങ്ങൾ
ശൂരനാട്ട് പി. എൻ. കുഞ്ഞൻപിള്ള എം. ഏ.

6. ഗ്രാമോദ്ധാരണം
ജി. ആർ. പിള്ള, ബി. ഏ. ബിൽ., പി. എച്ച്. ഡി.,
(മാഞ്ചെസ്റ്റർ) എഫ്. ആർ. ഇ. എസ്സ്.

7. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
കെ. ആർ. കൃഷ്ണപിള്ള, ബി. ഏ. ബി. എൽ.

8. വായ്മൊഴി
ഡാക്ടർ കെ. ഗോദവർമ്മ, എം. ഏ. പി. എച്ച്. ഡി.

9. കോമളകലകളുടെ ഉല്പത്തി
എൻ. ഗോപാലപിള്ള, എം. ഏ.

10. വൃത്തം
വി. കൃഷ്ണൻതമ്പി, ബി. ഏ.

# പ്രസ്താവന

'പ്രബന്ധമൌക്തികം' എന്ന ഈ ഗ്രന്ഥം ഞങ്ങളുടെ ശ്രീ ചിത്രാവലി ഗ്രന്ഥമാലയിൽ അഞ്ചാം പുസ്തകമാണ്. ഇതിനു മുൻപ് ഞങ്ങൾ ചില പ്രാചീനകൃതികളുടെ പ്രസിദ്ധീകരണം മാത്രമേ നിർവ്വഹിച്ചിട്ടുള്ളു. പഴയതിനെ പുലർത്തുക എന്നതുപോലെതന്നെ പുതിയതിനെ മലയാളഭാഷയ്ക്കു നേടിക്കൊടുക്കുകയെന്നുള്ളതും ശ്രീ ചിത്രാവലി ഗ്രന്ഥമാലയുടെ ഉദ്ദേശ്യത്തിൽ ഉൾപ്പെടുന്നു. അതിനാൽ ആധുനിക പണ്ഡിതന്മാരിൽ ചിലർ ഞങ്ങളുടെ അപേക്ഷയനുസരിച്ച് ഭിന്നവിഷയങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ള പ്രബന്ധങ്ങളുടെ സമുച്ചയരൂപമായ ഈ ഗ്രന്ഥം, ഇപ്പോൾ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതു്, ഞങ്ങളുടെ വിപുലമായ ഉദ്ദേശ്യത്തിന്റെ കാലോചിതമായ നിർവഹണമായിരിക്കുമെന്നു കരുതുന്നു.

ഈ പ്രബന്ധങ്ങൾ എല്ലാംതന്നെ പരിണതപ്രജ്ഞന്മാരായ പണ്ഡിതന്മാർ വിദ്യാർത്ഥികൾക്കു് വിവിധ വിഷയങ്ങളിൽ വിജ്ഞാനം ഉളവാകുമാറു് രചിച്ചിട്ടുള്ളതാണെന്നു് അഭിമാനപുരസ്സരം അറിയിച്ചുകൊള്ളുന്നു.

ഞങ്ങളുടെ അപേക്ഷയെ സ്നേഹപൂർവ്വം കയ്ക്കൊണ്ടു് പ്രബന്ധങ്ങൾ എഴുതിത്തന്ന എല്ലാ മാന്യന്മാരോടും ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. ഞങ്ങൾക്കു അയച്ചുതന്നിട്ടുള്ള പല പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുവാൻ ഗ്രന്ഥവിസ്താരഭയത്താൽ സാധിച്ചിട്ടില്ല. അവയും യഥാകാലം പ്രകാശിപ്പിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നതാണു്.

ഈ പ്രസിദ്ധീകരണത്തെ മഹാജനങ്ങൾ യഥായോഗ്യം ആദരിച്ച് ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ മേൽക്കുമേലുള്ള അഭിവൃദ്ധിയെ സാധിപ്പിക്കുവാൻ അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചുകൊള്ളുന്നു.

ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല,
തിരുവനന്തപുരം,
15-1-1112.

റാവുബഹദൂർ
ഡാ: എൻ. കുഞ്ഞൻപിള്ള
ഗ്രന്ഥശാലാദ്ധ്യക്ഷൻ,

# പ്രബന്ധചൈത്രകം

## സ്വാതിതിരുനാൾ മഹാരാജാവു്

കവിതിലകൻ ഉള്ളൂർ. എസ്. പരമേശ്വരയ്യർ
എം. ഏ., ബി. എൽ.

കൊല്ലം 986-ാമാണ്ടു് തിരുവിതാംകൂർ രാജകുടുംബത്തിൽ റാണി ഗൗരി ലക്ഷ്മീഭായി, അവിടത്തെ കനിഷ്ഠസഹോദരി ഗൗരി പാർവതീഭായി, പുത്രി രുക്മിണീഭായി എന്നീ മൂന്നു രാജ്ഞിമാർ മാത്രമാണു് ഉണ്ടായിരുന്നതു്. ലക്ഷ്മീഭായിത്തമ്പുരാട്ടിക്കു് അന്നു് ഇരുപതുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും അവിടുന്നു് അതിനു മുമ്പുതന്നെ അസാമാന്യമായ ബുദ്ധിശക്തി, മനഃപരിഷ്കാരം, കൃത്യശ്രദ്ധ, ജനരഞ്ജന തുടങ്ങിയ വിശിഷ്ടസിദ്ധികളാൽ അനുഗൃഹീതയായിരുന്നു. രാജ്യാവകാശം തനിക്കാണെന്നു ബാലരാമവർമ്മ മഹാരാജാവിന്റെ വയസ്യനായ മാവേലിക്കര വിശാഖം തിരുനാൾ കേരളവർമ്മതമ്പുരാൻ വാദിക്കയുണ്ടായി. എങ്കിലും അക്കാലത്തു തിരുവിതാംകൂറിൽ ബ്രിട്ടീഷ് റസിഡന്റായിരുന്ന കർണൽ മൺറോ നിഷ്കൃഷ്ടമായ ഒരു വിചാരണ നടത്തി സത്യസ്ഥിതി കണ്ടുപിടിക്കയും, അതിന്റെ ഫലമായി രാജകുടുംബത്തിൽ ഒരു പുരുഷപ്രജ ജനിക്കുന്നതുവരെ രാജ്യഭാരത്തിനുള്ള പരിപൂർണ്ണാവകാശം റാണി ലക്ഷ്മീഭായിക്കാണെന്നു തീർച്ചപ്പെടുത്തി ഒരു വിളംബരം ബ്രിട്ടീഷ്ഗവൺമെന്റ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതോടുകൂടി രാജ്യത്തിൽ ആഭ്യന്തരമായ അസ്വാസ്ഥ്യം അസ്തമിക്കയും റാണി സമുജ്ജ്വലവും സമാധാനമധുരവുമായ തന്റെ പ്രജാപരിപാലനം ആരംഭിക്കയും ചെയ്തു. ആ ദശാസന്ധിയിൽ വഞ്ചി

ഭൂമിക്ക് അപ്രതിഹതവും സർവതോമുഖവുമായ അഭ്യുദയം സിദ്ധിക്കണമെങ്കിൽ അതിനുള്ള പ്രധാനമാർഗ്ഗം മേൽക്കോയ്മക്കും തനിക്കും ഒന്നുപോലെ വിശ്വസ്തനായ മൺറോസായിപ്പ് റസിഡൻറുദ്യോഗത്തിനു പുറമെ ദിവാനുദ്യോഗം കൂടി വഹിക്കുന്നതാണെന്ന് ആ മഹതിക്കു തോന്നി. സായിപ്പു രണ്ടു ജോലികളും ഒന്നിച്ചു നോക്കി ജനക്ഷേമത്തിന് ഉതകുന്ന പല ഭരണപരിഷ്കാരങ്ങളും ഏർപ്പെടുത്തി നാട്ടിൽ സൗഖ്യവും ഐശ്വര്യവും വളർത്തി. ഒരു നല്ല സംസ്കൃതപണ്ഡിതനും സാരഗ്രാഹിയുമായ ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു ലക്ഷ്മീറാണിയുടെ ഭർത്താവ്. അദ്ദേഹവും ഭരണവിഷയത്തിൽ പലപ്രകാരത്തിലും അവിടുത്തെ സഹായിച്ചു.

അത്തരത്തിലുള്ള ആനന്ദമെല്ലാം തിരുമനസ്സുകൊണ്ട് അനുഭവിച്ചുവെങ്കിലും രാജവംശത്തിൽ പുരുഷസന്താനങ്ങൾ ഇല്ലാത്തതു നിമിത്തം തൻെറ കുടുംബത്തിൻേറയും രാജ്യത്തിൻേറയും ഭാവിയെപ്പററി അവിടുത്തേക്ക് അനിർവാച്യമായ ആശങ്കയ്ക്ക് അവകാശമുണ്ടായിരുന്നു. പുത്രലാഭത്തിനായി തമ്പുരാട്ടി ഓരോ നിമിഷവും കുലദൈവമായ ശ്രീപത്മനാഭനെ ഭജിച്ചു. അനവധി വ്രതങ്ങൾ നോററു. തൻെറ ഗുരുവായ അയ്യാസ്വാമിശാസ്ത്രികളെക്കൊണ്ടു ഇരുപത്തഞ്ചാവർത്തി ഹരിവംശം വായിപ്പിച്ചുകേട്ടു. ആ സൽകർമ്മങ്ങളുടേയും വഞ്ചിരാജ്യത്തിൻെറ പൂർവപുണ്യത്തിൻേറയും ഫലമായി അവിടുന്ന് 988–ാമാണ്ടു മേടമാസം 5–ാനു- സ്വാതി നക്ഷത്രത്തിൽ ഒരുപുരുഷപ്രജയെ പ്രസവിച്ചു. മാതാപിതാക്കന്മാർക്കും ബന്ധുക്കൾക്കും രാജ്യവാസികൾക്കും മാത്രമല്ല സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സിലെ തിരുവവതാരം പരമോത്സവമായിത്തീർന്നതു്. മന്ത്രിസത്തമനായ മൺറോവിനും അതു് അനിർവചനീയമായ ആഹ്ലാദം അങ്കുരിപ്പിച്ചു. മാതൃഗർഭത്തിൽ വളരുമ്പോൾതന്നെ മഹാരാജാവായിത്തീരുകയാൽ ഗർഭശ്രീമാൻ എന്ന ബിരുദത്തിന് ആ തിരുമേനി അവകാശിയായി. രാമവർമ്മാവെന്നായിരുന്നു തിരുനാമധേയം.

ഈ സംഭവം കഴിഞ്ഞ് ഏറെത്താമസിയാതെ തിരുവിതാംകൂർ സഹായം ഡിപ്പാർട്ടുമെൻറുകാർ വനത്തിൽനിന്നു വെളുത്തനിറമുള്ള ഒരാനയെ പിടിച്ചു. അതു് ഒരു ശുഭശകുനമാണെന്നു ജോത്സ്യന്മാർ രാജ്ഞിയെ അറിയിച്ചു. രാജ്ഞി അതിനെപ്പററി മൺറോ സായിപ്പിനു് താഴെ കാണുന്നവിധത്തിൽ 988-ഇടവം 14-ാംനു- ഒരു തിരുവെഴുത്തയയ്ക്കുകയുമുണ്ടായി. "ഏനാനല്ലൂർ പ്രവൃത്തിയിൽ ചാത്തമററം മലയിൽ മുല്ലക്കാ നീലകണ്ഠൻ മുതൽപേർ എടുപ്പിച്ച കുഴിയിൽ ഒരു കൊമ്പനാന ഇറങ്ങിയതിനെ കെട്ടികേററി കൊട്ടിലിൽ കൊണ്ടുവന്നു് അടച്ച പ്രകാരവും ആ ആനയുടെ കണ്ണും ശരീരവും ആസകലം വെളുത്ത നിറമാകുന്നു എന്നും മൂവാററുപുഴ സർവാധികാര്യക്കാറൻെറ സാധനം എഴുതിവന്ന അവസ്ഥ കൊണ്ടു കൊടുത്തയച്ച കടുദാസു വായിച്ചു കേട്ടതിൻെറശേഷം നമുക്കു വളരെ സന്തോഷമാകയും ചെയ്തു. എന്തുകൊണ്ടെന്നാൽ ബഹുമാനപ്പെട്ട കമ്പനിയാരും കർണ്ണലും നമ്മെക്കുറിച്ചു് ദയവോടുകൂടി മനസ്സും വെച്ചു് സകലവും നടത്തിച്ചു വരികകാരണത്താൽ ഇതിന്വണ്ണം ഗുണമായിട്ടുള്ള എണ്ണങ്ങൾ ദൈവഗത്യാ കാണ്മാനുള്ളതിൻെറ സംഗതി വന്നിരിക്കയാകുന്നു."

989-ചിങ്ങം 15-ാംനു- രാജകുമാരനെ തിരുവിതാംകൂർ മഹാരാജാവായി ബ്രിട്ടീഷ്ഗവൺമെൻറിൻെറ അനുമതിയോടുകൂടി മൺറോ പ്രഖ്യാപനം ചെയ്തു. അന്നു നടന്ന കൂടിക്കാഴ്ചയിൽ തത്സംബന്ധമായുള്ള വിളംബരം വായിച്ചു. സഭയിൽ സന്നിഹിതരായിരുന്ന സർവജനങ്ങളും എഴുന്നേററു പുതിയ മഹാരാജാവിനെ അഭിവാദ്യം ചെയ്തു. ആ അവസരത്തിൽ റാണി ലക്ഷ്മീഭായി സദസ്യർക്കു രോമാഞ്ചമുണ്ടാകത്തക്കവണ്ണം ഇങ്ങനെ അരുളിച്ചെയ്തു: "എൻെറ കുലദൈവമായ ശ്രീപത്മനാഭസ്വാമിയുടെ ആജ്ഞ അനുസരിച്ചു് ഞാൻ എൻെറ ശിശുവിനെ കമ്പനിയാരുടെ ഹസ്തങ്ങളിൽ സമർപ്പിക്കുന്നു. ഈ കുലതന്തുവിനെ മേലാൽ സബഹുമാനം സംരക്ഷിക്കേണ്ട ചുമതല കമ്പനിയാരെ ചേർന്നതാകുന്നു. ഇതിൽ-

കൂടുതലായി ഞാനെന്താണു് ഇവിടെ പ്രസ്താവിക്കുവാനുള്ളതു്? മഹാരാജാവിന്റെ പ്രതിനിധിയായി റാണി രാജ്യരക്ഷാകർത്തൃത്വം സ്വീകരിച്ചു് പ്രജാപരിപാലനം തുടർന്നു. 990-ാമാണ്ട് ചിങ്ങമാസത്തിൽ അവിടുന്നു് മറ്റൊരു പുരുഷപ്രജയെക്കൂടി പ്രസവിച്ചു. ആ തിരുമേനിയാണു് സ്വാതിതിരുനാൾ മഹാരാജാവിന്റെ അനന്തരഗാമിയായ ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു്.

ലക്ഷ്മീറാണി ആ വർഷത്തിൽ തന്നെ കന്നിമാസം 5-ാനു തന്റെ പ്രിയതമനേയും സന്താനങ്ങളേയും പ്രജകളേയും പെട്ടെന്നു കൈവെടിഞ്ഞു വൈകുണ്ഠലോകത്തെ പ്രാപിക്കേണ്ട ദുരദൃഷ്ടം തിരുവിതാംകൂറിനു നേരിട്ടു. നാടുനീങ്ങുന്നതിനു് അല്പം മുൻപു് ആ മനസ്വിനി തന്റെ സഹോദരിയേയും കിടാങ്ങളേയും ഭർത്താവിന്റെ സന്നിധിയിൽ വരുത്തി അവരുടെ പരിരക്ഷണത്തിനുള്ള ഭാരം അദ്ദേഹത്തിൽ സമർപ്പിച്ചു. തന്റെ ജ്യേഷ്ഠത്തിയുടെ മരണാനന്തരം റാണി ഗൗരി പാർവതീഭായി ഭരണാധികർത്രിയായി. പാർവതീറാണി രാജ്യഭരണവിഷയത്തിൽ ലക്ഷ്മീറാണിയുടെ കാലടിപ്പാടുകളെത്തന്നെ പിൻതുടർന്നു.

രാജകുമാരന്മാരെ വേണ്ടവിധത്തിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു കോയിത്തമ്പുരാനും റാണിയും പ്രത്യേകം ശ്രദ്ധിച്ചു. മലയാളവും സംസ്കൃതവുമാണു് ആദ്യമായി അവർ പഠിച്ചുതുടങ്ങിയതു്. അരിപ്പാട്ടു കിഴക്കേടത്തുവാര്യത്തു കൊച്ചുപിള്ള വാര്യരായിരുന്നു സ്വാതിതിരുനാൾ തിരുമേനിയുടെ ബാല്യകാലത്തിലെ സംസ്കൃതഭാഷാധ്യാപകൻ. വാര്യർ ഒരു പണ്ഡിതനും പരിഷ്കൃതസഹൃദയനും കവിയുമായിരുന്നു. അദ്ദേഹം ഉർവശീസ്വയംവരം എന്നൊരു ആട്ടക്കഥ നിർമ്മിച്ചിട്ടുള്ളതിനു പുറമേ ഇംഗ്ലീഷിൽനിന്നു് ഈസോപ്പിന്റെ ഏതാനും സാരോപദേശകഥകൾ മലയാളത്തിൽ ഗദ്യമായി വിവർത്തനം ചെയ്തിട്ടുമുണ്ടു്. രാജരാജവർമ്മ കോയിത്തമ്പുരാനും സ്വപുത്രനെ സംസ്കൃതം അഭ്യസിപ്പിക്കുന്നതിൽ സദാ വ്യാപൃതനായിരുന്നു. അവരുടെ ശിക്ഷാസാമർത്ഥ്യംകൊണ്ടും അതിനേക്കാൾ

എത്രയോ അധികം അവിടത്തെ നൈസർഗ്ഗികമായ വാസനാബലം കൊണ്ടും മഹാരാജാവു അതിബാല്യത്തിൽത്തന്നെ സംസ്കൃതത്തിലും മലയാളത്തിലും അത്ഭുതാവഹമായ പാണ്ഡിത്യം നേടി. ഇംഗ്ലീഷിലും അതുപോലെയുള്ള വൈദുഷ്യം തിരുമനസ്സിലേയ്ക്കു സിദ്ധിക്കണമെന്നുകരുതി മൺറോ തഞ്ചാവൂരിൽനിന്നും ഇംഗ്ലീഷ്സുബ്ബരായർ, ശേഷാപണ്ഡിതർ സുബ്ബരായർ എന്ന മാന്യനെ വരുത്തി മാസമൊന്നിനു മുന്നൂറു രൂപാ ശമ്പളവും അൻപതു രൂപാ പല്ലക്കുപടിയും കൊടുത്തു് ആ ഭാഷ പഠിപ്പിക്കുന്നതിനായി നിയമിച്ചു. തിരുമനസ്സുകൊണ്ടു് ഇംഗ്ലീഷിൽ പള്ളിവായന ആരംഭിച്ചതു 995 കുംഭം 15-ാംനു-യായിരുന്നു. കാർത്തികതിരുനാൾ ധർമ്മരാജാവു് അവിടത്തെ വാർദ്ധക്യകാലത്താണു് ഇംഗ്ലീഷ് അഭ്യസിച്ചതു്. ബാല്യത്തിൽത്തന്നെ ആ ഭാഷ പഠിക്കുന്നതിനുള്ള സൌകര്യം തിരുവിതാംകൂർ രാജകുടുംബത്തിൽ ആദ്യമായി ലഭിച്ചതു സ്വാതിതിരുനാൾ തിരുമനസ്സിലേക്കായിരുന്നു. ബാലരാമവർമ്മ മഹാരാജാവിന്റെ വാഴ്ചക്കാലത്തു് വേലുത്തമ്പിദളവായുടെ ലഹള അമർച്ച ചെയ്യുവാൻ തിരുവിതാംകൂറിൽ എത്തിയ കർണ്ണൽ വെൽഷ് എന്ന ബ്രിട്ടീഷ്സേനാനി കൊല്ലത്തു പാർത്തിരുന്ന കമ്പനി പട്ടാളത്തിന്റെ പരിശോധനയ്ക്കായി 1000-ാമാണ്ടു് വീണ്ടും തിരുവിതാംകൂറിൽ വന്ന അവസരത്തിൽ തിരുവനന്തപുരം സന്ദർശിക്കയും മഹാരാജാവിന്റെ ആംഗലഭാഷാപരിജ്ഞാനം നേരിട്ടു നോക്കി കണ്ടു് ആശ്ചര്യപ്പെടുകയും ചെയ്തു. അദ്ദേഹം തന്റെ മിലിറ്ററി റെമിനിസെൻസസ് (സൈനികസ്മരണകൾ) എന്ന ഗ്രന്ഥത്തിൽ ഈ സംഭവത്തെപ്പറ്റി താഴെകാണുന്നപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "പതിമ്മൂന്നുവയസ്സു് പ്രായമുണ്ടായിരുന്ന യുവരാജകുമാരൻ മാൽക്കാമിന്റെ സെൻട്രൽ ഇന്ത്യാ (മദ്ധ്യഭാരതം) എന്ന പുസ്തകത്തിലെ ഒരദ്ധ്യായവും റംഗൂൺപട്ടണം ബ്രിട്ടീഷ്ഗവർമ്മെൻറ പിടിച്ചടക്കിയതിനെപ്പറ്റി ഗവർണ്ണർ ജനറൽ എഴുതിയ ഒരു പേർഷ്യൻ ലേഖനവും സംസ്കൃതത്തിലും മലയാളത്തിലും ഓരോ ഖണ്ഡികയും വായിച്ചുകേൾപ്പിച്ചു. എല്ലാ ഭാഷകളിലും അവിടുന്നു്

ണനേപോലെ നൈപുണ്യം സമ്പാദിച്ചിരുന്നതായി എനിക്കു തോന്നി. യൂക്ളിഡിന്റെ രേഖാഗണിതം ഒന്നാം പുസ്തകത്തിൽ നാല്പത്തേഴാം പ്രമേയവും ഒരു സ്ലേററിൽ തിരുമേനി വരച്ചുകാണിച്ചു. എന്നാൽ എന്നെ അത്യധികം വിസ്മയിപ്പിച്ചതു 'ജ്യോമെട്രി' എന്ന പദം സംസ്കൃതത്തിലെ 'ജ്യാമിതി' എന്ന പദത്തിന്റെ തത്ഭവമാണെന്നും അതുപോലെതന്നെ ഹെക്സഗൺ, സെപ്ററഗൺ, ഒക്ററഗൺ, ഡെക്കഗൺ, ഡുവോഡെക്കഗൺ എന്നീ പദങ്ങൾ യഥാക്രമം ഷഡ്കോണം, സപ്തകോണം, അഷ്ടകോണം, ദശകോണം, ദ്വാദശകോണം എന്നീ സംസ്കൃതപദങ്ങളുടെ തത്ഭവങ്ങളാണെന്നും ഉള്ള അവിടത്തെ പ്രസ്താവനയാകുന്നു." തിരുമനസ്സിലെ വിജ്ഞാനസമ്പത്തും കുശാഗ്രബുദ്ധിയും ഈ ഒരു പ്രസ്താവനയിൽനിന്നുതന്നെ അനുമാനിക്കത്തക്കതാണല്ലോ.

സുബ്ബാരായർതന്നെയാണ് മഹാരാജാവിനെ മഹാരാഷ്ട്രഭാഷയും അഭ്യസിപ്പിച്ചതു്. പെർഷ്യൻ പഠിപ്പിക്കുന്നതിന് മദിരാശിയിൽനിന്നു ചെയ്ക്കുമഹദീൻഷാ എന്ന ഒരു പണ്ഡിതനെ വരുത്തി. ഈ ഭാഷകൾക്കു പുറമെ ഹിന്ദുസ്ഥാനി, തെലുങ്കു, കർണ്ണാടകം ഇവയിലും തിരുമനസ്സുകൊണ്ടു് പരിനിഷ്ഠിതമായ പ്രാവീണ്യം സമ്പാദിച്ചു. താൻ പഠിച്ച ദേശീയഭാഷകളിലെല്ലാം കവനം ചെയ്യുന്നതിനുള്ള പാടവവും അവിടത്തേക്കു് അനായാസേന ലഭിച്ചു. ബാല്യത്തിൽതന്നെ സംഗീതത്തിലും തിരുമേനി ബഹുപ്രകാരത്തിൽ ശിക്ഷിതനായി ആ സുകുമാരകലയുടെ സകല മർമ്മങ്ങളും ഗ്രഹിച്ചു. എന്തിനു വളരെ? പതിനാറാമത്തെ വയസ്സിനുമുമ്പെ അവിടുന്നു സകലകലാവല്ലഭൻ എന്ന ബിരുദത്തിനു സർവഥാ അർഹനായി കഴിഞ്ഞിരുന്നു. ശ്രീ പാർവതീദേവിയെ വിദ്യാഭ്യാസകാലത്തിൽ പൂർവജന്മങ്ങളിൽ സമാർജിതങ്ങളായിരുന്ന വിദ്യകൾ സ്വയമേവ പ്രാപിച്ചതായി കാളിദാസമഹാകവി വർണ്ണിച്ചിട്ടുണ്ടു്. ആ വർണ്ണന സ്വാതിതിരുനാൾ തിരുമനസ്സിലെ വിഷയത്തിലും യോജിപ്പിക്കാവുന്നതാണു്.

1004-ാ മാണ്ട മേടമാസം 10-ാംനു തിരുമനസ്സുകൊണ്ട് തനിക്ക് 16-വയസ്സ പൂർത്തിയാകയാൽ പാർവതീറാണിയുടെ പക്കൽനിന്ന രാജ്യഭാരം കൈയേററു. അന്ന തിരുവിതാംകൂറിൽ ദിവാൻജി ഗുണ്ഡോപണ്ഡിതർ വെങ്കടരായരും റസിഡൻറ കർണ്ണ മോറിസൻ സായിപ്പുമായിരുന്നു. വെങ്കടരായർ തഞ്ചാവൂർ കാരനും രാജാ സർ ടി മാധവരായരുടെ പിതാവായ രംഗരായരുടെ ജേഷ്ഠനു മായിരുന്നു. ആയ വ്യയ സംബന്ധമായി അദ്ദേഹത്തിനുണ്ടായിരുന്ന അപാരമായ ജ്ഞാനം തിരുവിതാംകൂറിൻെറ കോശസ്ഥിതി അഭി വൃദ്ധമാക്കുവാൻ അത്യന്തം പ്രയോജകീഭവിച്ചു. മോറിസൺ ഉദ്യോ ഗമൊഴിഞ്ഞ അവസരത്തിൽ വെങ്കടരായരും രാജിവച്ചുപോകയാൽ മഹാരാജാവു തൻെറ ഗുരുവായ സുബ്ബാരായരെ 1005 കുംഭം 25-ാനു- ദിവാൻജിയായി നിയമിച്ചു. സുബ്ബരായക്ക് ആംഗ്ലേയ ഭാഷാപരിജ്ഞാനവും കാര്യഗ്രഹണസാമർത്ഥ്യവും വേണ്ടിടത്തോളമുണ്ടാ യിരുന്നതിനാൽ വെങ്കടരായരുടെ അഭാവംനിമിത്തം രാജ്യത്തിനു നേരിട്ട നഷ്ടം, പരിഹരിക്കുവാൻ അദ്ദേഹം പ്രാപ്തനായിത്തീൎന്നു.

തിരുമനസ്സുകൊണ്ട് ഒന്നാമതായി ചെയ്ത ഭരണപരിഷ്കാരം അന്നുവരെ കൊല്ലത്തു സ്ഥാപിതങ്ങളായിരുന്ന ഹജൂർകച്ചേരി, ഖജനാ, മുതലായ സക്കാർ ആഫീസുകൾ തിരുവനന്തപുരത്തേക്കു മാററുക എന്നുള്ളതായിരുന്നു. അവിടുത്തേയ്ക്കു രാജ്യഭരണത്തിൽ പ്രത്യേകശ്രദ്ധ ചെലുത്തണമെന്ന താൽപര്യമുണ്ടായിരുന്നതിനാ ലാണ് അത്തരത്തിലുള്ള ഒരു മാററം ആവശ്യമെന്ന തോന്നിയത്. 1105 ചിങ്ങം 9-ാംനു- മുതൽ പുതിയ ഏർപ്പാട് നടപ്പിലായി. അലസന്മാരും അക്രമികളും ആയ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിട്ട്, അവരുടെ സ്ഥാനങ്ങളിൽ ഉത്സാഹികളും സത്യസന്ധന്മാരുമായുള്ള വരെ നിയമിച്ചു. പ്രോത്സാഹനം അർഹിക്കുന്ന ഉദ്യോഗസ്ഥന്മാൎക്കു സർവീസിൽ കയററം നൽകി. ദിവസംതോറും ഏതാനും സമയം താൻ തന്നെ രാജ്യകാര്യങ്ങൾ നേരിട്ടു നോക്കുന്നതിനായി വി- യോഗിച്ചു. എല്ലാ ഡിപ്പാർട്ടുമെൻറു മേലധികാരികളും കാണിച്ച് അവരവരുടെ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതിനു

സൗകര്യം നൽകി. കർഷകന്മാരുടെ അഭ്യുദയത്തിൽ അനവരതമായ ഔത്സുക്യം പ്രദർശിപ്പിച്ചു. 'യഥാ രാജാ തഥാ പ്രജാഃ' എന്നാണല്ലോ ആപ്തവാക്യം. തിരുമനസ്സിലെ നിപുണമായ ഭരണത്തിന്റെ ഛായയിൽ രാജ്യമെങ്ങും സുഭിക്ഷവും സമാധാനവും സമുല്ലസിച്ചു.

കുറേക്കാലമായി തിരുവിതാംകൂറിൽ പാർപ്പിച്ചിരുന്ന മൂന്നു കമ്പിനിപട്ടാളങ്ങളിൽ ഒരു കമ്പിനി നാട്ടുപട്ടാളത്തെ മാത്രം നിറുത്തിയുംകൊണ്ടു് ബാക്കി രണ്ടിനേയും ആയിടക്കു ബ്രിട്ടീഷുഗവൺമെന്റു തിരിയെ വിളിച്ചു. അതുകൊണ്ടു വല്ല കുഴപ്പവുമുണ്ടാകാനിടയുണ്ടോ എന്നു തീർച്ചപ്പെടുത്തുന്നതിനും അതിബാല്യമെന്നു ഖണ്ഡിച്ചു പറവാൻ പാടില്ലാത്ത പുതിയ മഹാരാജാവിന്റെ ഭരണം ഏതുതരത്തിലിരിക്കുന്നു എന്നു നേരിട്ടു കണ്ടറിയുന്നതിനുമായി മദിരാശി ഗവർണരായ ലൂഷിങ്ടൺ ഏറെത്താമസിയാതെ കൊല്ലത്തു വന്നു് അവിടെവച്ചു തിരുമേനിയെ സന്ദർശിച്ചു. തിരുമനസ്സുകൊണ്ടു് ആ അവസരത്തിൽ കൈ കൊടുത്തതു് അല്പം മുറുകിപ്പോയതായി തോന്നി 'ധാരാളമായ്' കൈ കൊടുക്കുമ്പോൾ ഇത്ര മുറുകെപ്പിടിക്കരുതു്" എന്നു ഗവർണർസായിപ്പു് അവിടുത്തെ ഉപദേശിച്ചു. അതിനു പ്രത്യുൽപന്നമതിയായ തിരുമേനി തൽക്ഷണം ഉടനെ മറുപടി പറഞ്ഞു: "ഈസ്റ്റിൻഡ്യാകമ്പനിയുടെ പ്രതിനിധിയായ നിങ്ങളുടെ അല്ലാതെ മററാരുടെ കൈയാണു് ഞാൻ മുറുകെപ്പിടിക്കേണ്ടതു്? എനിക്കു് ഈ ലോകത്തിൽ നിങ്ങൾ അല്ലാതെ വേറെ അവലംബമില്ല. അതുകൊണ്ടു് നിങ്ങളുടെ കൈ ഞാൻ എപ്പോഴും മുറുകെത്തന്നെ പിടിക്കും." ഗവർണർ ആ പ്രത്യുക്തി കേട്ടു് അത്യന്തം വിസ്മയത്തോടും ആനന്ദത്തോടുംകൂടി തിരുവിതാംകൂർ ഭരിക്കുവാൻ പതിനേഴു വയസ്സുമാത്രം പ്രായമുള്ള ആ മഹാരാജാവു് സർവഥാ പര്യാപ്തനാണെന്നു് നിശ്ചയിച്ചു തിരിയെ പോയി.

1012-ാമാണ്ടു് കുംഭമാസം 15-ാനു-വരെ സുബ്ബരായർ ദിവാൻജിയുദ്യോഗം ഭരിച്ചു. കൊല്ലത്തുവച്ചു ബ്രിട്ടീഷ് പട്ടാള

ത്തിൻെറ കമ്പാത്തും മററും തിരുമനസ്സിലേയ്ക്കു കാണുന്നതിന്ന് ള്ളവരികയും തൽഫലമായി നാട്ടുപട്ടാളത്തിൽ വേണ്ട പരിഷ്കാരങ്ങൾ അവിടുന്ന് ഉടനടി നടപ്പിൽ വരുത്തുകയും ചെയ്തു. നായർ പട്ടാളമെന്ന് ആ പട്ടാളത്തിന്ന് അന്നുമുതൽക്കാണ് പേർ സിദ്ധിച്ചത്. നല്ല കുതിരകളെ വിദേശങ്ങളിൽനിന്നു വരുത്തി കുതിരപ്പട്ടാളത്തേയും പരിഷ്കരിച്ചു. രാജോചിതമായ നിലയിൽ ആനലായം, പശുത്തൊഴുത്തു മുതലായവയേയും കോട്ടയ്ക്കകത്തു പണിയിച്ചു. കാഴ്ചക്കാരുടെ വിനോദത്തിനായി ഒരു മൃഗപക്ഷിമന്ദിരം സ്ഥാപിച്ച്, അവിടെ സിംഹം, കടുവാ, പുലി മുതലായ വന്യമൃഗങ്ങളേയും മററും സംരക്ഷിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്തു.

1097–ാമാണ്ട് മുൻസിഫ്കോടതികൾ സ്ഥാപിച്ചു. 1008–ാമാണ്ട് തിരുവനന്തപുരത്തുണ്ടായിരുന്ന ഹജൂർകോടതി നിറുത്തൽചെയ്ത് അതിനുപകരം ഒരു ജില്ലാക്കോടതി ഏർപ്പെടുത്തി. അവയ്ക്കു വേണ്ട ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു മലബാറിൽ ഒരു തഹശീൽദാരായിരുന്ന ചാലപ്പുറത്തു ക്ഷേത്രാമിശ്ശൻ കണ്ടപ്പമേനവനെ 1010–ാമാണ്ട് വരുത്തി ഹജൂർ ദിവാൻപേഷ്കാരായി നിയമിച്ചു. കണ്ടപ്പമേനവൻ എട്ടു നിയമങ്ങൾ അടങ്ങിയ ഒരു നിയമസംഹിത തയ്യാറാക്കുകയും 1011–ാമാണ്ടു മുതൽ അതു കല്പനപ്രകാരം നടപ്പിലാക്കുകയും ചെയ്തു. അതുകഴിഞ്ഞ് 1012–ാമാണ്ടു പുരയിടങ്ങൾ അളന്ന് ഒരു പുതിയ കണ്ടെഴുത്ത് ആരംഭിക്കുവാനും അദ്ദേഹം വേണ്ട ഏർപ്പാടു ചെയ്തു. ആയാണ്ടു തുലാമാസം 15–ാനു- കണ്ടപ്പമേനവൻ മരിച്ചു.

സുബ്ബാരായരുടെ ദിവാനുദ്യോഗകാലത്തു നടന്ന മറെറാരു പരിഷ്കാരം 1011–ാമാണ്ട് 165 സാധനങ്ങളിൽ അതുവരെ ചുമത്തിവന്ന ചുങ്കം നിറുത്തലാക്കുകയായിരുന്നു. ആയിടയ്ക്ക് ഒരു കാനേഷുമാരി കണക്കെടുത്തു. അന്നു തിരുവിതാംകൂറിലെ ജനസംഖ്യ 12,80,668 ആയിരുന്നു. ഇന്ന് ആ സംഖ്യ ഏകദേശം നാലുമടങ്ങായി വർദ്ധിച്ചിട്ടുണ്ട്. 1008–ാമാണ്ടു തന്നെ തിരുവനന്തപുരത്ത്

ആദ്യമായി ഒരു ഇംഗ്ലീഷ് പള്ളിക്കൂടം ഏർപ്പെടുത്തി. 1012-ാമാണ്ടു നാഗർകോവിലിൽ ഒരു ഗ്രാൻറ് ഇംഗ്ലീഷ് പള്ളിക്കൂടം നടത്തിക്കൊണ്ടിരുന്ന റോബർട്ട്സ് സായിപ്പിനെ വരുത്തി ആ വിദ്യാലയത്തിൻെറ അധ്യക്ഷനാക്കി. അതിനു "രാജാസ് ഫ്റിസ്കൂൾ" എന്ന പേരും കല്പിച്ചു നല്കി. കാലക്രമേണ ഡിസ്ത്രിക്‌റവു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും തിരുമനസ്സുകൊണ്ടു് അവിടവിടെ സ്ഥാപിച്ചു.

1012-ാമാണ്ടു കുംഭമാസം 15-ാനു മുതൽ 1013-ാമാണ്ടു മേടമാസം 18-ാനു-വരെ സർ ടി മാധവരായരുടെ പിതാവായ രങ്ഗരായർ ആക്ടിംഗ് ദിവാനായിരുന്നു. 1013 മേടം 19-ാനു-മുതൽ 1014 മീനം 13-ാനു-വരെ സുബ്ബാരായരുടെ പൂർവഗാമിയും ഇടക്കാലത്തു് 'രായ രായ രായ' എന്ന ബിരുദം ബ്രിട്ടീഷ് ഗവൺമെൻറിൽനിന്നു സമ്പാദിച്ച ദേഹവുമായ ഗുണ്ഡോജി പണ്ഡിതർ വെങ്കടരായർ വീണ്ടും ദിവാൻ പണിനോക്കി. അതുകഴിഞ്ഞു് ഏതാനും ദിവസത്തേക്കു ദിവാൻപേഷ്കാർ നാരായണൻ കേശവൻ കാര്യവിചാരം ചെയ്തു. 1014 മേടം 13-ാനു മുതൽ രണ്ടാമതും സുബ്ബാരായർതന്നെ ദിവാൻജിയായി 1017 മിഥുനം 1-ാനു-വരെ ആ പണിനോക്കി. 1017 മിഥുനം 2-ാനു മുതൽ ആക്ടിംഗ് ദിവാൻപേഷ്കാർലിങ്ങഗ്യൻ കൃഷ്ണരായരുടെ കാര്യവിചാരമായി. 1018-കുംഭം 30-ാനു-പാർവതീറാണിയുടെ രാജ്യഭരണകാലത്തു് ദിവാൻജിയായിരുന്നദേഹവും റെഡ്ഡിരായർ എന്ന അപരാഭിധാനത്താൽ വിദിതനമായ ജനാർദ്ദനരായർ വെങ്കടരായർ വീണ്ടും ദിവാൻജിയായി. 1020-ാമാണ്ടു ഇടവമാസം 4-ാനു-തിരുമനസ്സുകൊണ്ടു് ആ ഉദ്യോഗത്തിൽനിന്നു് അദ്ദേഹത്തെമാററി അപ്പീൽകോടതി ഒന്നാം ജഡ്ജി ഗിരിമാജിരായർ ശ്രീനിവാസരായരെ കാര്യവിചാരത്തിനു് ആക്കി. നാടുനീങ്ങുന്നതിനു ഏതാനും ദിവസങ്ങൾക്കുമുൻപു് 1022വൃശ്ചികം 26-നു കൃഷ്ണരായർ തന്നെ വീണ്ടും കാര്യവിചാരത്തിനു നിയമിതനായി. ഇങ്ങനെ പല ഉദ്യോഗസ്ഥന്മാരെയും തിരുമനസ്സുകൊണ്ടു് മന്ത്രിപദത്തിൽ കയററിയിറക്കുക-

യുണ്ടായെങ്കിലും രാജ്യപരിപാലനം മുഴുവൻ നേരിട്ടുതന്നെ നടത്തിവന്നിരുന്നതിനാൽ അത്തരത്തിലുള്ള മാററങ്ങൾകൊണ്ടു് പ്രജകളുടെ യോഗക്ഷേമാഭിവൃദ്ധിക്കു യാതൊരു പ്രതിബന്ധവും നേരിട്ടില്ല.

1012 കുംഭത്തിൽ മേൽ തിരുമനസ്സുകൊണ്ടു് ഏർപ്പെടുത്തിയ മററു ചില പരിഷ്ക്കാരങ്ങളെപ്പററിക്കൂടി ഇവിടെ ചുരുക്കമായി പ്രസ്താവിക്കാം. അവിടുത്തേക്കു് മററുപല ശാസ്ത്രങ്ങളിൽ എന്നപോലെ ജ്യോതിശ്ശാസ്ത്രത്തിലും അഭിനിവേശമുണ്ടായിരുന്നു. തിരുവനന്തപുരത്തു് ആയിടയ്ക്കു് ഒരു നക്ഷത്രബംഗ്ലാവു തിരുമനി സ്ഥാപിച്ചു. അതിൽ പ്രശസ്തമായ രീതിയിൽ പരീക്ഷണങ്ങൾ നടത്തുന്നതിനു മററുമായി ബ്രിട്ടീഷ് റോയൽസൊസൈററിയിലെ അംഗവും അക്കാലത്തെ ഒരു പ്രസിദ്ധജ്യോതിശ്ശാസ്ത്രജ്ഞനുമായ ഡാക്ടർ ജെ. എ. ബ്രൌണിനെ നിയമിച്ചു. ഇംഗ്ലീഷ് സമ്പ്രദായത്തിൽ ചികിത്സ നടത്തുന്നതിനു രാജധാനിയിൽ ഒരു ധർമ്മാശുപത്രി സ്ഥാപിച്ചു. ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറു രൂപവൽക്കരിച്ചു് ലഫ്റെറനൻറു ഹോഴ്സ്ലിയെ ആ ശാഖയുടെ അദ്ധ്യക്ഷനായി നിയമിച്ചു. നാഞ്ചിനാട്ടു കർഷകന്മാരുടെ അഭ്യുദയത്തെ ലക്ഷ്യമാക്കി കൃഷിമരാമത്തു വകുപ്പ് ഏർപ്പെടുത്തി. പുത്തൻമാളികയും രംഗവിലാസം കൊട്ടാരവും പണികഴിപ്പിച്ചു. 1015-ാമാണ്ടു ദിവാൻജിയുടെ അധികാരം വർദ്ധിപ്പിച്ചു. ഡിപ്പാർട്ടുമെൻറു മേലധികാരികൾ കൊട്ടാരത്തിലേക്കു നേരിട്ടു എഴുത്തുകുത്തുചെയ്തുകൊണ്ടിരുന്ന കീഴ്നടപ്പു നിറുത്തി. സർക്കാർവകയായി ഒരച്ചുക്കൂടം സ്ഥാപിച്ചു് ആക്കൊല്ലത്തെ പഞ്ചാംഗം അവിടെനിന്നു പ്രസിദ്ധപ്പെടുത്തി. ഇങ്ങനെ വഞ്ചിരാജ്യത്തിലെ ഏതു ഡിപ്പാർട്ടുമെൻറിന്റെ ചരിത്രം പരിശോധിച്ചാലും അതിന്റെ പ്രതിഷ്ഠാപകനോ പരിഷ്ക്കർത്താവോ ആയി സ്വാതിതിരുനാൾ തിരുമേനി പ്രത്യക്ഷപ്പെടുന്നതാണു്.

സർക്കാർഭവനം പാവനമായിരിക്കേണ്ട വിഷയത്തിൽ തിരുമനസ്സുകൊണ്ടു് പ്രദർശിപ്പിച്ചിരുന്ന നിഷ്കർഷ നിശിതമായി

രുന്നു. ഒരു ദിവാൻപേഷ്കാർ കൈക്കൂലി വാങ്ങിയതായി അറിഞ്ഞ നിമിഷത്തിൽ ആ ഉദ്യോഗസ്ഥനെ വേലയിൽനിന്നു പിരിച്ചുവിട്ടു. റെഡ്ഡിരായർ ഒരു സർക്കീട്ടിൽ ഏതോ സാമാനങ്ങൾ സമ്മാനമായി സ്വീകരിച്ചു എന്നു കേട്ടപ്പോൾ തിരുമേനി വളരെ കോപിക്കയും ആ ഉദ്യോഗസ്ഥൻ ഉടൻ രാജി വച്ചില്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിലുള്ള കേസ് ഒരു കമ്മിഷൻ മൂലമായി വിചാരണ ചെയ്യിക്കുന്നതാണെന്ന് കല്പിക്കയുംചെയ്തു. തന്റെ ഗുരുവായ സുബ്ബരായരെപ്പററി അവിടുത്തേയ്ക്കു് അതിരററ ഭക്തിയും സ്നേഹവും ഉണ്ടായിരുന്നു എങ്കിലും 1012-ാമാണ്ട് അദ്ദേഹത്തെ പിരിച്ചയച്ചതു് കോഴവാങ്ങി എന്നു സംശയിച്ചിട്ടാണ്. പിന്നീട് ഒരു കമ്മിഷൻ ഏർപ്പെടുത്തി തദ്ദ്വാരാ അദ്ദേഹത്തിന്റെ നിർദ്ദോഷത തെളിഞ്ഞതിന്മേൽ മാത്രമാണ് വീണ്ടും അദ്ദേഹത്തെ ദിവാനാക്കിയതു്. 1017-ാമാണ്ടു ചിങ്ങമാസം 17-ാനു- സുബ്ബരായർക്കു കല്പിച്ചു് താഴെ ഉദ്ധരിക്കുന്ന വാക്യം അടങ്ങിയ ഒരു നീട്ടയച്ചതായി കാണുന്നു. "കുറേ ദിവസത്തിനിപ്പുറം തന്റെ ദാക്ഷിണ്യത്തിനാൽ ഹജ്ജൂർകച്ചേരിയിൽ ചില ഉദ്യോഗസ്ഥന്മാരു പിള്ളമാരു മുതലായ ആളുകൾ അവരവരുടെ കാര്യലാഭത്തിനെ സ്മരിച്ചു് കക്ഷിപ്രതികക്ഷിയായി താരതമ്യം കൂടാതെതീൎന്ന് ഓരോ ഛിദ്രങ്ങൾ ഉണ്ടായി അതിനാൽ പണ്ടാരക്കാര്യങ്ങളിൽ വ്യവസ്ഥയും ഭയവുമില്ലാതെ ചീത്തയായിട്ടുതീർന്നിരിക്കുന്നു." തിരുമനസ്സിലെപ്പററി എല്ലാ സർക്കാർ ജീവനക്കാൎക്കും ഏററവും ഭയമുണ്ടായിരുന്നു. അവിടുത്തെ സൂക്ഷ്മദൃഷ്ടി പതിയാതെയൊ നീതിദണ്ഡം പതിക്കാതെയൊ യാതൊരതിക്രമവും അവരുടെ ഹൃദയങ്ങളെപോലും അഭയം പ്രാപിച്ചില്ല. പത്മതീൎത്ഥത്തിൽ ശൗചംചെയ്യുക, പല്ലുതേക്കുക, എണ്ണതേച്ചു കുളിക്കുക, ആഹാരം കഴിഞ്ഞാൽ കൈകഴുകുക, ഇത്തരത്തിലുള്ള മാലിന്യാവഹങ്ങളായ പ്രവൃത്തികളൊന്നും ചെയ്തുപോകരുതെന്നും അതിനു പാത്രക്കുളവും, ചാലയിലും ശ്രീവരാഹത്തുമുള്ള കുളങ്ങളും ഉപയോഗപ്പെടുത്തിക്കൊള്ളണമെന്നും കാണിച്ചു് 1014 മകരം 18-ാനു- പുറപ്പെട്ട ഒരു തീട്ടൂരത്തിൽനിന്നു തിരുമേനിക്കു നഗര

ഭരണത്തിൽ ഉണ്ടായിരുന്ന നിഷ്കർഷ വെളിവാകുന്നു. അവിടുത്തെ രാജ്യഭരണകുശലതയെ വിശദീകരിക്കുന്ന അനവധി സംഗതികൾ ഇത്തരത്തിൽ പ്രസ്താവിക്കാവുന്നതാണെങ്കിലും സ്ഥലദൌർലഭ്യം അതിനു പ്രതികൂലമായിരിക്കുന്നു.

അനുഗ്രഹീതനായ ഒരു സാഹിത്യകാരൻ, അത്യുദാരനായ ഒരു കലാപ്രണയി ഈ രണ്ടു നിലകളിലും സ്വാതിതിരുനാൾ മഹാരാജാവു് ആർജിച്ചിട്ടുള്ള യശസ്സ് ശാശ്വതവും സർവവിദിതവുമാകുന്നു. സംസ്കൃതത്തിൽ അവിടുന്നു പ്രധാനമായി (1) ഭക്തിമഞ്ജരി (2) സ്യാനന്ദൂരപുരവർണ്ണനപ്രബന്ധം (3) ശ്രീപത്മനാഭശതകം (4) അജാമിളോപാഖ്യാനം (5) യയാതിചരിതം (6) കുചേലോപാഖ്യാനം (7) നവരത്നമാല ഇങ്ങനെ ഏഴു കൃതികൾ രചിച്ചിട്ടുണ്ടു്. മലയാളത്തിൽ അവിടുത്തെ മുഖ്യകൃതി ഉത്സവപ്രബന്ധമാകുന്നു. ഈ നിബന്ധങ്ങൾ എല്ലാം അവിടുത്തെയ്ക്കു കവനകലയിൽ ഉണ്ടായിരുന്ന ആശ്ചര്യകരമായ വാസനയ്ക്കും ശ്രീപത്മനാഭൻെറ നേക്കു പ്രസരിച്ചിരുന്ന അവ്യാഹതമായ ഭക്തിക്കും ഉത്തമനിദർശനങ്ങളാകുന്നു.

ഗാനസാഹിത്യകാരൻ എന്ന നിലയിൽ തിരുമനസ്സിലെ കീർത്തി ദക്ഷിണാപഥത്തിൽ എന്നു മാത്രമല്ല ഭാരതവർഷമെങ്ങും തന്നെ വ്യാപിച്ചിട്ടുണ്ടു്. തിരുമേനി സംസ്കൃതം, മഹാരാഷ്ട്രി, ഹിന്ദുസ്ഥാനി, തെലുങ്കു, മുതലായ ഭാഷകളിൽ രചിച്ചിട്ടുള്ള വിവിധഗാനങ്ങളിൽ മുന്നൂറെണ്ണത്തിനുമേൽ ഇന്നും പ്രചരിക്കുന്നു. കീർത്തനങ്ങൾ, പദങ്ങൾ, വർണ്ണങ്ങൾ തില്ലാനകൾ, പ്രബന്ധങ്ങൾ എന്നിങ്ങനെ പല പ്രസ്ഥാനങ്ങളിലും അവിടുന്നു ഗാനങ്ങൾ നിർമ്മിക്കുകയും അവയെല്ലാം സഹൃദയന്മാരുടെ സശിരഃകമ്പമായ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ടു്. കല്പിച്ചുണ്ടാക്കിയ പാട്ടുകളെല്ലാം പത്മനാഭപരങ്ങളും ഭക്തിരസനിഷ്യന്ദികളുമാകുന്നു. നവരത്നമാലിക ഗാനസാഹിത്യമാണു്.

സകലകലകളുടേയും പരിപോഷണത്തിൽ തിരുമനസ്സു കൊണ്ടു സർവദാ ജാഗരൂകനായിരുന്നു. സാഹിത്യത്തിൽ തിരുമനസ്സിലെ സഹചാരികളായിരുന്നതു് രാവണവിജയം ആട്ടക്കഥയുടെ പ്രണേതാവായ കിളിമാനൂർ വിദ്വാൻ രാജരാജവർമ്മ കോയിത്തമ്പുരാനും ഉത്തരാസ്വയംവരം മുതലായ ആട്ടക്കഥകളുടെ നിർമ്മാതാവായ ആണ്ടിയിറക്കത്തു് ഇരയിമ്മൻതമ്പിയുമായിരുന്നു. കേരളത്തിലെ കവിപുംഗവന്മാരുടെ കൂട്ടയിൽ ഈ രണ്ടു സരസ്വതീദാസന്മാർക്കും ഓരോ സ്പൃഹണീയമായ സ്ഥാനത്തിനു അവകാശമുണ്ടു്. അവരെക്കൂടാതെ അരിപ്പാട്ടുകൊച്ചുപിള്ള വാര്യർ, അരിപ്പാട്ടു രാമവാര്യർ, അമ്പാടി കുഞ്ഞുകൃഷ്ണപ്പൊതുവാൾ, കടത്തനാട്ടു അപ്പുത്തമ്പാൻ ഇങ്ങനെ വേറെയും പല കവികൾ തിരുമനസ്സിലെ ആശ്രിതന്മാരായി ജീവിച്ചിട്ടുണ്ടു്.

ഹരികഥാകാലക്ഷേപം എന്നൊരു ഗാനസാഹിത്യപ്രസ്ഥാനം കേരളത്തിൽ ആദ്യമായി ഏർപ്പെടുത്തിയതു് അവിടുന്നാകുന്നു. ആ പ്രസ്ഥാനത്തിലുള്ള അവിടുത്തെ കൃതികളാണു് അജാമിളമോക്ഷവും കുചേലോപാഖ്യാനവും. ആ കൃതികൾ സദസ്സിൽ പ്രയോഗിക്കുന്നതിനു തഞ്ചാവൂരിൽനിന്നു മേരുസ്വാമി ഭാഗവതരെ വരുത്തി അദ്ദേഹത്തിനു കോകിലകണ്ഠൻ എന്ന ബിരുദവും മാസമൊന്നിനു മുന്നൂറ്റിപ്പത്തു രൂപാ ശമ്പളവും നൽകി. ഭരതനാട്യകലയുടെ പുരോഗമനത്തിനു് അവിടുന്നു വളരെ സഹായിച്ചിട്ടുണ്ടു്. വടിവേലു, ശിവാനന്ദം, ചിന്നയ്യാ, പൊന്നയ്യാ എന്നീ സഹോദരന്മാരെ പ്രോത്സാഹിപ്പിച്ചതു് ആ തിരുമനിയായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. പൊന്നയ്യാ ഒരു ഗാനസാഹിത്യകാരനും കൂടിയായിരുന്നു. കേരളീയനും പഞ്ചാബിലെ രണജിത്സിംഗ് മഹാരാജാവിൻെറ സദസ്സിനെ അലങ്കരിച്ചിരുന്ന പണ്ഡിതപ്രവേകനുമായ ശങ്കരനാരായണജോത്സ്യരെ തിരുവനന്തപുരത്തു വരുത്തി ആദ്യം പേഷ്കാരായും ഒടുവിൽ അപ്പീൽകോടതി ഒന്നാം ജഡ്ജിയായും നിയമിച്ചു.

തഞ്ചാവൂരിൽ വിവിധകലകളുടെ ജീവാതുവായി രാജ്യഭാരം ചെയ്തിരുന്ന ശരാഭോജിമഹാരാജാവു് 1007–ാ മാണ്ടിടയ്ക്കു തീപ്പെട്ടതിൽപ്പിന്നെ അവയെല്ലാം ഏകാവലംബമായി പരിലസിച്ചതു സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടായിരുന്നു. കളത്താടി (കഴക്കൂത്തു്) അടിപ്പാട്ടു് അനന്തലക്ഷ്മി ആകാശമാണിക്യം, മോടിവിദ്യ ഹൈദരാബാദു് ഖാൻസാ, വീണവായന മദ്ധ്യാർജ്ജുനം ഗോവിന്ദദീക്ഷിതർ, കൃഷ്ണനാടകം മദ്ധ്യാർജ്ജുനം ഗോപാലരായർ, ഹിന്ദുസ്ഥാനിനാട്യം അയോദ്ധ്യാസുകദേവൻ, ഹിന്ദുസ്ഥാനിപ്പാട്ടു പഞ്ചാബ് രാമാർജ്ജുനൻ, ബംഗാളം ഹരിദാസു്, കമ്പുകൊട്ടിപ്പാട്ടു കാശി ഗോവിന്ദദാസു്, വീണവായന മൈസൂർ നന്ദരാം, മൈസൂർ മുകുന്ദറാം, ഭരതനാട്യം തഞ്ചാവൂർ നീലാക്ഷി, സത്യഭാമ, വീണവായന തഞ്ചാവൂർ രംഗയ്യങ്കാർ, ഇംഗ്ലീഷു കൊച്ചി മാളിയക്കൽ കൃഷ്ണമാരാർ, വേദാന്തം ചോളദേശം ക്ഷീരാബ്ധിശാസ്ത്രികൾ, തർക്കം തിരുവട്ടാറു രാമസുബ്ബാശാസ്ത്രികൾ, തർക്കവും വ്യാകരണവും മേൽനാട്ടം നാരായണവിദ്യാർത്ഥി, വ്യാകരണം ചോളദേശം ഈശ്വരശാസ്ത്രികൾ, വായ്പാട്ടു പാലക്കാട്ടു പരമേശ്വരഭാഗവതർ ഇങ്ങനെ തൃക്കൈയിൽ നിന്നു വൈദുഷ്യത്തിനു സമ്മാനം വാങ്ങീട്ടുള്ളവരും, വിവിധദേശങ്ങളിൽ പെട്ടവരുമായ സ്ത്രീകളുടേയും പുരുഷന്മാരുടേയും പേരുകൾ കുറിച്ചാൽ ഒടുങ്ങുകയില്ല. രാമപുരത്തു ഗോവിന്ദമാരാർ തിരുമേനിയിൽ നിന്നു ലഭിച്ച ബഹുമതി മുദ്രയോടുകൂടിയാണു് തിരുവയാററിൽചെന്നു ഗായകസാവ്വഭൌമനായ ത്യാഗരാജനെ കണ്ടതും ആ മഹാത്മാവിൽനിന്നു ഗോവിന്ദസ്വാമി എന്ന പേർ വാങ്ങിയതും. തിരുമനസ്സിലെ പടമെഴുതിയ ഷീഫ്ടു് എന്ന ഒരു സായിപ്പിനു ലഭിച്ച പാരിതോഷികം 12000 രൂപയായിരുന്നു. വീററു് സായിപ്പിൻെറ മലയാള വ്യാകരണം, ബെയിലിസായ്വിൻെറ മലയാളം ഇംഗ്ലീഷ് നിഘണ്ടു മുതലായ പുസ്തകങ്ങൾ അവിടത്തെ പ്രോത്സാഹനം നിമിത്തമാണു് പ്രസിദ്ധീകൃതങ്ങളായതു്.

സംഗീതസാഹിത്യകുശലന്മാർക്കു പുറമെ ജാലവിദ്യക്കാർ, ഗുസ്തിക്കാർ, മന്ത്രവാദികൾ മുതലായി പലരും രാജസദസ്സിനെ അലങ്കരിച്ചിരുന്നു. അറേബിയാ, ജപ്പാൻ, നേപാളം, തുർക്കി, മലയാ മുതലായ ദേശങ്ങളിൽനിന്നു പല കലാകുശലന്മാർ തിരുവനന്തപുരത്തു വരികയും അവരെയെല്ലാം തിരുമനസ്സുകൊണ്ടു് യഥോചിതം സംരക്ഷിക്കയും ചെയ്തു. പെൺകൊടയ്ക്കു വേണ്ട ധനമില്ലായ്കയാൽ ഒരിക്കൽ ബ്രിട്ടീഷ്മലബാർകാരനായ ഒരു നമ്പൂരി കൊടുങ്ങല്ലൂരിൽ എത്തി അന്നത്തെ ഒരു പ്രസിദ്ധപണ്ഡിതനും പ്രശസ്തകവിയുമായിരുന്ന വിദ്വാൻ ഇളയതമ്പുരാനെക്കൊണ്ടു് ഏകാവലി എന്ന അലങ്കാരഗ്രന്ഥത്തിലുള്ള ഒരു ശ്ലോകം കുറിപ്പിച്ചുവാങ്ങി അതു കൊണ്ടുവന്നു് മഹാരാജാവിനു് അടിയറവച്ചു. "അല്ലയോ മഹാരാജാവേ, ദാരിദ്ര്യത്തിനു് എന്നോടു തോന്നീട്ടുള്ള ദയയെപ്പററി ഞാനെന്താണു് തിരുമനസ്സറിയിക്കേണ്ടതു്? താൻ അങ്ങനെ ചെയ്താൽ മരിക്കുമെന്നറിഞ്ഞിട്ടും അതു് എന്നെ അവിടത്തെ മുഖം കാണിപ്പിച്ചുവല്ലോ?. എന്നാണു് ആ ശ്ലോകത്തിന്റെ അർത്ഥം. തിരുമനസ്സുകൊണ്ടു നമ്പൂരിയോടു് "വരുന്ന വഴിക്കു കൊടുങ്ങല്ലൂരിൽ കേറി; അല്ലേ?" എന്നു് മന്ദസ്മിതത്തോടുകൂടി ചോദിച്ചു. "അതേ" എന്നു നമ്പൂരി പറഞ്ഞപ്പോൾ "എന്നാൽ ഈ ശ്ലോകത്തിന്റെ ചുമട്ടുകൂലിയായി ഇതിരിക്കട്ടെ." എന്നു് കല്പിച്ചു നാലായിരം പണം സംഭാവനചെയ്തു. സാക്ഷാൽ ഭോജരാജാവിനെപ്പററി നമുക്കുള്ള അറിവു് ഏറിയകൂറും ഐതിഹ്യത്തെ ആസ്പദമാക്കിയുള്ളതാണു്. ദക്ഷിണഭോജരാജനായ സ്വാതിതിരുനാൾ തിരുമേനിയെപ്പററി നേരിട്ടറിവുള്ള പലരും കുറെ കൊല്ലങ്ങൾക്കു മുമ്പുവരെ ജീവിച്ചിരുന്നു.

ഇവിടെ വിവരിക്കേണ്ട ആവശ്യമില്ലാത്ത പല കാരണങ്ങളെക്കൊണ്ടും തിരുമനസ്സിലെ അന്ത്യവർഷങ്ങൾ അവിടത്തേയ്ക്കു് അത്ര സുഖപ്രദങ്ങളായിരുന്നില്ല. അന്നു റസിഡൻറായിരുന്ന ലഫ്റ്റനൻറ് ജനറൽ കല്ലൻസായിപ്പിനു തിരുമനസ്സിലെ പേരിൽ ഓരോ ഏഷണിയുടെ ഫലമായി തോന്നിയ നീരസമാണു് ആ കാരണങ്ങളിൽ പ്രധാനം. തന്നിമിത്തം ഐഹികങ്ങളായ വ്യാപാരങ്ങളിൽനിന്നു

വിരമിച്ച് അവിടുന്ന് ശ്രീപത്മനാഭനെ ഏകതാനനായി ഭജിക്കുവാൻ നിശ്ചയിച്ചു. കർക്കശങ്ങളായ വ്രതാനുഷ്ഠാനങ്ങളാലും മററും ദേഹം ക്രമേണ ക്ഷീണിച്ചു. 1022_ാമാണ്ട് ധനുമാസം 22-ാനു- കാലത്ത് തിരുമനസ്സിലേയ്ക്കു പള്ളിയറയിൽനിന്ന് വെളിയിൽ ഇറങ്ങുന്നതിന് പോലും ശക്തിയില്ലായിരുന്നു. അന്നു പത്തുമണിവരെ പള്ളിയുറക്കമുണർന്നില്ല എന്നറിഞ്ഞപ്പോൾ പാർവതീറാണിയും ഇളയതമ്പുരാനും വ്യസനിച്ച് അവിടെ ഓടി എത്തി. ഉടനെ എഴുന്നേററ് തനിക്കുള്ള ആലസ്യത്തിന്റെ സ്ഥിതി ആരെയും ധരിപ്പിക്കാതെ 'അമ്മച്ചി അമൃതേത്തു കഴിഞ്ഞോ?' എന്നു തമ്പുരാട്ടിയോടും 'പതിവിൽ കൂടുതലായി ഉറങ്ങിപ്പോയി' എന്ന് അനുജനോടും കല്പിച്ചു. പതിനൊന്നുമണിക്കു കഞ്ഞി അമൃതേത്തു കഴിഞ്ഞു പള്ളിയറയിൽ ചെന്നു കിടന്നു. രാത്രി മൂന്നു മണിയോടുകൂടി ആ മഹാപുരുഷൻ അചിന്ത്യവും അപ്രതിഹതവുമായ ദുർവിധി ബലത്തിന് അധീനനായി പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. അന്നു തിരുമനസ്സിലേയ്ക്കു 34 വയസ്സു തികഞ്ഞിരുന്നില്ല.

തിരുമനസ്സിലെ അമാനുഷത്വത്തെ സ്ഫുടീകരിക്കുന്ന ഐതിഹ്യങ്ങൾ പലതുമുണ്ട്. അവിടുത്തേയ്ക്കു നരസിംഹമൂർത്തി പ്രത്യക്ഷമായിരുന്നു എന്നാണ് ആസ്തികന്മാരായ ഹിന്ദുക്കളുടെ വിശ്വാസം. ഒരിക്കൽ ഒരാറാട്ടിനു ശ്രീപത്മനാഭസ്വാമിയെ എഴുന്നള്ളിച്ചു ശംഖിൻമുഖത്തേയ്ക്കു കൊണ്ടുപോകുമ്പോൾ അകമ്പടി സേവിച്ചിരുന്ന ഒരു കൊമ്പനാന മദംപൊട്ടി കാഴ്ചക്കാരുടെ ഇടയിൽ വിരണ്ടോടി എന്നും, അതിനെ കാൽനടയായി വിഗ്രഹത്തിനു മുന്നിൽ എഴുന്നള്ളിയ തിരുമേനി തുറിച്ച് ഒരു നോക്കുനോക്കി അടക്കിയിരുത്തി എന്നും വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. വേറിട്ടൊരവസരത്തിൽ ഒരു വലിയ ഉദ്യോഗസ്ഥൻ തന്റെ കീഴിലുള്ള മറെറാരുദ്യോഗസ്ഥനെ മഷിക്കുപ്പികൊണ്ട് എറികയും, ആ ഉദ്യോഗസ്ഥൻ അതിനെപ്പററി സങ്കടമറിയിച്ചപ്പോൾ തിരുമേനി "അയാൾക്കെന്താ? ഭ്രാന്തുണ്ടോ?" എന്നു കല്പിക്കയും, ആ നിമിഷം മുതൽ മരിക്കുന്നതു വരെ അദ്ദേഹം ഭ്രാന്തനായി

ത്തന്നെ കഴികയും ചെയ്തതായി അറിവുണ്ട്. നാമാന്തരഭോജരാജനെന്നും, കേരളത്യാഗബ്രഹ്മമെന്നും, ബോധാവിദൽ പ്രഭു, എന്നും നരസിംഹാവതാരപുരുഷനെന്നും ശക്തൻ തമ്പുരാനെന്നും മററും പല പ്രകാരത്തിൽ ലോകം അവിടുത്തെ ഇന്നും പ്രശംസിക്കുന്നു. "സംഗീതമപി സാഹിത്യം സരസ്വത്യാഃ സ്തനദ്വയം" എന്നാണല്ലോ. വാഗ്മാതാവിന്റെ ആ രണ്ടു ദിവ്യസ്തനങ്ങളും ചുരത്തുന്ന പീയൂഷം സ്വയം ആസ്വദിക്കാനും ഇതരന്മാരെ ആസ്വദിപ്പിക്കാനും ആ മഹാനുഭാവനെപ്പോലെ സാധിച്ചിട്ടുള്ളവരായി മററൊരാളെ ചരിത്രം നമുക്കു കാണിച്ചുതരുന്നില്ല.

വഞ്ചിരാജ്യത്തിന്റെ വാടാവിളക്കെന്ന് ഈ പുണ്യശ്ലോകനെ നമുക്കു നിശ്ചയമായ് വാഴ്ത്താം. ഈ തിരുമേനിയുടെ പുളകോൽപ്പാദകങ്ങളായ അപദാനങ്ങളിൽ നിത്യാഭിമാനം ഉൾക്കൊള്ളാം. ഇവിടുത്തെ ഈശ്വര നിർവിശേഷമായി ആരാധിക്കയും ചെയ്യാം.

---

## ലക്ഷ്മിയുടെ ചൊല്ലിയാട്ടം

---

എം. രാജരാജവർമ്മ തമ്പുരാൻ

'പൂച്ചയ്ക്കു വിളയാട്ടു എലിക്കു പ്രാണവേദന' എന്നുള്ള പഴഞ്ചൊല്ലിനു പകരം 'പണത്തിനു വിളയാട്ടു' മനുഷ്യനു പ്രാണവേദന' എന്നു പറയുന്നതു ഇന്നു നല്ലഫലിതമാകും. ആളുകൾ തമ്മിലിപ്പോൾ കുശലം പറയുന്നതുപോലും പണത്തിലാണ്. പണമേ? ഒരു ജീവനില്ലാത്ത ലോഹക്കഷണം: മനുഷ്യനോ? പ്രപഞ്ചത്തിലുത്തമൻ, ദൈവസമാനൻ. സൃഷ്ടിസ്ഥിതിസംഹാരകാരകൻ ഇത്ര കേമനെപ്പോലും ആകർഷിക്കത്തക്ക മോഹിനി ഏതു ശീമയിൽ നിന്നുവന്നു? ഇത്ര മഹാനെ ഭ്രമിപ്പിച്ച പണയപ്പെടുത്താനുള്ള മോഹനാസ്ത്രം ആരുപദേശിപ്പിച്ചു? അഹോ! പണം കാണിക്കുന്ന

ഇന്ദ്രജാലം കണ്ടു് ആരും മയങ്ങിപ്പോകും: തീയിൽ ചാടും: സമുദ്രം താണ്ടും: ആകാശത്തു പറക്കും; പാതാളം പായും: അണിമാദ്യൈശ്വര്യങ്ങളെല്ലാം കാണിക്കും. കററമാണോ പണത്തെ ഐശ്വര്യനിധാനമായ ലക്ഷ്മീദേവിയായി ആരാധിക്കുന്നതു്.

സത്യമാലോചിച്ചാൽ പണം നാം നിർമ്മിച്ചതല്ലയോ? മനുഷ്യന്റെ സൃഷ്ടിയല്ലേ പണം? അതു നമ്മുടെ തലയ്ക്കു മുകളിൽ കയറിച്ചാടുന്നുമില്ലാ. മക്കൾ അമ്മയെ വകവയ്ക്കാത്തതു് ഇന്നു പുതുമയല്ല. പുതുലോകത്തിന്റെ പുതു മര്യാദ. ഇതെങ്ങനെ വന്നുവെന്നു ആരായുന്നതു രസകരമായിരിക്കും. ഞാനൊരു ചരിത്രകാരനല്ല: ചിന്നിച്ചിതറി നടക്കുന്ന ആടുകളെ ഒന്നിച്ചു പററം ചേർക്കുന്ന ഇടയനാണു്. അങ്ങുമിങ്ങും കിടക്കുന്ന പ്രധാന സംഗതികളെ ഇണക്കുന്നതാണു് എന്റെ പ്രവൃത്തി. പററം ഏതു വഴിക്കു പോകുന്നുവെന്നു നോക്കേണ്ടതും എന്റെ ജോലിയാണു്. രാഷ്ട്രീയമായും സാമുദായികമായും ധനമീമാംസാജന്യമായുള്ള സംഗതികളെ ഒരു ചരടിൽ കോർത്താൽ കിട്ടുന്ന ഒരു മാലയുടെ ഭംഗി കാണുമ്പോൾ സാമാന്യ ജനങ്ങൾക്കു കൂടി കൌതുകമുണ്ടാകും. ശാസ്ത്രങ്ങൾ പല തത്വങ്ങളേയും ഉൽഘോഷിക്കുന്നുണ്ടു്. അവ നിത്യനിദാന കാര്യങ്ങളിൽ എത്രമാത്രം വ്യാപിക്കുന്നുണ്ടെന്നു മനസ്സിലാകുമ്പോൾ അവയുടെ മഹത്വം വെളിപ്പെടും. നിങ്ങൾക്കു് അറിഞ്ഞുകൂടാത്തതൊന്നുമല്ല ഞാൻ പറയാൻ പോകുന്നതു്. പക്ഷെ, നാം പ്രതിദിനം കാണുന്നതു് ശ്രദ്ധിച്ചു നോക്കാറില്ലെന്നുള്ളതു് സത്യമല്ലേ?

പണത്തിന്റെ കഥയൊന്നു നമുക്കു നോക്കാം. നാണയത്തെയാണു് എല്ലാവരും പണമായി കരുതുന്നതു്. എത്രകാലം പണമില്ലാതെ കഴിഞ്ഞു? അന്നും ജനങ്ങൾ സുഖമായി കാലക്ഷേപം ചെയ്തു കച്ചോടം നടക്കുന്നു: പരിഷ്കാരം പുലർന്നു, തൊഴിലുകൾ വളർന്നു പണ്ടു ദാരിദ്ര്യം ഇല്ലായിരുന്നു. അക്കാലം നമുക്കു് ഇപ്പോൾ ചിന്തിക്കാൻപോലും പ്രയാസം. പണിയെടുക്കാൻ തൊഴിലാളി

കളും അടിമകളുമായിരുന്നു. പ്രതിഫലം സാധനമായും സംരക്ഷണമായും നിർവഹിച്ചുവന്നു. ഈ നില കേരളത്തിൽ ഇന്നു തീരെ വിട്ടുപോയിട്ടില്ല. വാണിഭം സാധനവിനിമയമായിരുന്നു. കൃഷിക്കാരുന്നും പാതിവാരമെന്നഏർപ്പാടു നിലനില്ക്കുന്നുണ്ട്. കാളയെക്കൊടുത്തു കലപ്പ വാങ്ങുകയും, നെല്ലു കൊടുത്തു നാളികേരം കൊള്ളുകയും അത്ര സാധാരണമല്ലെങ്കിലും, നെല്ലും നാളികേരവും കൊടുത്തു ഉപ്പും മുളകും മേടിക്കുന്ന നാട്ടുകാർ ധാരാളമുണ്ട്. ഇതായിരുന്നു ആദ്യത്തെ കച്ചോടം. വേദകാലത്തും അതിനെത്രയോ പിന്നീടും ഗോക്കൾ നാണിയമായിരുന്നിട്ടുണ്ട്. പിഴയിടുന്നതും പ്രായശ്ചിത്തം ചെയ്യിപ്പിക്കുന്നതും ദാനം കൊടുക്കുന്നതും പശുക്കളെയായിരുന്നു. ഗോധനമായിരുന്നു ധനം. ജന്തുധനത്തിന്റെ നശ്വരതയും ശേഖരിക്കാനുള്ള ശ്രമവും ക്രമേണ അതിനെ അധഃപതിപ്പിച്ചു 'കാർഷാപണ' മെന്നൊരു നാണിയത്തിന്റെ പേരു വേദങ്ങളിൽ കാണുന്നുണ്ട്. ഹിന്ദുക്കൾ തറയും ഗ്രാമവും സമൂഹവും വിട്ടു സാമുദായികസ്ഥിതിയുടെ വ്യാപ്തി കൂട്ടി. രാജ്യമെന്നും സാമ്രാജ്യമെന്നുമുള്ള തോതിൽ വളർന്നപ്പോൾ, ജന്തുധനത്തിന്റെ പ്രാചുര്യം കുറഞ്ഞു. ലോഹഭാരമായി തോന്നി. ലോഹങ്ങളിൽവച്ച് സ്വർണ്ണവും വെള്ളിയും രാജാക്കന്മാരായി. ഒരു കാലത്ത് ഇരുമ്പ് അപൂർവമായിരുന്നു; അജ്ഞാതമായിരുന്നു. അതിൽനിന്നാണ് ലങ്കയിൽനിന്നു സൂചികൊണ്ടുവന്ന കഥയുണ്ടായത്. ലോഹകാഷണങ്ങളുടെ നിർണ്ണയം സുലഭമല്ലാതായപ്പോൾ അച്ചടിച്ച നാണിയങ്ങളുണ്ടായി. എത്രയോ പുരാതനമായ മൌര്യസാമ്രാജ്യകാലത്തുതന്നെ നാണിയം നടപ്പിലിരുന്നതിനു കൌടില്യൻ സാക്ഷിയാണ്.

ആ കഥ അവിടെ നിൽക്കട്ടെ. കമ്മട്ടത്തിൽ അടിച്ചുവിട്ട നാണയങ്ങളെന്തുചെയ്തു? ഒരു നൂതനസ്വാതന്ത്ര്യം മനുഷ്യർക്കു നൽകി. അവനു മൂന്നാമതൊരു കണ്ണുകിട്ടി. നവശക്തി ലഭിച്ചു. സ്വത്തിന്റെ ബോധം മാറി. ഇതുവരെ സ്വത്തെന്നുവെച്ചാൽ ഭൂമിയോ, പണങ്ങളോ, പാത്രങ്ങളോ, അടിമകളോ, ജന്തുക്കളോ, ആയുധങ്ങളോ, കെട്ടിടങ്ങളോ എന്നായിരുന്നു അവന്റെ ബോധം. അവയൊന്നും

ഗോപ്യങ്ങളല്ലായിരുന്നു; മാററിമറിക്കാവതല്ലായിരുന്നു; വച്ചുമാറാൻ എളുപ്പമില്ലാത്തവയായിരുന്നു. അതുകൊണ്ടെന്തുവന്നു? പ്രബലന്മാക്കു കൈക്കലാക്കാനും കൈവശപ്പെടുത്താനും സാധിച്ചു. പുതിയ ധനമോ? കൈയടക്കമുള്ളതു്. ഒളിച്ചുവയ്ക്കാവുന്നതു്. എന്നാൽ മറെറാരുത്തന്റെ പാട്ടിലാക്കാൻ നല്ല ഉറഞ്ഞിതമുള്ളതു്. രത്നങ്ങൾക്കു് അടക്കമുണ്ടെങ്കിലും എല്ലാവർക്കും വേണ്ട. അതുകൊണ്ടു് അതു എപ്പോഴും സമ്പാദകമല്ല. നാണയം അങ്ങനെയല്ല. ആരും വാങ്ങും. ഏതിനേയും സമ്പാദിക്കാം. ആരേയും കീഴടക്കാം. നാണിയം ഉടമസ്ഥനു ഒരു അസാമാന്യശക്തി നൽകി. അതുള്ളവൻ കേമനായി. മഹാനായി. സ്വതന്ത്രനായി. ഈ ബ്രഹ്മാസ്ത്രം കിട്ടിയപ്പോൾ മനുഷ്യൻ ദിഗ്വിജയത്തിനിറങ്ങി.

ഒരുവിധം നോക്കിയാൽ പണം ആരും സൃഷ്ടിച്ചതല്ലെന്നു വേണം പറയാൻ. താനെ മുളച്ചതാണു്. സ്വയംഭൂവായി ഉദിച്ചതാണു്. മനുഷ്യർ തമ്മിലുള്ള ഇടപാടുകൾ വർദ്ധിച്ചു് കാലക്രമേണ സമുദായം പുഷ്ടിപ്പെട്ടതോടുകൂടി വ്യവസായസൗലഭ്യം പ്രമാണിച്ചുണ്ടായ ഉപായങ്ങളിൽ പ്രധാനമായി വന്നുചേർന്നതാണു് നാണിയം. സമുദായത്തെ പുഷ്കലമാക്കാനുള്ള ഭോഗദമായി പണം സമുദായകായത്തെ ആപാദചൂഡം അതു ഞരത്ത്വാമിയായി വ്യാപിച്ചു ജീവനും ആത്മാവുമായി തീർന്നതെങ്ങനെ എന്നു നമുക്കു നോക്കാം.

ഒന്നാമതു് സ്വത്തിനു കടംകൊള്ളാനും തീർക്കാനുമുള്ള ശക്തിയുണ്ടായതു പണംകൊണ്ടാണു്. അതില്ലായിരുന്നപ്പോൾ സ്വത്തു പങ്കുവയ്ക്കാനാകട്ടെ കൊടുക്കൽ വാങ്ങൽ ചെയ്യാനാകട്ടെ പ്രയാസമായിരുന്നു. അമ്പലപ്പുഴ പാൽപായസത്തിന്റെ കഥ കേട്ടിട്ടില്ലേ? നെല്ലു് കൊണ്ടുപോകാൻ പ്രയാസമായതുകൊണ്ടു് നടയ്ക്കു വച്ചു മുതലായി. പണം വന്നുകഴിഞ്ഞപ്പോൾ ധനികനു നിലം പുരയിടങ്ങളെ ധിക്കരിക്കാമെന്നായി. അവയെ വിററഴിച്ചിട്ടു് എവിടെ വേണമെങ്കിലും അവനു പോകാം. അതുകൊണ്ടു് ഒരു നഷ്ടവുമില്ല.

പങ്കിടാൻ നിർവാഹമില്ലാതിരുന്നതെല്ലാം ഭാഗ്യയോഗ്യമായി. മററുള്ളവരുടെ വേല വാങ്ങാൻ ഒരു പുതിയ ഉപായം സിദ്ധമായി. സ്വന്തം അടിമകളും ശേവുകക്കാരും വേണ്ടെന്നവയ്ക്കാം. പോകുന്നിടത്തെല്ലാം പ്രവൃത്തിക്ക് ആൾ കിട്ടും; നാം ചെയ്യേണ്ടുന്ന വേലയ്ക്കു പകരം പണം കൊടുത്താൽ മതി. ഇതെല്ലാം പണത്തിൻെറ മിടുക്കു തന്നെ. പക്ഷേ അതിനു ഒരു വലിയ ദോഷമുണ്ട്. ആർക്കും തട്ടിക്കൊണ്ടു പോകാം പണം; കണ്ടെറിഞ്ഞു കിട്ടാനും പ്രയാസം.

രണ്ടാമതു് താളും എഴുത്തും പണത്തിൻെറ ശക്തിയേയും വ്യാപ്തിയേയും കൂട്ടി. ഈ സൂത്രം കണ്ടുപിടിച്ചതു കാൽത്തജിനീയന്മാരാണെന്നാണു് പ്രസിദ്ധം. പണം കൊണ്ടുനടക്കാതെ പ്രതിപണം (Exchange bill) കൊണ്ടു് കാര്യം സാധിക്കാമെന്നു വണിഗ്ജന്മാരായിരുന്ന അവർ വെളിപ്പെടുത്തി. പണത്തെ അഴിക്കാനും (Lequify) അതിൻെറ സഞ്ചാരത്തെ സ്വാതന്ത്ര്യമാക്കാനും (release) സുഗമമാക്കാനും (relax) ഈ വിദ്യ വളരെ പ്രയോജനപ്പെടുന്നു. പണം സംബന്ധിച്ച കൈമാററപ്പത്രങ്ങൾ രണ്ടു തരത്തിലാണു്. പ്രാമിസറിനോട്ടും ചെക്കും. ഈ പ്രതിപണപത്രങ്ങൾക്കുള്ള പ്രചാരം അന്യാദൃശമാണു്. ഒരു നാട്ടിൽനിന്നും മറെറാരു നാട്ടിലേയ്ക്കു ഇന്നു പണം കൈവശം കൊണ്ടുപോകേണ്ട, കടലാസ്സു മതി. എന്നാൽ ഇതിനുമുണ്ടു് ഒരു വലിയകുററം. പണം കടലാസ്സായപ്പോൾ കടം മുക്കാററം കയറി. പണം സാധനരൂപമായിരുന്നപ്പോൾ ഉള്ളിടത്തോളം മാത്രമേ ഒരുവനു കൊടുക്കാൻ സാധിച്ചിരുന്നുള്ളു. വാങ്ങുന്നവനും അതുപോലെ തന്നെ. തീർക്കാൻ പാടില്ലാത്ത കടം ആരും കൊള്ളുകയോ കൊടുക്കുകയോ ചെയ്തിരുന്നില്ല. കടലാസ്സായപ്പോൾ, ഉത്തമാധമർണ്ണന്മാരുടെ മട്ടുമാറി. ഉള്ളതുമില്ലാത്തതും കൊടുക്കൽ വാങ്ങലിൽ ഉൾപ്പെട്ടു. അതുകൊണ്ടു് അനവധി നഷ്ടവും കഷ്ടവും സമുദായത്തിനു വന്നുചേർന്നു. കലാപശങ്ങളും മുഴുത്തു.

ചരിത്രം വായിച്ചിട്ടുള്ളവർക്കറിയാം എങ്ങനെയാണു റോമാ സാമ്രാജ്യം ശിഥിലമായതെന്ന്. അതിനു മുൻപുണ്ടായിരുന്ന ഹിന്ദു സാമ്രാജ്യം, ബാബിലോണിയാ സാമ്രാജ്യം, മിസ്റാ സാമ്രാജ്യം എന്നുള്ളവയെക്കാൾ റോമാ സാമ്രാജ്യം വിസ്തൃതമായിരുന്നതുകൊണ്ടു മാത്രമല്ല പണം ഇടപാടുകൾമൂലം കുഴപ്പം നേരിട്ടതുകൊണ്ടു കൂടിയാണു അതു തുലഞ്ഞത്. കരംപിരിവും ശമ്പളം കൊടുത്തതും നാണയത്തിലാക്കിയതു ആദ്യം റോമാ സാമ്രാജ്യമായിരുന്നു. ഇന്നു വെള്ളക്കാർ സാമ്രാജ്യത്തെ ബന്ധിച്ചിരിക്കുന്നമാതിരി പണം കൊണ്ടാണു ആ സാമ്രാജ്യം കെട്ടി ഉറപ്പിച്ചിരുന്നതു. പണത്തിന്റെ മുട്ടും കരത്തിന്റെ കൂടുതലും കടത്തിന്റെ വർദ്ധനയുമാണു റോമാ സാമ്രാജ്യത്തെ നശിപ്പിച്ചതു. അധികാരം മുഴുവൻ ഒരു ചക്രവർത്തിയിൽ പ്രതിഷ്ഠിതമായി. പട്ടാളത്തിനു ശമ്പളം കൊടുക്കാൻ വകയില്ലാതെ കടം കയറി മുഴുത്തു കഷ്ടതകളെ നിർവഹിക്കാൻ മേലാതായപ്പോൾ സാമ്രാജ്യം ഉടഞ്ഞു. തന്നിമിത്തം ആളുകൾ പട്ടിണി കിടന്നു ചത്തു. കലാപങ്ങളും കുഴപ്പങ്ങളും മുഴുത്തു. പുലർന്നിരുന്ന പട്ടണങ്ങൾ ക്ഷയിച്ചു. സാക്ഷാൽ റോമാനഗരത്തെപ്പോലും ജനങ്ങൾ വെറുത്തു.

ഒരു കാര്യം നല്ലപോലെ ധരിക്കണം. ഏതു സാമ്പത്തിക സംഘടനയ്ക്കും താങ്ങാൻ ഇത്രമാത്രമെന്നു ഒരു ക്ലിപ്തമുണ്ട്. അതിലധികമായാൽ ക്ഷയം നിശ്ചയമാണ്. അടിവാരത്തിനു താങ്ങാൻ മേലാത്ത മേൽക്കൂര കെട്ടിയാൽ കെട്ടിടം മറിഞ്ഞുവീഴുമല്ലോ. അതുകൊണ്ടാണ് 'അന്ധകാരകാലമെന്നു' പേർകൊടുത്തിട്ടുള്ള ക്രിസ്ത്വബ്ദം അഞ്ചും ആറും ശതവർഷങ്ങളിൽ കാടുകയറിയതു്. അന്നു കച്ചവടം നിലച്ചു. ധനത്തിനു പോക്കുവരവില്ലാതായി. ആരോഗ്യദൃഢകായത്തിൽ നാഡികളിൽകൂടി രക്തം ധാരാളമായി പ്രവഹിച്ചുകൊണ്ടിരുന്നതിനു പകരം അവിടവിടെ തടഞ്ഞു കെട്ടിനിന്നു പരുക്കളുണ്ടാകും പോലെ ധനം അവിടവിടെ കെട്ടിനിന്നു സമുദായി രോഗാധീനമായി. തരംകണ്ടു മഹാമാരിപോലെ ഹൂണന്മാരും തുർക്കികളും ചീനരും അടിച്ചുകയറി റോമാസാമ്രാജ്യത്തെ നശിപ്പിച്ചു.

അന്നുണ്ടായിരുന്ന നാണിയങ്ങൾപോലും ഈ ദാരിദ്ര്യദേവതയെ പ്രതിബിംബിച്ചു.

ക്രിസ്താബ്ദം ഒൻപതാം ശതവർഷത്തോടുകൂടി ഈ ദീനാവസ്ഥ മാറിത്തുടങ്ങി. പുതുതായി വെള്ളി കണ്ടുപിടിച്ചു ശേഖരിച്ചതോടു കൂടി ധനം വർദ്ധിച്ചു. വെള്ളിപ്പവൻ ഇംഗ്ലണ്ടിൽ നടപ്പായി. ഇറ്റാലിയിലും 'ബിസാൻറ്' എന്നൊരു നാണിയമുണ്ടായി. അവയുടെ പ്രചാരം ക്ഷണം വർദ്ധിച്ചു. കടലാസ്സുപണവും നടപ്പായി പതിനഞ്ചാം ശതവർഷമായപ്പോഴേക്കു വെനീസ്, ഫ്ളാറൻസു മുതലായ കമ്പോളപട്ടണങ്ങൾക്കു പ്രാധാന്യംവന്നു. വ്യാപാരം മൂലം ധനം എല്ലാദിക്കിലുംപരന്നു സുഭിക്ഷമായി. പിന്നീടുവന്നതേയുള്ളു സ്വർണ്ണനാണയം. അതിനു ഇംഗ്ലീഷ്കാരും സ്പാനിഷ്കാരുമായിരുന്നു കാര്യക്കാരന്മാർ. അമേരിക്കയിലും, ആസ്ട്രേലിയായിലും, കാലിഫോർണിയായിലും, ആഫ്റിക്കയിലും സ്വർണ്ണഖനികൾ കണ്ടുപിടിച്ചു. ധാരാളം സ്വർണ്ണം കിട്ടിത്തുടങ്ങി. അപ്പോൾ വെള്ളിപോയി സ്വർണ്ണമായി നാണിയത്തിനു തോതു്. പ്രവാഹം ഏറിവന്നു കരകവിഞ്ഞൊഴുകി. സ്വർണ്ണപ്പവൻ വിലയ്ക്കു തോതായി. അമേരിക്കരുടെ അഭിവൃദ്ധിക്കു ബീജം സ്പാനിഷരുടെ വെള്ളി ഡാളറായിരുന്നു എങ്കിലും അവർ പ്രബലന്മാരായപ്പോൾ സ്വന്തമായി സ്വർണ്ണഡാളർ തോതാക്കി. ഇങ്ങനെ യൂറോപ്പിൽ സ്വർണ്ണപ്പവനും അമേരിക്കായിൽ സ്വർണ്ണഡാളറും ധനത്തിന്റെ അളവുകോലായിത്തീർന്നു. അവയെ എല്ലാവരും സ്വീകരിച്ചു. ലണ്ടനും ന്യൂയാർക്കും ലോകത്തിലെ ധനവിനിമയശാലകളായി. ഇങ്ങനെയാണു് മഹായുദ്ധംവരെ കഴിഞ്ഞതു്.

ധനം ധാരാളമായി പ്രവഹിച്ചതോടുകൂടി രാജ്യങ്ങൾ ഐശ്വര്യാഭിവൃദ്ധങ്ങളായി. പണത്തിന്റെ ചെഴിപ്പ് ആരും സൃഷ്ടിച്ചതല്ല. നാം അറിയാതെ വന്നതാണു്. എങ്ങനെ അതു വന്നുവെന്നോ എന്തുകൊണ്ടു് വിലയേറിയെന്നോ നാമാരും അറിഞ്ഞില്ല. നമ്മുടെ നാട്ടിലുണ്ടായ നെല്ലു്, നാളികേരം, കുരുമുളകു്, മരക്കിഴങ്ങു്, ചുക്കു്,

എന്നുവേണ്ട എല്ലാചരക്കുകൾക്കും നല്ല വില കിട്ടിവന്നതു് അന്ന വേസിദ്ധമാണല്ലാ. കോളും, പിരിവും താനേ വർദ്ധിച്ചു് വ്യാപാരം വിപുലമായി: തൊഴിലാളികൾക്ക പ്രയത്നത്തിന ഫലം കിട്ടി. ജീവിതസരണി മാറി. ചെലവിന്റെതോതുകൂടി. ധനം ധാരാളം കൈമാറി. ഉദയാസ്തമനങ്ങൾ നാം അറിയാതെ സംഭവിക്കുംപോലെ ഇതെല്ലാം നാം സൂക്ഷിച്ചു അറിയാതെ വളർന്നു. സർക്കാർ ശമ്പളം പോലും പവനായിത്തീർന്നു.

പണം ചെഴിച്ചപ്പോൾ പുതിയ സംവിധാനങ്ങളും ധനസമ്പാദനമാർഗ്ഗങ്ങളും പുറപ്പെട്ടു. പണ്ടത്തെ ആളുകൾ ധനം കുഴിച്ചുവയ്ക്കുകയാണ ചെയ്തുവന്നതു്. വലിയ കല്ലറകൾ കെട്ടി നിധിവയ്ക്കയും ഭൂമി വാങ്ങുകയും ക്ഷേത്രങ്ങളിൽ കൊണ്ടുചെന്നു കുമിയ്ക്കയും അന്ന അസാധാരണമല്ലായിരുന്നു. നവീനസമ്പ്രദായം അപ്രകാരം അല്ല. ആദായകരങ്ങളായ മാർഗ്ഗങ്ങളിൽ അതിനെ വിനിയോഗിച്ചു് വർദ്ധിപ്പിക്കുകയാണു്.

ധനത്തെ തൊഴിലിലും കച്ചോടത്തിലും സംക്രമിപ്പിച്ചു് ചെട്ടികളും കോമട്ടികളും ബനിയന്മാരും പൊൻവാണിഭക്കാരും മററും മുക്കാററം പലിശയ്ക്കുകൊടുത്തുവന്നതിന പകരം ബാങ്കുകൾ ഉണ്ടായി. കുറഞ്ഞ പലിശയ്ക്ക വലിയ സംഖ്യകൾ വൻതൊഴിലുകളിലും വ്യാപാരങ്ങളിലും ഇറക്കി. പണത്തിന്റെ കൈമാററം നാണിയമായിട്ടല്ലാതെ പ്രതിപണങ്ങളെക്കൊണ്ടു നിർവഹിച്ചു. കണക്കെഴുതി പണത്തെ എവിടെയും ഓടിച്ചു. ചില്ലറയ്ക്കല്ലാതെ മൊത്ത തുകകൾക്ക നമുക്ക പണം കൈക്കൊണ്ടു തൊടേണ്ട. ചെക്കും നോട്ടും കൊണ്ടുപോയാൽമതി. മഹാരാജ്യങ്ങൾ തമ്മിലുള്ള ഇടപാടുകൾ കണക്കുപുസ്തകത്തിലുള്ള കൈമാററംകൊണ്ടു നിർവഹിക്കപ്പെട്ടു. ഇതിനെല്ലാം ആധാരമായ വെള്ളിയോ പൊന്നോ ബാങ്കിന്റെ കല്ലറയിൽ കിടന്നതേ ഉള്ളു. ഏതു സമയവും കടലാസ്സു് നാണീയമാകുമെന്നുള്ള വിശ്വാസം ധനത്തെ പ്രചരിപ്പിച്ചു വർദ്ധിപ്പിച്ചു.

ഇതുകൊണ്ടു് സമുദായത്തിനു എത്രമാത്രം ഭേദംവന്നു എന്നു പറയാൻ പ്രയാസം. ജായിൻറ്സ്റ്റാക്ക് കമ്പനികൾ അതായതു കൂട്ടവ്യാപാരം, സ്റ്റാക്ക്, അതായതു് പരിപണം പങ്കുകൾ (Shares) ഇവയായി സ്വത്തു്; പൊന്നും പണവും നിലവുമല്ല. ഈ സമ്പ്രദായംകൊണ്ടു് കോടീശ്വരന്മാരുണ്ടായി. അവരുടെ ധനം എവിടെ എന്നു ചോദിച്ചാൽ, കാശിയിൽ ജലവിതരണത്തിലും, മലയാദ്വീപിൽ റബ്ബർ തോട്ടത്തിലും, ലങ്കയിൽ റയിൽവണ്ടികളിലും, കോളാറിൽ സ്വർണ്ണഖനികളിലുമാണു് കിടക്കുന്നതു് എന്നു പറയും. അഹോ! പണത്തിൻെറ പാച്ചിൽ! മനുഷ്യർതമ്മിലുള്ള ഏർപ്പാടുകൾക്കു എന്തു വ്യത്യാസമായി!

പതിനെട്ടും പത്തൊമ്പതും ശതവർഷങ്ങൾ നവീനശാസ്ത്രങ്ങളുടെ സാമ്രാജ്യകാലമായിരുന്നു. അതുവരെ മനുഷ്യപ്രയത്നംകൊണ്ടു് നടത്തിവന്ന വേലകൾ യന്ത്രങ്ങൾ ചെയ്യാൻ തുടങ്ങി. പ്രകൃതിശക്തികളെ വശീകരിക്കാനുള്ള ന്യായങ്ങൾ വിദ്വാന്മാർ കണ്ടുപിടിച്ചതെല്ലാം പരീക്ഷണദശയെ വിട്ടു പ്രയോഗദശയെ പ്രാപിച്ചു. ഉഷ്ണശക്തിയുടെയും വിദ്യുച്ഛക്തിയുടെയും സഹായത്താൽ അനവധി പുതുയന്ത്രങ്ങൾ നിർമ്മിതങ്ങളായി; പ്രവർത്തിതങ്ങളായി. പ്രകൃതിശാസ്ത്രസതന്ത്രസൌഹാർദ്ദത്തിൽ ഒരു അത്ഭുതശക്തി, മനുഷ്യസമുദായത്തിനു സിദ്ധമായി; സാധനനിർമ്മാണം ആയിരംമടങ്ങു വർദ്ധിച്ചു. ലക്ഷക്കണക്കിനു ആളുകൾക്കു് ഉപജീവനം ലഭിച്ചു. പുററിൽനിന്നു ഇറങ്ങുന്ന എറുമ്പുപട്ടാളംപോലെ യന്ത്രശാലകളിൽനിന്നു വേലക്കാർ പ്രതിദിനം സായങ്കാലത്തു് വേലവിട്ടിറങ്ങുന്ന കാഴ്ച ഏതു രാജ്യസ്നേഹിയുടെയും മനസ്സിനെ ആനന്ദിപ്പിച്ചു. മുമ്പു് പത്തുദിവസം വേണ്ടിയിരുന്ന വേല ഇന്നു പത്തുമിനിട്ടുകൊണ്ടു സാധിച്ചു. മുമ്പു് ഒന്നുണ്ടായ ദിക്കിൽ ഇന്നു ആയിരം ഉണ്ടായി. ഏതു നാട്ടിലുള്ള അസംസ്കൃതസാധനങ്ങളെയും ഈ യന്ത്രശാലകൾ ആനവായിൽ അമ്പഴങ്ങയാക്കി. കൃഷിക്കാരനു നല്ല വില കിട്ടി. ഇടത്തരക്കാരെല്ലാം വർത്തകരായി. ത്തകർ കോടീശ്വരന്മാരായി. പണം എല്ലാനാട്ടിലും ഒരുപോലെ

സഞ്ചരിച്ചു. സാമുദായികധനസ്ഥിതി ഉയൎന്നു. ഒരുവന്റെ പണം ലോകമൊട്ടുക്കും പാറന്നു. സത്യത്തിൽ ധനംകൊണ്ടു് നാം ലോകത്തെ ആസകലം പണയപ്പെടുത്തി. നാം അനുഭവിക്കുന്ന സാധനങ്ങൾ ലോകത്തു എവിടെനിന്നും വന്നുചേരും. ഇംഗ്ളണ്ടു്, അമേരിക്ക, ജപ്പാൻ, ചീന, ആസ്ത്രേലിയ, ആഫ്രിക്ക, റഷ്യ, ജൎമ്മനി, എന്നുള്ള എല്ലാ നാട്ടിൽനിന്നും ഇറക്കുമതിച്ചരക്കുകൾ നമുക്കു കിട്ടി. മറുനാടുകളിലേയ്ക്കു നമ്മളും ചരക്കുകൾ അയച്ചു. ചുരുക്കത്തിൽ മഹായുദ്ധകാലംവരെ പണം ലോകൈക്യകാരകമായ മഹാശക്തിയായി വ്യാപിച്ചു. സ്വൎണ്ണമാനം എല്ലാനാട്ടുകാരും അംഗീകരിച്ചു.

മഹായുദ്ധമുണ്ടാകാനുള്ള മുഖ്യകാരണം ഈ പണത്തിന്റെ കൊഴുപ്പുതന്നെയാണു്. മറ്റു പ്രത്യക്ഷസംഭവങ്ങൾ കേവലം നിമിത്തങ്ങൾ മാത്രം. ആരുമറിയാതെ രാജ്യാതിൎത്തികളെ ഉല്ലംഘിച്ചു് വ്യാപാരവ്യാജേന ധനം ഒന്നുപോലെ സ്വതന്ത്രമായി സഞ്ചരിച്ചു് വൈപുല്യം നേടി. അതിനെപിടിച്ചു പാറാവിലടയ്ക്കാൻ മഹാരാജ്യക്കാർ ഒരുമ്പെട്ടു. സൎവവ്യാപിയായ വായുവിനെ അല്പവ്യാപ്തിയുള്ള കുഴലിലടച്ചാൽ നില്ക്കുമോ? ഭൂഗർഭത്തെ ഒരു നാടെ ക്ഷോഭിപ്പിക്കുന്ന പ്രളയോച്ഛ്വാസവീചികളുടെ തള്ളൽ എത്രനാൾ പുറത്തുപൊട്ടാതെ അടങ്ങിയിരിക്കും? വെടിമരുന്നിൽ സഞ്ചിതമായിരുന്ന വാതകം അല്പിഷ്ഠമായ ഹേമംകൊണ്ടുപോലും പൊട്ടിത്തെറിക്കുന്നില്ലയോ? അപ്രകാരം സ്വതന്ത്രസഞ്ചാരിയായ ധനത്തെ, മേന്മയ്ക്കു വേണ്ടി, സ്വരാജ്യസ്നേഹവ്യാജേന ഓരോ രാഷ്ട്രങ്ങളും സ്വാധീനപ്പെടുത്തി സാമ്പരായിക സാമഗ്രികളാക്കി ദേശീയത്വബോധം വളൎത്തി. ദേശീയമത്സരവും ധനസ്വാതന്ത്ര്യവും തമ്മിൽ പൊരുത്തമില്ലാതെ സംഘട്ടനമുണ്ടായതത്രേ മഹായുദ്ധമായി നമുക്കു പ്രത്യക്ഷീഭവിച്ചതു്.

ഇന്നലെ പെയ്ത മഴയ്ക്കു മുളച്ച പുതുപരിഷ്കാരങ്ങളെയെ മൂലച്ഛേദം വരുത്തുവാൻ പാരമ്പര്യാഭിവൃദ്ധമായ സാമ്രാജ്യബോധം

ഉഴവ് നടത്തിയതാണ് മഹായുദ്ധം. അതുകൊണ്ട് ഫലമെന്തുണ്ടായി? മഹാരാജ്യങ്ങളിലുണ്ടായിരുന്ന നെല്ലുകൂടി നശിച്ചു. സാമ്പത്തികസ്ഥിതി കുഴപ്പത്തിലായി. സാധനങ്ങളുടെ പോക്കുവരവു നിലച്ചു. അങ്ങുമിങ്ങും കുഴികളിൽ കെട്ടിക്കിടക്കുന്ന വെള്ളം പോലെ ധനം ചിലേടത്തു അടിഞ്ഞു. ആന സ്വശക്തിയറിഞ്ഞാൽ പാപ്പാന്റെ ചൊല്പടി കേൾക്കാത്തവണ്ണം സാമാന്യജനങ്ങൾ നിയന്ത്രണാധീതന്മാരായി. സ്വകാര്യലാഭം പൊതുക്ഷേമത്തെ കീഴടക്കി. യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്നതിൽ കൂടുതലായി ജനങ്ങൾ ദാരിദ്ര്യദുഃഖം ഇന്ന് അനുഭവിക്കുന്നു. സമാധാന ഉടമ്പടി പുതിയ ലോകാവസ്ഥ പരിഗണിച്ചു് രാഷ്ട്രങ്ങളുടെ സാഹോദര്യത്തെ ഊന്നി ഉറപ്പിക്കുന്നതിനു പകരം, അവയുടെ പഴയ അതിരുകളെ പുതുപ്പിച്ചു കുറെക്കൂടി തർക്കങ്ങൾക്കും ശഠതകൾക്കും ഇടം കൊടുക്കയാണു ചെയ്തതെന്ന് അനന്തരസംഭവങ്ങൾ സാക്ഷീകരിക്കുന്നു. സർവരാജ്യസമിതി ഈ അതൃപ്തിതർക്കങ്ങളെ രഞ്ജിപ്പിച്ചു തീർക്കാൻ ശ്രമിക്കുന്ന സംഘമായി പരിണമിച്ചു. അതും ഈയിടക്ക് അത്ര സുകരമല്ലെന്നു ജപ്പാന്റെ വിഷയത്തിൽ വ്യക്തമായിട്ടുണ്ട്.

ഇന്നു സാധനങ്ങൾക്കു കുറവുണ്ടോ? ആവശ്യങ്ങൾക്കു കുറവുണ്ടോ? ഇതൊന്നുമില്ലെങ്കിലും ഉയർന്നതരക്കാരും, കീഴ്ത്തരക്കാരും, ചെറിയ രാജ്യവും, വലിയരാജ്യവും, പാശ്ചാത്യരും, പൗരസ്ത്യരും ഒന്നുപോലെ കഷ്ടദശയെ പ്രാപിക്കാനുള്ള നിദാനമെന്ത്? ചഞ്ചലയായിരിക്കുന്ന ലക്ഷ്മിയെ പിടിച്ചുകെട്ടി ഠാണാവിലിട്ടതുകൊണ്ട്, ചുങ്കവാടകൾ കെട്ടി അവളെ ബന്ധിക്കകൊണ്ട്. പണ്ടത്തേപ്പോലെ സ്വാതന്ത്ര്യം കൊടുത്താൽ ഇന്നും അവൾ നമ്മെ അനുഗ്രഹിക്കും. സ്വൈരചാരിണിയെ സ്വാധീനയാക്കിത്തീർക്കുന്നതിനുള്ള മത്സരം കൊണ്ടാണ് ഇന്നുള്ള ദുരിതമെല്ലാം. ഈ പാപകർമ്മത്തിനു ശാന്തി എന്നു ചെയ്യുന്നോ അന്നു സുഖം ലഭിക്കും.

---

# തിരുവിതാംകൂറും മേൽകോയ്മയും


സദസ്യതിലകൻ, ററി. കെ. വേലുപ്പിള്ള
ബി. ഏ., ബി. എൽ


ദക്ഷിണഇന്ത്യയെ, ചേരന്മാരും പാണ്ഡ്യന്മാരും ചോളന്മാരുമായി പകുത്തെടുത്തു് ഭരിച്ചിരുന്ന കാലംമുതൽക്കുതന്നെ വഞ്ചിരാജ്യത്തിന്റെ മഹിമ സുപ്രസിദ്ധമായിരുന്നു. സംഗ്രാമധീരതയിലും ഭരണകുശലതയിലും അദ്വിതീയന്മാരായിരുന്ന നമ്മുടെ മഹാരാജാക്കന്മാർ പാണ്ഡിത്യത്തിനും ഹൃദയസംസ്കാരത്തിനുംകൂടി പേരുകേട്ടവരായിരുന്നു. ജയസിംഹനാട്ട് അടക്കിഭരിച്ചു് സകല ശത്രുക്കളുടെയും സമ്മർദ്ദകനായി നാടുവാണിരുന്ന രവിവർമ്മകുലശേഖരപ്പെരുമാൾ സഹ്യാദ്രിപർവതത്തിന്റെ തടസ്സങ്ങളെ വിഗണിച്ചു മഹാസേനയോടുകൂടിച്ചെന്നു് പരദേശത്തു് പ്രബലമായിരുന്ന മഹമ്മദീയശക്തിയെ തോല്പിക്കുകയും വേഗവതീതീരത്തിൽവച്ചു് അത്യാഡംബരത്തോടുകൂടി കിരീടധാരണമഹോത്സവം ആഘോഷിക്കയും ചെയ്തിട്ടുണ്ടു്. വാണിജ്യംകൊണ്ടു് ഭൂലോകം ജയിക്കാൻ ഒരുമ്പെട്ടിറങ്ങിയ പോർട്ടുഗീസുകാരും, ഡച്ചുകാരും, ഇംഗ്ലീഷുകാരും ഭാരതഖണ്ഡത്തിൽ വന്നുചേർന്ന കാലത്തു് തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ സഹായത്തെ അവർ അമൂല്യസമ്പത്തായിട്ടാണു് കരുതിയതു്. ആററിങ്ങൽ റാണി ഇംഗ്ലീഷുകാർക്കു് കച്ചവടത്തിനായി കൊടുത്ത സ്ഥലം അവരുടെ അഭ്യുദയത്തിനു് അചിരേണ അവലംബമായിത്തീർന്നു. വിക്രമമൂർത്തിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു് പാശ്ചാത്യർക്കു കേരളക്കരയിൽ ഏതെങ്കിലും ഒരു രാജാവിനെ ഭയമുണ്ടായിരുന്നുവെങ്കിൽ അതു് ആ തിരുമനസ്സിലെ ആയിരുന്നു. ഇവിടെ തഴച്ചുവളർന്ന അമിതമായ ആദായത്തെ പ്രദാനംചെയ്തുകൊണ്ടിരുന്ന ഇംഗ്ലീഷുകാരുടെ വകയായ പ്രധാന പണ്ടകശാലയുടെ അധിപൻ ആ തിരുമനസ്സിലെ ഭുജബലം നല്ലപോലെ മനസ്സിലാക്കി

ബാംബേ ഗവർണർക്ക് എഴുതി അയച്ചത് തിരുവിതാംകൂർ മഹാരാജാവിനെ വിരോധപ്പെടുത്തിയാൽ കൂട്ടത്തോടെ പാളയം പറിച്ചുകൊണ്ട് പോകേണ്ടിവരും എന്നായിരുന്നു. എന്നാൽ അന്തഃച്ഛിദ്രത്തിനുള്ള വാസനാബലത്താൽ ദുർബലന്മാരായിത്തീർന്ന കേരളീയ രാജാക്കന്മാർ പലരും കമ്പനിക്കാരുടെ കാലുപിടിക്കേണ്ടി വന്നതിനാൽ അവരുടെ വർദ്ധമാനമായ ശക്തിയെ ധർമ്മരാജാവായ കാർത്തികതിരുനാൾ മഹാരാജാവു കൂടുതലായി ആദരിക്കേണ്ടിവന്നു. രാജ്യത്തിൻെറ ഭാവിശ്രേയസ്സിനെ പുലർത്തുവാൻ അവതരിച്ച രാജാ കേശവദാസൻ ലോകചരിത്രഗതി സൂക്ഷ്മമായി മനസ്സിലാക്കി തിരുവിതാംകൂറും ബ്രിട്ടീഷുകാരും തമ്മിലുള്ള സഖ്യത്തെ ദൃഢതരമാക്കി. വേലുത്തമ്പി ദളവായുടെ ധീരത, ആത്മരക്ഷയ്ക്കാവശ്യമായിരുന്ന വിവേകത്തെ കീഴ്പെടുത്തുകയാൽ കമ്പനിക്കാർക്ക് ഇവിടത്തെ കാര്യങ്ങളിൽ കൈകടത്തുവാൻ സൌകര്യം ലഭിച്ചു. എന്നാൽ ശ്രീപത്മനാഭദാസന്മാരുടെ സത്യനിഷ്ഠയും ഭാരതഖണ്ഡത്തിൽ ആധിപത്യം സമ്പാദിച്ച വിദേശിയന്മാരിൽ വച്ച് ഏററവും ധർമ്മനിരതന്മാരായ ബ്രിട്ടീഷുകാരുടെ അചഞ്ചലമായ സഖ്യാകാംക്ഷയും ഒരേ സരണിയിൽകൂടി പ്രവർത്തിച്ച് തിരുവിതാംകൂർ നിവാസികളുടെ ഐശ്വര്യത്തെ പരിപുഷ്ടമാക്കുവാൻ പര്യാപ്തമായിത്തീർന്നു.

ക്രിസ്താബ്ദം 1684-ൽ അഞ്ചുതെങ്ങിൽ പണ്ടകശാല കെട്ടികൊള്ളുവാൻ ആററിങ്ങൽ റാണിയുടെ പക്കൽനിന്നും സിദ്ധിച്ചു അനുവാദം 1690-ൽ കോട്ട ഉറപ്പിച്ചുകൊള്ളുവാനുള്ള അവകാശമായി വർദ്ധിച്ചു. മുപ്പത്തിമൂന്നു സംവത്സരം കഴിഞ്ഞപ്പോൾ തിരുവിതാംകൂർ രാജാവും കമ്പനിക്കാരുമായുള്ള സുസ്ഥിരസഖ്യത്തിൻെറ അരുണോദയമായി. കൊട്ടാരക്കരയും കായംകുളവും ചെമ്പകശ്ശേരിയും പിടിച്ചടക്കി ശക്തിമാനായ മാർത്താണ്ഡവർമ്മമഹാരാജാവിനു യഥേഷ്ടം യുദ്ധം ചെയ്തുകൊള്ളാമെന്നും, അന്നുവരെ തങ്ങളോട് ബന്ധുഭാവം വഹിച്ചിരുന്ന ഏതദ്ദേശീയരാജാക്കന്മാരെ തങ്ങൾ സഹായിക്കുന്നതല്ലെന്നും ഡച്ചുകാർ പ്രതിജ്ഞ ചെയ്തു. ഇംഗ്ലീഷുകാരും മഹാരാജാവിൻെറ വിരോധത്തിനു ഇടയാക്കാതെ സ്നേഹ

ത്തിൽ തന്നെ വൎത്തിച്ചു. എങ്കിലും അവരുടെ ബന്ധുവായ ആൎക്കാട്ടു നവാബുമായി യുദ്ധം ചെയ്വാൻ ഒരുമ്പെട്ടതിനെപ്പററി ഇംഗ്ലീഷുകാർ മഹാരാജാവിനോടു ചോദ്യംചെയ്യാതെയിരുന്നില്ല. ക്രിസ്താബ്ദം 1758-ൽ മാൎത്താണ്ഡവൎമ്മമഹാരാജാവു മരണശയ്യയിൽ കിടന്നു ഭാഗിനേയനു കൊടുത്ത അന്ത്യോപദേശങ്ങളിലൊന്നു എന്തുവന്നാലും ഇംഗ്ലീഷുകമ്പനിക്കാരുമായുള്ള സ്നേഹം നിലനിറുത്തണമെന്നായിരുന്നു. ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും ആക്രമണകാലത്തു് കമ്പനിക്കാരുടെ ആനുകൂല്യം തിരുവിതാംകോട്ടയ്ക്കു അപരിത്യാജ്യമായിരുന്നു. കാൎത്തികതിരുനാൾ മഹാരാജാവു രാമേശ്വരത്തു് എഴുന്നെള്ളിയപ്പോൾ തിരുമനസ്സിലെ അംഗരക്ഷകന്മാരായി കമ്പനിക്കാർ അവരുടെ ഭടന്മാരെക്കൂടി അയച്ചിരുന്ന വസ്തുതയും പ്രസ്താവയോഗ്യമാകുന്നു. രണ്ടുകക്ഷികളും തമ്മിൽ 1888-ൽ നടന്ന ഉടമ്പടി കമ്പനിക്കാർ മററു ഏതദ്ദേശീയരാജാക്കന്മാരോടു ചെയ്ത കരാറുകളുടെ മാതൃകയിൽ തന്നെയായിരുന്നു. പാശ്ചാത്യയുദ്ധരീതി അഭ്യസിപ്പിക്കുവാൻ ഏതാനും ഉദ്യോഗസ്ഥന്മാരെ അയക്കണമെന്നു് മഹാരാജാവു ചെയ്ത അപേക്ഷയ്ക്കു മറുപടി അതിനു നിവൃത്തിയില്ലെന്നും, വേണമെങ്കിൽ ചെലവിനുള്ള പണം കൊടുക്കുന്നതായാൽ ബാഹ്യശത്രുക്കളുടെ ആക്രമണം തടയുവാൻ അവരുടെ സൈന്യത്തെ തന്നെ അയച്ചുകൊള്ളാമെന്നുമായിരുന്നു. സമാധാനകാലത്തും രണ്ടു കപ്പിണികളെ ഈ രാജ്യത്തിന്റെ അതിൎത്തിയിൽ താമസിപ്പിച്ചുകൊള്ളാമെന്നും, ടിപ്പുസുൽത്താന്റെ ആക്രമണമുണ്ടാകുന്നപക്ഷം സ്വന്തചെലവിൽ കൂടുതൽ സൈന്യത്തെ സജ്ജീകരിച്ചുകൊള്ളാമെന്നുമായിരുന്നു. ഈ പ്രകാരമുള്ള വ്യവസ്ഥ ഊൎജ്ജിതമായിരുന്ന കാലത്താണു് ടിപ്പുസുൽത്താൻ മഹാബലത്തോടുകൂടി തിരുവിതാംകൂറിനെ ആക്രമിക്കാനൊരുങ്ങിയതു്. മഹാരാജാവു കൊടുങ്ങല്ലൂരും ആയക്കോട്ടയും വിലയ്ക്കു വാങ്ങിയതു കമ്പനിക്കാരുടെ അനുവാദത്തോടുകൂടിയല്ലെന്നും മററും ഓരോ ആക്ഷേപങ്ങളും പറഞ്ഞു് സഹായത്തിനുള്ള അഭ്യൎത്ഥനയെ മദ്രാസ് ഗവർണർ നിരാകരിക്കയാൽ മഹാരാജാവിനു സ്വന്ത പരിശ്രമം കൊണ്ടുതന്നെ ആപത്തു് നിവാരണം ചെയ്യേണ്ടിവന്നു. എന്നാൽ കറാൻ

വാലീസ്സപ്രഭുവിന്റെ ന്യായബോധം നമുക്കു് ഒടുവിൽ രക്ഷാമാർഗ്ഗ
മായിത്തീൎന്നു. കമ്പനിക്കാരുടെ ചുവടു് അപ്പോൾ കുറേശ്ശ മാറി
ത്തുടങ്ങി. മൂന്നാമത്തെ മൈസൂർ യുദ്ധത്തിനു ചെലവായ പണം
മഹാരാജാവു കൊടുക്കണമെന്നു് അവർ വാദിച്ചു. ആ യുദ്ധം
തിരുവിതാംകൂറിനുവേണ്ടി നടത്തിയതാണെന്നായിരുന്നു പ്രധാന
മായ വാദമുഖം. ഈ യുക്തി 1788-ലെ ഉടമ്പടിയുടെ നിബ
ന്ധനകൾക്കു് യോജിച്ചതായിരുന്നില്ല. ഭണ്ഡാരം വളരെ ശോഷി
ച്ചാണിരുന്നതെങ്കിലും കേശവദാസന്റെ ഉപദേശപ്രകാരം മഹാ
രാജാവു രണ്ടു തവണയായി പതിനാലുലക്ഷം രൂപ കൊടുത്തയച്ചു.
പിന്നെയും പണം വേണമെന്നു മദ്രാസ് ഗവർണർ നിർബന്ധിച്ച
പ്പോൾ മഹാരാജാവു ഗവർണർ ജനറലുമായി എഴുത്തുകുത്തുചെയ്തു
മേലാൽ ഒന്നും കൊടുക്കേണ്ടെന്നു തീരുമാനം വരുത്തി

വാദപ്രതിവാദങ്ങൾക്കു് ഇടവരാതെയിരിക്കു ഒരു പുതിയ ഉട
മ്പടി വേണമെന്നു് മഹാരാജാവു് തീർച്ചപ്പെടുത്തി. 1795
നവംബർമാസം 17-ാനു- നടന്ന ആ ഉടമ്പടി പരസ്പരസൗഹാർ
ദ്ദത്തെ ശാശ്വതമാക്കി. മഹാരാജാവിന്റെ ചെലവിൽ ബ്രിട്ടീഷു
പട്ടാളങ്ങളെ തിരുവിതാംകൂറിലോ സമീപദിക്കിലോ താമസിപ്പിച്ചു
ബാഹ്യശത്രുക്കളെ തടഞ്ഞുകൊള്ളുന്നതാണെന്നും, കൂടുതൽ സൈന്യ
ങ്ങൾ ആവശ്യപ്പെട്ടാൽ കമ്പനിക്കാർതന്നെ സ്വന്തപണം ചെല
വാക്കി അതിനുവേണ്ട വ്യവസ്ഥ ചെയ്തുകൊള്ളാമെന്നുള്ള കരാർ
ഈ സംസ്ഥാനത്തിനു അനുഗ്രഹമായിത്തീൎന്നു. എന്നാൽ മഹാരാ
ജാവു് ഒരു കാരണവശാലും യൂറോപ്യന്മാരോടാകട്ടെ ഏതദ്ദേശീയ
രായ മററു രാജാക്കന്മാരോടാകട്ടെ യുദ്ധത്തിനു പോകരുതെന്നും,
ബ്രിട്ടീഷുകാരോടു ശത്രുതയിലിരിക്കുന്ന രാജ്യങ്ങളിൽ നിവസിക്കുന്ന
ആരെയും തിരുവിതാംകൂറിൽ താമസിപ്പിച്ചുകൂടെന്നും, മററു രാജ്യ
ങ്ങളിലെ ഗവണ്മെൻറുമായി മഹാരാജാവു കമ്പനിക്കാരുടെ അനു
മതി കൂടാതെ യാതൊരു എഴുത്തുകുത്തും ചെയ്തുകൂടെന്നും ഉള്ള നിഷേ
ധങ്ങളും ആ ഉടമ്പടിയിൽ സ്ഥാനം പിടിച്ചു. എന്നാൽ ആഭ്യന്തര
ങ്ങളായ ഭരണകാര്യങ്ങളിൽ കമ്പനിക്കാർ പ്രവേശിക്കുന്നതല്ലെന്നും

അതിന് അവൎക്ക് അധികാരമില്ലെന്നും സുവ്യക്തമായി വിവരിച്ചിരുന്നു. ഈ ഉടമ്പടിയിൽ രണ്ടുവൎഷം കഴിഞ്ഞപ്പോൾ അല്പഭേദഗതി ചെയ്യേണ്ടതായി വന്നു. അതിന്റെ ശേഷമാണു് അധികാരപ്രമത്തനായ മേജർ മെക്കാളി ബ്രിട്ടീഷ് റെസിഡന്റായി ഇവിടെ നിയമിക്കപ്പെട്ടതു്. ബാലരാമവൎമ്മ മഹാരാജാവിന്റെ പ്രക്ഷീണമായ ഭരണകാലത്തു് കമ്പനിക്കാർ കൊടുക്കേണ്ട തുക കുടിശ്ശികയാകുന്നതു് പതിവായിത്തീൎന്നു. ആയിടയ്ക്കാണു് 1805-ൽ ഉടമ്പടിയുടെ നവീകരണത്തോടുകൂടി കമ്പനിക്കാൎക്ക് തിരുവിതാംകൂറിന്റെ ആഭ്യന്തരഭരണകാൎയ്യങ്ങളിൽ പ്രവേശനത്തിനുള്ള കവാടം തുറന്നതു്. മുമ്പിലത്തെ വ്യവസ്ഥ ബാഹ്യശത്രുക്കളെ തടയേണ്ടിവരുന്ന പണം മുഴുവൻ കമ്പനിക്കാർതന്നെ ചെലവുചെയ്തുകൊള്ളാമെന്നായിരുന്നല്ലോ. ഇപ്പോഴാകട്ടെ അതിന്റെ സാരമായ ഭാഗം മഹാരാജാവുംകൂടി കൊടുക്കണമെന്ന് അവർ തീരുമാനിച്ചു. അങ്ങനെ കൊടുക്കേണ്ടിവരുന്ന പണത്തിന്റെ തുക നിശ്ചയിക്കാനുള്ള സൗകൎയ്യവും അധികാരവും അവൎക്കുതന്നെ ആയിരുന്നുവെന്നും സ്പഷ്ടമാണല്ലോ. പതിവായി കൊടുക്കേണ്ട തുകയോ വിശേഷാൽ കൊടുക്കേണ്ടിവരുന്നതായ തുകയോ കുടിശ്ശികയിൽ വരികയോ അങ്ങിനെ വരുമെന്ന് ഉത്തമവിശ്വാസമായി സംശയിക്കാൻ അവസരമുണ്ടാവുകയോ ചെയ്താൽ തിരുവിതാംകൂറിൽ പ്രവേശിച്ച് നികുതി മുതലായതു പിരിക്കുന്നതിനും മററു വകുപ്പുകളിൽ സമഗ്രമായ ഭരണം നടത്തുന്നതിനും കമ്പനിക്കാൎക്ക് അവകാശമുണ്ടായിരിക്കുമെന്നുള്ള വ്യവസ്ഥ വന്നുചേൎന്നു. അവരുടെ ഉപദേശമനുസരിച്ച് ആയവ്യയങ്ങളിലും നീതിഭരണത്തിലും കൃഷി, കൈത്തൊഴിൽ, കച്ചവടം മുതലായ സംഗതികളിലും പ്രവൎത്തിച്ചു ജനങ്ങളുടെ ഐശ്വൎയ്യത്തെയും ഉഭയകക്ഷികളും തമ്മിൽ ഉള്ള സഖ്യത്തെയും നിലനിൎത്തിക്കൊള്ളാമെന്നു മഹാരാജാവു സമ്മതിക്കേണ്ടതായും. രാജ്യാഭിമാനിയായ വേലുത്തമ്പിദളവ ബ്രിട്ടീഷുകാരുമായുള്ള ബന്ധം ദൃഢതരമാക്കുന്ന വിഷയത്തിൽ ജാഗരൂകനായിത്തന്നെ വൎത്തിച്ചുവെങ്കിലും പണത്തിനായി മെക്കാളിചെയ്ത നിർബന്ധമായ അഭ്യൎത്ഥന വിരോധത്തിലും കലാപത്തിലും കലാശിച്ചു.

കാലത്തിന്റെ ഗതിഭേദം ഭാരതഖണ്ഡത്തിൽ ബ്രിട്ടീഷുസാമ്രാജ്യശ്രീയെ പ്രതിഷ്ഠിച്ചു. ഹിമവൽസേതുപൎയ്യന്തമുള്ള പ്രബലശക്തികളെല്ലാം ആ മഹാശക്തിയെ ആദരിക്കേണ്ടിവന്നു. ബ്രിട്ടീഷുകാരുമായി സമഭാവത്തിൽ കഴിഞ്ഞ സ്വതന്ത്രരാജാക്കന്മാർ അവരുടെ ആജ്ഞാചക്രാന്തരാളത്തിൽ ലയിച്ചു് ആവാഹിതരായി. ഭരണയന്ത്രം തിരിക്കുന്നതു് അവർതന്നെയായി. തിരുവിതാംകൂറിനെക്കാൾ എത്രയോ വിസ്തൃതങ്ങളായ സംസ്ഥാനങ്ങളിലും കമ്പനിക്കാരുടെ പതാക സമുജ്ജ്വലമായിപ്പറന്നു. നൈസാമും ഹോൾക്കരും സിന്ധ്യയുമൊക്കെ അവരുടെ മുമ്പിൽ തലകുനിച്ചു. എന്നാൽ ഏതദ്ദേശീയരാജാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കണമെന്നോ, രാജ്യഭരണമേറെറടുക്കണമെന്നോ ബ്രിട്ടീഷുകാൎക്കു വിചാരമുണ്ടായിരുന്നില്ല. സ്ഥാനത്തിൽ വൎത്തിച്ച രാജാക്കന്മാരെ ഉത്സാഹിപ്പിച്ചും സഹായിച്ചും സ്വന്തം ധനത്തിനു കൂടുതൽ വ്യയമുണ്ടാകാതെ ശത്രുക്കളെ തടഞ്ഞു നിറുത്തണമെന്നു മാത്രമേ അവർ അക്കാലത്തു് ആഗ്രഹിച്ചുള്ളു. നാട്ടുരാജ്യങ്ങളിൽ അവൎക്കു സിദ്ധിച്ച അധികാരബലം നിയമജന്യങ്ങളോ ഉടമ്പടികളാൽ വ്യവസ്ഥിതങ്ങളോ ആയ ചുമതലകളാൽ പരിമിതമായിരുന്നില്ല. നേരെമറിച്ചു് അവരുടെ സൗജന്യത്താൽ വെല്ലുവാഷാരായിത്തീൎന്ന രാജാക്കന്മാർ പലരും സ്വപ്രജകളുടെ പൗരാവകാശങ്ങളുടെ മുകളിൽക്കൂടി തേരോടിച്ചു. സ്വാൎത്ഥപരമായ അക്രമപ്രവൃത്തികളിൽ വിഹരിച്ചു.

ഇന്നത്തെ അധികൃതമായ കണക്കുപ്രകാരം ഇന്ത്യയിൽ അഞ്ഞൂററി അമ്പത്തിരണ്ടു നാട്ടുരാജ്യങ്ങളാണുള്ളതു്. ആ പട്ടികയിൽ ഒരു ചതുരശ്രമൈലിൽ കുറവു വിസ്തീൎണ്ണതയുള്ളതും ആണ്ടൊന്നുക്കു് നൂറു രൂപയിൽ കുറഞ്ഞ മുതലെടുപ്പുള്ളതും ആയ നാമമാത്രരാജ്യങ്ങൾ ധാരാളമുണ്ടു്. ജന്മമാത്രങ്ങളായ ദേശാംശങ്ങളെ ഇപ്പോൾ ആരും രാജ്യങ്ങളായി ഗണിക്കാറില്ല. എന്നാൽ കഴിഞ്ഞ നൂററാണ്ടിന്റെ മദ്ധ്യകാലത്തും മററും ബ്രിട്ടീഷുകാൎക്കു് തീരുവ മുതലായ ആദായങ്ങൾ പിരിച്ചെടുക്കുന്ന വിഷയത്തിൽ അനവധി രാജ്യങ്ങളുടെ അതിൎത്തിവൈപരീത്യങ്ങൾ ക്രമത്തിലധികം ബുദ്ധിമുട്ടു

ങ്ങളാക്കി. ബ്രിട്ടീഷ് ഇന്ത്യയിൽനിന്നും ദണ്ഡനീതിയെ ഭയന്ന് കള്ളന്മാരും കൊള്ളക്കാരും നാട്ടുരാജ്യങ്ങളിൽ കടന്ന് നിർഭയം താമസിച്ച് നിർവിഘ്നമായി ജനദ്രോഹം ചെയ്ത് കുലധർമ്മത്തെ പുലർത്തി.

ഈ കാരണങ്ങളാൽ ബ്രിട്ടീഷുകാർ അധികാരഹസ്തങ്ങളെ മുമ്പോട്ടു മുമ്പോട്ടു നീട്ടിത്തുടങ്ങി. പുരാതന കാലത്ത് റോമാസാമ്രാജ്യത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്ന രാജ്യങ്ങൾ കാലക്രമത്താൽ പ്രവിശ്യകളായി പരിവർത്തനം ചെയ്തു. അതുപോലെതന്നെ അമേരിക്കയിൽ കുടിയേറി പാർത്ത് ബലവാന്മാരിത്തീർന്ന യൂറോപ്യന്മാരുടെ നിയമങ്ങൾ ആ നാട്ടുകാർ ആദരിക്കേണ്ടതായും വന്നിട്ടുണ്ട്. അപ്രകാരമുള്ള ചരിത്രപാഠങ്ങൾ അറിഞ്ഞിരുന്ന ചില ബ്രിട്ടീഷുദ്യോഗസ്ഥന്മാർ ഔഷധത്തെക്കാൾ ഉതകുന്നത് ശസ്ത്രക്രിയയാണെന്ന് കരുതി നാട്ടുരാജ്യങ്ങൾ പലതിനെയും നിരുത്തലാക്കി ദേശവിഭാഗങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ കൂട്ടിച്ചേർക്കുവാൻ തരം നോക്കി. എന്നാൽ ഈസ്റ്റിൻഡ്യാ കമ്പനിയുടെ അഭിവൃദ്ധിക്കു വേണ്ടി കള്ളപ്രമാണം പോലും നിർമ്മിക്കുവാൻ സന്നദ്ധനായിരുന്ന ക്ലൈവിനാകട്ടെ, ബ്രിട്ടീഷുകാരുടെ ബലപ്രകടനത്തിൽ അനന്യശ്രദ്ധനായിരുന്ന വാറൻഹേസ്റ്റിംഗ്സിനാകട്ടെ, നാട്ടുരാജാക്കന്മാരുടെ വകയായ സേനാനിവഹങ്ങളുടെ സഹായത്താൽ ശത്രുസംഹാരം ചെയ്വാൻ ബദ്ധകങ്കണനായിരുന്ന വെല്ലസ്ലിക്കാകട്ടെ, നാട്ടുരാജ്യങ്ങളെ ഇല്ലാതാക്കണമെന്ന വിചാരമുണ്ടായിരുന്നില്ല. ടിപ്പു സുൽത്താനെയും ഫ്രഞ്ചുകാരെയും മഹാരാഷ്ട്രനേതാക്കന്മാരെയും റഞ്ചിററ് സിങ്ഗിനെയും മററും ജയിച്ചു സ്വശക്തി അറിഞ്ഞ ബ്രിട്ടീഷുകാരുടെ പ്രതിനിധിയായി ഭാരതഖണ്ഡം ഭരിച്ച ഡൽഹൗസിപ്രഭു കഴിവുള്ളിടത്തോളം ജനപദങ്ങൾ നാട്ടുരാജാക്കന്മാരുടെ പക്കൽനിന്നും എടുത്ത് ബ്രിട്ടീഷുകാരുടെ വകയാക്കിത്തീർക്കണമെന്ന് ആഗ്രഹിച്ചു. രാജാവ് അവകാശിയില്ലാതെ മരിച്ചാൽ രാജ്യം അന്യം നില്പു നിയമത്താൽ ബ്രിട്ടീഷുകാരുടെ വകയായിത്തീരുന്നതാണെന്ന് ആ പണ്ഡിതൻ സമർത്ഥിച്ചു. എന്നാൽ

ക്രിസ്താബ്ദം 1857-ൽ ഇന്ത്യയിലെ ബ്രിട്ടീഷുഭരണത്തെ നഖശിഖാന്തം വിറപ്പിച്ച സൈന്യക്ഷോഭം ആ നയത്തിനു വിഘാതമായിത്തീൎന്നു. വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സുകൊണ്ടു് ക്രിസ്താബ്ദം 1858-ൽ പ്രസിദ്ധപ്പെടുത്തിയ വിളംബരം രാജാക്കന്മാരുടെ ആശങ്കകളെ ദൂരീകരിച്ചു. അവരുമായുള്ള ഉടമ്പടികൾ എല്ലാകാലത്തും നിലനില്ക്കുമെന്നും, സന്താനപരമ്പരയുടെ അവകാശങ്ങൾ സുരക്ഷിതമായിരിക്കുമെന്നും ഉള്ള കല്പന ഏതദ്ദേശീയ രാജാക്കന്മാൎക്കു് അധികമായ ആശ്വാസം നല്കി. പ്രജാസമൂഹങ്ങൾക്കും സന്തോഷമായി. ബ്രിട്ടീഷിന്ത്യയിലെ ചില ജനപ്രതിനിധികൾ നാട്ടുരാജ്യങ്ങളോടു് അപരാധം ചെയ്യുന്നതിൽ ഔത്സുക്യം പ്രദർശിപ്പിക്കാറുണ്ടു്. ഇന്ത്യയുടെ പുരോഗതിക്കു് ഏതദ്ദേശീയ രാജാക്കന്മാരുടെ അധികാരവർഗ്ഗങ്ങൾ പ്രതിബന്ധങ്ങളായിത്തീരുന്നുണ്ടെന്നാണു് അവരുടെ വാദം. നാട്ടുരാജ്യങ്ങളിലെ പ്രജാസമൂഹങ്ങൾ ശക്തിഹീനന്മാരാണെന്നും സമുജ്ജ്വലമായ സംരംഭങ്ങളിൽ പങ്കുകൊള്ളുവാൻ അവൎക്കു് സൗകൎയ്യമില്ലെന്നും അവർ പ്രവചിക്കാറുണ്ടു്. ഭരിക്കാൻ കെല്പില്ലാത്ത രാജാക്കന്മാരും, പൗരധൎമ്മത്തെ പരിരക്ഷിക്കാൻ ശക്തിയില്ലാത്ത പ്രജകളും, ചില രാജ്യങ്ങളിൽ കണ്ടേക്കാം. എന്നാൽ തിരുവിതാംകൂർ, മൈസൂർ, ബറോഡ, മുതലായ സംസ്ഥാനങ്ങളുടെ ഭരണം ബ്രിട്ടീഷ് പ്രവിശ്യകളിലെ ഭരണത്തെപ്പോലെതന്നെ കാൎയ്യക്ഷമമാണെന്നുള്ളതു് അവിതൎക്കിതമായ പരമാൎത്ഥമാകുന്നു.

ബ്രിട്ടീഷ്ഗവൺമെൻറിൻെറ പ്രാതിനിധ്യം വഹിച്ച ചില റസിഡൻറന്മാരുടെ അധികാരഭ്രമത്താൽ തിരുവിതാംകോട്ടും മുൻകാലങ്ങളിൽ കുഴപ്പങ്ങൾക്കിടയായിട്ടുണ്ടു്. മേജർ മെക്കാളിയുടെ നയഭേദങ്ങൾ നിമിത്തമാണു് വേലുത്തമ്പിദളവ ലഹളക്കൊരുങ്ങിയതു്. ആ റസിഡൻറിൻെറ മേൽനോട്ടത്തിലിരുന്ന കൊച്ചിരാജ്യത്തിലെ മന്ത്രിയായ പാലിയത്തച്ചനും ദളവയോടു സഹകരിച്ചുവെന്നുള്ള സംഗതിയും പ്രസിദ്ധമാണല്ലോ. ഗൌരിലക്ഷ്മീഭായി റാണി തിരുമനസ്സിലെ കാലത്തും പാർവ്വതീ റാണി തിരുമനസ്സിലെ

റീജൻസി കാലത്തും കൎണ്ണൽ മൺറൊ ഭരണധുരന്ധരനായിരുന്നു. അക്കാലത്തു് പഴയ മാനദണ്ഡങ്ങൾ മാറി പാശ്ചാത്യസിദ്ധാന്തങ്ങൾ അനുസരിച്ചുള്ള ഭരണനയം രൂപപ്പെട്ടു. റാണിമാർ രണ്ടുപേരും ന്യായമായ ഉപദേശങ്ങൾ കൈക്കൊണ്ടു.

തിരുവിതാംകൂറിൽ ഉദ്യോഗമായിവന്ന റസിഡൻറന്മാരിൽ പലരും അതിമാന്യന്മാരായിരുന്നു എന്നാൽ അതിചതുരനായ ജനറൽ കല്ലൻ സ്വാൎത്ഥനും, രാജ്യാഭിമാനിയും ഗർവ്വശ്രീമാനുമായ സ്വാതിതിരുനാൾ മഹാരാജാവിനോടു ശത്രുപക്ഷമായിട്ടാണു് കഴിഞ്ഞതു്. അക്കാലത്തു് റസിഡൻറന്മാർ സ്വഹിതാനുവൎത്തികളായ വിദേശികളുടെ ഉപദേശങ്ങൾക്കു് അധീനരായി ഭവിച്ചു. കാൎയ്യം കേൾക്കാത്ത ജനറൽ കല്ലനോടു് അഭിമുഖസംഭാഷണം ചെയ്യുന്നതിൽ ഉൎജ്ജിതാശയനായ മഹാരാജാവിനു വൈമനസ്യം തോന്നി. തിരുമനസ്സിലേക്കു് അശേഷം വിശ്വാസമില്ലാത്ത ചിലരെ ഉദ്യോഗത്തിൽ നിയമിക്കുന്ന നീട്ടുകൾ അവിടുന്നു തുല്യം ചാൎത്തുവാൻ നിർബന്ധിതനായി. തിരുമനസ്സുകൊണ്ടു് ഗവർണർ ജനറാളിനോടു് ഇതിനെപ്പറ്റി നിവേദനം ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്തെ അനേകം തലമുറയായി നിലനിറുത്തിക്കൊണ്ടുപോരുന്ന നീതിബോധം തിരുമനസ്സിലേക്കു് അനുഗ്രഹമായിത്തീൎന്നു.

നമ്മുടെ മഹാരാജാക്കന്മാർക്കു് മറ്റു് ഏതദ്ദേശീയ രാജാക്കന്മാർക്കുംതന്നെയില്ലാത്ത ഒരു വിശിഷ്ടതയുണ്ടു്. മൈസൂർ, ബെറോഡ, ഇൻഡൂർ, നാഭാ, കാഷ്മീർ മുതലായ സംസ്ഥാനങ്ങളെ ഭരിച്ചിട്ടുള്ള രാജാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കുവാൻ അധീശശക്തി ചില സന്ദർഭങ്ങളിൽ നിർബന്ധിതരായിട്ടുണ്ടു്. മറ്റു ചിലരെ നിർബന്ധിച്ചു സ്ഥാനത്യാഗവും ചെയ്യിച്ചിട്ടുണ്ടു് എന്നാൽ മാൎത്താണ്ഡവൎമ്മമഹാരാജാവിൻെറ പരിപക്വമായ വിവേകത്തിൽ നിന്നും ഉദ്ഗളിച്ച ഉപദേശത്തെ ആദരിച്ചും പ്രജാസമൂഹങ്ങളുടെ ശാശ്വതമായ ഐശ്വര്യത്തെ കരുതിയും ജന്മസിദ്ധമായ വാസനാവിശേഷത്തിനു് അനുഗുണമായി പ്രവൎത്തിച്ചും തന്നെയാണു് തിരുവിതാംകൂർ

മഹാരാജാക്കന്മാർ ബ്രിട്ടീഷ്‌സാമ്രാജ്യവുമായുള്ള സഖ്യത്തെ പുലർത്തിവരുന്നതു്. അതിനാൽ രാഷ്ട്രീയാന്തരീക്ഷത്തെ ചിലപ്പോൾ ബാധിക്കാറുള്ള കാർമേഘങ്ങളൊന്നും തിരുവിതാംകൂറിൽ ദുർദ്ദിനത്തെ ഉണ്ടാക്കുന്നതല്ല. ബ്രിട്ടീഷുഗവണ്മെന്റു ഗാഢമായ പര്യാലോചനയുടെയും ദീർഘമായ പരിചയത്തിന്റെയും ഫലമായി കണ്ടുപിടിച്ചിട്ടുള്ള ആധുനികനയം നാട്ടുരാജ്യങ്ങളുടെ ആഭ്യന്തരഭരണത്തിൽ സാധാരണ പ്രവേശിക്കുകയില്ലെന്നുള്ളതാണു്. റസിഡന്റന്മാർ ഉച്ചരിക്കുന്ന ശബ്ദങ്ങൾ സാമന്തരാജാക്കന്മാൎക്കു മേഘനിർഘോഷംപോലെ തോന്നിയിരുന്ന കാലങ്ങൾ മിക്കവാറും മാറിപ്പോയിരിക്കുന്നു. വിശേഷിച്ചും ബ്രിട്ടീഷ് മാതൃകയിലുള്ള ഭരണം ഉറച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ പൊളിറ്റിക്കൽ ഏജന്റന്മാരുടെ അത്യാവശ്യമായ പ്രവേശനത്തെ സാമ്രാജ്യകേന്ദ്രത്തിൽനിന്നു് നിഷേധിക്കാറുണ്ടു്. രാജവംശങ്ങളിൽ ജനിച്ചു എന്നുള്ള കാരണത്താൽ പ്രജാധിപന്മാരായി സുഖലോലുപതയിൽ കാലംകഴിച്ചു രാജഭണ്ഡാരത്തെ ദുർവിനിയോഗം ചെയ്യുന്നവരുടെ സാഹസകൃത്യങ്ങളെ തടയുവാൻ ബ്രിട്ടീഷ് പ്രതിനിധികൾക്കു് അധികാരമുണ്ടു്. എന്നാൽ തിരുവിതാംകൂർ, കൊച്ചി, മൈസൂർ മുതലായ പരിഷ്കൃതരാജ്യങ്ങളിൽ അങ്ങിനെയുള്ള സന്ദർഭങ്ങൾ വന്നുചേരാറില്ല. നാട്ടുരാജ്യങ്ങളെല്ലാംമേല്പറഞ്ഞ മാതൃകയിൽ ഭരിച്ചിരുന്നുവെങ്കിൽ ഉടമ്പടിവ്യവസ്ഥകളെ അക്ഷരംപ്രതി അനുസരിക്കുവാൻ അധീശഗവണ്മെന്റിന്റെ പ്രതിനിധികൾ തയ്യാറാകുമായിരുന്നു. മുൻകാലങ്ങളിൽ ബ്രിട്ടീഷുഗവണ്മെന്റു മുഖേന അല്ലാതെ നാട്ടുരാജാക്കന്മാൎക്കു് പരസ്പരം എഴുത്തുകുത്തു ചെയ്‌വാൻപോലും അവകാശമുണ്ടായിരുന്നില്ല. റയിൽവണ്ടിയോ, കമ്പിത്തപാലോ, വർത്തമാനപ്പത്രങ്ങളോ രാഷ്ട്രീയസഭകളോ ഇല്ലാതിരുന്ന കാലത്തു് നാടുവാഴികൾക്കു് കൂപമണ്ഡൂകന്യായത്തെ അവലംബിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. വിദേശീയരായ പലരും ഓരോ കാലങ്ങളിൽ ഭാരതഖണ്ഡത്തിൽ പല പല സ്ഥലങ്ങൾ കീഴടക്കി ഭരിച്ചിട്ടുണ്ടെന്നുള്ളതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. ഇന്ത്യയിൽ ജനിച്ചുവളൎന്നു് ചക്രവ

ത്തിപദം പ്രാപിച്ച അശോകനാകട്ടെ, അക്ബക്കാകട്ടെ, ഹിമവാൻ മുതൽ കന്യാകുമാരിവരെയുള്ള സകല സ്ഥലങ്ങളും സ്വാധികാരത്തിൽ ഉൾപ്പെടുത്തി സമാധാനമായി ഭരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മൂന്നൂറു സംവത്സരക്കാലത്തെ പരിശ്രമംകൊണ്ടു് ബ്രിട്ടിഷ്കാർ ഇന്ത്യാനിവാസികൾക്കു് പൊതുവായ രാഷ്ട്രീയാദർശങ്ങൾ ഉണ്ടാക്കിത്തന്നിരിക്കുന്നു. പൂർവികമായ കുടുംബാദർശമോ, ജന്മസിദ്ധമായ പ്രത്യേക ചുമതലയോ ഇല്ലാത്ത സാധാരണന്മാർപോലും സ്വരാജ്യത്തിൻെറ ഉൽക്കർഷത്തിനായി തീവ്രയത്നം ചെയ്യുവരുന്ന ഇക്കാലത്തു് പല തലമുറകളായു് പ്രജാപാലനത്തിൽ ബദ്ധശ്രദ്ധന്മാരായിരുന്ന രാജാക്കന്മാരുടെ അനന്തരഗാമികൾ അർദ്ധോന്മീലിതങ്ങളായിരുന്ന നേത്രങ്ങൾ വികസിപ്പിച്ചു് ഇൻഡ്യയുടേയും ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറയും അഭ്യുന്നതിക്കുള്ള മാർഗ്ഗങ്ങളിൽ പ്രവേശിക്കുന്നതു് വിലമതിക്കാൻ പാടില്ലാത്ത അനുഗ്രഹമാണു്. നരേന്ദ്രമണ്ഡലം ഉൽഭവിച്ചതുതന്നെ ബ്രിട്ടീഷ് ഗവൺമെൻറിനു മേൽ പറയപ്പെട്ട താൽപര്യത്തോടുള്ള അനുഭവത്തിൽ നിന്നാണു്. ആ രാജസഭയുടെ യോഗങ്ങളിൽ വൈസ്രായിമാർതന്നെ ആധ്യക്ഷ്യം വഹിക്കാറുണ്ടെന്നുള്ളതും അതിപ്രധാനമായ ഒരു സംഗതിയാണു്. എന്നാൽ രാജാവെന്നുള്ള പേരുമാത്രംകൊണ്ടു് അവസ്ഥയും അന്തസ്സും പ്രധാന്യവും തുല്യമാകുന്നില്ല. ചെറിയ ചെറിയ നാടുവാഴികൾ വളരെപ്പേർ വന്നുകൂടുന്ന ആ മണ്ഡലത്തിൽ കോടിക്കണക്കിനു മുതലെടുപ്പും വിപുലമായ ഭരണാധികാരങ്ങളും ഉള്ള മഹാരാജാക്കന്മാരും, നവാബന്മാരും സാധാരണ ഹാജരാകുന്നതല്ല. എങ്കിലും അധീശശക്തിയും നാട്ടുരാജാക്കന്മാരുംതമ്മിൽ നടക്കേണ്ട കാര്യങ്ങളെപ്പററി ആലോചന നടത്തുവാൻ നരേന്ദ്രമണ്ഡലം സഹായമായി തീർന്നിട്ടുണ്ടു്. ഭാഗ്യവശാൽ ഫെഡറൽഭരണം വരാനുള്ളകാലം സമീപിച്ചിരിക്കുന്നു. ഫെഡറേഷൻെറ തത്വം തന്നെ ഭരണാധികാരത്തിൻെറവിഭജനമാണു്. കേന്ദ്രഗവൺമെൻറിനു് നിയമത്താൽ സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ എല്ലാം ആ ഗവൺമെൻറുതന്നെ പ്രയോഗിക്കുന്നതാണു്. പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും നിക്ഷിപ്തമായിരി

ക്കുന്ന അവകാശങ്ങൾ അവശ്യം ഉണ്ടായിരിക്കും. കേന്ദ്രഗവമ്മെൻറു ഫെഡറേഷൻെറ അംഗമായ ഗവമ്മെൻറുകളും തമ്മിൽ ഉണ്ടാകാവുന്ന തർക്കങ്ങൾ തീക്കുവാനുള്ള സ്ഥാപനമാണ് ഫെഡറേഷൻ കോടതി. അതിനാൽ ആഭ്യന്തരകാര്യങ്ങളിൽ കീഴ്കഴിഞ്ഞതുപോലെ മേലും മഹാരാജാവു തിരുമനസ്സിലെ സ്വാധികാരം സുരക്ഷിതവും പ്രജാസമൂഹങ്ങൾക്കു സർവഭാഗ്യസമ്പ്രദവും ആയിത്തന്നെ പ്രശോഭിക്കുന്നതാണ്. നിരവധി പരിവർത്തനങ്ങളാൽ ആധുനിക ലോകത്തിൻെറ ഗതിവിശേഷങ്ങളും മനുഷ്യവർഗ്ഗത്തിൻെറ അഭിവൃദ്ധിക്കു പര്യാപ്തമായ സമാരംഭങ്ങളും മനസ്സിലാക്കിയിട്ടുള്ള ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവിതാംകൂറിൻേറയും ഭാരതമഹാരാജ്യത്തിൻേറയും പുരോഗതിയെ സഹായിക്കുന്നു. ഇത്ര ചെറുപ്പത്തിലേതന്നെ തിരുമനസ്സിലേക്കു ലബ്ധമായ ജി. സി. ഐ. ഇ. എന്ന മഹനീയ സ്ഥാനംതന്നെ തിരുമനസ്സിലെ ഭരണപാടവത്തെപ്പററി അധീശഗവമ്മെൻറിനും, ചക്രവത്തി തിരുമനസ്സിലേക്കും തോന്നീട്ടുള്ള ബഹുമാനത്തിനു സുവ്യക്തമായ ലക്ഷ്യമാകുന്നു. നമ്മുടെ രാജവംശത്തിൽ പണ്ടുണ്ടായിരുന്ന രാജ്ഞിമാക്കും രാജകുമാരന്മാക്കും വിദേശസഞ്ചാരം സാദ്ധ്യമായിരുന്നില്ല. എന്നാൽ അമ്മമഹാറാണി തിരുമനസ്സുകൊണ്ടു വാത്സല്യഭാജനങ്ങളായ സന്താനങ്ങളോടുകൂടി ഭാരതീയരുടെ അനുമോദത്തെ ഹസ്താമലകമാക്കിയശേഷം ഇംഗ്ലണ്ടിൽ എഴുന്നെള്ളിയ അവസരത്തിൽ ചക്രവത്തിതിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ച സൗഹാർദ്ദം തിരുവിതാംകൂർ രാജവംശത്തിനു മേൽക്കോയ്മയുമായുള്ള പൂർവബന്ധത്തെ കനക ശൃംഖലയാൽ ഉറപ്പിച്ചിരിക്കുന്നു. അങ്ങനെ ഉത്തരോത്തരം അഭിവൃദ്ധമായ സൗഹാർദ്ദബന്ധവും ഉദയോൽകർഷസുന്ദരമായ ശ്രേയസ്സും നീണ്ടുനിൽക്കുമാറാകട്ടെ.

# രണ്ടു മൂന്നു ദാക്ഷിണാത്യ കവയിത്രികൾ

---

പി. കെ. നാരായണപിള്ള അവർകൾ
ബി. ഏ., ബി. എൽ.

സാഹിത്യത്തിൽ സ്ത്രീകൾക്കു് എത്രമാത്രം പ്രവേശമുണ്ടെന്നു വിചാരിക്കാൻ തുടങ്ങുമ്പോൾ "ചൊല്ലേറും കവിതയ്ക്കു മാത്രമവരാളല്ലെന്നു വന്നീടുമോ" എന്ന തോട്ടക്കാട്ടു് ഇക്കാവമ്മയുടെ പ്രശ്നം കേരളീയരായ സാഹിത്യപ്രണയികൾ നിശ്ചയമായും ഓർക്കാതിരിക്കയില്ല. അതുപോലെ വാചാപ്രസംഗത്തിനു ബഹുസമർത്ഥയായ ലക്ഷ്മിക്കുട്ടി നേത്യാരമ്മ അവർകളുടെ സൂചിസൂക്ഷ്മങ്ങളും, പക്ഷേ വേധനത്തിലും വേദനപ്പെടുത്താത്തവയും, സുഖചർവ്യങ്ങളും എന്നാൽ രസനിർഭരങ്ങളുമായ വാക്യങ്ങൾ ആരുടെ ചെവിയിൽതന്നെ വളരെ നാളത്തേക്കു സ്ഫുരിച്ചുകൊണ്ടിരിക്കയില്ല.

ഇവരെപ്പോലെതന്നെ പ്രാപ്തിയില്ലെങ്കിലും വൈദുഷ്യവും സാഹിത്യാഭിരുചിയും ഉള്ള സ്ത്രീജനങ്ങൾ വേറെയും നമ്മുടെയിടയിൽ ഉണ്ടു്. പൂർവകാലത്തുണ്ടായിരുന്നിട്ടുമുണ്ടു്. മനോരമത്തമ്പുരാട്ടി, കുട്ടികുഞ്ഞു തങ്കച്ചി മുതൽപേർ പൂർവകാലോദാഹരണങ്ങളാണു്. വാസുദേവഭട്ടതിരി തിന്ന പഴത്തിന്റെ തൊലി ശകലം കളയാതെ പശുപ്രായത്തിൽ ഭക്ഷിച്ചു ദിവ്യപ്രസാദംകൊണ്ടു വൈദുഷ്യം സമ്പാദിച്ച ഒരു വാരസ്സ്യാരുടെ കഥ ഭാഷാചരിത്രത്തിൽ വായിച്ചിട്ടുണ്ടു്. പക്ഷേ അവരുടെ കൃതികളൊന്നും കണ്ടിട്ടില്ല. പഴത്തൊലിയുടെ ഗുണസംക്രമംകൊണ്ടു് അതെല്ലാം പക്ഷേ 'പശുഭക്ഷിത'മായിപ്പോയോ? ഇംഗ്ലീഷു് സാഹിത്യചരിത്രത്തിൽ ജെയിൻ ആസ്റ്റിൻ, ജാർജ്ജു് എലിയട്ടു്, മേരീകോറലി, ആലീസ് മെയ്നെൽ

മുതൽപേർ പ്രശസ്തി പ്രതിഷ്ഠയെ പ്രാപിച്ചിട്ടുള്ള സ്ത്രീകളാണു്. അത്രമാത്രം കീർത്തിഭാഗം താരതമ്യേന നമ്മുടെ പ്രബന്ധകാരിണികൾക്കു് സിദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

1. "ആപാന്തതർക്കമയ വാരിധി ഭീമനാമാ—
കാചാര്യവര്യരുടെ ശിഷ്യയൊരംബുജാക്ഷി
മോചാരസോദ്ധുര നിരർഗ്ഗളധാടിയായ
വാചാ ഹരിച്ചു മമ മാനസമന്നൊരുന്നാൾ"

എന്നു് കേരളസാഹിത്യസമ്രാട്ടായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മാംസളമായ പ്രശംസയ്ക്കു പാത്രീഭവിച്ച വിദുഷിയെപ്പോലെ പല സ്ത്രീകളും കേരളത്തിൽ ഉണ്ടായിട്ടുള്ള സ്ഥിതിക്കു സാഹിത്യവ്യൂഹത്തിൽ സ്ത്രീകൾക്കു മുന്നണിയിൽ സ്ഥാനം വളരെ വിരളമായിപ്പോയതു് എന്തെന്നു വിചാരിച്ചു നോക്കേണ്ടതാകുന്നു. വൈദുഷ്യശൂന്യത കാരണമല്ലെന്നു കണ്ടെന്ന സ്ഥിതിക്കു കാരണാന്തരങ്ങൾ ഈ കാര്യത്തിൽ പ്രവർത്തിച്ചിരിക്കണം. സാമുദായികസംവിധാനങ്ങളും കുലസ്ത്രീകളുടെ കൂടെപ്പിറപ്പായി സങ്കല്പിച്ചിരുന്ന സങ്കോചകത്വൈകവും സാഹിത്യകൗതുകത്തെ ഉച്ചലിപ്പിക്കുന്നതിനുവേണ്ട ലോകാവലോകനത്തിനുള്ള അസൗകര്യങ്ങളും സ്ത്രീകളുടെ കവിതാവ്യവസായങ്ങൾക്കു പൂർവകാലത്തു പ്രതിബന്ധങ്ങളായിരുന്നിരിക്കണമെന്നു തോന്നുന്നു.

ഈ അഭിപ്രായത്തെ സംസ്കൃതഭാഷാസാഹിത്യസ്ഥിതിയും ആധരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സംസ്കൃതഭാഷാസാഹിത്യചരിത്രത്തിൽ മുന്നണിയിൽ ഗണനീയകളായി സ്ത്രീകൾ ഇല്ലെന്നു തന്നെ പറയാം. ആ ഭാഷയിൽ നല്ല വിദുഷികൾ ഉണ്ടായിരുന്നു

1. തർക്കശാസ്ത്രമാകുന്ന കടൽ കുടിച്ചു വററിച്ച ഭീമനാമാവായ ആചാര്യന്റെ ശിഷ്യയായ ഒരു സുന്ദരി കദളിപ്പഴത്തിന്റെ മാധുര്യം കലർന്ന ധാരാവാഹിയായ വാഗ്വിലാസംകൊണ്ടു് എന്റെ മനസ്സിനെ ആകർഷിച്ചു.

എന്നുള്ളതിന്ന തക്കമില്ല. എന്നുതന്നെയുമല്ല കവനകലയിൽ ഗണ്യമായ പ്രാവീണ്യം സമ്പാദിച്ചിരുന്ന വിദുഷികളുമുണ്ടായിരുന്നു. സുഭാഷിതരത്നഭാണ്ഡാഗാരം മുതലായ പ്രകീർണ്ണകപദ്യസമുച്ചയങ്ങളിൽ സ്ത്രീകളുണ്ടാക്കിയിട്ടുള്ള പല പദ്യങ്ങളും ഉദ്ധരിച്ചുകാണുന്നു. ആക്കൂട്ടത്തിൽ വിജയ, വിജ്ജക, ശിലാഭട്ടാരിക, വികടനിതംബ, ഫൽഗുഹസ്തിനി, മോരിക, നാഗമാ പ്രഭൃതികളായ പല സ്ത്രീകളുടേയും നാമധേയങ്ങൾ പ്രസ്താവയോഗ്യങ്ങളാകുന്നു. മുൻപു് ജീവിച്ചിരുന്നവക്കാക്കും കവിതയില്ലെന്നു് ഭാവിക്കുന്ന ചില അഭിനവകവിപുംഗവന്മാരുടേയും അവരുടെ കീത്തനകത്താക്കളായ വിമർശകർഷഭന്മാരുടേയും നവീനമാനദണ്ഡപ്രയോഗത്തിൽ മേൽപ്പറഞ്ഞ സ്ത്രീകൾക്കു സാഹിത്യരംഗത്തു പ്രവേശനത്തിന്ന കാര്യമുണ്ടായിരിക്കയില്ല. ആ തന്നെശാഖയിൽപ്പെട്ടവക്കു വിക്രിയ ജനിപ്പിച്ചേണ്ട കാര്യമൊന്നുമില്ലാത്തതുകൊണ്ടു് അവരുടെ മാനദണ്ഡങ്ങളേയും തുലായന്ത്രങ്ങളേയുംപററി ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല. പ്രസ്തുത സ്ത്രീകവികൾ സമകാലികന്മാരായിരുന്ന പുംസ്കവികളുമായി താരതമ്യത്തിൽ വളരെ താഴ്ന്നുപോകുമെന്നു തോന്നുന്നില്ല.

(2) "സരസ്വതീവ കാർണ്ണാടീ–
വിജയാങ്കാ ജയത്യസൗ
യാ വൈദർഭഗിരാം വാസഃ
കാളിദാസാദനന്തരം"

---

(2) കർണ്ണാടക ദേശീയയായ വിജയ എന്ന കവയിത്രി സരസ്വതീദേവിയെന്നപോലെ വിജയിക്കുന്നു. കാളിദാസൻെറ പിൽക്കാലത്തു വൈദർഭരീതിയിലുള്ള കവിതയുടെ വാസഭൂമി ആ മഹതിആണു്.

എന്നു് വിജയയെപ്പററിയും

(5) "നീലോല്പലദളശ്യാമാം
വിജ്ജകാം മാമജാനതാ
വൃഥൈവ ദണ്ഡിനാ പ്രോക്താ
സർവശുക്ലാ സരസ്വതീ"

എന്നു വിജ്ജക സ്വയമായും പറയുന്ന സ്ഥിതിക്കു് അവർ അസാമാന്യകളായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

"ത്രിനയന ജടാവല്ലീപുഷ്പം നിശാവദനസ്മിതം
ഗ്രഹകിസലയം സന്ധ്യാനാരീനിതംബനഖക്ഷതിഃ
തിമിരഭിദുരം വ്യോമ്നഃ ശൃംഗം മനോഭവകാർമ്മുകം.
പ്രതിപദി നവസ്യേന്ദോർബിംബം സുഖോദയമസ്തു നഃ"

എന്നുള്ള പ്രതിപച്ചന്ദ്രവർണ്ണന ഫല്ഗുഹസ്തിനിയുടെ ശ്ലോകമാണെന്നു പറഞ്ഞു കാണുന്നു. ഇവിടെ പ്രതിപദത്തിലെ ചന്ദ്രക്കലയെ ശിവന്റെ ജടാവല്ലിയുടെ പൂവായിട്ടും രാത്രിയുടെ മന്ദസ്മിതമായും ഗ്രഹങ്ങളുടെ തളിരിലയായും സന്ധ്യയുടെ കടിപ്രദേശനഖക്ഷതമായും ഇരുട്ടിനെ വജ്രായുധമായും ആകാശമാകുന്ന ജന്തുവിന്റെ കൊമ്പായും കാമദേവന്റെ വില്ലായും ഉൽപ്രേക്ഷിച്ചിരിക്കുന്നു. ഇതു് ഏതു പുരുഷകവിയുടെ പ്രതിഭയോടും കിടപിടിക്കുന്നതിനു് അലംഭൂഷ്ണുവാണെന്നു പറയാം.

---

(5) കരിങ്കുവളപ്പൂവിന്റെ ഇതളുപോലെ ഇരുണ്ട നിറമുള്ള ഈ വിജ്ജകയെ (എന്നെ) അറിയാതെ ദണ്ഡി വെറുതെ പറഞ്ഞതാണു് സരസ്വതി 'സർവശുക്ല'യാണെന്നു്. [ആചാര്യദണ്ഡി അദ്ദേഹത്തിന്റെ "കാവ്യാദർശ"മെന്ന അലംകാരഗ്രന്ഥത്തിന്റെ ആരംഭത്തിൽ

ചതുർമുഖമുഖാംഭോജ വനഹംസവധൂർമമ
മാനസേ രമതാം നിത്യം സർവശുക്ലാ സരസ്വതീ"

എന്നു് പ്രസ്താവിച്ചിട്ടുള്ളതിനെ സൂചിപ്പിച്ചിരിക്കയാണു്.]

(4) "ഉന്നിദ്രകോകനദരേണുപിശംഗിതാംഗാ
ഗായന്തി മഞ്ജു മധുപാ ഗൃഹദീർഘികാസു
ഏതച്ചകാസ്തി ച രവേർനവബന്ധുജീവ-
പുഷ്പച്ഛദാഭമുദയാചലചുംബിബിംബം"

എന്ന സൂര്യോദയവർണ്ണനശ്ലോകം വിജ്ജകയുടെ കവിതയ്ക്കു ശാന്തമായ ഒരു ദൃഷ്ടാന്തമാണ്. ശാന്തമെന്ന് പറഞ്ഞതെന്തെന്നാൽ 'നീലോൽപലദലശ്യാമ'യായ വിജ്ജക ലജ്ജയെജ്ജയിച്ചും പ്രകടിപ്പിച്ചിട്ടുള്ള ശൃംഗാരശൃംഗങ്ങൾ നോക്കിയാൽ അവർ ഒരു പെൺ വെണ്മണിയാണെന്ന തോന്നാതിരിക്കയില്ലെന്നുള്ളതുകൊണ്ടാണ്. അതുപോലെ ശീലാഭട്ടാരിക, വികടനിതംബ മുതൽ പേരും നിരങ്കുശമായി ശൃംഗാരധുരന്ധരത്തിന്ന ശങ്കിച്ചിട്ടില്ലെന്നുതന്നെ പറയാം. ഒററശ്ലോകങ്ങൾ വച്ചുകൊണ്ടു പുറപ്പെടുവിക്കുന്ന ഈ അഭിപ്രായത്തിന്ന് അന്യഥാത്വം അവരുടെ കൃതികൾ സമ്പൂർണ്ണമായി ലഭിക്കുന്നപക്ഷം സംഭവിക്കുമെന്നാണെങ്കിൽ കുറെക്കൂടി സന്തോഷകരമായിരിക്കും.

ഇങ്ങനെ കേവലം കവിതാലവലക്ഷിതകളായവരുടെ കാര്യമിരിക്കട്ടെ. സ്ത്രീകൾ സംസ്കൃതഭാഷയിൽ രചിച്ചിട്ടുള്ള ഏതാനും പ്രബന്ധങ്ങൾ മിക്കവാറും സമ്പൂർണ്ണാവസ്ഥയിൽത്തന്നെ ഇപ്പോഴും ഉപലഭ്യങ്ങളായിട്ടുണ്ട്. അവയെപ്പററി വിചാരിക്കുന്നതിന്ന കുറെക്കൂടി ആസ്പദമുണ്ട്. ഈ പ്രബന്ധങ്ങളുടെ രചയിത്രികൾ വിജയനഗരസാമ്രാജ്യവുമായി നേരിട്ടോ അകന്നോ ഇടപെട്ടിട്ടുള്ളവരാണ്. ഒന്നാമത്തു ഗംഗാദേവി, പിന്നെ തിരുമലാംബ, അനന്തരം രാമ

(4) വിടർന്നുനിൽക്കുന്ന ചെന്താമരപ്പൂവിൻെറ പൊടി പുരണ്ടു ഉടൽ ചുവന്ന വണ്ടുകൾ ഗൃഹവാപികളിൽ മനോഹരമായി ഗാനം ചെയ്യുന്നു. ഉദയപർവതത്തിൽ തൊട്ടുനിൽക്കുന്ന സൂര്യൻെറ ഈ ബിംബം പുതുതായ ചെമ്പരുത്തിപ്പൂവിൻെറ ഇതളുകൾപോലെ വിലസുന്നു.

ഭദ്രാംബ എന്നിങ്ങനെ മൂന്നു സ്ത്രീകൾ ഇവിടെ പ്രസ്താവ്യകളാകുന്നു. മധുരാവിജയം, അഥവാ വീരകമ്പരായചരിതം ഗംഗാദേവിയുടെയും, വരദാംബികാ പരിണയം തിരുമലാംബയുടെയും രഘുനാഥാഭ്യുദയം, രാമഭദ്രാംബയുടെയും കൃതിയാകുന്നു. ഇവയിൽ മധുരാവിജയം മുഴുവൻ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. മററുള്ളവ രണ്ടും ഭാഗശഃ പ്രകാശിപ്പിക്കപ്പെട്ടതായേ കണ്ടിട്ടുള്ളു. പുരാണേതിഹാസകഥകളിൽ ഭ്രമിക്കാതെ, സമജീവകാലമഹച്ചരിതമാലംബിച്ചു പ്രബന്ധകല്പനയ്ക്കു് ഇവർ മൂന്നുപേരും മുതിർന്നതു പ്രത്യേകം പ്രമുഖപ്രശംസയെ അർഹിക്കുന്നു. ഗംഗാദേവി സ്വപ്രിയതമനായ കമ്പരായന്റെ കഥതന്നെ കവിതയ്ക്കു വിഷയമായി സ്വീകരിച്ചു. ശരീരസൗഭാഗ്യവും പ്രതിഭാവിലാസവും പ്രിയതമപ്രീതിക്കു സമർപ്പിച്ച സതിയായ ആ മഹതി സർവഥാ കൊണ്ടാടപ്പെടേണ്ടവളാകുന്നു. വിജയനഗരം ഭരിച്ചിരുന്ന മഹാരാജഗോത്രങ്ങളിൽ ആദ്യഗോത്രത്തിൽപ്പെട്ട ഒരു മഹാപുരുഷൻ ആയിരുന്നു കമ്പരായൻ അഥവാ കമ്പണൻ. പിതാവായ ബുക്കരായന്റെ നിർദ്ദേശമനുസരിച്ചു് കമ്പണൻ, ചമ്പരായൻ എന്ന ദ്രാവിഡരാജാവിനോടു പോരിനു പുറപ്പെട്ടതും ശത്രുവിനെ ജയിച്ചു് തുണ്ഡീരമണ്ഡലം കീഴടക്കി കാഞ്ചീപുരം കരസ്ഥമാക്കിയതും പിന്നീട്ട് മധുരയിൽ സ്ഥാനമുറപ്പിച്ചിരുന്ന മഹമ്മദീയരെ മർദ്ദിച്ചു നിഷ്കാസനം ചെയ്തതും മററുമാണു് മധുരാവിജയത്തിലെ പ്രതിപാദ്യവിഷയം. കമ്പണന്റെ കാലം ക്രിസ്തുവർഷം 1367 (കൊല്ലം 542) ഇടയ്ക്കാണെന്നു കാണുന്നു. കൊല്ലത്തു ചക്രവർത്തിയായിരുന്ന രവിവർമ്മദേവൻ കാഞ്ചീപുരം ആക്രമിച്ചശേഷമാണു് കമ്പണന്റെ കാഞ്ചീപുരപ്രവേശമെന്നും ഉണ്ണുനീലിസന്ദേശത്തിന്റെയും മധുരാവിജയത്തിന്റെയും നിർമ്മിതികാലങ്ങൾ തമ്മിൽ വളരെ അകലമില്ലെന്നും പറയപ്പെട്ടിരിക്കുന്നു. ഉണ്ണുനീലിസന്ദേശത്തിൽ ആദിത്യവർമ്മരാജാവു് തുലുക്കന്മാരോടു് പടവെട്ടിയ കാര്യം പറഞ്ഞിരിക്കുന്നതു്— മധുരാവിജയകഥയോടു മിക്കവാറും അനുസന്ധിപ്പിക്കാമെന്നു തോന്നുന്നു. ചമ്പരായന്റെ നേർക്കു് കമ്പരായന്റെ പ്രസ്ഥാനത്തിൽ അകമ്പടിയായി ചോളരാജാവും കേരളരാജാവും മററുമുണ്ടായിരു

ന്നെന്നും ശത്രുവിധ്വംസനശേഷം മരതപുരത്തു വിശ്രമിച്ചിരുന്ന കമ്പനന്റെ ദർശനത്തിന് ദ്രമിഡകേരളാദിരാജാക്കന്മാർ കാത്തുനിന്നിരുന്നു എന്നും ഗംഗാദേവി വർണ്ണിക്കുന്നു. "ചോളകേരളപാണ്ഡ്യാദ്യൈർവേത്രിഭിഃ പ്രത്യപദ്യത" എന്നും

(5) "മഗധമാളവചോമനസിംഹള
ദ്രമിളകേരളഗൌളമുഖൈർ നൃപൈഃ
അവസരാപ്തിപരൈരനവസരം
രുരുധിരേ പ്രതിഹാരഭുവഃ പ്രഭോഃ"

എന്നുമുള്ള ശ്ലോകങ്ങളും നോക്കുക. ഇവ വാസ്തവമോ അതിശയോക്തിവിക്രമോ മനോധർമ്മജല്പിതമോ എന്നു പരിശോധിക്കുവാൻ മാർഗ്ഗമില്ല. ഒരു പക്ഷേ പ്രസ്തുത വർണ്ണന പരാന്തകപ്രതാപശാലിയും അനുരക്തനും രാജകുമാരനും ആയ പ്രിയതമന്റെ പരാക്രമപ്രശംസയിൽ അതിശയോക്തികൊണ്ടു് ഉപസ്കരിച്ചിട്ടുള്ളതും, പ്രതിഭാസ്വഭാവസിദ്ധവും ആയ വാഗ്വിലാസമാണെങ്കിൽതന്നെയും ആർക്കും സസന്തോഷം സഹിക്കാവുന്നതേ ഉള്ളൂ. രണശൂരനായിരുന്ന കമ്പരായൻ ഗംഗാദേവിയ്ക്കു വളരെ മൃദുഹൃദയനായിരുന്നു. ഗംഗയുടെ അധരപുടത്തിൽനിന്നു വാക്കുകൾ നിർഗ്ഗളിച്ചാൽ ഉടൻ അവയുടെ രസം ആസ്വദിക്കുവാൻ പിപാസാവിവശമെന്നപോലെ കമ്പരായന്റെ കാതുകൾ ഉദഗ്രങ്ങളായിരുന്നെന്നല്ലാതെ തോന്നുകയില്ല. കമ്പനൻ ഗംഗയോടു പറയുന്നു:

---

(5) മഗധം, മാളവം, ചോമനം, സിംഹളം, ദ്രമിളം, കേരളം, ഗൌഡം, മുതലായ ദേശങ്ങളിലെ രാജാക്കന്മാർ ദിവസംതോറും അവസരം പ്രതീക്ഷിച്ചു് അദ്ദേഹത്തിന്റെ കൊട്ടാരവാതിൽക്കൽ തിക്കിത്തിരക്കി വന്നുകൂടി.

(6) "കമലാക്ഷി, കടാക്ഷ്യതാമയം
സമയോ വർണ്ണനയാ രസാർദ്രയാ
ജന ഏഷ വചസ്തവാമൃതം
ശ്രവസാ പായയിതും കുതൂഹലീ"

എന്നിട്ടു്.

(7) "ഇതി സാ ദയിതേന ഭാഷിതാ
ദരനമ്രം ദധതീ മുഖാംബുജം
വദതി സ്മ ശനൈഃ ശുചിസ്മിതാ
സരസോദാരപദാം സരസ്വതീം."

ഇത്യാദി ഭാഗങ്ങൾകൊണ്ടു് അകൃത്രിമപ്രേമരസാർദ്രമായ ദാമ്പത്യസുഖം കലാവിലാസചതുരയായ ഗംഗയും ജിത്വരനായ കമ്പരായനും അനുഭവിച്ചിരുന്നു എന്നു കാണാവുന്നതാണു്. തന്നിമിത്തം ഗ്രന്ഥകർത്ത്രിയുടെ മാനസികമായ ഉല്ലാസവും പ്രതിഭയുടെ ഉന്മേഷവും മധുരാവിജയത്തിൽ സർവത്ര വ്യാപിച്ചിരിക്കുന്നു. ബുദ്ധിയുടെ മന്ദതയോ മനസ്സിന്റെ കുണ്ഠതയോ നമ്മെ അഭിമുഖീകരിക്കുന്നില്ല. പിന്നെ ഒരു ഗുണം ഈ കൃതിയിൽ കാണുന്നതു് സ്ത്രീസഹജമായ വിചാരസൌകര്യമാണു്. സൂതികയായ രാജ്ഞി ശിശുവുമായി കിടക്കുന്നതു്.

---

(6) ഹേ, സുന്ദരി, ഭവതി രസമയമായ വർണ്ണനകൊണ്ടു് ഈ സമയത്തെ കടാക്ഷിക്കണം. (ഈ സമയത്തെ സരസമായി വർണ്ണിക്കണം എന്നു സാരം.) ഭവതിയുടെ വചസ്സാകുന്ന അമൃതം ഈയുള്ളവൻ ശ്രവണങ്ങൾകൊണ്ടു പാനംചെയ്യാൻ കൗതുകമുണ്ടു്.

(7) എന്നു ദയിതൻ പറഞ്ഞപ്പോൾ അവൾ മുഖാംബുജം തെല്ലൊന്നു കുനിച്ചു് മധുരമായി മന്ദഹസിച്ചുകൊണ്ടു് മെല്ലെ സരസമായും സാരവത്തായും ഭാഷണംചെയ്തു.

(8) അവൈക്ഷത ക്ഷാമശരീരയഷ്ടേഃ
കുമാരമുത്സംഗഗതം സ ദേവ്യാഃ
ശരൽകൃശായാ ഇവ ശൈവലിന്യാ-
സ്തരംഗലഗ്നാം കളഹംസശാബം.

എന്നും ശിശുക്കൾ മുട്ടുകുത്തി ഇഴയുന്നതു്.

(9) കളക്വണൽകാഞ്ചനകിങ്കിണീകം
ഗൃഹാങ്കണേ ജാനുചരം കുമാരം
ആലോകയന്താവമൃതാംബുരാശൗ
മഗ്നാവിവാന്തഃ പിതരാവഭൂതാം

എന്നും വർണ്ണിച്ചിരിക്കുന്നതു നോക്കുക.

"ഭ്രശ്യത്താലഫലാകാരൈഃ പ്രാകാരാദ്ബാണപാതിതൈഃ
രണശ്രീകന്ദുകഭ്രാന്തിർവിദധേ വീരമൂർദ്ധഭിഃ"

എന്ന യുദ്ധവർണ്ണനശ്ലോകത്തിൽ, പ്രാകാരത്തിലിരുന്നിരുന്ന വീരന്മാരുടെ തലകൾ ബാണംകൊണ്ടു് പനന്തേങ്ങ വീഴുന്നതുപോലെ പതിക്കയും രണശ്രീയുടെ കന്ദുകങ്ങളോ എന്ന ഭ്രാന്തിയെ ജനിപ്പിക്കയും ചെയ്തു എന്നു പറയുന്നതിൽ ഗ്രന്ഥകർത്ത്രിയുടെ വ്യായാമ

---

(8) ശരൽകാലത്തു കൃശമായിത്തീർന്ന നദിയുടെ ഓളത്തിന്മേൽ അരയന്നക്കുഞ്ഞെന്നപോലെ കൃശശരീരയായ ദേവിയുടെ മടിയിൽ കിടക്കുന്ന കുമാരനെ അദ്ദേഹം ദർശിച്ചു.

(9) അവ്യക്തമധുരമായവണ്ണം കിലുങ്ങുന്ന പൊൻകിങ്കിണികൾ അണിഞ്ഞു് ഗൃഹാങ്കണത്തിൽ മുട്ടുകുത്തി ഇഴയുന്ന കുഞ്ഞിനെകണ്ടിട്ടു് മാതാപിതാക്കന്മാർ അമൃതക്കടലിൽ മുഴുകിയതുപോലായി.

മായ കന്ദുകക്രീഡതന്നെ കടന്നുകൂടിയതുപോലെ തോന്നുന്നു. പന്ത-ങ്ങളുടെ കഥ ശത്രുവീരന്മാരുടെ ശരീരകാന്തിനൃത്തവും അസ്സു-ദുർഭേദ്യതയേയും ദ്യോതിപ്പിക്കുന്നു. യുദ്ധയാത്രയ്ക്കു മുൻപ് കമ്പന-നോട് പിതാവ് ചെയ്ത ഉപദേശത്തിന്റെ മഹിമയെ ഗംഗ ഇങ്ങനെ വർണ്ണിക്കുന്നു.

(10) "ഗുരൂപദേശം കില കഥ്യതേ ബുധൈ-
രകർക്കശം കിഞ്ചന രത്നകുണ്ഡലം
അമേചകം നൂതനമഞ്ജനം സതാം
അജാതഗാത്രക്ഷയമദ്ഭുതം തപഃ"

പിന്നെയും ഹിതങ്ങൾ ചെയ്താലും പരുഷഭാഷിയായ രാജാവിനോട് പ്രജകൾ അനുരഞ്ജിക്കയില്ലെന്നു പറഞ്ഞിരിക്കുന്നതു നോക്കുക.

(11) ഹിതാനി കുർവന്നപി നാനുരക്തയേ
ജനാന്യ ജല്പൻ പരുഷം രുഷാ നൃപഃ
പയാംസി വർഷന്നപി കിം ന ഭീഷണഃ
കഠോരവിസ്ഫൂർജ്ജഥുഗർജ്ജിതോ ഘനഃ

ഇങ്ങനെ സരസങ്ങളായ പല ശ്ലോകങ്ങൾ ഈ കൃതിയിൽ കാണുന്നു. അതിനൈർമ്മല്യം നോക്കുമ്പോൾ ഗംഗാദേവിയുടെ കൃതി ഒരു ഗംഗാ

---

(10) ഗുരൂപദേശം എന്നതു് അകർക്കശമായ ഏതോ ഒരു രത്നകുണ്ഡലമാണു്. നീലമല്ലാത്ത ഒരു പുതിയ അഞ്ജനമാണു്, ഉടലിനു മെലിവു തട്ടിക്കാത്ത അദ്ഭുതമായ ഒരു തപസ്സാണു് എന്നു വിദ്വാന്മാർ പറയുന്നു.

(11) കോപംകൊണ്ടു പരുഷമായി സംസാരിക്കുന്ന രാജാവു് ഹിതം പ്രവർത്തിച്ചാലും ജനങ്ങളുടെ സ്നേഹത്തിനു പാത്രമാകുന്നില്ല. കഠോരമായ മുഴക്കത്തോടുകൂടി മേഘം ജലം വർഷിച്ചാലും ഭയങ്കരം തന്നെയല്ലേ?

പ്രവാഹമെന്നുതന്നെ പറയാം, പദപ്രയോഗകോമളത്വം വിചാരിച്ചാൽ.

"യാ വൈദർഭഗിരാം വാസഃ കാളിദാസാദനന്തരം"

എന്ന പ്രശസ്തി കേവലം അജ്ഞാതപ്രായയായ വിജയയുടെ പേരിൽ നിന്നു നീക്കി ഗംഗാദേവിയുടെ പേരിൽ വരവു വയ്ക്കേണ്ടതായും തോന്നുന്നു.

വരദാംബികാപരിണയം ഒരു ചമ്പു ആണു്. ഏകദേശം നാനൂറു സംവത്സരങ്ങൾക്കു മുൻപു് വിജയനഗരചക്രവർത്തിയായിരുന്ന അച്യുതരായൻ വരദാംബയെ വിവാഹം കഴിച്ചതും അവൾക്കു് വെങ്കടാചലപതിയുടെ പ്രസാദം നിമിത്തം ചിന്നവെങ്കിടാദ്രി എന്ന പുത്രൻ ജനിച്ചതും ആയ ചരിത്രം കൊണ്ടു് ഈ കാവ്യം അവസാനിക്കുന്നു. ഈ കൃതി ആരംഭിക്കുന്നതു് അച്യുതരായന്റെ പൂർവികരുടെ വംശവിവരണമായിട്ടാണു്. അച്യുതരായന്റെ പിതാവായ നരസൻ അഥവാ നരസിംഹൻ ചോളരാജാവിനെ ജയിച്ചതും ദിഗ്ജയം ചെയ്തതും ഗോകർണ്ണത്തും മററും ഈശ്വരാർച്ചനം ചെയ്തതും ഗോകർണ്ണത്തുവച്ചു് തുലാപുരുഷദാനം കഴിച്ചതും മററും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. അവിടവിടെ ചില ഭാഗങ്ങൾ മാത്രമല്ലാതെ ഈ കൃതി മുഴുവൻ പ്രസിദ്ധപ്പെടുത്തി കണ്ടിട്ടില്ല. പ്രകാശിതമായ ഭാഗങ്ങളിൽ രസവിഷയകമായ അഴക വിവരിക്കത്തക്കതായി ഒന്നുമില്ല. മാതൃകയ്ക്കായി ഒരു ശ്ലോകം താഴെ ചേർത്തിരിക്കുന്നു.

(12) അനന്യസാമാന്യഗുണാദിസാന്ദ്ര-
സ്തദന്വവായാർണ്ണവപൂർണ്ണചന്ദ്രഃ
കൌക്ഷേയസാക്ഷീകൃതവീരലക്ഷ്മീ-
കരഗ്രഹോഭൂൽ ഭുവി തിമ്മഭൂപഃ".

---

(12) തിമ്മഭൂപൻ അനിതരസാധാരണമായ ഗുണങ്ങൾ നിറഞ്ഞവനും ആ വംശമാകുന്ന കടലിൽ ഉദിച്ച പൂർണ്ണചന്ദ്രനും ഖഡ്ഗസാക്ഷികമായി വീരലക്ഷ്മിയുടെ പാണിഗ്രഹണം കഴിച്ചവനും ആയിരുന്നു.

മേൽപറഞ്ഞ അച്യുതരായൻെറ അപദാനപ്രധാനമായി അച്യുതരായാഭ്യുദയം എന്നൊരു കാവ്യമുണ്ടു്. അതിൻെറ സമ്പ്രദായത്തിലാണു് രാമഭദ്രാംബ രഘുനാഥാഭ്യുദയം രചിച്ചിട്ടുള്ളതെന്നു തോന്നുന്നു. രഘുനാഥനായ്ക്കൻ തഞ്ചാവൂർ നായ്ക്കർവംശത്തിലുൾപ്പെട്ട ഒരു മഹാനായിരുന്നു. രഘുനാഥൻെറ പിതാവായിരുന്നു അച്യുതനായ്ക്കൻ. ഈ പിതാപുത്രന്മാരുടെ ഖ്യാതിഗാതാക്കളായി വളരെ കവികളുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഒരു കീർത്തിവിസ്താരയിത്രിയാണു് രാമഭദ്രാംബ. സംസ്കൃതം, തെലുങ്കു മുതലായി എട്ടു ഭാഷകളിൽ സാമർത്ഥ്യം സമ്പാദിച്ചിരുന്ന രാമഭദ്രാംബ തന്നെ രഘുനാഥനായ്ക്കനോടു് പല വിദ്യകൾ അഭ്യസിച്ചിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു. സാഹിത്യത്തിലും ഒരു പക്ഷേ അതിൽ കൂടുതലായി സംഗീതത്തിലും രഘുനാഥൻ അഗ്രഗണ്യനായിരുന്നു. ജയന്തസേന മുതലായി ചില രാഗങ്ങളുടെയും, രാമാനന്ദം മുതലായി ചില താളങ്ങളുടെയും സൃഷ്ടികർത്താവു് ഈ നായ്ക്കരാജാവാകുന്നു. നർത്തനപ്രവർത്തനത്തിലും അദ്ദേഹം അത്യുത്സാഹകനായിരുന്നു. കലകളിൽ എന്നതുപോലെ, പോർക്കളത്തിലും രഘുനാഥനായ്ക്കൻ കുശലനായിരുന്നു. തഞ്ചാവൂർ സംസ്ഥാനത്തിൻെറ മേല്ക്കോയ്മ വഹിച്ചിരുന്ന വിജയനഗരം രാമരായനുണ്ടായ രണഭംഗത്തിനുശേഷം വെങ്കിടപതിരായൻെറ ഭരണത്തിൽ സ്വീകൃതപ്രതാപമായി കഴിഞ്ഞുവന്നു. അപ്പയ്യദീക്ഷിതരുടെ ശരണ്യനായിരുന്ന പ്രസ്തുത വെങ്കിടപതിയോടു മഹമ്മദീയർ പോരിനു് ആരംഭിച്ചു. അപ്പോൾ അധിരാജനെ സഹായിച്ചു് ശത്രുക്കളെ വിദ്രാവണംചെയ്തതു് രഘുനാഥനായ്ക്കനായിരുന്നു. പറങ്കികളാൽ (പോർട്ടുഗീസ് കാരാൽ) സിംഹാസനത്തിൽ നിന്നു ഭ്രംശിതനായ യാപ്പാണം രാജാവു്) സംസ്കൃതത്തിൽ യാപ്പാണം നേപാളമെന്നു് എങ്ങനെയോ രൂപാന്തരപ്പെട്ടു കാണുന്നു) തഞ്ചാവൂർ ചെന്നു് രഘുനാഥനെ അഭയംപ്രാപിച്ചു. അതേ കാലത്തുതന്നെ സമുദ്രതീരവാസികളെ പീഡിപ്പിച്ചുകൊണ്ടു് സമീപസ്ഥമായ ദ്വീപിൽ സങ്കേതമുറപ്പിച്ചു് ഗോളകൻ എന്നൊരുവൻ ഗർവ്വിഷ്ഠനായി വാണിരുന്നു. വെങ്കിടപതി

രായന്റെ കാലശേഷം ജഗ്ഗരായൻ എന്നൊരു രാജമത്സരി വിജയനഗരരാജാവിനെ വധിച്ച് രാജ്യം അപഹരിച്ചു. അടുത്ത അവകാശിക്കു തൽക്കാലം പലായനവും, പിന്നീട് രഘുനാഥനായ്ക്കന്റെ സാഹായ്യവുമല്ലാതെ പരായണമുണ്ടായിരുന്നില്ല. ഈ വക പല കാര്യങ്ങളുടേയും നിർവഹണത്തിന് രഘുനാഥൻ മഹത്തായ ഒരു സൈന്യത്തോടുകൂടി തഞ്ചാവൂർനിന്നു പുറപ്പെട്ടു. ഇതെല്ലാം ക്രിസ്ത്വബ്ദം 1617-ന് ഇടയ്ക്കാണെന്നു പറയേണ്ടിയിരിക്കുന്നു. രഘുനാഥൻ ആദ്യമേ ചോളകമർദ്ദനം കഴിച്ചു. പിന്നെ പറങ്കികളെ പറത്തുവാൻ പുറപ്പെട്ടു. "തരീടിരേതത്തരണായ ദുർഗ്ഗം അകല്പയൽ സേതു മനന്യസാദ്ധ്യം" എന്നു രാമഭദ്രാംബ പറയുന്നതിൽനിന്നു രഘുനാഥൻ സാക്ഷാൽ രഘുനാഥനെപ്പോലെ നൌനിർമ്മിതമായ കൃത്രിമസേതുവിൽക്കൂടെ ലങ്കയിൽ പ്രവേശിച്ചതായി കാണുന്നു. യുദ്ധത്തിൽ പറങ്കികളെ തോല്പിച്ചു യാപ്പാണരാജാവിനെ സിംഹാസനത്തിൽ വീണ്ടും ഉറപ്പിച്ചു. അവിടെനിന്ന് ജഗ്ഗരായന്റെ ദിക്കിലേക്കു പുറപ്പെട്ടു. പാണ്ഡ്യതുണ്ഡീരാദി ദേശനാഥന്മാരുടെ മൈത്ര്യം കൊണ്ടു ബലിഷ്ഠനായിരുന്ന ആ ശത്രുധൂർത്തനെ രഘുനാഥൻ ജയിക്കയും, വിജയനഗരത്തെ പൂർവവൽ പ്രതിഷ്ഠാപിക്കയും ചെയ്തു. അനന്തരം നമ്മുടെ കഥാനായകൻ തഞ്ചാപുരിയിലേക്കു പ്രത്യാഗമിച്ച് അന്തഃപുരസ്ത്രീകളുടെ സംഗീതസാഹിത്യനർത്തനാദി കലാവിലാസസാരസ്യങ്ങളെ ആസ്വദിച്ച് സുഖമായി രാജ്യം ഭരിച്ചു. ഇതെല്ലാമാണ് രാമഭദ്രാംബയുടെ കവിതാവാസനയെ ഉദ്ദീപിപ്പിച്ചു കാണുന്നത്.

ഈ കൃതിയും എനിക്കു സംപൂർണ്ണമായി കാണ്മാൻ കഴിഞ്ഞിട്ടില്ല. കണ്ടിടത്തോളംകൊണ്ട് ഒരഭിപ്രായം പറയുക എന്നുവെച്ചാൽ രാമഭദ്രാംബയുടെ രീതി ഗംഗാദേവിയുടേതിൽനിന്നു ഭിന്നമാണെന്നു പറയേണ്ടിയിരിക്കുന്നു. ഗംഗാദേവിയുടെ ഹൃദയം രസത്തിനെ ആദരിക്കുന്നതിന് ഉന്മുഖവും, അവരുടെ വാക്യങ്ങൾ മനോഗതങ്ങളെ സ്ഫുരിപ്പിച്ച് മറ്റുള്ളവരുടെ മനസ്സിനെ ഹരിച്ച് രസപ്രയോഗംകൊണ്ട് ദ്രവീകരിക്കുന്നതിനു പററിയതും ആകുന്നു. അല്ലി

ഷ്ടസരളമായ പദപ്രയോഗത്തിനു ഗംഗാദേവിക്കുള്ള പാടവം അന്യാദൃശ്യമാണ്. രാമഭദ്രാംബ രസത്തിനു സ്വാഗതം പറയുവാൻ ഒരുക്കിയിരിക്കുന്ന കൂട്ടത്തിലല്ല. രസത്തിനോട് അവർക്കു വൈമുഖ്യമില്ലെന്നേ പറയേണ്ടതുള്ളൂ. എന്നാൽ അവർ കേവലം നീരസയല്ല. ജഗ്ഗരായൻ പോരിൽ മരിച്ച ശേഷം അയാളുടെ പക്ഷ്യന്മാരായ പാണ്ഡ്യതുണ്ഡീരാദികളുടെ ഭയചഞ്ചലമായ സംഭ്രമം വർണ്ണിച്ചിരിക്കുന്നതു നോക്കുക.

"ജന്യേ സൈന്യൈർജഗ്ഗരാജാദിമേഷു
വ്യാപാദനേഷു വ്യാപിതേഷു പാണ്ഡ്യവീരഃ
ക്ഷോണീരക്ഷാദക്ഷാഢ്യബാഹാബാഹാപ്രാഢ്യോ-
പ്യാത്മപ്രാണത്രാണയത്നാകുലോഭൂൽ
സ്കന്ധാവാരേ ഗന്ധനാഗാശ്വസംഘാൻ
യോഷാരത്നദ്രവ്യഭൂഷാവിശേഷാൻ
പാണ്ഡ്യസ്ത്യക്ത്വാ പ്രാണഭീത്യാ സമിത്യാം
ധീമാൻ ക്രോശം പ്രാദ്രവദ്ദീനദീനഃ
തുണ്ഡീരാണാമീശിതാ ദുർന്നയേന
പ്രാപദ്വൈര്യം പാണ്ഡ്യമത്യന്തഭംഗം
സദ്യോധാവീത്തേന സാകം രണോർവ്യാം
അഗ്ര്യൈസ്സൈന്യൈർ ഹാസ്യമാനോസ്തലജ്ജഃ."

അതായതു ഭൂമിരക്ഷയിൽ അതിദക്ഷാഢ്യമായ ഭുജപരാക്രമമുള്ളവനാണെങ്കിലും പാണ്ഡ്യവീരൻ സ്വപ്രാണരക്ഷയ്ക്കു വളരെ പരുങ്ങേണ്ടതായി വന്നു. തന്റെ പാളയത്തിൽതന്നെ ഗജപ്രൌഢവാന്മാരെയും അശ്വസംഘങ്ങളെയും, സ്ത്രീരത്നാഭരണാദി വിഭവങ്ങളെയും ആ ബുദ്ധിമാൻ ഉപേക്ഷിച്ചിട്ട് യുദ്ധത്തിൽ പ്രാണഭീതിയോടെ ദീനദീനനായി ക്രോശദൂരം സ്വയമേ ഓടി. എന്നാൽ കൂടെ ഓടുന്നതിന് ഒരുവൻ ഉണ്ടായിരുന്നു. അയാൾ തുണ്ഡീരദേശാധിപതിയാണ്. ഇയ്യാളുടെ ദുർന്നയം കൊണ്ടാണ് പാണ്ഡ്യരാജാവ് ദുർഘടത്തിലകപ്പെട്ടതു്. ഇയാളുടെ ഓട്ടം കണ്ട് സൈനികന്മാർപോലും ചിരിച്ചു

പോയി. അത്ര നിർലജ്ജമായും തിടുക്കത്തിലുമായിരുന്നു ഓട്ടം. യുദ്ധസന്നദ്ധശൌര്യത്തിൽ നിൽക്കുന്ന സൈനികന്മാർ പിരിക്കണമെങ്കിൽ ഓട്ടം സാമാന്യത്തിലധികം പ്രാകൃതമായിരുന്നിരിക്കണമല്ലോ. പാണ്ഡ്യൻ ബുദ്ധിമാനെന്നു പറഞ്ഞിരിക്കുന്നതിലെ ആക്ഷേപവും ഭംഗിയായി. എന്തുകൊണ്ടെന്നാൽ അന്തഃപുരസ്ത്രീകളേയും വിലപിടിച്ച സാധനങ്ങളേയും കരിതുരഗാദി സേനാവിഭാഗങ്ങളേയും രക്ഷിക്കുവാൻ നോക്കിനിന്നു്, പ്രാണനു് ഏടാകൂടമുണ്ടാകാതെ അദ്ദേഹത്തിനു് അവിടന്നു കടന്നുകളയാമെന്നു തോന്നിയല്ലോ. ഈ ഭാഗത്തു സ്ഫുരിക്കുന്ന ഉപഹാസരസം ആസ്വാദ്യമായിരിക്കുന്നു. എന്നാൽ രസസ്പർശമില്ലാതെ വെറും വിഷയപ്രതിപാദനമാത്രമായും ഒട്ടുവളരെ ഭാഗങ്ങൾ കാണുന്നുണ്ടു്.

കമ്പരായൻ രംഗു നായിക്കൻ മുതലായ മഹാപുരുഷന്മാരുടെ അസാധാരണപൌരുഷം കൊണ്ടല്ലാതെ സ്ത്രീകളുടെ കവിതാവാസന പുഷ്പിച്ചിരുന്നില്ലെന്നു പ്രസ്തുത ചരിത്രകാവ്യങ്ങൾ തോന്നിപ്പിക്കുന്നു. പക്ഷേ ജനസമുദായത്തിൽ നടക്കുന്ന എത്രയോ സംഗതികൾ സൂക്ഷ്മാവലോകനപടുക്കൾക്കു സാഹിത്യസാമഗ്രികളായിട്ടു് ഇപ്പോഴും ഉപകരിക്കുന്നു. അതിനാൽ വാസനയുണ്ടെങ്കിൽ പരിശീലനംകൊണ്ടു് സാഹിത്യയത്നം സഫലമാക്കുവാൻ സ്ത്രീകൾക്കും പുരുഷന്മാർക്കെന്നപോലെ സാധിക്കുമെന്നു സ്പഷ്ടമാകുന്നു.

ഇങ്ങനെയുള്ള വിചാരധാരയെ വിച്ഛേദിച്ചു് ഇപ്പോൾതന്നെ ഏറക്കുറെ ദീർഘമായ പ്രസംഗം ഇവിടെ ഉപസംഹരിക്കുന്നു.

---

# ദൃശ്യകാവ്യങ്ങൾ

ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ. [ഇംഗ്ലീഷ്]; എം. ഏ. [സംസ്കൃതം]; എം. ഏ. [മലയാളം].

സംസ്കൃതാലങ്കാരികന്മാർ കാവ്യങ്ങളെ പൊതുവേ ശ്രവ്യങ്ങളെന്നും ദൃശ്യങ്ങളെന്നും രണ്ടായി തിരിക്കുന്നു. അഭിനയസൗകൎയ്യത്തെ ആസ്പദമാക്കിയാണു് ഇങ്ങനെ വിഭജിച്ചിരിക്കുന്നതെന്നു സ്പഷ്ടമാണു്. 'നാടകാന്തം കവിത്വം' എന്നു സിദ്ധാന്തിച്ച ആചാൎയ്യന്മാരുടെ ദൃഷ്ടിയിൽ ദൃശ്യവിഭാഗത്തിനു് ഉണ്ടായിരുന്ന പ്രാമാണ്യം എത്രമാത്രമായിരുന്നെന്നു ചൂണ്ടിക്കാണിക്കേണ്ട ആവശ്യവുമില്ല. വായിച്ചുമാത്രം രസിക്കാവുന്ന കാവ്യത്തെ അപേക്ഷിച്ചു്, വായിച്ചു രസിക്കാവുന്നതും അഭിനയിക്കുന്നതു കണ്ടു് ആനന്ദിക്കാവുന്നതും ആയ കാവ്യത്തിനുള്ള മേന്മ സുവ്യക്തമാണു്. വിശ്വോത്തരന്മാരായ നാടകകർത്താക്കളുടെ ഗണനാപ്രസംഗത്തിൽ കനിഷ്ഠികാധിഷ്ഠിതനായ കാളിദാസൻ ദൃശ്യകാവ്യങ്ങളെപ്പററി പറയുന്ന ഭാഗം ശ്രദ്ധേയമാണു്. ഭിന്നരുചികളായ ജനങ്ങളെ പല പ്രകാരത്തിലാണെങ്കിലും ഒരുപോലെ ആനന്ദിപ്പിക്കാൻ പൎയ്യാപ്തമായ ഏകസമാരാധനസമ്പ്രദായമാണു് നാട്യം എന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. സംഭവചിത്രണംകൊണ്ടും അഭിനയചാതുൎയ്യംകൊണ്ടും ലോകഗതിയെ യഥാതഥമായും രമണീയമായും പ്രത്യക്ഷമാക്കാൻ ദൃശ്യകാവ്യങ്ങൾക്കുള്ള ശക്തി മററു യാതൊരു കലാപ്രസ്ഥാനത്തിനും ഇല്ലെന്നു സമ്മതിച്ചേ തീരൂ. ശൃംഗാരാദികളായ രസങ്ങളെ അവയുടെ തനിസ്വരൂപത്തിൽ അഭിനയിച്ചു വ്യക്തപ്പെടുത്തി കണ്ണിനും കരളിനും പരമാനന്ദധാര ഉതിരുന്ന ഈ കലാപ്രയോഗം മനുഷ്യലോകത്തിനു് ഒരു മഹാനുഗ്രഹമാണു്.

അഭിനയവാസന മനുഷ്യനു ജന്മസിദ്ധമാണെന്നു് സൂക്ഷിച്ചാൽ കാണാവുന്നതാണു്. മനുഷ്യന്റെ സംസ്കാരം മുഴുവൻതന്നെ 'അനുകരണം' അല്ലാതെ വേറെന്താണു്? ഇവിടെ അനുകരണശബ്ദം വ്യാപകമായ അർത്ഥത്തിലാണു് പ്രയോഗിച്ചിട്ടുള്ളതു്. വേറൊരാൾ ചെയ്യുന്നതുപോലെ ചെയ്യാനുള്ള ഒരു് ആത്മപ്രേരണ ഓരോ മനുഷ്യനിലും ഉണ്ടു്. നാലാളെപ്പോലെ പെരുമാറണമെന്നുള്ള നിയമമാണല്ലോ നമ്മുടെ സന്മാർഗ്ഗശാസ്ത്രത്തിന്റെ മൂലതത്ത്വങ്ങളിൽ ഒന്നു്. ഭാഷ അനുകരണംകൊണ്ടാണു നാം വശമാക്കുന്നതു്. നമ്മുടെ വേഷം, ആഹാരം തുടങ്ങിയുള്ള എല്ലാ കാര്യങ്ങളിലും ജീവിതസൗകര്യങ്ങളെ വർദ്ധിപ്പിക്കാനായും മററും നാം അനുകരണത്തിനു സന്നദ്ധരാകുന്നു. എന്നാൽ, അഭിനയത്തിലെ അനുകരണത്തിനു് ഈ അനുകരണങ്ങളിൽനിന്നും അല്പം വ്യത്യാസമുണ്ടു്. അനുകരണം ജന്മസിദ്ധമാണെന്നു കാണിക്കാൻ വേണ്ടി ഇത്രയും പറഞ്ഞെന്നേ ഉള്ളു. വിനോദത്തിനായി കുട്ടികൾ, അവർ കണ്ടിട്ടുള്ളതും അറിഞ്ഞിട്ടുള്ളതുമായ കാര്യങ്ങൾ അഭിനയിക്കുമെന്നു് അവരുടെ സ്വച്ഛന്ദവിഹാരവേളകളിൽ നാം ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്നതാണു്. മൂന്നു നാലു കുഞ്ഞുങ്ങൾ ചേർന്നു കളിക്കുമ്പോൾ, ചില കഥകൾ സങ്കല്പിച്ചു കളി തുടങ്ങും. അവർക്കു പരിചയമുള്ള ഒരു രംഗം അഭിനയിക്കാൻ തുടങ്ങും. ഞാൻ അച്ഛൻ, നീ അമ്മ, അവൻ വേലക്കാരൻ എന്ന കണക്കിനു് ഒരു കുട്ടി പാത്രവിഭജനം ചെയ്യും. പിന്നീടു് ഓരോ ഭാഗം എടുക്കുന്ന ആളും അവരവർക്കു് അനുരൂപമായ വിധത്തിൽ സംസാരിക്കയും പ്രവർത്തിക്കയും ചെയ്തുകൊള്ളും. ആരും പഠിപ്പിച്ചിട്ടല്ല അവർ ഇങ്ങനെ ചെയ്യുന്നതെന്നു പറയണമെന്നില്ല. ഈ അഭിനയങ്ങളിൽ എന്തോ ഒരു ആത്മപ്രീണനം സാധിക്കുന്നു. വേറൊരാളായി ചമഞ്ഞു ലോകത്തെ നോക്കാനുള്ള രസമായിരിക്കാം അഭിനയത്തിനു മൂലഹേതു; അഥവാ, വേറൊരാളായി ചമയുന്നു എന്നുള്ള ഛലരൂപമായ അഭേദബുദ്ധിയായിരിക്കാം ഇവിടെ ആനന്ദോപാധി. അഭിനയിക്കുന്ന ആൾക്കു് അയാൾ പ്രതിനിധീകരിക്കുന്ന പാത്രവുമായി ബന്ധമില്ലെന്നിരിക്കെ, തത്കാലം അവർക്കു തമ്മിൽ അഭേദബുദ്ധി തോന്നിക്കത്തക്ക

ചണ്ണം അഭിനയിക്കുന്ന ആൾ അംഗീകരിക്കുന്ന ഭാവസാമ്യങ്ങളായിരിക്കാം ദ്രഷ്ടാക്കളെ വശീകരിക്കുന്നതു്. തീർച്ചയായ ഒരു അഭിപ്രായം ഈ വിഷയത്തെപ്പററി പുറപ്പെടുവിക്കുന്നതു സാധ്യമല്ല; ഏതായാലും അഭിനയത്തിൽ ദ്രഷ്ടാവിനു് അസാമാന്യമായ രസമുണ്ടാകണം എന്നു തീർച്ചയാണു്.

അഭിനയവിദ്യ വിശ്വജനീനമാണു്. അപരിഷ്കൃതരായ കാട്ടുജാതിക്കാരുടെ ഇടയിൽപോലും പലവിധത്തിലുള്ള തുള്ളലുകളും, ആട്ടങ്ങളും, അഭിനയങ്ങളും ഉണ്ടു്. ദേവതോപാസനയിൽനിന്നാണു് ഇതിന്റെ ഉത്പത്തിയെന്നോ, ദേവതോപാസനയ്ക്കുവേണ്ടിയാണു് ആദിമകാലങ്ങളിൽ ഇതു് അധികമായി ഉപയോഗപ്പെടുത്തിപ്പോന്നിരുന്നതെന്നോ പറയാം. അപരിഷ്കൃതന്മാർ ദുർദ്ദേവതോപാസനാവസരങ്ങളിൽ മദ്യസേവചെയ്തു നൃത്തംചെയ്യു പതിവാണു്. "ദേവാനാം ഇദം ആമനന്തി മുനയഃ കാന്തം ക്രതും ചാക്ഷുഷം" എന്നുള്ള വചനത്തിൽനിന്നു സംസ്കൃതനാടകങ്ങളുടെ ദേവതാബന്ധം തെളിഞ്ഞുകാണാം. ദേവലോകത്തു നിന്നാണു് ആദ്യമായി നടനവിദ്യ അഭ്യസിച്ചുകൊണ്ടു നടന്മാർ ഭൂമിയിൽ വന്നതെന്നാണല്ലോ ഇതിഹാസവും. പാശ്ചാത്യദേശങ്ങളിലെ കഥയും ഇതിൽനിന്നു ഭിന്നമല്ല. അവിടങ്ങളിലെ നാടകങ്ങൾ ക്രിസ്തുമതകഥകളെ പള്ളികളിൽ വച്ചു അഭിനയിക്കുന്നപ്രകാരമാണു് ഉത്ഭവിച്ചതെന്നു സാഹിത്യചരിത്രത്തിൽനിന്നു കാണാവുന്നതാണു്. ക്രിസ്തുവിനു മുമ്പു് ഗ്രീസിൽ പ്രചരിച്ച ദൃശ്യസാഹിത്യത്തിന്റെയും ഉത്പത്തി ദേവതോപാസനയിൽ നിന്നായിരുന്നു. ഡയനിഷ്യസ് എന്ന ദേവതയെ പ്രീണിപ്പിക്കാൻവേണ്ടി ആട്ടിൻതോലണിഞ്ഞുകൊണ്ടുള്ള നൃത്തങ്ങളിൽനിന്നുമാണു ഗ്രീക്കുകാരുടെ ദൃശ്യപ്രസ്ഥാനങ്ങളിൽ പ്രധാനമായ 'ട്രാജഡി' ഉത്ഭവിച്ചതെന്നു ഗ്രീക്കുസാഹിത്യചരിത്രം പറയുന്നു. പ്രഥമഘട്ടത്തിൽ, ഇങ്ങനെ മതത്തോടു ബന്ധപ്പെട്ടിരുന്നതു് അഭിനയവിദ്യയുടെ പ്രചാരത്തിനു ഗണ്യമായ സാഹായ്യമായിത്തീർന്നു. സാമാന്യജനതയ്ക്കു് അതിനോടു് ഒരു പ്രത്യേകപ്രതിപത്തിയുണ്ടാകാൻ ഇത്രപററിയ വേറൊരു മാർഗ്ഗവും ഇല്ലല്ലോ. എന്നാൽ, കാലാന്തരത്തിൽ

അഭിനയവിദ്യ മതബന്ധം ഉപേക്ഷിച്ചു സാമാന്യലോകത്തിലേക്കു വ്യാപിച്ചതോടുകൂടി, അതിനു നൂതനമായ ഒരു പ്രശസ്തിയും, സമുദായത്തിൻെറ ഉത്കൃഷ്ടമായ ഒരു വിനോദം എന്ന നിലയും സിദ്ധമായി. ഈ വിധമാണ് ദൃശ്യപ്രസ്ഥാനങ്ങളെല്ലാം ഇന്നു നമുക്ക് അറിവുള്ളതു്, അവശ്യാംഗമായി ഇത്രയും പറഞ്ഞിട്ടു ദൃശ്യകാവ്യങ്ങളുടെ സാമാന്യ സ്വരൂപം പരിശോധിക്കുന്നു.

'ദൃശ്യകാവ്യങ്ങൾ' എന്ന പേരുകൊണ്ടു് കാവ്യത്തിൻെറ ദൃശ്യസ്വഭാവത്തെ ആണല്ലോ നിർദ്ദേശിക്കുന്നതു്. അഭിനയസൗകര്യമുള്ള ഒരു സാഹിത്യപ്രസ്ഥാനമെന്നു താത്പര്യം. നാടകങ്ങളെല്ലാം ഈ ഗണത്തിൽ ഉൾപ്പെടുന്നു. അഭിനയമെന്താണെന്നും, സാഹിത്യത്തിന് അഭിനയസൗകര്യം ഉണ്ടാകുന്നതു് എങ്ങനെയാണെന്നും ഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. പ്രാചീനാചാര്യന്മാരുടെ വാക്കുകൾ ഉദ്ധരിക്കാനല്ല ഇവിടെ തുടങ്ങുന്നതു്. നമ്മുടെ ദൃഷ്ടിക്കു വിഷയമാകുന്ന പ്രകാരം സംഗതികൾ വിവരിക്കാം. സാഹിത്യത്തെ അപഗ്രഥിക്കുമ്പോൾ അതിൻെറ പരമസാരമായിരിക്കുന്നതു് ഒരു സംഭവത്തിൻെറ ചിത്രണമാണ്, ചില വികാരങ്ങളുടെയും വിചാരങ്ങളുടെയും പ്രകടനമാണ് എന്നു കാണാം. സംഭവങ്ങളും വികാരങ്ങളും ഏതാനും ചില വ്യക്തികളെ ചുററിപ്പററി കെട്ടുപെട്ടു നിൽക്കുന്നതാണെന്നും സുവ്യക്തമാണ്. ഇങ്ങനെ ഈ വ്യക്തികൾക്കു വരുന്ന അനുഭവങ്ങളെയും, അവരുടെ പ്രവൃത്തികളെയും, വികാരാദികളെയും പ്രകടിപ്പിക്കേണ്ടതാണു സാഹിത്യത്തിൻെറ ധർമ്മം എന്നു വരുന്നു. ഇതു രണ്ടുപ്രകാരത്തിൽ സാധിക്കാം. ഗ്രന്ഥകാരൻ മുന്നിട്ടു വന്നു താൻ കാണുന്ന കഥകൾ പറയുന്നവിധം രംഗത്തെ അഭിമുഖീകരിക്കാം. അല്ലെങ്കിൽ, കഥയിലെ പാത്രങ്ങളെ രംഗപ്രവേശം ചെയ്യിപ്പിച്ചു് അവരുടെ വാക്കുകളെയും പ്രവൃത്തികളെയും അവരെക്കൊണ്ടുതന്നെ പ്രകടിപ്പിക്കാം. ഇതു രണ്ടും സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠങ്ങളായ സമ്പ്രദായഭേദങ്ങളാണ്. ശ്രവ്യകാവ്യങ്ങളെപ്പററിപറയുമ്പോൾ രംഗസ്ഥർ എന്നു പറയുന്നതു് ഔപചാരികമായിട്ടാണ്. രംഗസ്ഥർ വായനക്കാരാണ്; അല്ലെ

ങ്കിൽ വായിച്ചു കേൾക്കാൻ കൂടിയിരിക്കുന്ന ആളുകളും ആകാം. രാമായണാദി മതഗ്രന്ഥങ്ങളും മററും വായിച്ച് അർത്ഥം പറയുന്ന ഏർപ്പാട് നമ്മുടെ ഇടയിലുണ്ടല്ലോ. ശ്രോതാവിനും, വായനക്കാരനും ഗ്രന്ഥകാരന്റെ വാക്കുകളിൽനിന്നു രസം ഉളവാകുന്നു. പാത്രങ്ങളെ അവർ; നേരിട്ടു പരിചയപ്പെടുകയല്ല ചെയ്യുന്നതു് എന്നു പറയാമെന്നു തോന്നുന്നു. കവിയുടെ വാക്കു മുഖാന്തരം അവരെപ്പററി പലതും ഗ്രഹിക്കുകയേ ചെയ്യുന്നുള്ളൂ. എന്നാൽ, ദൃശ്യവിഭാഗത്തിൽ ഉൾപ്പെടുന്ന നാടകങ്ങൾ വായിക്കുമ്പോഴോ, വായിച്ചു കേൾക്കുമ്പോഴോ, പരമാർത്ഥത്തിൽ അവയ്ക്കു ശ്രവ്യകാവ്യതയേ ഉള്ളൂ എങ്കിലും പാത്രങ്ങളുമായി നാം നേരിട്ടു പരിചയിക്കുന്നില്ല എന്നു അപവദിക്കാൻ നിവൃത്തിയില്ല. പക്ഷേ, നേരിട്ടു പൂർണ്ണമായി പരിചയിക്കുന്നു എന്നു പറയാനും പാടില്ല. പാത്രങ്ങൾ അന്യോന്യസംഭാഷണം കൊണ്ടും, അഭിനയംകൊണ്ടും രംഗസ്ഥരെ നേരിട്ടഭിമുഖീകരിക്കുമ്പോഴാണു് രംഗസ്ഥർക്കു് പാത്രങ്ങളുമായി നേരിട്ടു പരിചയിക്കാൻ ഇടവരുന്നതു്. പാത്രങ്ങളെ പ്രത്യക്ഷത്തിൽ കാണുന്നു; അവരുടെ സംഭാഷണം കേൾക്കുന്നു; അവരുടെ ഓരോ പ്രവൃത്തികളും ശ്രദ്ധിക്കുന്നു ഗ്രന്ഥകാരൻ എവിടെയോ മറഞ്ഞു നില്ക്കുന്നതേയുള്ളൂ. ഗ്രന്ഥകാരനെ പററിയുള്ള സ്മരണ നമുക്കു ഉണ്ടാകുന്നില്ല. ഇതാണു് ദൃശ്യകാവ്യങ്ങളെ വേർതിരിച്ചു കാണിക്കുന്ന പ്രത്യേക സ്വഭാവം. ഇങ്ങനെ സ്വയം മറഞ്ഞു നിന്നുകൊണ്ടു സ്വസൃഷ്ടമായ കഥയെ കഥാപാത്രങ്ങളുടെ സംഭാഷണംകൊണ്ടു് അന്യരെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിലാണു ദൃശ്യകാവ്യകാരന്റെ മേന്മ. ശ്രവ്യകാവ്യത്തിലാകട്ടെ ഗ്രന്ഥകാരൻ ചിലപ്പോൾ പാത്രങ്ങളെക്കൊണ്ടു ചിലതെല്ലാം പറയിക്കാറുണ്ടെങ്കിലും, രംഗസ്ഥരെ താൻ തന്നെ സംബോധന ചെയ്കയാണു് സാധാരണ പതിവു്. ഇതിൽനിന്നു് കാവ്യത്തിനു ദൃശ്യസ്വഭാവം വരുന്നതു് എങ്ങനെയാണെന്നു വ്യക്തമായല്ലോ.

പാഠകം, കൂത്തു് തുടങ്ങിയുള്ള ചില കേരളീയാഭിനയ സമ്പ്രദായങ്ങളിൽ കഥാകാരൻതന്നെ രംഗത്തെ അഭിമുഖീകരിച്ചു പാത്ര

ങ്ങളെ പരിചയപ്പെടുത്തി രസിപ്പിക്കാൻ ശ്രമിക്കുന്നു. ഈ രീതിയിലുള്ള അഭിനയം ദൃശ്യകാവ്യകോടിയിൽ ചേർക്കാമോ എന്നു സംശയിക്കണം. ഒരാൾതന്നെയാണു് ഇവിടെ പല പാത്രങ്ങളെയും പ്രതിനിധീകരിച്ചു അഭിനയം നടത്തുന്നതു്. കഥാബന്ധത്തെ വിസ്തരിക്കയും, പാത്രങ്ങളുടെ മനോഭാവങ്ങളെ പ്രതിപാദിക്കയും എല്ലാം ചെയ്യുന്നതു് കഥ പറയുന്ന ആൾതന്നെ. ഇതു ശ്രവ്യകാവ്യത്തെ യുക്തമായ അഭിനയങ്ങളോടുകൂടി വായിച്ചു കേൾപ്പിച്ചു സംഗതികളെ രസിപ്പിക്കുന്നതുപോലെതന്നെ കല്പിക്കണം. ഈ സിദ്ധാന്തം മേൽ വ്യക്തമാവുകയും ചെയ്യും.

സാഹിത്യം മററു പല സുന്ദര കലകളുമായി സമ്മേളിക്കുന്ന ഭംഗിയാണു ദൃശ്യകാവ്യത്തിൽ പ്രത്യക്ഷമാകുന്നതു്. ഒരു നാടകം വായിക്കുമ്പോഴും, അതുതന്നെ അഭിനയിച്ചു കാണുമ്പോഴും എന്തുമാത്രം വിത്യാസമാണു് ഉള്ളതെന്നു് ആരോടും പറയേണ്ട ആവശ്യമില്ല. വായിക്കുമ്പോൾ പാത്രങ്ങളുടെ അന്യോന്യ സംഭാഷണത്തിൽ നിന്നു് അവരുടെ സ്വഭാവവും, നാടകത്തിലെ കഥാഗതിയും നമുക്കു മനസ്സിലാകുന്നു. ഇതു ശ്രവ്യകാവ്യത്തിലെ മട്ടിൽനിന്നു വളരെ വ്യത്യസ്തമാണെന്നു കല്പിക്കാൻ വയ്യാ. എന്നാൽ അഭിനയരൂപത്തിലുള്ള നാടകത്തെപ്പററി പരിഗണിക്കുക. ഓരോ പാത്രവും പ്രത്യേകം വേഷമണിഞ്ഞു പ്രത്യക്ഷപ്പെടുന്നു. യഥായഥമായ വികാരപ്രകടനത്തോടുകൂടി സംസാരിക്കുന്നു. ആംഗ്യങ്ങൾകൊണ്ടും മുഖഭാവംകൊണ്ടും മനഃക്ഷോഭാദികളെ സ്ഫുടമാക്കുന്നു. മുമ്പിൽ കാണുന്നതെല്ലാം വാസ്തവമായി നമുക്കു തോന്നുന്നു. സംഗീതം താളമേളങ്ങൾ രംഗവിധാനങ്ങൾ ഇതെല്ലാം സാഹിത്യത്തിന്റെ രസത്തെ പോഷിപ്പിച്ചുകൊണ്ടു നില്ക്കുന്നു. ചുരുക്കത്തിൽ ദൃശ്യകാവ്യത്തിനും, ശ്രവ്യകാവ്യത്തിനും തമ്മിൽ കണ്ടറികയും കേട്ടറികയും തമ്മിലുള്ള വ്യത്യാസമുണ്ടു്. കാണുമ്പോഴുണ്ടാകുന്ന വികാരങ്ങളെല്ലാം അതേവിധം ശക്തിയോടെ കേൾക്കുമ്പോൾ ഉണ്ടാകാറില്ല. ഈ വ്യത്യാസം ചില്ലറയല്ല. സങ്കല്പശക്തിയെ നേരിട്ടു ഉദ്ദീപിപ്പിച്ചു് മാനസികമായ

ഒരു രാമണീയകതയിൽ രസിപ്പിക്കാനാണ് ശ്രാവ്യകാവ്യങ്ങൾ ഉദ്യമിക്കുന്നതു്. ഈ സ്വഭാവം ദൃശ്യകാവ്യങ്ങൾക്കും ഉള്ളതത്രേ. ഇതിനും പുറമെ, സങ്കല്പമാത്രമായി ശ്രാവ്യകാവ്യത്തിൽ നില്ക്കുന്ന രമണീയലോകത്തിന് ഒരു സാക്ഷാത്കരണം കൊടുക്കാനും ദൃശ്യകാവ്യങ്ങൾ ഉദ്യമിക്കുന്നു. ഹംസദമയന്തീസംഗമം നളചരിതത്തിൽ വർണ്ണിക്കുന്നുണ്ടല്ലോ. കവിയുടെ വർണ്ണനമാത്രം കേൾക്കുന്നതും, ആ ഭാഗം അഭിനയിച്ചു കാണുന്നതും തമ്മിൽ താരതമ്യപ്പെടുത്തുക. ചക്ഷുരിന്ദ്രിയത്തെ നേരിട്ടു പ്രീണിപ്പിക്കുന്നതുകൊണ്ടു് ഹംസവും ദമയന്തിയും രംഗസ്ഥരെ ആകർഷിക്കുന്നു. ആകർഷണത്തിന്റെ വ്യാപ്തിയും കൂട്ടുന്നു. അതായതു് അഭിനയിക്കുന്നതുകണ്ടാൽ പാണ്ഡിത്യമുള്ളവർക്കും പ്രത്യേകം അഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവർക്കും രസിക്കാം. പണ്ഡിതന്മാർക്ക് കൂടുതൽ രസിക്കാമെന്നുള്ളതിൽ തർക്കമില്ല. അതല്ല ഇവിടെ വിചാരിക്കുന്നതു്. ശ്രാവ്യകാവ്യം പ്രത്യേകം പഠിക്കാത്തവർക്കു രസിക്കാൻ സാധിക്കയില്ലെന്നേ പറയുന്നുള്ളു. ഇതുതന്നെയാണു ദൃശ്യകാവ്യങ്ങളോടു ജനസാമാന്യത്തിനുള്ള അസാധാരണമായ പക്ഷപാതത്തിനു ഹേതു. കഥകളി കാണാനും, നാടകം കാണാനും എല്ലാവരും തിക്കിക്കൂടാറുണ്ടല്ലോ. ഇന്നത്തെ ചലനചിത്രപ്രദർശനം കാണ്മാൻ സാഹിത്യത്തോടു യാതൊരു ബന്ധവും ഇല്ലാത്ത എത്ര ആയിരം പേരാണു തിക്കിക്കയറുന്നതെന്നും ആലോചിക്കുക. രംഗവിധാനത്തിനും, അഭിനയത്തിനും മററും അത്രത്തോളം ആകർഷണീയത ഉണ്ടു്. ശ്രാവ്യകാവ്യം മനസ്സിനെ നേരിട്ടു പ്രീണിപ്പിക്കുന്നു. അതായതു് ഇന്ദ്രിയമോഹനമല്ല. ശബ്ദഭംഗികൊണ്ടും മററും ചെവിക്കു് ഇമ്പമായിരിക്കുന്നില്ലേ എന്നു ചോദിക്കാം. ശരിതന്നെ. സാഹിത്യത്തിൽനിന്നു പരമമായി സിദ്ധിക്കുന്ന രസത്തെ ശബ്ദഭംഗിതൊട്ടുള്ള ശ്രാവണപ്രീണകങ്ങളായ മോടികളുമായി താരതമ്യപ്പെടുത്തിയാൽ ശബ്ദാദിവൈചിത്ര്യങ്ങൾ ഉലോം നിസ്സാരങ്ങളാണെന്നു കാണാം. ശ്രാവ്യസാഹിത്യത്തിന്റെ ഈ മാനസികബന്ധം അതിനെ സാധാരണനിലയിൽനിന്ന് ഉയർത്തുന്നു. ദൃശ്യപ്രബന്ധങ്ങളിൽ മാനസികബന്ധത്തിനു കുറവില്ല. കണ്ണിനും കാതിനും നേരിട്ട് ആനന്ദം ഉണ്ടാ

ഷാൻ അനേകം കാര്യങ്ങൾ ഉണ്ടുതാനും. അഭിനയങ്ങളും, വേഷവൈചിത്ര്യങ്ങളും, നൃത്തങ്ങളും എല്ലാം കണ്ണിനെയും; സംഗീതവും, താളമേളങ്ങളും ചെവിയെയും പ്രീണിപ്പിക്കുന്നു. ആദ്യന്തം ചേർന്നിരിക്കുന്ന സാഹിത്യരസം ഹൃദയത്തെ ആനന്ദിപ്പിക്കും. ഇതാണു ദൃശ്യകാവ്യത്തിന്റെ മാഹാത്മ്യം.

അതിപ്രാചീനകാലം തൊട്ടേ ദൃശ്യകാവ്യങ്ങൾ പരിഷ്കൃതലോകങ്ങളിൽ പ്രചരിച്ചുതുടങ്ങിക്കഴിഞ്ഞു. ഭാരതത്തിലെ കഥ പറയാനുമില്ല. നാട്യശാസ്ത്രത്തിന്റെ കർത്താവായ ഭരതമുനി എന്നാണു ജീവിച്ചിരുന്നതെന്നു ക്ലിപ്തപ്പെടുത്തി പറയാൻ സാദ്ധ്യമല്ല. ക്രിസ്തുവിനു അനേകം ശതകങ്ങൾക്കു മുമ്പാണെന്നു കല്പിക്കാം. അക്കാലത്തുതന്നെ നാട്യശാസ്ത്രത്തിനു അത്ര വളർച്ച നമ്മുടെ നാട്ടിൽ സിദ്ധിച്ചിരുന്നു എന്നു കാണുന്നതു് അഭിമാനകരമാണു്. ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്ന പ്രകാരത്തിലെല്ലാമുള്ള അഭിനയരസികതകളെ തരംതിരിച്ചു നിയമാധീനമാക്കി ദൃശ്യപ്രസ്ഥാനത്തിനു മുറയും നിലയും കല്പിച്ചു് അവയുടെ പ്രശസ്തിക്കും പ്രചാരത്തിനും അടിക്കല്ലിട്ട പ്രാചീനാചാര്യന്മാരോടു് അനന്തരപരമ്പരകളുടെ കടപ്പാടു ചില്ലറയല്ല. സംസ്കൃതത്തിൽ നാടകാന്തത്തിലുള്ള മംഗളശ്ലോകത്തിന്റെ പേരു ഭരതവാക്യമെന്നാണല്ലോ. ഈ പേരു തന്നെ ആദിനാട്യാചാര്യനായ ഭരതമുനിയെ ബഹുമാനിക്കാൻ ഉദ്ദേശിച്ചു് ഇട്ടിട്ടുള്ളതാണു്. ഭരതമുനിയുടെ കാലത്തിനുമുമ്പും അഭിനയസമ്പ്രദായം നടപ്പായിരുന്നു എന്നും, അന്നു പ്രചാരത്തിലിരുന്ന സമ്പ്രദായത്തിനു നിയമം ഉണ്ടാക്കുകയും പരിഷ്കാരങ്ങൾ നിർദ്ദേശിക്കയും മററും മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളു എന്നും വിചാരിക്കാനാണു് അധികം യുക്തിയുള്ളതു്. ഏതെങ്കിലും, ഭരതന്റെ കാലത്തിനു ശേഷം നാട്യകലയ്ക്കു ഭാരതത്തിൽ സിദ്ധിച്ചിട്ടുള്ള ഉയർച്ച വിസ്മയാവഹമാണു്. മററു ഏതു നാട്ടിലും ഉണ്ടായിട്ടുള്ള നാടകപ്രസ്ഥാനങ്ങളോടു് താരതമ്യപ്പെടുത്താവുന്നതും, പല അംശങ്ങളിലും അവയെ അതിശയിക്കുന്നതുമായ ഒരു ദൃശ്യപ്രസ്ഥാനം നമുക്കു് ഉണ്ടു്.

നാടകങ്ങളെപ്പററി സംസ്കൃതത്തിൽ ഉള്ളേടത്തോളം നിയമങ്ങൾ മററു ഭാഷകളിൽ കാണുക ചുരുക്കമാണ്. നാടകരചനയെ അത്രത്തോളം അപഗ്രഥിച്ചു പഠിക്കാൻ അവർ ശ്രമിച്ചിട്ടുണ്ട്. സംസ്കൃതസങ്കേതം അനുസരിക്കുകയാണെങ്കിൽ അഭിനയാർഹങ്ങളായ കൃതികളെ 'രൂപകങ്ങൾ' എന്നാണു വിളിക്കേണ്ടതു്. രൂപകത്തിനു പത്തു വിഭാഗങ്ങളുണ്ട്. നാടകം, പ്രകരണം, ഭാണം, ഡിമം, വ്യായോഗം, വീഥി തുടങ്ങിയുള്ള ആ വിഭാഗങ്ങളെയെല്ലാം നമുക്കിവിടെ ചർച്ചചെയ്തിട്ടു കാര്യമില്ല. അങ്കങ്ങളുടെ എണ്ണം, കഥയുടെ സ്വഭാവം, പ്രതിപാദിച്ചിരിക്കുന്ന രസം, പാത്രങ്ങളുടെ രീതി ഇതെല്ലാം പരിഗണിച്ചാണു പത്തു വിഭാഗങ്ങൾ കല്പിച്ചിട്ടുള്ളതു്. കഥാവസ്തു, കഥാനായകൻ, രസം ഇവ മൂന്നും നാടകകാരന്മാർ സർവോപരി ശ്രദ്ധിക്കേണ്ട വിഷയങ്ങളാണ്, കഥാവസ്തു, പ്രഖ്യാതമോ, ഉത്പാദ്യമോ, മിശ്രമോ, ആയിരിക്കും. നായകൻ ധീരോദാത്തൻ, ധീരശാന്തൻ, ധീരലളിതൻ എന്നുള്ള വിഭാഗങ്ങളിൽ പെട്ട ആളായിരിക്കണം. രസം, ശൃംഗാരം, വീരം, കരുണം, അത്ഭുതം ഇവയിൽ ഒന്നായിരിക്കും. മററു രസങ്ങളും ചുരുക്കം ചിലർ പ്രധാനമായി കല്പിച്ചിട്ടുണ്ട്. ഒന്നു മുതൽ ഏഴുവരെ അങ്കങ്ങൾ ആകാം. നാന്ദിയിൽ തുടങ്ങി ഭരതവാക്യത്തിൽ അവസാനിക്കണം. നാടകാദിയിൽ സൂത്രധാരൻ നടിയോടോ മററോ സംഭാഷിക്കുന്ന രീതിയിൽ നാടകകാരനെപ്പററിയും കഥാവസ്തുവിനെപ്പററിയും ചിലതു സൂചിപ്പിക്കും. പിന്നീടു കഥ തുടങ്ങുകയായി. ഇടയ്ക്കിടെ അപ്രധാനപാത്രങ്ങൾ രംഗപ്രവേശം ചെയ്തു കഥാഗതിയെ സൂചിപ്പിക്കും. പാത്രങ്ങളുടെ സംഭാഷണത്തിൽ ഗദ്യപദ്യങ്ങൾ ഇടകലർന്നിരിക്കും. പഞ്ചസന്ധികളും മററും ശ്രദ്ധിച്ചു പ്രയോഗിക്കണം. ഇങ്ങനെയെല്ലാമാണു സംസ്കൃതനാടകങ്ങളുടെ കെട്ടുപാടുകളെന്നു ചുരുക്കത്തിൽ സൂചിപ്പിക്കാനേ ഇവിടെ നിവൃത്തിയുള്ളു. മുഖ്യാംശങ്ങളിലെല്ലാം സംസ്കൃതനാടകങ്ങൾ ഇതരദേശങ്ങളിലെ ഏതാദൃശ പ്രസ്ഥാനങ്ങളുമായി യോജിക്കുന്നു. അപ്രധാനങ്ങളായ വ്യത്യാസങ്ങളെ ഇവിടെ ചൂണ്ടിക്കാണിക്കേണ്ട ആവശ്യവും ഇല്ല.

സാഹിത്യം, സംഗീതം, അഭിനയം ഇവ എല്ലാം സമ്മേളിച്ചാണു നാട്യകലയിൽ നില്ക്കുന്നതെങ്കിലും, ഇവയിൽ ഏതെങ്കിലും ഒന്നിനെ മുഖ്യമായും, മററുള്ളതിനെയും സഹായകമായും എടുക്കുന്നതാണു സാധാരണപതിവു്. ഇങ്ങനെ നോക്കുമ്പോൾ അഭിനയവിദ്യ മൂന്നുപ്രകാരത്തിൽ വരാം. അതായതു ദൃശ്യകാവ്യങ്ങളുടെ പ്രയോഗം മൂന്നു വിധത്തിൽ ആകാം. സാഹിത്യപ്രധാനമായ പ്രയോഗം, സംഗീതപ്രധാനമായ പ്രയോഗം, അഭിനയപ്രധാനമായ പ്രയോഗം എന്നാണു് ആ ഭേദങ്ങൾ. ഈ മൂന്നു പ്രസ്ഥാനഭേദങ്ങളും നമുക്കു പരിചിതങ്ങളാണു്. സാഹിത്യപ്രധാനമായ പ്രയോഗം ഗദ്യനാടകങ്ങളിലേക്കും ശ്രവ്യകാവ്യങ്ങളുടെതന്നെ രംഗപ്രയോഗത്തിലേക്കും നയിച്ചു. ഇതിൽ സംഗീതത്തിനും, അഭിനയത്തിനും വലിയ സ്ഥാനമില്ല. എന്നാൽ അവ സഹായങ്ങളായി നില്ക്കുന്നുണ്ടെന്നും ഓർമ്മിക്കണം. തമിഴരുടെ നാടകങ്ങളിലും പാശ്ചാത്യരുടെ ഗാനനാടകങ്ങളിലുമാണു് സംഗീതപ്രാമാണ്യം കാണുന്നതു്. ജയദേവമഹാകവി സംസ്കൃതത്തിൽ രചിച്ചിട്ടുള്ള അതിവിശിഷ്ടമായ 'ഗീതഗോവിന്ദം' സംഗീതപ്രധാനമായ അഭിനയപ്രയോഗത്തിനു ചേർന്നതാണു്. താളമേളങ്ങളും മററും സംഗീതത്തോടുതന്നെ ചേരും. സാഹിത്യപ്രധാനവും, സംഗീതപ്രധാനവുമായ കൃതികൾ വേഷവിധാനങ്ങളോടും അഭിനയസാഹായ്യത്തോടും കൂടി പ്രയോഗിച്ചാൽ അവയിലെ സാഹിത്യവും, സംഗീതവും അസാമാന്യമായി ശോഭിക്കും എന്നുള്ളതു തീർച്ചയാണു്. എന്നാൽ ഇത്തരം പ്രയോഗങ്ങളിലല്ല അഭിനയവിദ്യയുടെ പരമഭാവങ്ങൾ കാണാറാകുന്നതു്. അഭിനയപ്രധാനമായ പ്രയോഗമാണു് നാട്യവിദ്യയുടെ ഉത്കൃഷ്ടഭാവം എന്നു് ഇങ്ങനെ സിദ്ധമാകുന്നു. ഈ ഭാഗത്തെപ്പററി നമുക്കു് അല്പം ഗാഢമായി ചിന്തിക്കാം.

കേരളത്തിലെ കഥകളിയിലാണു് അഭിനയത്തിനു പൂർണ്ണസാഫല്യം ലഭിച്ചുകാണുന്നതെന്നു സംശയം കൂടാതെ പറയാവുന്നതാണു്. കഥകളിയെപ്പററി ഒരു വിശേഷംകൂടെ പറയാനുള്ളതു്

സാഹിത്യവും, സംഗീതവും ഇവിടെ അപ്രാധാന്യങ്ങളാകുന്നില്ല എന്നുള്ളതാണു്. അതിമനോഹരമായ സാഹിത്യരസം വഴിഞ്ഞൊഴുകുന്ന പാട്ടുകൾ ശ്രുതിപുടങ്ങളിൽ അമൃതധാരവർഷിക്കുമ്പോൾ, നടൻ മൗനമായി നിന്നു മുഖഭാവങ്ങളാലും അക്ഷിവിഭ്രമണങ്ങൾകൊണ്ടും, ആംഗ്യപ്രയോഗങ്ങൾകൊണ്ടും കഥ മുഴുവൻ അഭിനയിച്ചു കാണിക്കുന്നു; രസങ്ങളെല്ലാം ആടിക്കാണിക്കുന്നു; മനോഗതികളെല്ലാം നടിച്ചു പ്രത്യക്ഷമാക്കുന്നു. ഇടയ്ക്കിടെ അതിരമണീയങ്ങളായ നൃത്തങ്ങൾ സ്വർഗ്ഗരംഗങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു. ജലക്രീഡകൾ, നായാട്ടുകൾ, ഉദ്യാനലീലകൾ, വിനോദസഞ്ചാരങ്ങൾ, നർമ്മാലാപങ്ങൾ, മഹാതപസ്സുകൾ, രാജ്യകാര്യാലോചനകൾ, സ്വയംവരങ്ങൾ എന്നെല്ലാം എത്ര കാര്യങ്ങളാണു കഥകളിക്കാരന്റെ ഇന്ദ്രജാലപ്രയോഗത്തിൽ പ്രേക്ഷകരുടെ മുമ്പിൽ ആവിർഭവിക്കാത്തതു്. ദൃശ്യകാവ്യഭേദങ്ങളിൽ അത്യുത്കൃഷ്ടമായ കഥകളിപ്രസ്ഥാനത്തെ വേണ്ടത്ര പ്രോത്സാഹിപ്പിക്കാൻ കേരളീയരായ നാം ഇനിയും മുതിരുന്നില്ലെന്നുള്ളതു് തീരെ അഭിമാനകരമല്ല. മഹാകവി വള്ളത്തോൾ, സഹൃദയാഗ്രണിയും മഹാപണ്ഡിതനുമായ കൃഷ്ണൻതമ്പി അവർകൾ മുതലായവരുടെ സവിശേഷമായ യത്നം ഈ വഴിക്കു് ഉണ്ടെന്നുവരികിലും പാശ്ചാത്യപരിഷ്കാരത്തോടു സ്ഥാനത്തിലും അസ്ഥാനത്തിലും കൂറു കാണിക്കാൻ മാത്രം ശീലിച്ചിട്ടുള്ള 'പരിഷ്കാരികൾ' കഥകളിയോടു പ്രകടമായ വെറുപ്പോ, നിസ്സ്പൃഹതയോ കാണിക്കുന്നിടത്തോളം കാലം നമ്മുടെ ഈ കല പുനരുജ്ജീവിച്ചു വിശ്വവന്ദ്യമായി തീരുന്നതു പ്രയാസമാണെന്നു പറയാതെ തരമില്ല. കേരളീയരുടെ സ്വന്തം സംസ്കാരത്തിൽ അതിപ്രാധാന്യം വഹിക്കുന്ന ഈ വിനോദസമ്പ്രദായം ഒന്നു മാത്രമാണു വിശ്വസംസ്കൃതിപ്രദർശനശാലയിൽ കേരളത്തിനു് ഹാജരാക്കാനുള്ള ഒരൊററ 'കാഴ്ചദ്രവ്യം' എന്നു് ഓർക്കുമ്പോൾ കഥകളി എത്രമാത്രം അഭിമാനപൂർവമായ പ്രോത്സാഹനം അർഹിക്കുന്നുണ്ടെന്നു കാണാവുന്നതാണു്.

ഇനി ഈ ഉപന്യാസം നീട്ടുന്നില്ല. ദൃശ്യകാവ്യങ്ങൾക്കുള്ള അസാമാന്യമായ ആകർഷത്വം ഇത്രയുംകൊണ്ടു സ്ഥൂലമായി ഉപന്യസിച്ചുകഴിഞ്ഞു. ദൃശ്യപ്രസ്ഥാനത്തിന് നമ്മുടെ ഇടയിൽ പൂർവ്വാധികമായ ഉണർച്ച ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കണം. എന്നാൽ ആ ഉണർച്ച വേണ്ടത്ര ആയിട്ടുണ്ടെന്നോ, എല്ലായിടത്തും പരന്നിട്ടുണ്ടെന്നോ പറയാറായിട്ടില്ല. ദൃശ്യകാവ്യങ്ങളുടെ കാര്യമാണെങ്കിൽ, ഇംഗ്ലീഷ് സംസ്കൃതം തുടങ്ങിയുള്ള ഭാഷകളോട് അടുക്കാൻ നമുക്ക് എത്രയോ ശതകങ്ങൾ ഇനിയും ശ്രമിക്കേണ്ടിയിരിക്കുന്നു. ഏതദ്വിഷയകമായി ശ്രമിക്കാൻ വേണ്ട കെല്പും പ്രതിഭയും ഉള്ളവർ നമ്മുടെ നാട്ടിൽ ചുരുക്കമല്ല. അവരുടെ ശ്രമംകൊണ്ടു നമ്മുടെ സാഹിത്യം ദൃശ്യകാവ്യപ്രസ്ഥാനത്തിലും സമ്പൽസമൃദ്ധമായി തീരട്ടെ എന്ന് ആശംസിച്ചുകൊള്ളുന്നു.

# ഗ്രാമോദ്ധാരണം

ജി. ആർ. പിള്ള, ബി. എ, ബി. എൽ. സി. എച്ച്. ഡി.
(മാഞ്ചെസ്റ്റർ) എഫ്. ആർ. ഈ. എസ്സ്.

ഇൻഡ്യയിൽ ഏഴുലക്ഷം ഗ്രാമങ്ങളുണ്ടു്. തിരുവിതാംകൂറിലെ ജനങ്ങളിൽ എൺപത്തിഅഞ്ചു് ശതമാനവും ഗ്രാമങ്ങളിൽ നിവസിക്കുന്നു. ബാക്കിയുള്ള പതിനഞ്ചു് ശതമാനവും പട്ടണവാസികളാണെന്നും അവർക്കു ഗ്രാമവുമായി യാതൊരു ബന്ധവുമില്ലെന്നും പറയുന്നതു് ശരിയായിരിക്കുകയില്ല. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെയുള്ള നഗരങ്ങൾ വാസ്തവത്തിൽ നമ്മുടെ രാജ്യത്തില്ല. തിങ്ങിക്കൂടി വസിക്കുന്ന ജനതതിയും സദാജാഗരൂകമായി പ്രവർത്തിക്കുന്ന വിപണിസ്ഥലങ്ങളും പൊടിയും പുകയും നിറഞ്ഞ വായുമണ്ഡലവും നമ്മുടെ പട്ടണങ്ങളിൽ കാണ്മാനില്ല. നാട്ടിൻപുറങ്ങളിലെ ജനതതിയെ അപേക്ഷിച്ചു് താരതമ്യേന പരിഷ്കൃതരീതിയിലുള്ള ജീവിതം നയിക്കുന്ന ഒരു കൂട്ടം ആളുകളെ മാത്രമാണു് നാം പട്ടണങ്ങളിൽ കാണുന്നതു്. നമ്മുടെ പട്ടണങ്ങളും ഗ്രാമങ്ങളും തമ്മിൽ അധികം ദൂരമില്ലാത്തതുകൊണ്ടും സംകലനത്തിനും സങ്കരത്തിനും ഉള്ള സാധ്യതകൾ മറ്റുരാജ്യങ്ങളിലേക്കാൾ കൂടുതൽ ഇവിടെ ഉള്ളതുകൊണ്ടും, ഗ്രാമജീവിതത്തിൽനിന്നും പരിപൂർണ്ണമായ വ്യത്യാസങ്ങളോടുകൂടിയ ജീവിതരീതി പട്ടണവാസികളിലും അധികമായി കാണുന്നില്ല. ചുരുക്കിപ്പറയുകയാണെങ്കിൽ തിരുവിതാംകൂറിലെ നാഗരികത്വം അധികവും കലർപ്പു കലർന്ന ഗ്രാമജീവിതത്തിന്റെ പാരമ്പര്യം പുലർത്തുന്നുണ്ടു്. ഇതിൽനിന്നും നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ ഗ്രാമജീവിതത്തിനുള്ള പ്രാധാന്യം വെളിപ്പെടുമല്ലോ.

നമ്മുടെ ഗ്രാമങ്ങളുടെ നില ഏററവും പരിതാപകരമാണു്. ഭയങ്കരിയായ ദാരിദ്ര്യദേവതയുടെ നർത്തനരംഗമാണു് നമ്മുടെ ഗ്രാമ

ങ്ങൾ. ഗ്രാമത്തിലെ സമ്പൽസ്ഥിതി ദിനംപ്രതി ക്ഷയിച്ചുകൊ
ണ്ടിരിക്കുന്നു. ഗ്രാമീണരുടെ ആദായമാർഗ്ഗങ്ങൾ ചുരുങ്ങിയും ആവ
ശ്യങ്ങൾ വർദ്ധിച്ചും വരുന്നു. ഗ്രാമവാസികളിൽ ഭൂരിഭാഗവും കൃഷി
കൊണ്ടു് ഉപജീവനം കഴിക്കുന്നവരാണു്. കൃഷിയിൽ നിന്നുള്ള
ആദായം പല കാരണങ്ങളാൽ കുറഞ്ഞുവരുന്നു. കൃഷിക്കാരല്ലാത്ത
വർക്കും കൃഷിക്കാലം കഴിഞ്ഞാൽ കൃഷിക്കാർക്കും തൊഴിലില്ലായ്മ
നിമിത്തം യാതൊരു ആദായവും ഉണ്ടാകുവാൻ സാധിക്കുന്നില്ല.
ഈ സ്ഥിതിയുടെ അനിവാര്യമായ ഫലമാണു് ദാരിദ്ര്യം. പട്ടി
ണിക്കും പോഷകാംശമില്ലാത്ത ആഹാരസാധനങ്ങളുടെ ഭക്ഷണ
ത്തിനും ദാരിദ്ര്യം കാരണമാകുന്നു. കൂടാതെ അനാരോഗ്യഹേതുക
മായ പല ചുറ്റുപാടുകളിലും ജീവിക്കുന്നതിനു് മനുഷ്യനെ നിർബ
ന്ധിക്കുകയും ചെയ്യുന്നു. അസുഖവും രോഗവും ക്ലേശവും വ്യക്തി
യുടെ സമ്പദുൽപാദനശക്തി കുറയ്ക്കുകയും ചെയ്യുന്നു. വേല
യുടെ ഗുണം കുറയ്ക്കുന്ന ഈ ന്യൂനത വീണ്ടും ദാരിദ്ര്യത്തിലേക്കാണു്
വഴികാണിക്കുന്നതു്. ഇങ്ങനെ ഈ പരിവർത്തനം ഒരു ദുഷ്ടചക്ര
ത്തിന്റെ ചംക്രമണത്തെയാണു് തുടർച്ചയായി കാണിച്ചുകൊണ്ടിരി
ക്കുന്നതു്.

ഒരു രാജ്യത്തിന്റെ ഐശ്വര്യം അതിന്റെ ഉൽപാദകശക്തി
യേയും അനന്തരഫലമായ സമ്പൽസ്ഥിതിയേയും ആശ്രയിച്ചിരിക്കു
മെന്നുള്ളതു് നിർവിവാദമാണല്ലോ. ജനങ്ങളിൽ എൺപത്തിയഞ്ചു
ശതമാനവും കൃഷിക്കാരും വിസ്തൃതിയിൽ ഏകദേശം അത്രയും
തന്നെ ഗ്രാമപ്രദേശവും ആയ തിരുവിതാംകൂറിനു് ഗ്രാമീണരുടെ
സമ്പൽസ്ഥിതിയും ഗ്രാമങ്ങളുടെ സുസ്ഥിതിയും എത്രമാത്രം പ്രാധാന്യ
മുള്ളവയാണെന്നു പ്രത്യേകം പറയേണ്ടതില്ല. നഗരജീവിത
ത്തിന്റെ വിജയവും രാജ്യത്തിന്റെ സാർവത്രികമായ ശ്രേയോഭാ
വവും ഗ്രാമീണന്റെ വേലയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു് അവ
ന്റെ വേലയ്ക്കു് മതിയായ ഫലം സിദ്ധിക്കത്തക്ക സാഹചര്യങ്ങളുടെ
സൃഷ്ടിയും ഊർജ്ജസ്വലമായ വേല ചെയ്യുന്നതിനു് അവനു് ആവ

ശ്യമുള്ള പരിതസ്ഥിതികൾ ഉണ്ടാക്കിക്കൊടുക്കുകയും രാജ്യത്തിന്റെ പ്രഥമകർത്തവ്യങ്ങളിൽ ഒന്നാണ്. ഈ കർത്തവ്യത്തെ രാജ്യം ഇതുപര്യന്തം വിസ്മരിച്ചിരുന്നു എന്നു പറയുന്നതു് ശരിയായിരിക്കയില്ല. പൊതുവായിട്ടുള്ള അനാദരവും പ്രാധാന്യത്തിന് അനുസരിച്ചുള്ള മുൻഗണന നൽകാതിരിക്കുന്നാകയും ആണ് ഇതുവരെ ചെയ്തിട്ടുള്ള്. ഇനിയും ഈ നയം തുടർന്നുകൊണ്ടുപോകുന്നതു രാജ്യത്തിനു പൊതുവേ ക്ഷേമകരമല്ലാത്തതിനാൽ നമ്മുടെ ഗ്രാമങ്ങളുടെ ഉദ്ധാരണം പൊതുജനങ്ങളുടേയും അധികൃതന്മാരുടേയും പ്രത്യേകശ്രദ്ധയ്ക്കു് പാത്രീഭവിക്കേണ്ടതാണ്.

ഗ്രാമോദ്ധാരണം ഇപ്പോൾ ഒഴിച്ചുകൂടാത്ത പ്രാധാന്യമുള്ള ഒരു പ്രശ്നമാണ്. ഗവൺമെന്റും പൊതുജനങ്ങളും കൂട്ടായും വെവ്വേറെയായും ഗ്രാമങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി പലതും ഇന്ത്യയുടെ പല ഭാഗങ്ങളിലും ചെയ്യുന്നുണ്ട്. ഇന്ത്യയുടെ നാനാഭാഗങ്ങളിലും നടക്കുന്ന ഗ്രാമോദ്ധാരണപരിശ്രമങ്ങളുടെ സംക്ഷിപ്തമായ ഒരു വിവരണംപോലും വിസ്തരഭയത്താൽ ഈ ലേഖനത്തിൽ ഉൾപ്പെടുത്താൻ നിവൃത്തിയില്ലാതായിരിക്കുന്നതു്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ഓരോ പ്രദേശങ്ങളിൽ സ്വീകരിച്ചിരിക്കുന്ന രീതികളെ അവയുടെ പ്രാധാന്യമനുസരിച്ച് സൂചിപ്പിക്കണമെന്നും ഗ്രാമോദ്ധാരണപദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുമെന്ന് ചൂണ്ടിക്കാണിക്കണമെന്നും മാത്രമേ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു.

ഒരു ഗ്രാമത്തിലെ വ്യക്തിപരമായും സാമൂഹികമായും ഉള്ള ശക്തികൾ യോജിപ്പിച്ച് സമുദായത്തിന്റെ സാർവത്രികമായ അഭ്യുദയത്തിനായി പരിശ്രമിക്കുകയായിരിക്കണം ഗ്രാമോദ്ധാരണപദ്ധതിയുടെ ലക്ഷ്യം. സ്വാർത്ഥമായ വ്യക്തിത്വത്തിന് അതിൽ യാതൊരു സ്ഥാനവുമില്ല. സമുദായത്തിന്റേയും അതിലും ഉപരി രാജ്യത്തിന്റേയും ശ്രേയസ്സിനെയാണ് ഗ്രാമോദ്ധാരണപദ്ധതി പരമമായി ഉദ്ദേശിക്കുന്നതു്. വ്യക്തിയുടെ ജീവിതം അയാൾക്കുവേണ്ടിമാത്രം

ഉപയോഗിക്കുവാൻ അയാൾക്ക് അവകാശമില്ലെന്നും ഒരു പൗരന്റെ കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ അയാൾ എല്ലായ്പോഴും കടപ്പെട്ടവനാണെന്നും സ്വാർത്ഥമായ വ്യക്തിത്വത്തിനോ വിവേചനമില്ലാത്ത ധാർമ്മികത്വത്തിനോ ആദർശികമായ ഒരു രാഷ്ട്രത്തിൽ സ്ഥാനമില്ലെന്നുമുള്ളതാണ് ഗ്രാമോദ്ധാരണപദ്ധതിയുടെ പിന്നിൽ സ്ഥിതിചെയ്യുന്ന തത്വം.

ഓരോ ഗ്രാമത്തിന്റെയും ആവശ്യങ്ങളും ഉദ്ധാരണം ആവശ്യപ്പെടുന്ന പ്രശ്നങ്ങളും അതിന്റെ പരിതഃസ്ഥിതികൾ അനുസരിച്ച് വ്യത്യാസപ്പെട്ടതായിരിക്കുമെങ്കിലും നമ്മുടെ ഗ്രാമങ്ങളിൽ പൊതുവേ പരിഷ്കാരം ആവശ്യമുള്ള ചില സംഗതികൾ ഉണ്ട്.

1. ശാസ്ത്രീയമായ കൃഷി.
2. വിദഗ്ദ്ധവും കാര്യക്ഷമവും ആയ ധനസഹായം.
3. കുടിൽ വ്യവസായങ്ങളുടെ പോഷണം.
4. ഗ്രാമീണാരോഗ്യം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ.
5. ഈ കാര്യങ്ങൾ ലഘുസാദ്ധ്യമാക്കുന്നതിന് വേണ്ട പരസ്പരസഹായസംഘങ്ങൾ.
6. തൊഴിൽപരമായ വിദ്യാഭ്യാസം.
7. ഗതാഗതസൗകര്യങ്ങളുടെ അഭിവൃദ്ധി.

എന്നിവയാണ് അങ്ങനെയുള്ള പൊതുസംഗതികൾ. ഈ പ്രധാനപ്പെട്ട സംഗതികളിൽ ഓരോ ഗ്രാമത്തെയും സംബന്ധിച്ചിടത്തോളം ആ ഗ്രാമവാസികളും അവരുടെ അഭിവൃദ്ധിയിൽ താൽപര്യമുള്ളവരും ശ്രദ്ധ പതിപ്പിച്ചാൽ ആ ഗ്രാമത്തിന്റെ ഉദ്ധാരണം ലഘുസാദ്ധ്യമായിത്തീരുന്നതാണ്.

ഒരു ഗ്രാമത്തിന്റെ പരിഷ്കാരത്തിൽ ഏതൊരുത്തന്റേയും ശ്രദ്ധയെ ആദ്യമായി ആകർഷിക്കേണ്ടതു് അവിടത്തെ ആരോഗ്യമാണു്. ഗ്രാമവാസിയുടെ ആരോഗ്യമാണു് രാജ്യശ്രേയസ്സിന്റെ ആദ്യഘടകം. ഒരു ഗ്രാമത്തിലെ അനാരോഗ്യത്തിന്റെ കാരണം മിക്കാവാറും അവിടെ കാണുന്ന സൂക്ഷ്മക്കുറവിന്റേയും അഴുക്കിന്റേയും ഫലമായിരിക്കും. അഴുക്കു്, ചെളി, ചപ്പു്, ചവറു് മലം എന്നിവയുടെ ഒരു മിശ്രവസ്തുവാണു് നമ്മുടെ ഗ്രാമങ്ങളിലെ പല പ്രദേശങ്ങളും എന്നു പറയുന്നതു് അശേഷം അതിശയോക്തിയല്ല. ഇവ ശാസ്ത്രീയമായ കൃഷിക്കുവേണ്ട അസംസ്കൃതസാധനങ്ങളാണെന്നും ഇവ ശേഖരിച്ചു് കൂട്ടിക്കലത്തി സൂക്ഷിച്ചാൽ ഗ്രാമത്തിലെ കൃഷിക്കു് ആവശ്യമുള്ള വളം കിട്ടുന്നതാണെന്നുമുള്ള കാര്യം അനുസ്മരിച്ചാൽ ഇവ ഇങ്ങനെ സൂക്ഷ്മമില്ലാതെ അങ്ങുമിങ്ങും വിതറികിടന്നു് രോഗഹേതുക്കളാകാൻ അനുവദിക്കുന്ന കുററകരമായ അശ്രദ്ധയുടെ പാരമ്യം മനസ്സിലാക്കുന്നതാണു്. കാററം വെളിച്ചവും കയറാത്ത വീടുകളും കുടിലുകളും ചില ഗ്രാമങ്ങളിലെ പ്രത്യേകതയാണു്. അന്ധകാരം രോഗബീജങ്ങളുടെ അടുത്ത ബന്ധുവാണു്. വീട്ടിന്റെ ഏതു മൂലയിലും വെളിച്ചം തട്ടത്തക്ക വിധത്തിൽ ജനാലുകളും വാതിലുകളും ഓരോ വീട്ടിനും ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഇരുളടഞ്ഞിരിക്കുന്ന സ്ഥലങ്ങളെല്ലാം കൊതുകും ഈച്ചയും ഇരിക്കുകയും അവ പലതരത്തിലുള്ള സുഖക്കേടുകൾ ഉണ്ടാകാൻ കാരണമാകുകയും ചെയ്യും. കാററും വെളിച്ചവും കേറാത്ത വീടുകളിൽ താമസിക്കുന്നതുകൊണ്ടും, മലീമസമായ വായു ശ്വസിക്കുന്നതുകൊണ്ടും , സാംക്രമികരോഗങ്ങളുടെ ബീജങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുന്നതുകൊണ്ടുമാണു് ഗ്രാമീണരുടെ ആരോഗ്യം കുറഞ്ഞു പോകുന്നതു്.

ഗ്രാമവാസികളുടെ ശുചിത്വമില്ലാത്ത ചില നടപടികളെ നിയന്ത്രിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. മലവിസർജ്ജനത്തിനുള്ള സ്ഥലം ഗ്രാമവാസികൾ (നമ്മുടെ ഇടയിൽ പട്ടണ

വാദികളും) നിശ്ചയിക്കുന്നതു് സൌകര്യത്തെ മാത്രം മുൻനിർത്തിയാണു്. പൊതു നിരത്തുകളും വിശാലമായ മൈതാനങ്ങളും മലവിസർജ്ജനത്തിനായി ഉപയോഗിക്കുന്നതിനു് ആളുകൾക്കു് ഒരു കൂസലുമില്ല. ഇതു നിമിത്തം മലം ഗ്രാമത്തിന്റെ പല ഭാഗങ്ങളിലുമായി ചിന്നിച്ചിതറി കിടക്കുകയും കാററു കൊണ്ടും, മനുഷ്യരുടേയും മൃഗങ്ങളുടേയും കാലുകൊണ്ടും ചലിച്ചു പറന്നു് കാററുവഴി് ആളുകളുടെ ആഹാരസാധനങ്ങളിലും പാനീയങ്ങളിലും അവരുടെ കണ്ണിലും മൂക്കിലും എന്നുവേണ്ട ശ്വാസോച്ഛ്വാസം ചെയ്യുന്നതിനോടുകൂടി അവരുടെ ശ്വാസകോശങ്ങളിലും കലരുന്നു. അങ്ങനെ ഗ്രാമത്തിലെ മലം നിമിത്തം അതിലെ ആളുകൾ ദിവസംപ്രതി വിഷമയമായ ഭക്ഷണം കഴിക്കേണ്ടതായും കാററു ശ്വസിക്കേണ്ടതായും പാനീയങ്ങൾ കുടിക്കേണ്ടതായും വന്നുകൂടുന്നു. ഇതു കൂടാതെ ഇവ അസംഖ്യം ഈച്ചകളെ വളർത്തുന്നു. ഈ ഈച്ചകൾ മലത്തിന്റെ മുകളിലിരുന്നിട്ടു് പറന്നുവന്നു് ആളുകളുടെ ഭക്ഷണസാധനങ്ങളിലും ചെറിയ കുഞ്ഞുങ്ങളുടെ ചുണ്ടിലും ഇരിക്കുന്നു. ഇതു് ശാശ്വതമായ അനാരോഗ്യത്തിനു് കാരണമാണെന്നു് പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. അതിനാൽ, താമസിക്കുന്ന സ്ഥലത്തിന്റെ ഒരു വശത്തായി വേലിയോ ചവറോകൊണ്ടു് മറച്ചു് ഒരു കുഴിയുണ്ടാക്കി അതിൽതന്നെ മലവിസർജ്ജനം ചെയ്യുന്നതിനു് ഗ്രാമീണരെ നിർബന്ധിക്കുകതന്നെ ചെയ്യണം.

ഗ്രാമീണരുടെ ആരോഗ്യം വർദ്ധിച്ചാൽ അവരിൽനിന്നു ലഭിക്കുന്ന വേലയുടെ ഗുണം വർദ്ധിക്കുകയും അതുതന്നെ നമ്മുടെ ധനാഗമമാർഗ്ഗങ്ങളെ വിപുലമാക്കുകയും സമ്പത്തു് കൂട്ടുകയും ചെയ്യും. ഇനിയും കൃഷി ചെയ്യുന്നതിനു സ്ഥലവും സമ്പത്തു് വർദ്ധിപ്പിക്കുന്നതിനു് ഇതര സാദ്ധ്യതകളും ഉള്ള ഈ രാജ്യത്തു് ഇതിന്റെ ഗുണഫലത്തെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ.

ആരോഗ്യത്തിന്റെ അടുത്തപടിയായി ഗ്രാമോദ്ധാരണത്തിൽ ആലോചിക്കുവാനുള്ളതു് സമ്പത്തിനെപ്പററിയാണു്. ഇതു് ശിരത

ണ്ണസ്ഥിതി, ജലസംഭരണത്തിനുള്ള സാദ്ധ്യതകൾ, സാധനങ്ങളുടെ വില, മുൻകടങ്ങൾ, ആഡംബരപൂർവമായ ആചാരങ്ങൾ, കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണത ഇങ്ങനെ പല സംഗതികളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് ഫലസിദ്ധി കൂടുതൽ സന്ദിഗ്ദ്ധമാണ്. എന്നാൽ ഗവൺമെൻറിൽനിന്നും കാർഷികമായും വ്യാവസായികമായും പല പരീക്ഷണങ്ങൾ നടത്തിക്കൊണ്ടും നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും ഇരിക്കുന്നതുകൊണ്ട് ഗ്രാമവാസികൾ അതാതു തുറകളിലെ ഉദ്യോഗസ്ഥന്മാരുടെ ഉപദേശങ്ങൾ സ്വീകരിച്ച് ഉപദേശാനുസരണം പ്രവർത്തിക്കുന്നതിന് സന്നദ്ധരായാൽ അവരുടെ ഇപ്പോഴത്തെ ആദായം ഇരട്ടിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിന് സംശയമില്ല. "സന്നദ്ധരായാൽ"—ഇതാണ് ഗ്രാമോദ്ധാരണത്തിന്റെ മർമ്മം. ഗ്രാമവാസികളിൽ നിന്നും ആശിക്കുന്ന ഈ "സന്നദ്ധത"യിൽ തീവ്രമായ പ്രയത്നം സഹകരണ പരിശ്രമം മിതവ്യയം എന്നിവ ഉൾപ്പെടുന്നു. ഈ ഗുണങ്ങൾ ഗ്രാമവാസികളെക്കൊണ്ട് പരിശീലിപ്പിക്കുന്നതിനുള്ള വൈഷമ്യം ചില്ലറയല്ല. അവരെ പരിശീലിപ്പിക്കുന്നതിനുള്ള ഏതൊരു പ്രയത്നവും അവരെ സമീപിക്കുന്നില്ലെന്നുള്ളതാണ് ഇതിന്റെ ഏററവും വലിയ പ്രയാസം. ചില കുടിലന്മാരുടെ നയവഞ്ചകത്വത്തിൽപെട്ട് അവരുടെ ചൂഷണമാർഗ്ഗങ്ങൾ വികസിപ്പിച്ച് അവരുടെ ആദായം വർദ്ധിപ്പിക്കുക എന്നുള്ളതിലാണ് ഗവൺമെൻറിന്റെ ഈ സദുദ്ദേശ്യസംപ്രാപ്തിയ്ക്കുള്ള പ്രയത്നങ്ങൾ സാധാരണ എത്തിച്ചേരുന്നത്.

കൃഷിക്കാർ കൃഷിയുള്ള കാലങ്ങളിൽ ധാരാളമായി ജോലി ചെയ്യുന്നുണ്ടെങ്കിലും കൃഷിക്കാലം കഴിഞ്ഞുള്ള സമയം മിക്കവാറും അലസതയിലും തൊഴിലില്ലായ്മയിലും ആണ് കഴിക്കാറുള്ളത്. ആദായകരമായ പല പരിശ്രമങ്ങളുംകൊണ്ട് ഈകാലത്തെ ഫലപ്രദമാക്കാമെങ്കിലും അതൊന്നും അവരുടെ ശ്രദ്ധയിൽ പെടുന്നില്ല. കൃഷിക്കാരുടെ ഇടയിൽതന്നെ— ലാഭകരമായ എന്തെങ്കിലും ഉപവ്യവസായം ഉണ്ടായാൽതന്നെ—, അതിൽ പ്രവർത്തിക്കുന്നത് മിക്കവാറും കൃഷിക്കാരായിരിക്കയില്ല. കരചരണങ്ങൾകൊണ്ടുള്ള പ്രവൃത്തിക

ളിൽ വിമുഖത പ്രദർശിപ്പിക്കുന്നതു് കൃഷിക്കാരുടെ ഇടയിൽ സാധാര
ണമാണ്. കൃഷിയോടു് അനുബന്ധിച്ചുള്ള ഉപവ്യവസായങ്ങളിൽ
കൈത്തൊഴിലുകളിലുള്ള ചതുരത അനുപേക്ഷണീയമായിരിക്കുന്നതു
കൊണ്ടാണ് കുടിൽവ്യവസായങ്ങളുടെ പോഷണത്തിൽ കൃഷി
ക്കാർക്കു് പ്രസ്താവയോഗ്യമായ സ്ഥാനമില്ലാതെയിരിക്കുന്നതു്. കൃഷി
യുടെ അഭിവൃദ്ധിയ്ക്കു് അത്യന്താപേക്ഷിതമായിട്ടുള്ള ചില വേലകൾ
പോലും കൃഷിക്കാർ ചെയ്യുന്നുണ്ടോ എന്നുള്ളതു് സംശയാധീനമാണ്.
എല്ലായ്പോഴും ഫലപ്രദമായി ജോലിചെയ്യുന്നതിനുള്ള സാദ്ധ്യത
കൾ ഒരു കൃഷിക്കാരനു് ധാരാളമുണ്ടു്. ഈ സാദ്ധ്യതകൾ മനസ്സിലാക്കി
അതുവഴി കൃഷിക്കാരനെ പ്രവർത്തിപ്പിക്കുന്നതിനു് അവനെ പരി
ശീലിപ്പിക്കുക എന്നുള്ളതു് ഗ്രാമോദ്ധാരണവിഷയകമായിട്ടുള്ള പ്രവൃ
ത്തികളിൽ പ്രധാനമാണ്.

ഗ്രാമോദ്ധാരണം ഗവമ്മെൻറിന്റേതുപോലെതന്നെ പൊതുജ
നങ്ങളുടേയും പ്രധാനകത്തവ്യമാണ്. അഭിവൃദ്ധി പ്രാപിക്കുന്ന
തിനുവേണ്ടിയുള്ള പരിക്ഷണങ്ങൾ നടത്തുന്നതിനും ആളുകളെ പരി
ശീലിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രവൃത്തികളുടെ മേലന്വേ
ഷണം നടത്തുന്നതിനും ഗവമ്മെൻറിനു സാധിക്കും. ഗവമ്മെൻറ്
അതു ചെയ്യുന്നുമുണ്ടു്. എന്നാൽ യഥാർത്ഥമായുള്ള പ്രവൃത്തി—
അതു് വീട്ടിലേയ്ക്കുള്ളതായാലും വയലിലേയ്ക്കുള്ളതായാലും—ഗ്രാമ
ത്തിനു വേണ്ടതായാലും ചെയ്യേണ്ടതു് ആളുകളാണ്. അതിനു്
ആവശ്യമായ പണവും ആളുകൾതന്നെ ഉണ്ടാക്കേണ്ടതാണ്.

'സൌജന്യം'—ആ വാക്കുതന്നെ ഗ്രാമോദ്ധാരണവുമായി യോജി
ച്ചതല്ല. വിത്തുകാളകളോ, ഗ്രാമറോഡുകളോ, ധാത്രികളോ കൂടുതൽ
വൈദ്യസഹായമോ ഏതെങ്കിലും ഗ്രാമക്കാർക്കു് വേണമെങ്കിൽ അവർ
പൊതുവായി അതിനുവേണ്ടി പ്രയത്നിക്കുകയും അതിനാവശ്യമുള്ള
ചെലവിൽ ഒരു ഭാഗമെങ്കിലും വഹിക്കുകയും വേണം. വെറും
അപേക്ഷകൾകൊണ്ടു കിട്ടുന്ന സൌജന്യങ്ങൾക്കു് വില കല്പിക്കു
വാൻ ആർക്കും സാധിക്കുകയില്ല. യഥാർത്ഥമായ ആവശ്യം ആളുക-

ൾക്കു് തോന്നിയാൽമാത്രമേ അവർ അതിന്നായി പ്രയത്നിക്കുകയും പണം ചെലവാക്കുകയും ചെയ്യുകയുള്ളു. പുരോഗതിക്കു് ഒരു പ്രേരണ ആവശ്യമുണ്ടു്. ആ പ്രേരണ ആവശ്യത്തിൽനിന്നുമാത്രമേ ഉണ്ടാകുകയുള്ളു.

ജീവിതരീതി നന്നാക്കുന്നതിനുള്ള ആഗ്രഹത്തിൽനിന്നുമാണു് സാധാരണ ഈ ആവശ്യം ആളുകൾക്കുണ്ടാകുന്നതു്. ജീവിതരീതിക്കു് പലടത്തും പല വ്യത്യാസങ്ങൾ കാണും. സുസ്ഥിതിക്കു് അത്യന്താപേക്ഷിതമായ പരിഷ്കാരങ്ങളാണു് ഓരോരുത്തരുടേയും ജീവിതരീതിയെ നിർണ്ണയം ചെയ്യുന്നതു്. ആ "അത്യന്താപേക്ഷിതങ്ങൾ" ഉയർത്തുന്നതിനുള്ള ആഗ്രഹം ഗ്രാമവാസികളിൽ ഉണ്ടാക്കിയാൽ ഗ്രാമോദ്ധാരണം ക്ഷിപ്രസാദ്ധ്യമാണു്. ഗ്രാമവാസികളിൽ ഇങ്ങനെയൊരു ആഗ്രഹത്തിന്റെ അഭാവമാണു് ഇന്നത്തെ പ്രധാനപ്പെട്ട വൈഷമ്യം. ഇങ്ങനെയുള്ള ഒരാഗ്രഹത്തിന്റെ പ്രാധാന്യം മനസ്സിലാക്കാത്തവരാണു് ഗ്രാമോദ്ധാരണപദ്ധതിമൂലം ഒരു ആദർശികലോകം സൃഷ്ടിക്കേണ്ടതു് ഗവമ്മെണ്ടിന്റെ കടമയാണെന്നു് വിചാരിക്കുന്നതു്. ഗ്രാമോദ്ധാരണപരിശ്രമങ്ങൾക്കു് ആശിക്കുന്നിടത്തോളം ഫലസിദ്ധിയുണ്ടാകാത്തതും ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിൽ ശൂന്യത പ്രത്യക്ഷപ്പെടുന്നതും യഥാത്ഥത്തിൽ ഗ്രാമവാസികൾക്കു് അവരുടെ ഉന്നമനത്തിനുള്ള ആഗ്രഹം ഉണ്ടാക്കുവാൻ ഈ ശ്രമങ്ങൾ പര്യാപ്തമാകാത്തതുകൊണ്ടാണു്. വിജയം കൈവരുന്നതുവരെ പ്രവത്തിക്കുന്നതിനും അതുവരെ കാത്തിരിക്കുന്നതിനും ഉള്ള ക്ഷമയുള്ളവർ മാത്രമേ ഗ്രാമോദ്ധാരണത്തിനായി പ്രയത്നിക്കാവൂ. യാതൊരു പരാജയത്താലും ക്ഷീണിക്കാത്ത പ്രസാദാത്മകത്വം എല്ലാ പ്രവത്തകന്മാരേയും എല്ലായ്പോഴും മുമ്പോട്ടു നയിക്കണം. അങ്ങിനെയുള്ള പ്രവത്തനം കൊണ്ടു് ഉന്നതിക്കായുള്ള ആഗ്രഹം ഗ്രാമവാസികളിൽ ഉണ്ടാക്കിയില്ലെങ്കിൽ ഗ്രാമോദ്ധാരണത്തിനുള്ള പരിശ്രമങ്ങൾ മലമുകളിലേയ്ക്കു് ഉരുട്ടിക്കയറ്റുന്ന കല്ലുപോലെ ആലംബരഹിതമാകുമ്പോൾ ദയനീയമായ താഴ്ചയിലേയ്ക്കു് ആണ്ടുപോകുകയേ ഉള്ളു.

—o—

# കേരളവർമ്മ
# വലിയകോയിത്തമ്പുരാൻ

(കെ. ആർ. കൃഷ്ണപിള്ള ബി. ഏ; ബി. എൽ.,)

കാലത്തിനോ പുരുഷനോ പ്രാധാന്യമെന്നുള്ളതു് ഒരു പഴയ പ്രശ്നമത്രെ. രാഷ്ട്രം സമുദായം, മതം, സാഹിത്യം മുതലായ വിവിധവിഷയങ്ങളിൽ ഓരോ കാലത്തു് ഉൽകർഷോന്മുഖങ്ങളായ പ്രസ്ഥാനങ്ങൾ ആവിർഭവിക്കുന്നതു് കാലത്തിൻെറ ശക്തിയാലാണെന്നും, മനുഷ്യൻ ആ ശക്തിക്കു് വശംവദനായി പ്രവർത്തിക്കുന്നു എന്നല്ലാതെ, ആ പ്രസ്ഥാനത്തിനു ഹേതുഭൂതനാണെന്നു് ആരും അഭിമാനിക്കേണ്ടതില്ലെന്നും ഒരു പക്ഷക്കാർ വാദിക്കാറുണ്ടു്. നേരെമറിച്ചു്, കർമ്മനിപുണരായ മഹാത്മാക്കളാണു ലോകത്തിൻെറ ഭാഗധേയത്തെ നയിക്കുന്നതെന്നും അവരുടെ പ്രവൃത്തിപദ്ധതിയെ അനുവർത്തിച്ചു കാലം രൂപാന്തരപ്പെടുകയാണു ചെയ്യുന്നതെന്നും മറുപക്ഷക്കാർ സിദ്ധാന്തിക്കുന്നു. എന്നാൽ സത്യസ്ഥിതി വിചാരിക്കുമ്പോൾ ലോകത്തിൻെറ പുരോഗതിക്കു കാലവും പുരുഷനും ഒരുപോലെ പ്രവർത്തിക്കുന്നുണ്ടെന്നും രണ്ടിനും പരസ്പരസഹായം അപേക്ഷിതമാണെന്നുമല്ലേ സാമാന്യേന പറയാൻ തോന്നുന്നതു്? കാലഭ്രമണത്തിൽ നവംനവങ്ങളും പ്രായേണ ഉൽകർഷോന്മുഖങ്ങളുമായ അവസ്ഥാന്തരങ്ങൾ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ആശയങ്ങൾക്കും ആദർശങ്ങൾക്കും അതാതു കാലത്തുണ്ടാകുന്ന മാററങ്ങൾ തന്നെയാണു് ഈ സ്ഥിതിഭേദങ്ങൾക്കു് ആസ്പദമായുള്ളതു്. അങ്ങനെയുള്ള ആശയാദർശങ്ങളെ പ്രയോഗപദ്ധതിയിൽ നയിച്ചു്, മനുഷ്യലോകത്തിൻെറ ഉൽകർഷത്തെ സാധിക്കാൻ പുരുഷയത്നം കൂടാതെ കഴിയുന്നതല്ലല്ലോ.

"കാലാവലോകനം കാൎയ്യസാധ്യം നൃണാം
കാലസ്വരൂപനല്ലോ പരമേശ്വരൻ"

എന്നു പറഞ്ഞിട്ടുള്ളതുപോലെ, കാലഗതിയെ അവഗണിച്ചുള്ള പുരുഷയത്നം പരാജയത്തിൽ പരിണമിക്കാനാണെളുപ്പം. എങ്കിലും ഉദഗ്രസത്വരായ ചില പുരുഷകേസരികൾ തങ്ങളുടെ കൎമ്മശൂരതകൊണ്ടു കാലത്തിന്റെ കാലടികളെ ത്വരിതപ്പെടുത്തുന്നതും ലോകചരിത്രത്തിൽ കാണാതെ ഇരിക്കുന്നില്ല. ഏതായാലും ക്ഷേമാവഹങ്ങളായ പ്രസ്ഥാനങ്ങളുടെ ഉല്പത്തിക്കും ഉയൎച്ചയ്ക്കും കാലാനുകൂല്യവും പുരുഷശക്തിയും അപേക്ഷിതമാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയാണു നിയതിഗതിയെങ്കിൽ കൊല്ലവൎഷം പതിനൊന്നാം ശതകത്തിന്റെ അപരാൎദ്ധം മുതൽ കൈരളിക്കു സിദ്ധിച്ചിട്ടുള്ള അഭൂതപൂൎവമായ അഭ്യുദയത്തിനു് പരേതനായ പണ്ഡിതകുലാവതംസം, കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, സവിശേഷം ഭാരവാഹിയും മാൎഗ്ഗദൎശിയുമായിരുന്നു എന്നു പറയാൻ സംശയിക്കേണ്ടതില്ല.

ഈ മഹാനുഭാവൻ കൊല്ലവൎഷം 1020-ൽ ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ജനിച്ചു. അവിടുത്തെ മാതാവു്, വിദുഷിയും വിവേകശീലയും സുചരിതയുമായ ഒരു സ്ത്രീരത്നമായിരുന്നു.

"വിരക്തിമാൎഗ്ഗോദയം തതാനയാ
സമസ്തസൗഭാഗ്യസമൃദ്ധിമത്യപി
അനന്യനാരീസുലഭോല്ലസദ്ഗുണാ
ദദാതു മാതാ മമ സാപ്യനുഗ്രഹം"

എന്നിങ്ങനെ സ്വകൃതിയായ ഒരു കഥകളി പ്രബന്ധത്തിന്റെ ആദിയിൽ കോയിത്തമ്പുരാൻ ആ ഭാഗ്യവതിയെ സ്മരിച്ചുകാണുന്നു. അവിടുത്തെ പിതാവായ തളിപ്പറമ്പത്തു മല്ലപ്പള്ളി നമ്പൂരിയും കാവ്യശാസ്ത്രവിശാരദനായ ഒരു അസാമാന്യ പണ്ഡിതനായിരുന്നു.

ഇപ്രകാരം ഉഭയകുലസിദ്ധമായ വാസനാവൈശിഷ്ട്യം ഇരുദമ്പതിമാരുടെ പ്രിയപുത്രനെ വേണ്ടുവോളം അനുഗ്രഹിക്കുകയും ചെയ്തു. ഏകദേശം പത്തുവയസ്സുവരെ ലക്ഷ്മീപുരത്തുവച്ചുതന്നെ തിരുവാർപ്പിൽ രാമവാര്യർ, കോയിത്തമ്പുരാനെ സംസ്കൃതം പഠിപ്പിച്ചു. രാമവാര്യർ നല്ല ഒരു വിദ്വാനായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശിക്ഷണം കോയിത്തമ്പുരാൻ പിൽക്കാലത്തു നിർമ്മിച്ച വൈദുഷ്യസൌധത്തിന്റെ ഉന്നതിക്കു ഉചിതമായ അവഷ്ടംഭം നൽകിയെന്നത്രേ വിചാരിക്കേണ്ടതു്.

കേരളവർമ്മ കോയിത്തമ്പുരാന്റെ അമ്മാവനും ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ അച്ഛനുമായിരുന്ന രാജരാജവർമ്മ കോയിത്തമ്പുരാൻ അക്കാലത്തു തിരുവനന്തപുരത്തു താമസിക്കുകയായിരുന്നു. അദ്ദേഹം ഉപരിവിദ്യാഭ്യാസത്തിനായി കേരളവർമ്മയെ രാജധാനിയിൽ കൊണ്ടുപോയി തന്റെകൂടെ താമസിപ്പിച്ചു. പണ്ഡിതാഗ്രണിയായിരുന്ന അമ്മാവൻതന്നെ ആയിരുന്നു പിന്നത്തെ ഗുരുനാഥൻ. പ്രൗഢങ്ങളായ കാവ്യനാടകങ്ങളും തർക്കവ്യാകരണാദി ശാസ്ത്രങ്ങളും മാതുലൻ ഭാഗിനേയനെ നിഷ്കൃഷ്ടമായി അഭ്യസിപ്പിച്ചു.

"നല്ല കൃഷിക്കാരൻതാൻ വിത്തൊരു-
കല്ലിൽ വിതച്ചാൽ കരികേയുള്ളു.
നല്ലൊരു വയലിലുഴുതു വിതച്ചാൽ
നെല്ലൊരു നാഴിക്കൊരുപറ വിളയും"

എന്നു് പറഞ്ഞിട്ടുള്ളതുപോലെ മാതുലന്റെ പ്രയത്നം ഭാഗിനേയന്റെ ബുദ്ധിയിൽ സഹസ്രഗുണമായ ഫലത്തെ ജനിപ്പിച്ചു.

ഇക്കാലത്തു കോയിത്തമ്പുരാനു പതിന്നാലു വയസ്സു് പ്രായമായിരുന്നു. ആറ്റിങ്ങൽ മൂത്തതമ്പുരാനായ റാണി ലക്ഷ്മീഭായിയുടെ വിവാഹത്തിനുള്ള കാലവുമായി. അവിടത്തേയ്ക്കു് അനുരൂപനായി രാജാവും രാജ്യവാസികളും അപ്പോൾ ദർശിച്ച വരൻ സുശിക്ഷിതനും

സുഭഗനുമായ കേരളവൎമ്മ തന്നെ ആയിരുന്നു. 1034-മേടത്തിൽ ജനാവലിയുടെ ആശീൎവാദഘോഷങ്ങളോടുകൂടി പള്ളികെട്ടു കഴിഞ്ഞു.

"ത്വമൎഹതാം പ്രാഗ്രസരഃ സ്മൃതോസി നഃ
ശകുന്തളാ മൂൎത്തിമതീച സൽക്രിയാ
സമാനയംസ്തുല്യ ഗുണം വധൂവരം
ചിരായ വാച്യം ന ഗതഃ പ്രജാപതിഃ"

എന്നു ശകുന്തളാദുഷ്ഷന്തന്മാരുടെ പരസ്പരാനുരൂപത്തെപ്പററി കാളിദാസൻ ചെയ്തിട്ടുള്ള പ്രശംസ അതിശയോക്തി കൂടാതെ ഈ രാജദമ്പതിമാരുടെ വിവാഹത്തിനും യോജിക്കുന്നതാണു്. ഈ വിവാഹംകൊണ്ടാണു് കേരളവൎമ്മയ്ക്കു "വലിയ കോയിത്തമ്പുരാൻ" എന്ന സ്ഥാനനാമം സിദ്ധിച്ചതു്.

പള്ളികെട്ടു കഴിഞ്ഞ വൎഷത്തിൽത്തന്നെ രാജരാജവൎമ്മ വലിയകോയിത്തമ്പുരാൻ കാലധൎമ്മം പ്രാപിച്ചു എങ്കിലും സ്വഭാവേന വിദ്യാവ്യസനിയായിരുന്ന വലിയകോയിത്തമ്പുരാൻ, വിജ്ഞാനലാഭത്തിൽ അലംഭാവം കൂടാതെ, സുബ്ബാദീക്ഷിതർ, എലത്തൂർ രാമസ്വാമി ശാസ്ത്രികൾ മുതലായ പണ്ഡിതകേസരികളുടെ അടുക്കൽ ശാസ്ത്രപരിശീലനം ചെയ്തുകൊണ്ടിരുന്നു. സംസ്കൃതഭാഷയിലുള്ള കാവ്യശാസ്ത്രങ്ങളിൽ ഇപ്രകാരം നിരന്തരപരിശ്രമം ചെയ്തുകൊണ്ടിരിക്കെ, ഈ നാട്ടിൽ അക്കാലത്തു നട്ടു നനച്ചു വന്നിരുന്ന ഇംഗ്ലീഷുഭാഷ അഭ്യസിക്കുന്നതിനും അവിടുന്നു സമയവ്യയം ചെയ്തിരുന്നു. ഇംഗ്ലീഷുകാരെയും വിസ്മയിപ്പിക്കാൻ തക്കവണ്ണം ആ ഭാഷയെ വിനിയോഗിക്കാൻ മഹാത്മാഗാന്ധി, സ്വാമി വിവേകാനന്ദൻ മുതലായി ഭാരതീയരിൽ അപൂൎവ്വം ചിലൎക്കു മാത്രമേ സാധിച്ചിട്ടുള്ളു, എങ്കിലും കോയിത്തമ്പുരാൻ ഇംഗ്ലീഷിൽ എഴുതീട്ടുള്ള എഴുത്തുകൾക്കും ഉപന്യാസങ്ങൾക്കും പ്രശസ്തമായ ഗൗരവവും ശ്രാവ്യതയും ഉണ്ടെന്നു് ആരും സമ്മതിക്കുന്നതാണു്. ഇത്രയുമല്ല

ഇംഗ്ലീഷ് ഭാഷാദ്ധ്യയനവും അവിടുന്നു ബാല്യത്തിൽ സാധിച്ചിരുന്നതായി കാണുന്നില്ല. ശബ്ദശാസ്ത്രത്തിൽ ദത്താവഗാഹനായി ഏതെങ്കിലും ഒരു ഭാഷയിൽ നിരങ്കുശജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരാൾക്കു് ഇതരഭാഷകളെ വശപ്പെടുത്താൻ അതിപ്രയത്നം വേണ്ടിവരികയില്ലെന്നുള്ള പരമാർത്ഥത്തെയാണല്ലോ കോയിത്തമ്പുരാന്റെ ഇംഗ്ലീഷ് ഭാഷാനൈപുണ്യം ഉദാഹരിക്കുന്നതു്. സംഗീതസാഹിത്യങ്ങളിൽ വിദുഷിയായിരുന്ന ആത്മവല്ലഭയുടെ സാഹചര്യവും അവിടുത്തെ ഈവക പരിശ്രമങ്ങൾക്കു പ്രോത്സാഹകമായിരുന്നതേ ഉള്ളൂ. ഇങ്ങനെ ഏഴെട്ടു കൊല്ലംകൂടി കഴിഞ്ഞപ്പോൾ കേരളവർമ്മ വലിയകോയിത്തമ്പുരാൻ കേരളത്തിലെ വിദ്വൽകുലാഗ്രേസരനായിത്തീർന്നതും അവിടുത്തെ കീർത്തിപരിമളം നാട്ടിൽ എല്ലായിടത്തും വ്യാപിച്ചതും ആശ്ചര്യമല്ലല്ലോ. അപ്പോഴാണു് അവിടുന്നു കൈരളിക്കു ഹസ്താവലംബം നൽകേണ്ട ദശാവിശേഷം സമ്പ്രാപ്തമായതു്.

ഈ ഹസ്താവലംബത്തിന്റെ വില നിർണ്ണയിക്കുന്നതിനു് വലിയ കോയിത്തമ്പുരാൻ മാതൃഭാഷാസപര്യയ്ക്കായി ഉദ്യമിച്ച കാലത്തു മലയാള സാഹിത്യത്തിന്റെ സ്ഥിതി എന്തായിരുന്നു എന്നു നോക്കേണ്ടിയിരിക്കുന്നു. മലയാള കവികളുടെ അഗ്രിമപദത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള മഹാകവികൾ അക്കാലത്തിനുമുൻപു് തന്നെയാണു് ജീവിച്ചിരുന്നതു്. എന്നാൽ പത്താംശതകത്തിന്റെ മദ്ധ്യഘട്ടത്തിൽ കുഞ്ചൻനമ്പിയാരുടെ ആയുഷ്കാലം അവസാനിച്ചതോടുകൂടി അവശിഷ്ടകവിപരമ്പരയും അവസാനിച്ചു. പിന്നീടു് ഏകദേശം ഒരു നൂററാണ്ടു വരുന്ന കാലത്തേക്കു സാഹിത്യഭൂമിയിൽ ദയനീയമായ ഊഷരാവസ്ഥയാണു് കാണുന്നതു്. അക്കാലത്തു ജീവിച്ചിരുന്നവരും വാഗ്ദേവീവത്സലന്മാരുമായ രണ്ടു സാക്ഷാൽ കവികളെ—വിദ്വാൻ കോയിത്തമ്പുരാനും, രവിവർമ്മൻ തമ്പിയും—ഒഴിച്ചാൽ അന്നത്തെ മലയാളസാഹിത്യം "ഉണ്ടെന്നു പറയാനില്ല, ഇല്ലെന്നു പറയാനില്ല" എന്ന നിലയെക്കാൾ വളരെ ഉൽകൃഷ്ടമായിരുന്നില്ല. വരവണ്ണം തെററാതെ, ഇരുമ്പുപാളത്തിൽകൂടി തീവണ്ടി

ക്കാടുന്നതുപോലെ, പൂർവ കവികളെ ഉപജീവിച്ചുകൊണ്ടു് ചില നാമമാത്ര കവികൾ പുരാണ കഥകളെ തിരുവാതിരപ്പാട്ടു്, അമ്മാനപ്പാട്ടു്, വഞ്ചിപ്പാട്ടു്, കിളിപ്പാട്ടു്, തുള്ളക്കഥ, ആട്ടക്കഥ, എന്നിങ്ങനെ തിരിച്ചും മറിച്ചും പദ്യരൂപത്തിലെഴുതി ചാരിതാൎത്ഥ്യം നേടിക്കൊണ്ടിരുന്നു.

"നിർദ്ദോഷാപ്യഗുണാ വാണീ
ന വിദഗ്ദ്ധജനതോഷിണീ
പതിവ്രതാപ്യരൂപാസ്ത്രീ
പതിനോത്രേ ന രോചതേ"

എന്നതിൽ കുറ്റമില്ലായ്മ പ്രശംസയെ അർഹിക്കുന്നവർ ഇവരുടെ കൂട്ടത്തിൽ ദുർലഭം തന്നെ. ഇവരുടെ നാമങ്ങൾക്കും കൃതികൾക്കും സാഹിത്യ ചരിത്രത്തിലല്ലാതെ വായനക്കാരുടെ സ്മരണയിൽ പറയത്തക്ക സ്ഥാനം ലഭിച്ചിട്ടില്ലാത്തതു് അത്ഭുതവുമല്ല.

മലയാളത്തിലെ ഗദ്യസാഹിത്യം കേവലം ആധുനികമാണെന്നു പലർക്കും ഉണ്ടായിരുന്ന ബോധം ശരിയല്ലെന്നു് ഇപ്പോൾ പ്രത്യക്ഷമായിട്ടുണ്ടു്. മുൻകാലത്തുതന്നെ നമ്മുടെ ഭാഷയിൽ ഉണ്ടായിട്ടുള്ള പല ഗദ്യഗ്രന്ഥങ്ങൾ ഇപ്പോൾ ഓരോന്നായി അറിയപ്പെട്ടു വരുന്നു. എന്നാൽ ഇതുവരെ കണ്ടിട്ടുള്ളിടത്തോളം ആ ഗദ്യരീതികളും ഇന്നത്തെ ഗദ്യരീതികളും തമ്മിലുള്ള അന്തരം ചെറുതല്ല. ഭാഗവത ഭാഷയിൽനിന്നു് ഒരു ഭാഗം ഉദാഹരണമായി കാണിക്കാം.

"ഇങ്ങനെ ബ്രഹ്മൻ മോഹിച്ചപ്പോൾ അമ്മയായങ്ങു മറച്ചു ഭഗവാൻ. മഹാമായ കൊണ്ടു ബ്രഹ്മൻ മോഹിച്ചിരിക്കും വിഷയത്തിങ്കൽ തിരസ്കരിണീ വിദ്യയേ മറച്ചകാലത്തു ബ്രഹ്മൻ മെല്ലെക്കണ്ണങ്ങു മിഴിച്ചാൻ. മരിച്ചുകിടന്നവരെഴുന്നേററപോലെ. അപ്പോൾ നോക്കിക്കണ്ടു ബ്രഹ്മൻ. അപ്പോൾ വിമാനത്തിങ്കൽ നിന്നിറങ്ങീട്ടു് ഒരു പൊന്നിൻവടി വീണപോലെയങ്ങുവീണാൻ. ഭഗവാന്റെ തൃക്കാ

അൽനിന്ന കണ്ണുനീര തുടച്ചിട്ട പിന്നെയും വന്ദിച്ചാൻ. വളരെക്കു
ച്ചിത്തൊഴുതാൻ” ഇത്യാദി ഇതിൻെറ ശൈലിയും ഇന്നത്തെ ഗദ്യ
ശൈലിയും തമ്മിലുള്ള അന്തരം എത്ര! ഏകദേശം മൂന്ന ശതവർഷ
ങ്ങൾക്കുമുമ്പുണ്ടായ എഴുത്തച്ഛൻെറ സാഹിത്യഭാഷ ഇന്നും കേരളീയ
രുടെ മാതൃഭാഷയ്ക്കു് ഉത്തമാദർശമായി പരിലസിക്കുന്നുണ്ടല്ലോ.
എന്നാൽ അതിനെ ഏകദേശമെങ്കിലും സമീപിക്കാൻ യോഗ്യതയുള്ള
തായി പതിനൊന്നാം നൂററാണ്ടിന്ന മുമ്പിൽ എഴുതിയിട്ടുള്ള ഏതെ
ങ്കിലും ഗദ്യപ്രബന്ധം ഇനിമേൽ ദൃഷ്ടിഗോചരമാകേണ്ടിയിരിക്കുന്നു.
ചുരുക്കിപ്പറഞ്ഞാൽ പതിനൊന്നാം ശതവർഷംവരെ മലയാള
സാഹിത്യത്തിൽ പദ്യശാഖയ്ക്കുണ്ടായ വികാസത്തിനും പുഷ്ടിക്കും
ഏകദേശമെങ്കിലും ആനുരൂപമായ ഉൽകർഷം ഗദ്യശാഖയ്ക്ക സിദ്ധി
ച്ചിരുന്നില്ല. വിപുലവും വിശിഷ്ടവുമായ ഇംഗ്ലീഷ് സാഹിത്യത്തോ
തല്ലുപക്ഷയാ ദൂരമായ മലയാള സാഹിത്യത്തോട തുലനം ചെയ്യാ
മെന്നു ഞാൻ അശേഷം ഉദ്ദേശിക്കുന്നില്ല. എങ്കിലും ചാസർ കവി
യുടെശേഷം ദീർഘകാലത്തേയ്ക്കു ഇംഗ്ലീഷിനുണ്ടായതുപോലെ ഒരു
സാഹിത്യ ദുർഭിക്ഷമാണു്, “മലയാളത്തിലെ ചാസർ” എന്ന
സർവഥാ കീർത്തനീയനായ കുഞ്ചൻ നമ്പ്യാരുടെ കാലശേഷം
കൈരളിക്കും നേരിട്ടതു്. സൽഗ്രന്ഥപാരായണത്തിൽ താല്പര്യ
മുള്ള മലയാളികൾ അക്കാലത്ത പൂർവ കവികളുടെ കൃതികളെ വാ
യിച്ചുതന്നെ തങ്ങളുടെ രസജ്ഞതയെ സന്തർപ്പണം ചെയ്തിരുന്നി
രിക്കാം. കൊല്ലവർഷം പതിനൊന്നാം ശതകത്തിൻെറ മദ്ധ്യഘട്ടം
സമീപിച്ചപ്പോൾ ഭാഷയുടെ പ്രത്യുത്ഥാനത്തിന്ന പ്രേരകങ്ങളായ
ചില ദശാവിശേഷങ്ങൾ ആവിർഭവിച്ചു.

1032-ൽ മദ്രാസ്സ് യൂനിവേഴ്സിററിയുടെ പാഠപദ്ധതിയിൽ
മററു നാട്ടുഭാഷകളോടൊപ്പം മലയാളവും അംഗീകരിക്കപ്പെട്ടു. അതി
ലേയ്ക്കു സമുചിതമായ മലയാളഗ്രന്ഥങ്ങളുടെ ദുർഭിക്ഷം അപ്പോ
ഴാണു പ്രവിശേഷം പ്രത്യക്ഷമായതു്. പദ്യകാവ്യങ്ങളുടെ വിഷയ
ത്തിൽ തീവ്രമായ ആക്ഷേപത്തിൽ വകയുണ്ടായിരുന്നില്ലെന്നു

പറയാം. ശ്രീകൃഷ്ണചരിതം, ഇരുപത്തിനാലുവൃത്തം, പഞ്ചതന്ത്രം എന്നിങ്ങനെ തുടങ്ങി ആട്ടക്കഥകളും എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും കൃഷ്ണഗാഥയും ചമ്പുക്കളും വരെയുള്ള കാവ്യങ്ങൾ ഓരോ ക്ലാസ്സുകളിലേക്കു തക്കതായി ഉണ്ടായിരുന്നു. പക്ഷേ അവയിൽ പലതും തൽക്കാലം അച്ചടിയിൽ വന്നിട്ടില്ലായിരുന്നുവെന്നേ ഉള്ളു. എന്നാൽ ഗദ്യകാവ്യങ്ങളുടെ ദാരിദ്ര്യം കഠിനവും പെട്ടെന്നു പരിഹരിക്കാൻ അശക്യവുമായിരുന്നു. "ഹരിശ്ചന്ദ്രചരിതം" "അതിശയമാന്ന നിലവിളക്ക്" മുതലായി എവിടെനിന്നോ മെട്രിക്കുലേഷൻ ക്ലാസ്സിൽ പ്രത്യക്ഷപ്പെട്ട ചില ഗദ്യപ്രബന്ധങ്ങളുടെ വിലക്ഷണത എന്നെപ്പോലെ ചിലർ ഇന്നും അനുസ്മരിക്കുന്നുണ്ടാവാം. ലജ്ജാവഹമായ ഈ കുറവിനെ നികത്താനുള്ള ആഗ്രഹം കൃതവിദ്യരായ മലയാളികളെ നല്ലവണ്ണം ക്ലേശിപ്പിച്ചിരുന്നു. എന്നാൽ മലയാളഗദ്യത്തിനു് ഒരു രീതിയും രൂപവും നൽകി വഴികാണിക്കാൻ പര്യാപ്തനായ ഒരു പണ്ഡിതശ്രേഷ്ഠനെ കൂടാതെ ഈ ഉദ്ദേശം സുസാധ്യമായിരുന്നില്ല.

അതങ്ങനെ. തിരുവിതാംകൂറിലാകട്ടെ, മറ്റൊരു വിശേഷം കൂടി സംഭവിച്ചു. 1010-ാമാണ്ടിടയ്ക്കായിരുന്നു ഗവണ്മെന്റിൽനിന്നു് ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ആദ്യമായി ഏർപ്പെടുത്തി, ഈ നാട്ടിൽ ഇന്നു തഴച്ചു് വളർന്നുകാണുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ബീജാവാപം ചെയ്തതു്. അതിനുശേഷം ഒരു തലമുറയോളം കഴിഞ്ഞപ്പോൾ സർ. ടി. മാധവരായർ തിരുവിതാംകൂർ ദിവാൻപദത്തിൽ പ്രതിഷ്ഠിതനായി. ഇൻഡ്യൻ ജനതയുടെ വിദ്യാഭ്യാസം മാതൃഭാഷാമുഖാന്തരം വേണ്ടതാണെന്നു സ്വാതന്ത്ര്യപ്രണയികളായ ഭാരതീയരെല്ലാം ഇക്കാലത്തു വാദിക്കയും അങ്ങനെയുള്ള ആദർശത്തെ സാക്ഷാൽകരിക്കാൻ ശ്രമിക്കയും ചെയ്തുവരുന്നുണ്ടല്ലോ. ചിന്താവിശാരദനായ മാധവരായർ, അറുപതിൽപരം വർഷങ്ങൾക്കുമുമ്പു് ഈ തത്ത്വത്തിന്റെ ആശാസ്യതയെ ഗ്രഹിച്ചിരുന്നതായി വിചാരിക്കാൻ ന്യായമുണ്ടു്. നവീനവിദ്യാഭ്യാസത്തിന്റെ സൽഫലങ്ങൾ ജനതാമ

ഖ്യത്തിൽ പ്രസരിക്കണമെങ്കിൽ ഇംഗ്ലീഷ് പാഠശാലകളിലെ രീതിയിലുള്ള വിദ്യാഭ്യാസം മലയാളത്തിലും ഏൎപ്പെടുത്താതെ സാധിക്കയില്ലെന്നുള്ള സ്ഥിരബോധത്തോടുകൂടി, 1042-ൽ അദ്ദേഹം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. എന്നാൽ നൂതനരീതിയിൽ വിദ്യാഭ്യാസത്തിനാവശ്യമായ പുസ്തകങ്ങൾ മലയാളത്തിൽ ഇല്ലെന്നുള്ള വൈഷമ്യമാണ് അപ്പോൾ വന്നുകൂടിയതു്. ബാലന്മാൎക്കു ഭാഷാജ്ഞാനം ലഭിക്കാൻ വേണ്ട ഗദ്യപുസ്തകങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. കണക്കു്, ഭൂവിവരണം, ചരിത്രം മുതലായ വിഷയങ്ങളിൽ വേണ്ട പാഠപുസ്തകങ്ങളുടെ കഥയും അപ്രകാരംതന്നെ. പാഠശാലകൾ ഉണ്ടാക്കിക്കൊടുത്ത ഗവൎമ്മെന്റുതന്നെ പാഠപുസ്തകങ്ങളും ഉണ്ടാക്കിക്കൊടുക്കണമെന്ന നിലയിലായി കാൎയ്യങ്ങൾ. ഗവൎമ്മെന്റും ആ ഭാരംകൂടി വഹിക്കാൻതന്നെ നിശ്ചയിച്ചു. പുസ്തകങ്ങൾ നിൎമ്മിക്കുന്നതിനായി ഒരു ബുക്കുകമ്മറ്റി സ്ഥാപിക്കപ്പെട്ടു. കമ്മറ്റിയുടെ നായകത്വം വഹിച്ചു്, അതിന്റെ പ്രവൃത്തിയെ ശരിയായമാൎഗ്ഗത്തിൽ നയിക്കാൻതക്ക പാണ്ഡിത്യവും പാടവവും സൗകൎയ്യവുമുള്ള ഒരാളാണു പിന്നീടു വേണ്ടിയിരുന്നതു്. കേരളവൎമ്മ വലിയകോയിത്തമ്പുരാനു് ഈ യോഗ്യതകളെല്ലാം തികഞ്ഞിരുന്നു എന്നു മാത്രമല്ല, അദ്ദേഹത്തെപ്പോലെ തികഞ്ഞ യോഗ്യതയോടുകൂടി മറെറാരാൾ അപ്പോൾ ഉണ്ടായിരുന്നുമില്ല. എങ്കിലും കമ്മറ്റിയിൽ ആദ്യകാലത്തു കോയിത്തമ്പുരാൻ ഒരംഗമേ ആയിരുന്നുള്ളൂ. അധ്യക്ഷൻ ഒരു അണ്ണാജിരായരായിരുന്നു. അന്നത്തെ കമ്മറ്റിയുടെ ഘടനയെക്കുറിച്ചു കോയിത്തമ്പുരാൻതന്നെ ഒരവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്. "ഇതിന്റെ അധ്യക്ഷനായി നമ്മുടെ മഹാരാജാവിനു (ശ്രീമൂലംതിരുനാൾ) ബാല്യത്തിൽ ഇംഗ്ലീഷ് അധ്യാപകനായി നിയമിക്കപ്പെട്ടിരുന്ന അണ്ണാജിരായരെയും സാമാജികന്മാരായി പണ്ഡിതർ സുബ്ബാദീക്ഷിതരെയും അന്നു കാളേജിൽ മലയാളംമുൻഷിയായിരുന്ന രാമൻതമ്പിയേയും നിയമിച്ചു. അണ്ണാജിരായർ മാധവരായരുടെ ഒരു അടുത്ത ചാൎച്ചക്കാരനായിരുന്നു. കുശാഗ്രബുദ്ധിയായിരുന്നെങ്കിലും അദ്ദേഹത്തിനു മലയാളഭാഷ

അശേഷം അറിഞ്ഞുകൂടായിരുന്നു. സുബ്ബാദീക്ഷിതർ മഹാവൈയാകരണനായിരുന്നെങ്കിലും അദ്ദേഹത്തിനു മലയാളത്തിന്റെ ഗന്ധംപോലും ഉണ്ടായിരുന്നില്ല. രാമൻതമ്പി അന്നത്തെ രീതി അനുസരിച്ച് മലയാളത്തിൽ അറിവുള്ളവനായിരുന്നു. എന്നാൽ അയാൾക്ക് ഇംഗ്ലീഷിൽ പരിചയം കുറവായിരുന്നു. അയാൾ "laying in Hospitals" "എന്നതു് ആശുപത്രിയിൽ കിടമുറ കിടക്കുക" എന്ന തർജ്ജിമചെയ്തതു ഞാൻ ഇപ്പോഴും ഓർക്കുന്നു. രാമൻതമ്പി പുസ്തകമെഴുതും; അണ്ണാജിരായർ അതു വായിച്ചു തിരുത്തും. അന്നു് അണ്ണാജിരായർ എന്റെ അടുക്കൽ സംസ്കൃതവും ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ഇംഗ്ലീഷും പഠിച്ചുകൊണ്ടിരിക്കയായിരുന്നു. കമ്മററിയുടെ ഒരു മെമ്പറായി എന്നെക്കൂടി നിയമിച്ചാൽ കൊള്ളാമെന്നു് അദ്ദേഹം ദിവാൻജിയെ അറിയിച്ചു. അന്നു നാടുവാണുകൊണ്ടിരുന്ന ആയില്യം തിരുനാൾ തിരുമനസ്സിലേക്കു് ആദ്യം കുറെ സമ്മതക്കേടുണ്ടായിരുന്നെങ്കിലും ഒടുവിൽ അവിടുന്നു സന്തോഷത്തോടുകൂടി കല്പിച്ചു സമ്മതിച്ചു. ഇങ്ങനെയാണു ഞാൻ ബുക്കുകമ്മററിയിൽ ചേർന്നതു്." "ധർമ്മസ്യ സൂക്ഷ്മാ ഗതിഃ" എന്നല്ലാതെ എന്തു പറയട്ടെ! വലിയകോയിത്തമ്പുരാൻ ഇരിക്കെ അണ്ണാജിരായർ എങ്ങനെ കമ്മററിയുടെ അധ്യക്ഷനായി എന്നു് ഇപ്പോൾ നമുക്കു ചോദിക്കാൻ തോന്നിപ്പോകുന്നു. അഥവാ, അണ്ണാജിരായരുടെ ഉയന്ന ഫാർച്ചയും അന്നത്തെ മഹാരാജാവിന്റെ സമ്മതക്കേടും ഇതിനു കാരണമായിരുന്നിരിക്കാം. എന്തെങ്കിലുമാകട്ടെ വലിയകോയിത്തമ്പുരാന്റെ നാമധേയത്തോടു് യോജിച്ചു് അണ്ണാജിരായരുടെയും മററു രണ്ടു മെമ്പർമാരുടെയും പേരുകൾക്കു് കേരളീയചരിത്രത്തിൽ ഒരു ശാശ്വതസ്ഥാനം ലഭിക്കാൻ ഭാഗ്യമുണ്ടായിരുന്നു എന്നു സമാധാനപ്പെട്ടുകൊള്ളാം. അവർ കമ്മററിയെക്കൊണ്ടും കമ്മററി വലിയകോയിത്തമ്പുരാനെക്കൊണ്ടും ഉപജീവിച്ചുപോന്നു എന്നുള്ളതു പരമാർത്ഥം തന്നെ.

കമ്മാറിയുടെ ഈ രൂപം നീണ്ടുനിന്നില്ല. അചിരേണ അണ്ണാജിരായർ കാലധൎമ്മം പ്രാപിക്കയാൽ കോയിത്തമ്പുരാൻ കമ്മറിയുടെ അദ്ധ്യക്ഷപദത്തിൽ നിയമിക്കപ്പെട്ടു. അവിടുത്തെ ജീവിതഗതിയിൽ ഇതു് അപ്രതീക്ഷിതമായ ഒരു ദശാന്തരവും അവിടുത്തെപ്പോലെയുള്ളവൎക്കു അതിസാധാരണമല്ലാത്ത ഒരു പ്രവൃത്തിപദതിയും എന്നാൽ കൈരളിക്കു ശുക്രദശയുടെ ഉപക്രമവും ആയിരുന്നു. രാജാക്കന്മാരുടേയും കോയിത്തമ്പുരാക്കന്മാരുടേയും കുടുംബങ്ങളിൽ പണ്ഡിതന്മാരായ പലരും ഉണ്ടായിരുന്നിട്ടുണ്ടു്. എന്നാൽ ഉദരപൂരണത്തിന്നായി പ്രയത്നിക്കാൻ നിർബദ്ധരല്ലാതിരുന്ന അവർ പ്രായേണ സുഖലോലുപരായി. അവശ്യകൎത്തവ്യങ്ങളൊന്നും കൂടാതെ യഥാരുചി കാവ്യനാടകാദികളിൽ രസിച്ചും, ചിലർ സാഹിത്യപ്രബന്ധങ്ങൾ സ്വയം നിൎമ്മിച്ചും ജീവിതം നയിക്കയായിരുന്നു അന്നത്തെ നടപ്പു്. വലിയകോയിത്തമ്പുരാനാകട്ടെ മലയാളഭാഷയുടെ ഉൽക്കർഷത്തെയും മലയാളികളുടെ വിജ്ഞാനാഭിവൃദ്ധിയേയും ലക്ഷീകരിച്ചു് അതന്ദ്രപരിശ്രമത്തിനു വിഷയീഭൂതമായ ഒരു കൃത്യഭാരത്തെ ഔൽസുക്യപൂൎവ്വം വരിക്കയാണുണ്ടായതു്.

# വായ്മൊഴി

---


ഡാക്ടർ കെ. ഗോദവർമ്മ.

എം. ഏ. പി. എച്ച്. ഡി. (ലണ്ടൻ)


വരമൊഴിയ്ക്കു് വായ്മൊഴിയെക്കാളും മെച്ചമുണ്ടെന്നു് ചിലർ പറഞ്ഞുകേൾക്കാറുണ്ടു്. അതു് വായ്മൊഴിയുടെ മുഖ്യതയെക്കുറിച്ചുള്ള അജ്ഞതകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും അല്ല. ആദരവും കൂട്ടുപിടിക്കാതെ, എപ്പോഴും മുൻപോട്ടുതന്നെ കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന വായ്മൊഴിയുടെ നില എവിടെ? അതിന്റെ പുറകേ ഓടിയെത്താൻ എത്ര പണിപ്പെട്ടിട്ടും കഴിയാതെ, ഇടയ്ക്കിടെ ശ്വാസം നെടുവീർപ്പിട്ടു് അവിടവിടെ നിലച്ചുപോകുന്ന വരമൊഴിയുടെ നില എവിടെ? എങ്ങനെ നോക്കിയാലും വരമൊഴി വായ്മൊഴിയെക്കാൾ വളരെ വളരെ പിന്നോക്കമേ ആയിരിക്കുകയുള്ളു. ലോകർക്കു് എന്തെല്ലാം തെററുകൾ പററുന്നു? അറിയേണ്ടവനെ അറിയുന്നില്ല; ആരായേണ്ടവനെ ആരായുന്നില്ല; ആശ്രിതനെ ആദരിച്ചുകൊണ്ടു് അലംഭാവമടഞ്ഞു്, അപ്പുറം നില്ക്കുന്ന മേലാവിനെ കാണണമെന്നുപോലും കരുതുന്നില്ല. നിഘണ്ടുകാരന്മാരാകട്ടെ, വൈയാകരണന്മാരാകട്ടെ വരമൊഴിയുടെ പ്രാഭവങ്ങളിലല്ലാതെ, വായ്മൊഴിയുടെ വളർച്ചയിലോ വൈചിത്ര്യത്തിലോ അത്ര ദൃഷ്ടി പതിപ്പിച്ചിട്ടില്ല. വാസ്തവത്തിൽ വായ്മൊഴിയേ ഭാഷയാകുകയുള്ളു. വരമൊഴിയുടെ കൃത്രിമത ഭാഷയുടെ പ്രകൃതിക്കു് ഒട്ടും അനുരൂപമല്ല. വായ്മൊഴിയുടെ പ്രയോജനത്തിൽ ഏകദേശം മാത്രം പിൽക്കാലത്തിലും സാധിക്കത്തക്കവണ്ണം സഞ്ചയിച്ചുവെക്കപ്പെടുന്നതാണു് വരമൊഴിയെന്നല്ലാതെ, അനുനിമിഷം അഭിവൃദ്ധിപ്പെട്ടുവരുന്ന മനുഷ്യപ്രയത്നമെന്ന നിലയിൽ, വായ്മൊഴിയോടൊപ്പം അതു് പരിഗണിക്കപ്പെടാവുന്നതേ അല്ല. 'വായ്മൊ

ഷിയ്ക്കു് വല്ല പഴക്കമുണ്ടെങ്കിൽ വരമൊഴിയുടെ വരവു് ആരെങ്കിലും
അപേക്ഷിയ്ക്കുന്നതാണോ? ഓരോ ഭാഷയിലേയും ലിപികൾ അറി
ഞ്ഞുകൂടാത്തവർക്കു്, ആ ഭാഷയിലെ വരമൊഴിയെ സംബന്ധിച്ചിട
ത്തോളം ബധിരന്മാർക്കു് സ്വനഗ്രാഹിയിൽനിന്നും പുറപ്പെടുന്ന
ശബ്ദമെന്നപോലെയുള്ള അനുഭവമേ സംജാതമാകുകയുള്ളു. വാമൊ
ഴിയെ വായ്മൊഴിയായി രൂപാന്തരപ്പെടുത്താതെ ആർക്കെങ്കിലും
ആശയങ്ങൾ ഗ്രഹിയ്ക്കുവാൻ കഴിയുന്നതാണോ? ചെറുതായിട്ടുപോലും
ധ്വനിയെ ബഹിർഗ്ഗമിപ്പിയ്ക്കാതെ പുസ്തകപാരായണം ചെയ്യുന്നവരും
ഇതരന്മാർക്കു് അജ്ഞേയമായിട്ടാണെങ്കിലും, ഓരോ വർണ്ണവും പരി
പൂർണ്ണമായി ഉച്ചരിച്ചും ശ്രോത്രേന്ദ്രിയത്താൽ ഗ്രഹിച്ചും ആണു്
അറിവു നേടുന്നതെന്നു് ആർക്കും അനുഭവപ്പെടുന്നതാകുന്നു. ഒരു
ഭാഷയിലുള്ള ഓരോ വാക്കും ഓരോ ആശയത്തെ ഉൾക്കൊണ്ടിരിക്കും.
സൂക്ഷ്മമായി വീക്ഷിച്ചാൽ മറെറാരു വാക്കിൽ ആ ആശയത്തെ
അനുസന്ധാനം ചെയ്യുവാൻ സാധ്യമേ അല്ലെന്നു ബോദ്ധ്യപ്പെടും.
ആശയപ്രകടനത്തിൽ വായ്മൊഴിയിലുള്ള സൗകര്യം വരമൊഴിയിലു
ള്ളതിനെ എത്രയോ അതിശയിച്ചിരിക്കുന്നു. ഗ്രന്ഥഭാഷയിൽ വളരെ
കുറച്ചു് ആശയങ്ങൾ മാത്രമേ പ്രകടിപ്പിക്കുവാൻ കഴിയൂ. ഉച്ചാര
ഭേദംകൊണ്ടു് ഏതു വാക്കിന്റെയും അർത്ഥം പല വിധത്തിൽ മാറി
പ്പോകുന്നുണ്ടല്ലോ! നീണ്ട നീണ്ട വാക്യങ്ങളോ, കൃത്രിമ
ങ്ങളായ പദപ്രയോഗങ്ങളോ പാടെ നിരാകരിക്കപ്പെട്ടു് ആശയ
ത്തിന്റെ ഗതിയോടിണങ്ങി, വക്താവിനാൽ ഉദ്ദിഷ്ടമായ ഫലത്തെ
സംപൂർണ്ണമായും സാധിക്കത്തക്കവണ്ണം പ്രസരിക്കുന്ന വാഗ്ധോരണി
യാൽ സമൃദ്ധമായ വായ്മൊഴി, ഭാഷാവിഷയകമായ പഠനത്തിൽ
സർവ്വഥാ മുന്നണിയിൽ നിൽക്കുന്നുവെന്നു് എത്രതന്നെ പറഞ്ഞാലും
കൂടിപ്പോകുന്നതല്ല.

ഭാഷയുടെ ശരീരം അർത്ഥമുള്ള ശബ്ദങ്ങളാകുന്നു. ശബ്ദങ്ങളുടെ
ഉത്പത്തിയെപ്പററി ശാസ്ത്രജ്ഞന്മാർക്കു് വളരെ അധികം പറയുവാ
നുണ്ടു്. എന്നാൽ, വാക്കുകൾക്കു് നൈസർഗ്ഗികമായി സംഭവി
ക്കുന്ന രൂപവിപരിണാമങ്ങളും അർത്ഥവിഷയകമായുള്ള ഭാവവികാ

സങ്ങളും നിരീക്ഷണം ചെയ്യുന്നതുപോലെ ഭാഷാശാസ്ത്രത്തിൽ ഗാഢമായ പ്രവേശം സിദ്ധിയ്ക്കാത്തവർക്കു് മറെറാന്നും രസകരമാകുന്നതല്ല. അങ്ങനെയുള്ള നിരീക്ഷണത്തിന്നു് വായ്മൊഴിതന്നെയാണു ഏകാവലംബം എന്നുള്ളതിനാൽ ഈ പ്രബന്ധത്തിൽ ചുവടേ ചെയ്യുന്ന, ചർച്ച മുഴുവൻ വായ്മൊഴിയെ ആധാരമാക്കിയായിരിക്കുമെന്നും പ്രസ്താവിച്ചു കൊള്ളട്ടെ. ഒരു ഭാഷയിലെ പദങ്ങളെ 'സ്വകീയം, പരകീയം' —എന്നു രണ്ടായി വിഭജിക്കാവുന്നതാണു്. ഏകഗോത്രജാതങ്ങളെന്നു് നിഷ്കൃഷ്ടപരീക്ഷണങ്ങളാൽ നിർണ്ണയിയ്ക്കപ്പെടാവുന്ന ഭാഷകളിൽ പൊതുവായുള്ളതെന്നു് ഉത്തമലക്ഷ്യങ്ങളാൽ ഊഹിയ്ക്കപ്പെടാവുന്ന വാക്കുകളാണു് 'സ്വകീയം' എന്നുള്ള ഇനത്തിൽ ഉൾപ്പെടുന്നതു്. ഭിന്നഗോത്രജങ്ങളായ ഭാഷകളിൽനിന്നു പല കാരണങ്ങളാലും കടന്നുകൂടുന്ന പദജാതമത്രേ 'പരകീയം'. സ്വകീയമാകട്ടെ, പരകീയമാകട്ടെ പ്രയോഗിക്കപ്പെടുന്ന ഭാഷയുടെ സ്വഭാവമനുസരിച്ചു് രൂപത്തിലും അർത്ഥത്തിലും ഭേദം കണ്ടുകൊള്ളാതെ ഇരിക്കുന്നതല്ല. പക്ഷേ രണ്ടും ഭിന്നരീതിയിലായിരുന്നേയ്ക്കാം. അതിനും പുറമേ, ലോകത്തിലെ സർവഭാഷകൾക്കും പൊതുവായിത്തന്നെ, അതായതു് മനുഷ്യപ്രയത്നാപുരസ്കൃതമായ തത്വത്തെ ആധാരമാക്കി, സംഭവിയ്ക്കുന്ന ശബ്ദവിപരിണാമങ്ങളും ശ്രുഥയങ്ങളുമായിട്ടുണ്ടു്. ശബ്ദങ്ങൾ രൂപഭേദം കണ്ടുകൊള്ളുന്നതിലുമല്ല, അർത്ഥത്തിൽ അദ്ഭുതാവഹമായ മാററം പ്രാപിയ്ക്കുന്നതിലാണു് പലപ്പോഴും പരിച്ഛേദിക്കുവാൻ വഹിയാത്ത മാനസിക പ്രവൎത്തനം പ്രത്യക്ഷമാകുന്നതെന്നും നാം അറിഞ്ഞിരിക്കേണ്ടതത്രേ.

ഏതൊരു ഭാഷയും പരിഷ്കൃതമെന്നോ അപരിഷ്കൃതമെന്നോ ഉള്ള പരിഗണനയെ അപേക്ഷിയ്ക്കാതെ എല്ലാ ഭാഷകൾക്കുമുള്ള സഹജസ്വഭാവങ്ങളെ ഏറിയകൂറും ഭരിക്കുന്നതാണു്. കാലാവസ്ഥയുടെയും ദേശാവസ്ഥയുടെയും വൈജാത്യത്താലെന്നതന്നെയല്ല, വിഭിന്നവർഗ്ഗ്യരായ ജനങ്ങളുടെ മനോഗതിക്കുള്ള വൈചിത്ര്യത്താലും സമാനഗോത്രജങ്ങളായ ഭാഷകളിൽതന്നെ ചില സാമാന്യസ്വഭാവങ്ങൾക്കു് വ്യതിയാനം സംഭവിച്ചു് ചില അസാധാരണ സ്വഭാവ

ങ്ങൾ വന്നുചേരുന്നതാണു് ഒരു ഭാഷയുടെ 'വാസന' എന്നു് നിർദ്ദേശിക്കാം. ദ്രാവിഡഗോത്രത്തിൽ തെലുങ്കു്, കർണ്ണാടകം, തുളു, തമിഴ്, മലയാളം എന്നീ പ്രധാനഭൂതങ്ങളായ അഞ്ചു ഭാഷകളിലും ഒരേ ശബ്ദംതന്നെ അതാതു ഭാഷയിലെ വാസനയ്ക്കനുരൂപമായി പല രൂപങ്ങളിൽ പരിണമിച്ചിരിക്കുന്നതു നോക്കുക.

| മലയാളം | തമിഴ് | കർണ്ണാടകം | തുളു | തെലുങ്കു് |
|---|---|---|---|---|
| കണ്ടു് | കണ്ട | ഗുണ്ഡി | ഗുണ്ഡി | ഗുംഡമു |
| കീറുക | കീറു- | ഗീറു- | ഗീറു- | ഗീരു |
| കൊണ്ടൻ 'big' | കണ്ടൻ 'husband' | ഗണ്ഡു 'largeness' | ഗണ്ഡു 'large' | ഗണ്ഡു 'strength' |
| കിണ്ടി | കെണ്ടി | ഗിണ്ഡി | ഗിണ്ഡി | ഗിണ്ഡി |
| തുരുമ്പു് | തുരുമ്പു | ദുംബു 'dust' | Nil | ദുംബു 'dust' |
| തട്ടു് | തട്ടു | ദഡ്ഡു | ദഡ്ഡു | ദഡ്ഡു |
| തിണ്ണ | തിണ്ണൈ | ദിന്നെ | ദിന്നെ. | ദിന്നെ |
| പാന | പാനൈ | ബാന | ബാണ | ബാന |

കർണ്ണാടകത്തിലും തെലുങ്കിലും തുളുവിലും പദാരംഭത്തിൽ ഉള്ള ഗ, ദ, ബ, എന്നിവയ്ക്കെതിരായി തമിഴിലും മലയാളത്തിലും ക, ത, പ, എന്നീ വർണ്ണങ്ങളാണല്ലോ കാണുന്നതു്. മൂലദ്രാവിഡഭാഷയിൽ ഉണ്ടായിരുന്ന ശബ്ദങ്ങൾ തമിഴിലും മലയാളത്തിലും ഒരുകാലത്തുതന്നെ അഘോഷങ്ങളായി ഉച്ചരിക്കപ്പെടുവാൻ ഇടയായിത്തീർന്നിരിക്കണം. അതോടുകൂടി കചടതപങ്ങൾ മാത്രമേ മുൻപു് ഉണ്ടായിരുന്നുള്ളുവെന്നും കർണ്ണാടകത്തിലും മററും ഗജഡദബങ്ങൾ പില്ക്കാലത്താണു് ഉണ്ടായിട്ടുള്ളതെന്നും വിചാരിക്കപ്പെടാവുന്നതല്ലെന്നും നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. മററു പലതിലുമെന്നപോലെ ശബ്ദപരിണാമത്തിലും, മനുഷ്യൻ പ്രയത്നലാഘവത്തെയല്ലാതെ, പ്രയത്നഗൗരവത്തെ സമ്പാദിക്കുകയെന്നുള്ളതു് സ്വാഭാവികമേ അല്ല. ഗജഡദബങ്ങൾ അവയുടെ ഉച്ചാരണത്താൽ ഇതരാപേക്ഷയാ ഗുരുപ്രയത്നങ്ങളാണെന്നു് മനസ്സിലാക്കുവാൻ വിഷമമില്ലല്ലോ!

പദാരംഭത്തിലുള്ള ഘോഷങ്ങൾ അഘോഷങ്ങളായി മാറുന്ന നയം ഇതരഗോത്രങ്ങളിൽനിന്നു മലയാളത്തിലേയ്ക്കു് സ്വീകരിക്കപ്പെട്ടിട്ടുള്ള ശബ്ദങ്ങളിലും ധാരാളം കാണാവുന്നതാണു്.

---

N. B. ഗ, ജ, ഡ, ദ, ബ ഈ സ്പർശവ്യഞ്ജനങ്ങൾക്കു് മൃദു എന്നുള്ള സംജ്ഞ കേരളപാണിനി നല്കിക്കാണുന്നു. എന്നാൽ ഘോഷതന്ത്രികൾ (vocal chords) എന്നു് പാശ്ചാത്യഭാഷാതത്വശാസ്ത്രജ്ഞന്മാർ വ്യവസ്ഥാപിച്ചിട്ടുള്ള അവയവങ്ങളുടെ ചലനവും അനുരണനവും പ്രസ്തുത വ്യഞ്ജനങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ അവയെക്കൂടി ഘോഷങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയാണു് ശാസ്ത്രീയമായിട്ടുള്ളതു്. ജകാരാദിയായ വാക്കുകൾ ദ്രാവിഡഗോത്രത്തിൽനിന്നു മലയാളത്തിൽ ഏർപ്പെട്ടു കാണുന്നില്ല. ഡകാരാദിയായ ശബ്ദങ്ങൾ ദ്രാവിഡഗോത്രത്തിൽപെട്ട ഭാഷകളിൽ ഒന്നിലുംതന്നെ കാണുന്നതല്ലെന്നും മനസ്സിലാക്കിയിരിക്കേണ്ടതാണു്.

| ഇതരഗോത്രഭാഷകളിലെ പദങ്ങൾ | മലയാളം |
|---|---|
| ക്രൂര–(സംസ്കൃതം) | കുറ cf. കുറത്തക്കോട്ട് |
| ജട–(സംസ്കൃതം) | ചെട cf. ചെഞ്ചെട |
| ദാന–(സംസ്കൃതം) | താനം cf. പട്ടത്താനം |
| ദായ–(സംസ്കൃതം) | തായ cf. മരുമക്കത്തായം |
| ബംഭര–(സംസ്കൃതം) 'bee' | പമ്പരം |
| ദവ്വീ–(പ്രാകൃതം) | തവി |
| ദോണി–(പ്രാകൃതം) | തോണി |
| ബന്ധയ–(പ്രാകൃതം) | പന്തയം, പന്തായം |
| ദുപട്ടാ–(ഹിന്ദി) | തുപ്പട്ടാ |
| ദുഭാസിയാ–(ഹിന്ദി) | തുപ്പായി |

പിൽക്കാലത്ത് ആര്യഭാഷകളുടെ അക്രമത്താൽ മലയാളത്തിലെ ശബ്ദങ്ങൾക്ക് മുൻപില്ലാതിരുന്ന പല വിശേഷങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതും വക്തവ്യമത്രേ. അതാണ് ആധുനികമലയാളത്തിൽ പരകീയശബ്ദങ്ങളിൽ തത്സമങ്ങളും കൂടി ഉൾപ്പെട്ടിരിക്കുന്നതു്. എന്നാലും വായ്മൊഴിയിൽ തത്സമശബ്ദങ്ങൾ വളരെ ചുരുക്കമായേ സ്ഥാനം കയ്ക്കലാക്കിയിട്ടുള്ളു എന്നുള്ളതു് വായ്മൊഴിയുടെ അകൃത്രിമത്വത്തെ ഒന്നു കൂടി സ്പഷ്ടമാക്കുന്നുണ്ട്.

ശബ്ദവിപരിണാമം വേറെ ചില രീതികളിൽ സംഭവിക്കുന്നതു് നമ്മുടെ ശ്രദ്ധയിൽ പെടേണ്ടതായിരിക്കുന്നു. 'സംസർഗ്ഗജാ ദോഷഗുണാ ഭവന്തി' എന്നുള്ള ലോകന്യായത്തിന്റെ പ്രസക്തിക്കു് വിവിധപ്രദേശങ്ങളിലെ മനുഷ്യരുടെ ശബ്ദോച്ചാരണവിഷയങ്ങളായ ദോഷങ്ങളുടെ അന്യോന്യസമ്മേളനത്താൽ ഉണ്ടാകുന്ന പല ദോഷങ്ങളുടെ പ്രാപ്തിയും ഉദാഹാര്യമാണ്.

ഒരു വർണ്ണത്തിനു് സ്ഥാനവ്യതിയാനം, മുൻപേ പോയതിനോടൊത്തു പോകാനുള്ള എളുപ്പംകൊണ്ടോ, പിൻപിലായി അടുത്തുതന്നെ വന്നു് കൂട്ടുകൂടുന്നതിനു വഴങ്ങി നിൽക്കാനുള്ള സന്നദ്ധതകൊണ്ടോ, സംഭവിക്കാവുന്നതാണു്. ചീര, ചെമ്പകം, പുറകെ, എല, ഒലയ്ക്ക—എന്നിങ്ങനെ യഥാക്രമം കീര, ചമ്പകം, പിറകെ, ഇല, ഉലയ്ക്ക എന്നിവയുടെ സ്ഥാനങ്ങളിൽ വന്നിരിക്കുന്നതു കാണുക! കീരയിൽ കണ്ഠ്യമായ കകാരം പിൻപിലുള്ള താലവ്യസ്വരത്തിന്റെ സമ്പർക്കത്താൽ താലവ്യമായ ചകാരമായിത്തീർന്ന ഒരു രൂപംകൂടി തമിഴരുടെ സമ്പർക്കം കുറഞ്ഞ മലയാളനാടുകളിൽ നടപ്പിൽവന്നു. ചെമ്പകത്തിൽ അതിദേശിച്ച എകാരം അതിനു മുൻപിലുള്ള താലുസ്ഥാനികമായ വ്യഞ്ജനത്തിന്റെ സന്നികർഷംകൊണ്ടത്രേ. ഇടയ്ക്കു് ഒരൊററ വ്യഞ്ജനത്തിന്റെ മറവുണ്ടായിരുന്നാലും, അനന്തരമായ അക്ഷരത്തിൽ അകാരം വരുമെന്നുള്ളിടത്തു്, ഇകാരം എകാരമായും ഉകാരം ഒകാരമായും. പരിണമിയ്ക്കാവുന്നതാണെന്നു്, 'എല, ഒലയ്ക്ക, തെര, കൊടി, ഇത്യാദിരൂപങ്ങൾ ലക്ഷ്യങ്ങളാകുന്നു. സ്വരങ്ങളിൽ അകാരം വിവൃതവും ഇകാരോകാരങ്ങൾ അതിനെ അപേക്ഷിച്ചു് സംവൃതങ്ങളും, എകാരവും ഒകാരവും ഇകാരത്തെക്കാളും ഒകാരത്തെക്കാളും വിവൃതങ്ങളും, അവയോടു് സമസ്ഥാനികങ്ങളും ആകുന്നുവെന്നു് ആധുനികഭാഷാശാസ്ത്രജ്ഞന്മാർ വ്യവസ്ഥാപിച്ചിട്ടുള്ളതു് ഈ പ്രകൃതത്തിൽ സ്മരണീയമാണു്. പിറകേ, പിണ്ണാക്കു്—എന്നിവയ്ക്കു് പുറകെ, പുണ്ണാക്കു് എന്നുള്ള ഉച്ചാരണം സ്വരത്തിനു് പൂർവ്വവ്യഞ്ജനത്തോടു് സംബന്ധമായി വിപരിണാമം ഏർപ്പെടാവുന്നതാണെന്നും തെളിയിക്കുന്നു.

മററു ഭാഷകളിൽനിന്നും ശബ്ദങ്ങളെ സ്വീകരിയ്ക്കുമ്പോൾ ഏതെങ്കിലും വർണ്ണത്തിനു് രൂപവിപരിണാമം വരുന്നതു് ഏറിയകൂറും സ്വകീയശബ്ദങ്ങളിലുള്ള വർണ്ണങ്ങളിൽ സ്ഥാനംകൊണ്ടും പ്രയത്നംകൊണ്ടും കഴിയുന്നിടത്തോളം ഉള്ള തുല്യതയെ ആശ്രയിച്ചിട്ടാണെന്നുള്ളതു് എപ്പോഴും ധരിച്ചിരിക്കേണ്ടതാണു്.

| | |
|---|---|
| സന്തോഷ–(സംസ്കൃതം) | തന്തോഴം (colloquial) |
| സമിധാ (സംസ്കൃതം) | ചമത |
| സാവിത്രീ (സംസ്കൃതം) | താത്രി (സംജ്ഞാനാമം) |
| സൂചി–(സംസ്കൃതം) | തുശി |
| സംധാ (സംസ്കൃതം) | ചന്ത |
| സ്വല–(പ്രാകൃതം) | ചവളം 'lance' |
| സംഘാടാ–(പാലി) | ചങ്ങാടം |

സ്ഥാനസാമ്യത്തെ
ഇവയിൽ ഇതരഭാഷാസ്ഥമായ സകാരം
പുരസ്കരിച്ച് തകാരമായും പ്രയത്നസാമ്യത്തെ പ്രമാണമാക്കി ചകാ
രമായും ഉച്ചരിക്കപ്പെട്ടാണ് നമ്മുടെ ഭാഷയിൽ സംക്രമിച്ചിട്ടുള്ള
തെന്നു, കാണാവുന്നതാകുന്നു. ഇതിനു കാരണം മലയാളത്തിൽ
സകാരം ഇല്ലാത്തതുതന്നെ. സകാരത്തിന് തകാരം തുല്യസ്ഥാനിക
മായിരിക്കുന്നതുപോലെ, കുറേനേരം നീണ്ടുനിൽക്കുന്ന ഉരസ്സിൽ
കൊണ്ടുള്ള ധ്വനി എന്ന നിലയ്ക്ക്, സകാരത്തോടു വർഗവ്യഞ്ജന
ങ്ങളിൽ ചകാരം ഏത്രയും കൂടുതൽ സാദൃശ്യം വഹിക്കുന്നുവെന്ന്
സ്വയം ഉച്ചരിച്ചുനോക്കി ആർക്കും നിർണ്ണയിക്കാവുന്നതാണ്.

ഒന്നുപോലെ രണ്ടെണ്ണം വരുമ്പോൾ, ഒന്നിനെ രൂപം മാററി
ഉപയോഗിക്കുകയോ, വിശേഷിച്ച് ഉപയോഗമില്ലെങ്കിൽ തള്ളിക്കള
യുകയോ ചെയ്യുക ലോകസാധാരണമാണല്ലോ! മനുഷ്യപ്രയത്ന
മായ ഭാഷയിലും ഈ സാധാരണ തത്വത്തിന് അവിദിതമായിട്ടാ
ണെങ്കിലും പ്രവേശം സിദ്ധിച്ചിട്ടുണ്ട്. പിപ്പലി–തിപ്പലി; മണ്ണെട്ടി
(മൺവെട്ടി) നമ്മെട്ടി; അമ്മാമൻ അമ്മാവൻ; മുമ്പേ–നമ്പേ—മുമ്പ

ഷായവ വർണ്ണത്തിന്റെ വൈചിത്ര്യപ്രാപ്തിയും. പൂരുരുട്ടാതി പൂരുട്ടാതി; (സംസ്കൃതം) അംബാമാമ—അമ്മാമാമൻ, അമ്മാമൻ; 'സംസ്കൃതം' ഉത്തരാഷാഢ—ഉത്തരാടാടം.a ഉത്തരാടം; കപ്പപ്പാട്—കപ്പാട്*—മുതലായവ സദൃശാകാരമായ വർണ്ണത്തിന്റെ അന്തർദ്ധാനത്തിനും ദൃഷ്ടാന്തങ്ങളത്രേ.

ആന്തരപ്രചോദനത്തിന്റെയും അവയവപ്രവർത്തനത്തിന്റെയും ഫലമായി മാത്രം അഭിവൃദ്ധിപ്പെട്ടുവന്നിട്ടുള്ള മനുഷ്യപ്രയത്നത്തിന്റെ സർവ്വോത്തമമായ വിലാസരംഗമാണു് ഓരോ ജീവദ്ഭാഷയും. ഭാഷാസാമ്രാജ്യത്തിലെ പ്രജയായ ഓരോ വാക്കും സമുദായത്തിന്റെ താല്പര്യത്തിന്നു് ഒരിക്കലും ഭംഗം വരാത്തവണ്ണം വ്യക്തിസ്വാതന്ത്ര്യം പുലർത്തുവാൻ എപ്പോഴും ജാഗരൂകമായിരിക്കുന്നു. ഓരോ ഭാഷയുടേയും വാസനാസ്വശക്തിയെ വർദ്ധിപ്പിക്കുവാനാണെങ്കിലും ഒരിയ്ക്കലും എളുപ്പം വിട്ടു് പ്രയാസമുള്ളതിലേയ്ക്കു് വഴങ്ങിക്കൊടുക്കുന്ന രീതിയിലല്ല. സ്വകീയങ്ങളും പരകീയങ്ങളും ആയ ശബ്ദങ്ങളിൽ എല്ലാ ജീവദ്ഭാഷകളിലും അതാതിന്റെ പ്രാഭവവും പരിതസ്ഥിതിയും അനുസരിച്ചു് പല വിപരിണാമങ്ങളും സംഭവിച്ചുകൊണ്ടേ ഇരിയ്ക്കുമെന്നുള്ള വസ്തുത നാം ശ്രദ്ധിയ്ക്കുംതോറും മനസ്സിലാകുമെന്നും, വരമൊഴിയിലെ രൂപങ്ങൾ ശുദ്ധങ്ങളും വായ്മൊഴിയിലെ രൂപങ്ങൾ അശുദ്ധങ്ങളും ആണെന്നും മററുമുള്ള വാദങ്ങൾ കേവലം ബാലിശങ്ങളാണെന്നും ദിങ്മാത്രമായി ഇവിടെ പ്രദർശിപ്പിച്ച ശബ്ദവിപരിണാമങ്ങളിൽ നിന്നും സുഗ്രഹമാകുമെന്നു് കരുതുന്നു. വരമൊഴിയിൽ ഐകരൂപ്യത്തിനുവേണ്ടി പലപ്പോഴും കൃത്രിമമായി

---

a മലയാളത്തിൽ പരകീയശബ്ദങ്ങളിൽ ഷകാരം ടകാരമായി മാറിയിട്ടുള്ളതിനു് മററുദാഹരണങ്ങൾ കാണ്ക:—മേഷ—മേടം; ഋഷഭ—ഇടവം; അതിവിഷാ അതിവിടയം.

'കഷ്ടിച്ചു് കപ്പാട്ടിലും' കുഞ്ചൻനമ്പ്യാർ.

ശബ്ദവ്യത്യാസം വരുത്തി, ഉച്ചാരണം എങ്ങനെയിരുന്നാലും വിന്യസിയ്ക്കുന്നതു് സർവത്ര കാണാവുന്നതാണ്.

ഒരു പ്രകൃതിയിൽനിന്നും തന്നെ നിഷ്പദിപ്പിയ്ക്കാവുന്ന പദങ്ങൾ, ഭാഷാഭേദം കൊണ്ടു് രൂപത്തിൽ മാത്രമല്ല, അർത്ഥത്തിലും കൂടി മാററം പ്രാപിച്ചിട്ടുള്ളതും വായ്മൊഴിയിലൂടെ ആകയാൽ ആ വിഷയത്തിലും അല്പം ചിന്തിയ്ക്കേണ്ടതായിരിയ്ക്കുന്നു. ധ്വനിഭേദം ശ്രോത്രേന്ദ്രിയത്തിന്റേയും ഉച്ചാരണോപയോഗികളായ അവയവങ്ങളുടേയും സഹചരിതമായുള്ള പ്രവർത്തനപരിപാടിയുടെ ഫലമായിരിക്കുമ്പോൾ, അർത്ഥഭേദത്തിന്റെ വിശദീകരണം അപരിച്ഛേദ്യങ്ങളായ മനശ്ശാസ്ത്രനിയമങ്ങളെ സമാലോചനം ചെയ്തു് സാധിയ്ക്കേണ്ടതായിരിക്കുന്നു. ഭാഷയുടെ ഉപയോഗം ആശയവിനിമയമാകയാൽ, പദങ്ങളുടെ അർത്ഥത്തിൽ വന്നുകൂടുന്ന പരിഷ്കൃതിയെ സംബന്ധിച്ചുള്ള ചിന്ത ശാസ്ത്രജ്ഞന്റെ എന്നപോലെ തന്നെ സാധാരണന്റെയും അഭിരുചിയ്ക്കും, എത്രയും പററിയതായിരിയ്ക്കും.

പരകീയശബ്ദങ്ങളിലാണു് ആപേക്ഷികമായി അർത്ഥവിപരിണാമം കൂടുതൽ സ്ഥാനം പിടിച്ചുകാണുന്നതു്. മലയാളത്തിൽ 'ജവുളി' എന്നു് ഒരു ശബ്ദമുണ്ടല്ലോ. അതിന്റെ അർത്ഥം നാം മനസ്സിലാക്കിയിരിക്കുന്നതു്, 'തുണിച്ചരക്കു്' എന്നാകുന്നു. 'ജവുളി' എന്ന ശബ്ദം പ്രാകൃതത്തിലെ 'ജമല' എന്ന ശബ്ദത്തിൽനിന്നും സംഭാവ്യമായ ധ്വനിഭേദത്തോടുകൂടി, ആദാനം ചെയ്യപ്പെട്ടിട്ടുള്ളതത്രേ. പ്രാകൃതത്തിലെ 'ജമല'യ്ക്കു് സംസ്കൃതരൂപം 'യമല' എന്നാണെന്നുള്ളതിനും സംശയമില്ല. 'ഇരട്ട' എന്നുള്ള അർത്ഥത്തിൽ സംസ്കൃതത്തിലും പ്രകൃതത്തിലും പ്രയുക്തമായിരുന്ന വാക്കു് 'ഇരട്ടമുണ്ടു്' എന്നും കാലക്രമത്തിൽ 'തുണിച്ചരക്കു്' എന്നും അർത്ഥമുള്ളതായിത്തീർന്നു. ഇതേ ശബ്ദത്തിനുതന്നെ ഇരട്ടയെന്നുള്ള അർത്ഥം മറെറാരു ദശയിൽ വേറൊരു രൂപത്തിൽ ഉണ്ടായിരുന്നുവെന്നുള്ളതിനു് ഉത്തമലക്ഷ്യമായി 'ചുള്ളിക്കമ്പിതു് ചെവലക്കാമ്' എന്നൊരു കടംകഥയുള്ളതു് ഈ പ്രകൃതത്തിൽ പ്രസ്താവ്യ

മാത്രം. അതിൽ കാണുന്ന 'ചെവല' എന്ന പദം ഇരട്ട എന്നുള്ള അർത്ഥമാണു് കുറിക്കുന്നതെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ചുവന്ന കാള എന്നുള്ള അർത്ഥമാണു് പ്രസ്തുതമായ കടംകഥയിലെ ചെവലക്കാളയ്ക്കുള്ളതെന്നു് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അതു് ശബ്ദത്തിലാകട്ടെ, അർത്ഥത്തിലാകട്ടെ, സമുചിതമായ ദൃഷ്ടി പതിപ്പിക്കാത്തതുകൊണ്ടുമായിരിക്കുകയേയുള്ളൂ. ഒരു ഞെട്ടിൽ അതിലും എത്രയോ വലിപ്പമുള്ള രണ്ടു ഫലങ്ങൾ തൂങ്ങിനിൽക്കുന്നതു കണ്ടാൽ, ഭാഷയിലെ ശതഗുണങ്ങളായ പാശ്ശതങ്ങളായ കടംകഥകൾക്കു് പ്രേരകമായിത്തീർന്ന മനുഷ്യന്റെ ചിത്തവൃത്തികൾക്കനുഗുണമായി ദൌർബല്യവും നിസ്സാരതയും ഉള്ളതാണു് ആ ഞെട്ടു് എന്നു വ്യക്തമാക്കുമാറു് ചുള്ളിക്കമ്പെന്നും, എന്നാൽ ഒരു നുകത്തിൽ പൂട്ടപ്പെട്ട ഒരു ജോടി കാളകൾ ആ അല്പമായ ആധാരത്തെ ആലംബിച്ചു് സ്ഥിതിചെയ്യുന്നുവെന്നും ഉള്ള സാരസാർത്ഥത്തിന്റെ പ്രതിപാദകമായ 'ചുള്ളിക്കമ്പിൽ ചെവലക്കാള' എന്നുള്ള ഒരു പ്രയോഗം പുറപ്പെട്ടിരിക്കാം. കടംകഥകൾ വായ്മൊഴിയുടെ അതിപ്രാചീനമായ രൂപങ്ങളെക്കൂടെ എല്ലാക്കാലത്തേക്കും സുരക്ഷിതമായിവെച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള വാസ്തവവും ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

സംസ്കൃതത്തിൽ 'കക്ഷപട' എന്നുള്ള ശബ്ദമാണു് മലയാളത്തിലെ കച്ചവടം എന്നു് തിരിച്ചറിഞ്ഞിട്ടുള്ളവർ ചുരുങ്ങും. നഗ്നത മറയ്ക്കുവാനുള്ള എന്നുള്ള അർത്ഥത്തെ സംസ്കൃതത്തിൽ നിർദ്ദേശിച്ചിരുന്ന വാക്കു് മലയാളത്തിലേക്കു വന്നപ്പോൾ ആദ്യം തുണിച്ചരക്കു വില്പനയുടെ വാചകമായും ക്രമേണ വാണിജ്യം—അതായതു് ഏതുതരം സാമാനത്തിന്റെയും വില്പന—എന്നുള്ള തൊഴിൽ എന്ന

അർത്ഥത്തിൽ നിയമിതമായും തീർന്നു. 'അംബഷ്ഠ' എന്ന പദത്തിന്റെ സംസ്കൃതത്തിലുള്ള അർത്ഥം, അതിൽനിന്നും മലയാളത്തിൽ സംക്രമിച്ച 'അമ്പട്ടൻ' എന്ന പദത്തിന് ഏറ്റെനോട്ടത്തിൽ കാണുന്നതല്ല. ബ്രാഹ്മണന് വൈശ്യജാതിയിൽപ്പെട്ട സ്ത്രീയിൽ ജനിച്ചവരും വൈദ്യവൃത്തി ആചരിച്ചുപോന്നവരും ആയ ഒരു സമുദായക്കാരുടെ പേരത്രെ സംസ്കൃതത്തിലെ അംബഷ്ഠ ശബ്ദം. മലയാളത്തിലെ ക്ഷുരകന്മാർ വൈദ്യവിദ്യയിൽ കൃതപരിചയരായിരുന്നുവെന്നുള്ളതിന് അവരുടെ നാമത്തിന് ഉപപദമായി വൈദ്യശബ്ദം ചേർക്കാറുള്ളത് ഒരു തെളിവാകുന്നു. ഏതായാലും അംബഷ്ഠ, അമ്പട്ടൻ, എന്നീ ശബ്ദങ്ങളിൽ വ്യാപരിച്ച അർത്ഥവിപരിണാമം സമുദായവാചികങ്ങളായ പദങ്ങളുടെ വിഷയത്തിലുള്ള ഗതിവിശേഷങ്ങളെ ഉദാഹരിക്കുവാൻ ഏറെക്കുറെ പര്യാപ്തമത്രേ. സംഭാഷണ ഭാഷയിൽ സ്ഥാനം പിടിച്ചിട്ടുള്ള തത്സമശബ്ദങ്ങൾക്ക് അർത്ഥസംബന്ധമായി ബഹുവിധങ്ങളായ വിപരിണാമങ്ങൾ ദ്രുതതരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. ഗ്രന്ഥഭാഷയിൽമാത്രം വരുന്ന തത്സമശബ്ദങ്ങൾക്കാകട്ടെ, അവയ്ക്ക് മൂലഭാഷയിലുണ്ടായിരുന്ന അർത്ഥത്തിൽനിന്നും ഗണ്യമായ ഭേദം പ്രസഞ്ജിക്കുന്ന വിഷയത്തിൽ പ്രത്യാകർഷണം ഒരു കാലത്തും നിരാകൃതമാകുന്നതല്ല. വായ്മൊഴിയിൽ തത്സമശബ്ദങ്ങൾക്ക് പ്രകടമായ അർത്ഥഭേദം വന്നിട്ടുള്ളതിന് ചില ഉദാഹരണങ്ങൾകൂടെ ഇവിടെ ചേർത്തുകൊള്ളുന്നു.

---

ambastha—'the offspring of a man of the Brahman and a woman of the Vaisya Caste.' See, Monier—Williams.

| സംസ്കൃതം | മലയാളം |
|---|---|
| അവധി—'അതിർത്തി അററം' | അവധി—'ഒഴിവു്' |
| അവകാശ—'ഇട, തക്കം' | അവകാശം—'ഉടമ' |
| സംസാര—'ജനനമരണാവൃത്തി' | സംസാരം—'സംഭാഷണം' |
| ഭംഗി—'വസ്ത്രധാരണരീതി, മോടി' | ഭംഗി—'സൌന്ദര്യം ചന്തം' |
| യജമാന—'യാഗം നടത്തിയ്ക്കുന്നവൻ' | യജമാനൻ—'സ്വാമി' |
| കഷണ—'ഉരസ്സൽ, മാന്തൽ' | കഷണം—'തുണ്ടു്' |
| ഫലിത—'ഫലിച്ചതു്' | ഫലിതം—'നേരംപോക്കായ വാക്കു്' |

ഇതുപോലെ അർത്ഥവിപരിണാമപ്രകാരങ്ങളെ വിവരിച്ചു തുടങ്ങിയാൽ അവസാനമില്ല. അർത്ഥത്തിനു് ഹ്രാസമോ, വികാസമോ വന്നു് ജീവദ്ഭാഷകളിൽ വായ്മൊഴിയിലൂടെ ഓരോ ശബ്ദ

ത്തിൻേറയും വാച്യമായ ആശയം നിയമിതമാവുകയും, അടിയ്ക്കടി പരിഷ്കൃതി പ്രാപിച്ചുകൊണ്ടിരിയ്ക്കുകയും സാധാരണമാണ്.

ഭാഷാതത്ത്വങ്ങളുടെ പഠനത്തിന് വായ്മൊഴിയുടെ അപേക്ഷ ഒരു പ്രകാരത്തിലും ഒഴിച്ചുകൂടാത്തതാണ്. ശബ്ദവിപരിണാമങ്ങളുടേയും അർത്ഥവിപരിണാമങ്ങളുടേയും സ്വരൂപം മാത്രമേ ഈ ഉപന്യാസത്തിൽ വിചിന്തനം ചെയ്തിട്ടുള്ളൂ. പദങ്ങൾക്ക് വാക്യത്തിൽ പൌർവ്വാപര്യം വരുന്നതിനു ഗമകങ്ങളായ പല തത്ത്വങ്ങളും നാം അറിയാതെതന്നെ വായ്മൊഴിയിൽ വശമാക്കി വെച്ചിട്ടുണ്ട്. നാം എങ്ങനെ വിചാരിയ്ക്കുന്നുവോ എതിരാളി ഏതൊരു വിധത്തിൽ ധരിയ്ക്കണമോ, അതിനു രണ്ടിനും യോജിച്ചവണ്ണമാണ് വായ്മൊഴിയിലെ വാക്പ്രവൃത്തിയും ഉച്ചാരണവിധവും. ഇക്കാര്യത്തിൽ വരമൊഴി ഏതൊരു കാലത്തും വളരെ പിന്നോക്കം ആയിരിയ്ക്കുകയേയുള്ളൂ. മലയാളത്തിലെ വാക്യങ്ങളിൽ കർത്താവ്, കർമ്മം, ക്രിയ ഇവയ്ക്ക് ആനുപൂർവി ഉണ്ടായിരിയ്ക്കണമെന്ന് ചിലർ ധരിച്ചുവെച്ചിട്ടുണ്ട്. വക്താവിൻേറയോ പ്രതിപത്താവിൻേറയോ സ്വാതന്ത്ര്യത്തിന് ഭംഗമാകാത്തവണ്ണം അഖണ്ഡിതശാസനങ്ങൾ പുറപ്പെടുവിക്കുന്നതുകൊണ്ട് സർവ്വ വ്യവഹാരയോഗ്യമായ വായ്മൊഴിയിൽ ഒരംശംപോലും ഭേദപ്പെടുത്തുവാൻ സാധ്യമല്ല. ഇംഗ്ലീഷുഭാഷയിൽ വായ്മൊഴിയോടൊപ്പം തന്നെ വരമൊഴിയിലെ വാക്യത്തിലുള്ള വാക്കുകൾക്കും സ്ഥാനകല്പനം ചെയ്യുവാനുള്ള ശ്രമം പ്രായേണ പ്രത്യക്ഷപ്പെടുന്നുണ്ട്. കർത്തരിപ്രയോഗത്തിൽ കർത്താവും കർമ്മണിപ്രയോഗത്തിൽ കർമ്മവും ഒന്നാമതായും, രണ്ടു പ്രയോഗങ്ങളിലും ക്രിയ അറ്റത്തുതന്നും കർത്തരിപ്രയോഗത്തിനു കർത്താവ് ഒടുവിലായും, വാക്യം ചോദ്യരൂപത്തിലാണെങ്കിൽ ഏതു പ്രയോഗമായിരുന്നാലും ക്രിയ ഒന്നാമതായും ആണ് വരമൊഴിയിലും സാമാന്യേന ഇംഗ്ലീഷിൽ നാം ദർശിക്കുന്നത്. മലയാളത്തിൽ സംഭാഷണരീതിയെ മിയ്ക്കവാറും ഉപേക്ഷിച്ച് കൃത്രിമമായ പല രീതികളും ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതിനാൽ ദീർഘകാലത്തെ പരിശീലനം

കൊണ്ടു് ഭാഷാജ്ഞാനം നേടിയിട്ടു വേണ്ടിയിരിക്കുന്ന ഒരു ബാലനു് ഗ്രന്ഥത്തിൽ പ്രതിപാദിതമായിട്ടുള്ള തത്ത്വങ്ങളെ ഗ്രഹിക്കുവാൻ. എത്ര മഹത്തായ തത്ത്വവും വായ്മൊഴിയിൽനിന്നു ഗ്രഹിക്കുവാൻ ഒരു കുട്ടിയ്ക്കു് കഴിയും. എന്നാൽ ചെറിയൊരു തത്ത്വം പോലും വരമൊഴിയിൽ പ്രദർശിതമാകുമ്പോൾ മലയാളത്തിൽ പരിനിഷ്ഠിതമായ ഭാഷാജ്ഞാനം, അതായതു് ജ്ഞാനപ്രതിബന്ധകങ്ങളായി നാം കല്പിച്ചുവച്ചിട്ടുള്ള രീതികളോടു ഗാഢപരിചയം, ഇല്ലെങ്കിൽ ദുർഗ്രാഹ്യമായിത്തീർന്നുപോകുന്നു.

യഥാർത്ഥമായി ജീവിയ്ക്കുന്ന ഭാഷ വായ്മൊഴിയിലൂടെ ശബ്ദത്തിലും അർത്ഥത്തിലും പ്രയോഗത്തിലും പടിപടിയായി പരിണാമങ്ങൾ പ്രാപിച്ചുവരുന്നതാണു്. മിയ്ക്കവാറും മൃതഭാഷയെപ്പോലെ വൈയാകരണന്മാരുടെ ശാസനങ്ങൾക്കു കീഴ്പെട്ടു കഴിയുന്ന വരമൊഴിയെ മാത്രം ഉപാസിച്ചുകൊണ്ടിരുന്നാൽ നമ്മുടെ ഭാഷാസംബന്ധമായ അറിവും അതുകൊണ്ടുള്ള പ്രയോജനവും ലഭിക്കുവാനുള്ള പ്രാഗത്ഭ്യം കുറഞ്ഞുപോവുകയേ ഉള്ളു. വായ്മൊഴി പരിപൂർണ്ണ ചൈതന്യത്തിന്റെ സാക്ഷാദ്രൂപമായ പ്രത്യക്ഷീകരിയ്ക്കപ്പെടുന്ന ദിവ്യമായ ശബ്ദജ്യോതിസ്സുതന്നെയാകുന്നു!

'ഇദമന്ധം തമഃകൃത്സ്നം
ജായേത ഭുവനത്രയം
യദി ശബ്ദാഹ്വയം ജ്യോതി
രാസംസാരം ന ദീപ്യതേ.'

# കോമളകലകളുടെ ഉൽപത്തി

---

എൻ. ഗോപാലപിള്ള എം. എ.

സാഹിത്യം, സംഗീതം, ചിത്രരഞ്ജനം, വിഗ്രഹരചനം, ഹൎമ്മ്യനിൎമ്മാണം എന്നിവയാണു് പ്രധാനങ്ങളായ കോമളകലകൾ. ഈ കലകളുടെ ഉൽപത്തി, സ്വഭാവം, ലക്ഷ്യം എന്നിവയെപ്പററി ചിന്തകന്മാരുടെ ഇടയിൽ ഗണ്യമായ അഭിപ്രായവ്യത്യാസമുണ്ടു്. കലകൾ എങ്ങനെ ഉണ്ടാകുന്നു? ഉൽകൃഷ്ടമായ കലയുടെ ലക്ഷണമെന്തു്? അതിന്റെ പരമലക്ഷ്യം എന്തു്? എന്നുള്ള പ്രശ്നങ്ങൾക്കു് പലവിധത്തിലുള്ള സമാധാനങ്ങൾ പലരും നൽകിയിട്ടുണ്ടു്.

കവികൾ കവിതയെഴുതാൻ കാരണമെന്തു്? നമുക്കു നമ്മുടെ പ്രവൃത്തികളുടെ കാരണം മനസ്സിലാക്കുക അത്ര എളുപ്പമല്ലെന്നു തോന്നാം. കിളികൾ എന്തുകൊണ്ടു പാടുന്നു? എന്തെങ്കിലും കാരണംകൂടാതെ ഒരു ശബ്ദപ്രകടനം ഉണ്ടാകയില്ല. എന്താണു് ആ കാരണം? അതു് ആരായേണ്ടതാണു്. ആധുനികരായ ജീവശാസ്ത്രപണ്ഡിതന്മാരുടെ ശ്രദ്ധ അക്കാൎയ്യത്തിൽ പതിഞ്ഞിട്ടുണ്ടു്. ഗാനകുശലരായ പക്ഷികളുടെ പാട്ടു് ഒരു ഘോഷണയാണു്.—ഒരു വിളംബരമാണു് എന്നു് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. തേന്മാവിൻകൊമ്പിൽനിന്നു് ആൺകുയിൽ കൂവുന്നതു് "ഞാൻ പ്രഗത്ഭനായ ഒരു പുരുഷനാണു്. ഈ പ്രദേശം എന്റേതാണു്." എന്നു പരസ്യം ചെയ്വാനാണു് കുയിൽ പഞ്ചമം പാടുന്നതും മയിൽ ചാഞ്ചാടിയാടുന്നതും എല്ലാം പ്രാഥമികങ്ങളായ ചില ഏഷണങ്ങളുടെ പ്രേരണകൊണ്ടു് സ്വപ്രഭാവം ഘോഷണം ചെയ്വാനാണു്.

കാമനയുടെ പ്രചോദനം കൂടാതേയും പ്രകടമായ ഒരു ലക്ഷ്യം ഇല്ലാതേയും ചില പ്രാണികൾ വ്യാപരിക്കാറുണ്ട്. വിശ്രമത്തിനും വിനോദത്തിനുമായി മനുഷ്യർ ലീലയിൽ വ്യാപരിക്കുന്നുണ്ട്. എന്നാൽ മനുഷ്യർ ഒഴിച്ചുള്ള മററു ജീവികളിൽ ലീലാപ്രസരം വിരളമായേ കാണാനുള്ളു. ക്ഷുദ്രജന്തുക്കളുടെ കൂട്ടത്തിൽ എറുമ്പുകളും സകശേരുകങ്ങളായ (Vertebrates) ജന്തുക്കളുടെ കൂട്ടത്തിൽ പക്ഷികളും ജരായുജങ്ങളും മാത്രമേ ലീലാരസം പ്രകടിപ്പിക്കാറുള്ളു. നീന്തിക്കളിക്കുന്ന ചിലതരം മൽസ്യങ്ങളും പറന്നുകൂത്താടുന്ന പക്ഷികളും ചുമ്മാതെ മുറമുറത്തു വാലുമാട്ടി ചാടിവീണു നോവാതെ കടിക്കുന്ന നായ്ക്കുട്ടികളും, വാലും കിളത്തി ചാടിക്കുതിച്ചു തുള്ളിക്കളിക്കുന്ന പശുക്കുട്ടികളും ഏതോ പ്രകൃതിസഹജമായ വികാരത്തിന്റെ വശപ്പെട്ടു പ്രവർത്തിക്കയാണ്. ഈ നൈസർഗ്ഗികങ്ങളായ ലീലകൾക്കു വല്ല ഹേതുവുമുണ്ടോ? വല്ല ഉദ്ദേശവുമുണ്ടോ? ഹേതുവുണ്ട്. ഉദ്ദേശവുമുണ്ട്. പ്രാണികളുടെ ജീവസന്ധാരണത്തിന് ആധാരമായി അവയുടെയുള്ളിൽ പ്രവഹിക്കുന്ന ജീവശക്തിയുടെ കരകവിഞ്ഞ തിരതല്ലലാണു ലീലയുടെ നിദാനം. ഈ പരിവാഹം ഭാവിയിലെ ജീവിതായോധനത്തിൽ പ്രയോജകീഭവിക്കണമെന്നാണ് നിയതിയുടെ അന്തർവാഹിയായ ഉദ്ദേശം. സൂര്യാദിഗ്രഹങ്ങളുടേയും ബഹുകോടി നക്ഷത്രങ്ങളുടേയും ഉദയാസ്തമയങ്ങളും ചലനങ്ങളും ക്രമികമായി നിയന്ത്രിക്കുന്ന ആ മഹാശക്തിക്കു അധീനമാകാതെ ഈ വിസ്തൃതമായ പ്രപഞ്ചത്തിൽ ഒരു പുൽക്കൊടിത്തളിരിന്റെ തുമ്പുപോലും ഇളകുമെന്നു ഊഹിക്കുവാൻവയ്യ. ഗഹനവും മഹനീയവുമായ ഒരു ശക്തിയുടെ പൂർണ്ണതാഭിമുഖമായ ചലനമാണു നാം സർവത്ര ദർശിക്കുന്നതു്.

---

*The Science of Life by H. G. wells, Julian Huxley and G. P. Wells First Edition 1931 Page 739.

മനുഷ്യനിലുള്ള ജീവശക്തി ചിലപ്പോൾ കേവലം പ്രാഥമികങ്ങളായ ജന്തുധർമ്മങ്ങളുടെ നിർവഹണത്തിനായും ചിലപ്പോൾ ലീലാരൂപത്തിൽ കരകവിഞ്ഞൊഴുകിയും കലകളായി പ്രകാശിക്കുന്നുണ്ട്.

ഒരു കവിതയോ ഒരു ചിത്രമോ അസങ്കീർണ്ണവും ശുദ്ധവുമായ ഏതോ ഒരു പ്രേരണയുടെ ഫലമാണ് എന്നു പറയുന്നതു ശരിയായിരിക്കയില്ല. പ്രകൃതിയുടെ ബഹുമുഖങ്ങളായ ആകർഷണങ്ങൾക്കു വശംവദനായ മനുഷ്യന്റെ പരിവാഹിയായ അന്തശ്ശക്തി ലീലയായും കലയായും പ്രസരിക്കുന്നു. അവനെ ആകർഷിക്കുന്ന സൗന്ദര്യാംശങ്ങൾ ആവർത്തിച്ചു വീണ്ടും സൃഷ്ടിക്കുവാൻ അവൻ ഉത്സുകനാകുന്നു. അവൻ ഒരിക്കലും ഉള്ളതുകൊണ്ടു തൃപ്തനാകുന്നില്ല. അപൂർണ്ണമായതിനെ പൂർണ്ണമാക്കുവാനും ഇല്ലാത്തതിനെ ഉണ്ടാക്കുവാനും അവൻ സദാ ജാഗരൂകനാണ്. അവനെ സൗന്ദര്യം ആകർഷിക്കുന്നു. അതുകൊണ്ട് സൗന്ദര്യംകൊണ്ട് അന്യരെ ആകർഷിക്കാനും അവനിലുള്ള സൃഷ്ടിശക്തിക്കു പ്രവർത്തനം അനുവദിക്കാനും അവൻ സൗന്ദര്യം നിർമ്മിക്കാൻ യത്നിക്കുന്നു. പോരാളിയുടെ കഠാരിയുടെ പിടിയിൽ എന്തിനാണ് കുതിച്ചു ചാടുന്ന പുലിയുടെ രൂപം കൊത്തുന്നതു? കഠാരികൊണ്ടു പ്രയോജനമുണ്ട്. ഈ ചിത്രംകൊണ്ടോ? തീർച്ചയായും പ്രയോജനമുണ്ട്. അവന്റെ മനസ്സിനു ഇണങ്ങിയ ഒരു ചിത്രമാണ് അതു. അതു അന്യരേയും ആകർഷിക്കും. ആ ആത്മാകർഷണത്തിലും അന്യാകർഷണത്തിലും നിന്നു ഒരു സുഖം ജനിക്കുന്നുണ്ടു. ആ സുഖജനനമാണ് ആനന്ദപ്രാപ്തിയാണ് ആ ചിത്രരചനയുടെ ഉദ്ദേശം.

നാം ഓരോന്നു പ്രവർത്തിക്കുമ്പോഴെല്ലാം പ്രകടമായ ഒരു ഉദ്ദേശം നമ്മെ പരതന്ത്രരാക്കുന്നില്ല. സൂക്ഷ്മങ്ങളായ ചില പ്രേരണകൾക്കു വശപ്പെട്ട് ഉള്ളിൽ ഒതുങ്ങാത്ത ചില വികാരങ്ങളുടെ പ്രകടനത്തിനായി നാം വ്യാപരിക്കയാണെന്നു തോന്നും. എന്നു

വ്യക്തിപരമായോ സമുദായപരമായോ ഉള്ള നിഗൂഢോദ്ദേശം നമ്മെ അനുക്ഷണം നിയന്ത്രിക്കുന്നുണ്ടെന്ന് ഗാഢമായി പര്യാലോചിച്ചാൽ സ്പഷ്ടമാകും.

പരിവാഹികളായ വികാരങ്ങളുടെ ബഹിഃസ്ഫുരണമെല്ലാം കലയാകയില്ല. അതുകൊണ്ടാണ് കാവ്യസമ്പത്തിനെപററി പ്രസ്താവിക്കുമ്പോൾ ആചാര്യദണ്ഡി പറയുന്നത്.

"നൈസർഗികീ ച പ്രതിഭാ
ശ്രുതം ച ബഹുനിർമലം
അമന്ദശ്ചാഭിയോഗോഽസ്യാഃ
കാരണം കാവ്യസമ്പദഃ" എന്ന്.

നിസർഗിദ്ധവും പ്രതിനവോന്മേഷശാലിയുമായ പ്രജ്ഞയും വിശുദ്ധതരമായ വൈദുഷ്യവും ജാഗരൂകമായ അഭ്യാസവുമാണ് കാവ്യസമ്പത്തിനെന്നല്ല കലാസമ്പത്തിന് എല്ലാം കാരണമാകുന്നത്. പരമ്പരാർജ്ജിതവും അസുലഭവുമായ വാസനാവൈഭവമുള്ളവൻ മാത്രമേ യഥാർത്ഥത്തിൽ കലാകാരപദവി കാംക്ഷിക്കേണ്ടതുള്ളൂ. അങ്ങനെ പൂർവ്വവാസനാസമ്പന്നനായി സംസ്കാരരസികനായുള്ളവന് നിസ്തന്ദ്രമായ അഭ്യാസമുണ്ടെങ്കിൽ കലാകൗശലം കൈവരും. അല്ലാതെ ആരുടെയെങ്കിലും ഉള്ളിൽ ഒതുങ്ങാത്ത വികാരങ്ങൾ ബഹിർഗമിച്ചാൽ അതു കലാപദം അർഹിക്കയില്ല. വാസനയും വൈദുഷിയും പ്രയോഗവൈപുണിയും മധുരമായി മേളിച്ചുള്ള മനുഷ്യഹൃദയം പ്രകൃതിരംഗങ്ങളുടെ സൗന്ദര്യതരംഗങ്ങളിൽ പെട്ടിളകിയാടുമ്പോൾ പനിനീർചെമ്പകത്തിൽനിന്നും സുരഭിലസുമങ്ങൾ

ഷ്ടിശക്തിയുടെ ദൃശ്യരൂപങ്ങളാണ് കോ

ദയം? സഹൃദയനായ ഒരുവന്റെ കരൾ
ശബ്ദമോ രൂപമോ അനുഭവമോ സുന്ദര
ക്ഷ ഈ പ്രകൃതിരംഗങ്ങളുടെ മനോഹര

രിത കലകളിൽ തെളിയിച്ചു വെളിവാക്കുമ്പോൾ സഹൃദയൻ അനുഭവിക്കുന്ന സൗന്ദര്യമാണു് കലയുടെ ജീവൻ. സഹൃദയനോ? ഏതൊന്നും കേൾക്കുകയോ കാണുകയോ അനുഭവിക്കുകയോ ചെയ്യുമ്പോൾ അതിൽനിന്നു വേറൊന്നെല്ലാ നിലമറന്നു് അതിൽതന്നെ അലിഞ്ഞുചേർന്നു് അതിനോടു് ഒന്നാകുവാൻ കഴിവുള്ളവൻ, അത്രക്കു വിശുദ്ധവും വിശാലവും വിലോലവുമായ ഹൃദയമുള്ളവനാണു സഹൃദയൻ. കവിയും ഗായകനും ചിത്രകാരനും പരമാർത്ഥത്തിൽ സഹൃദയരായിരിക്കണം. ലോകരംഗങ്ങളുടെ ലാവണ്യം നുകരുന്ന കണ്ണും കരളും സഹൃദയന്റേതാണു്. സ്വഹൃദയത്തിൽ ലയിക്കുന്ന ആ ലാവണ്യസാരത്തിൽ നവ്യമായ മാധുര്യവും മനസ്സും കലർത്തി വീണ്ടും പ്രതിനവപ്രഭയോടുകൂടി പ്രകാശിപ്പിക്കുവാൻ കഴിവുള്ളവനാണു് കലാകാരൻ. അങ്ങനെയുള്ള കലാകാരന്റെ സൃഷ്ടികൾ എന്നും ലോകോത്തരങ്ങളായി നിലനിൽക്കുകയും ചെയ്യും. അല്ലാതെ അന്നന്നു മാറുന്നതോ മാറുന്നെന്നു തോന്നുന്നതോ ആയ ലോകഗതിയനുസരിച്ചു് സൗന്ദര്യവൈകൃതവിവേചനം കൂടാതെ സംസ്കാരരസികനല്ലാത്തവൻ ചമയ്ക്കുന്ന കലയുടെ കോലം ഒരിക്കലും പ്രതിഷ്ട പ്രാപിക്കയില്ല. സർവദാ നൂതനത്വം ആരാഞ്ഞു, വിരണ്ടു മണ്ടുന്ന മനുഷ്യനെ നവങ്ങളായ സംരംഭങ്ങൾ അനുനിമിഷം ആകർഷിക്കാം. എന്നാൽ സനാതനമായ സത്യത്തിന്റെ സൗന്ദര്യം തിളങ്ങാത്ത പൊള്ളയായ പുതുമ അനന്തരക്ഷണത്തിൽ തിരസ്കൃതമാകും. മാനവസംസ്കാരത്തിന്റെ അരുണോദയം മുതൽ പ്രശസ്തമായ കലാമാതൃകകളുടെ മാഹാത്മ്യനിദാനം പരിശോധിച്ചാൽ മാററമില്ലാത്ത മൗലികങ്ങളായ ചില മഹാതത്വങ്ങൾ പ്രത്യക്ഷമാകും. പുരാതനകാലം മുതൽ മനുഷ്യനെ രസിപ്പിക്കുകയും ആനന്ദിപ്പിക്കുകയും അവന്റെ ഉൽകൃഷ്ടവികാരങ്ങളെയും വിചാരങ്ങളെയും ഉജ്ജീവിപ്പിക്കുകയും ചെയ്തിട്ടുള്ള രംഗങ്ങളുണ്ടു്. സന്ദർഭങ്ങളുണ്ടു്. പറഞ്ഞു പോകുന്ന സംഭവപരമ്പരയിൽ നിന്നും ആ വിശിഷ്ടരംഗങ്ങളെ ആവാഹിച്ചു് മഹാനായ മനുഷ്യന്റെ മനോമൂഷയിലെ രസവാദത്തിനു ശേഷം രസിക സമക്ഷം പ്രദർശിപ്പിക്കുന്ന കലാഭരണങ്ങൾ എന്നെന്നേക്കും മനോഹരങ്ങളായിരിക്കും.

കലകൾ അവയുടെ കർത്താവിനും ഭോക്താവിനും ബഹുമുഖമായ പ്രയോജനം ചെയ്യുന്നുണ്ടു്. അർത്ഥം, ശ്രേയസ്സ്, യശസ്സ് ജ്ഞാനം, ആനന്ദം എന്നീ പ്രയോജനങ്ങളെല്ലാം ശ്രേഷ്ഠമായ കലയുടെ സൃഷ്ടികൊണ്ടും ആസ്വാദനംകൊണ്ടും ഉണ്ടാകുന്നതാണു്. മാകന്ദാഗ്രത്തിൽ ഇരുന്നു കൂവുന്ന കുയിൽ തൊട്ടു് രവീന്ദ്രനാഥടാഗൂർവരെയുള്ള സകല ഗായകന്മാരുടെയും യശസ്സ് അവരുടെ കലാകൗശലത്തിന്റ് അനുരൂപമാംവിധം പ്രസരിക്കുന്നുണ്ടല്ലോ. ചിത്രം കാവ്യം മുതലായ കലകളെപ്പററി പ്രകടമായ അവജ്ഞ പ്രദർശിപ്പിച്ചിരുന്ന ധനലോലുപന്മാരായ പാശ്ചാത്യവണിഗ്വരന്മാർപോലും ഈ കലകളുടെ കീർത്തിപ്രചാരണ പാടവം മനസ്സിലാക്കി സ്വതന്ത്രമായിരുന്ന കലാകാരസംഘം സാഹിത്യത്തിനു വിധേയമാക്കിയിട്ടുണ്ടു്. പറന്നു പൊങ്ങുന്ന പതയിൽനിന്നും പഞ്ചവർണ്ണം നിഴലിക്കുന്ന കുമിളകൾ കിളുർത്തി അതു് കണ്ടു രസിച്ചു കളിച്ചുകൊണ്ടിരിക്കുന്ന പൈതലിന്റെ ചിത്രം ഒരു സോപ്പിന്റെ പ്രശസ്തി ലോകമെങ്ങും പരത്തിയേക്കാം. ഇങ്ങനെ അർത്ഥം ശ്രേയസ്സ് മുതലായതെല്ലാം കലാനിഷേവണം കൊണ്ടു് സാദ്ധ്യമാകും.

നമ്മുടെ അനുഭവങ്ങൾ അന്യർക്കു വേദ്യമാക്കുകയാണു് നാം കലകളെക്കൊണ്ടു സാധിക്കുന്നതു്. സ്വാനുഭാവങ്ങളുടെ പ്രകാശമാണു് കല നിർവ്വഹിക്കുന്നതു്. എന്തിനായി നാം ഈ അനുഭവങ്ങളെ പ്രകാശിപ്പിക്കുന്നു? അന്യരുടെ ഉണർവിനും അറിവിനും വേണ്ടിയെന്നുള്ള പ്രകടമായ ഉദ്ദേശ്യമുണ്ടെങ്കിൽ അതു് ശുദ്ധമായ കലയെന്ന ഉന്നതമായ പദത്തിൽനിന്നും പതിച്ചുപോകും എന്നു് അഭിജ്ഞന്മാർ വാദിക്കുന്നു. കേവലമായ അനുഭൂതിയുടെ ഇതരാനപേക്ഷമായ പ്രകാശനമാണു് ഉൽകൃഷ്ടമായ കല എന്നു് അവർ സിദ്ധാന്തിക്കുന്നു. എന്നാൽ സകല കലകളുടെയും പരമമായ ലക്ഷ്യം നമ്മെ രസിപ്പിക്കുക, ആനന്ദിപ്പിക്കുക എന്നുള്ളതാകകൊണ്ടു് ആ ലക്ഷ്യപ്രാപ്തിയാകുന്ന ഉദ്ദേശ്യം കലാകാരനെ തെല്ലൊന്നു പരതന്ത്രനാക്കുന്നുണ്ടെന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല. എന്റെ അനുഭവം നിങ്ങളിൽ പകർത്തുകയെന്നുള്ളതാണു് എന്റെ പരമലക്ഷ്യമെങ്കിൽ രണ്ടു വസ്തുതകൾ അതിൽ അന്തർഭൂതമായുണ്ടു്. എന്റെ അനുഭവം എനിക്കു രസകരമായിരിക്കണം. അതു് അനുഭവിച്ചാൽ നിങ്ങൾക്കും രസകരമായിരിക്കും എന്നു് എനിക്കു് വിശ്വാസം വേണം. അങ്ങനെ എന്റെ അനുഭവത്തിന്റെ രസം നിങ്ങൾക്കു് ആസ്വാദ്യമാ

ക്കാനും എനിക്കുതന്നെ വീണ്ടും ആസ്വദിക്കാനും എന്റെ ശക്തി പ്രകാശിപ്പിക്കാനുമുള്ള എന്റെ ഉദ്ദേശ്യവും അഭിലാഷവും മൂർത്തിമത്താകുന്നതാണ് എന്റെ കലാരൂപം.

ഏതു് അനുഭവവും കലയ്ക്കു വിഷയമാകാം. എത്ര ദുരനുഭവമായാലും കലാരൂപമാംവണ്ണം പ്രകടിതമാകുമ്പോൾ പങ്കത്തിൽ നിന്നു പൊന്തുന്ന ചെന്താമരപോലെ മനോഹരമായിരിക്കും. പക്ഷേ തിക്തകങ്ങളിൽ നിന്നു മാധുര്യവും വൈകൃതത്തിൽനിന്നു സൌന്ദര്യവും പിഴിഞ്ഞെടുക്കുന്ന അദ്ഭുതാവഹമായ രസായനവിദ്യ കലാകൌശലത്തിന്റെ പാരകോടിയിൽമാത്രം കാണാവുന്നതാണു്. കാരിരുമ്പിനെ കനകമാക്കുന്ന രസവാദികളായ കലാകാരന്മാരുടെ മായ കണ്ടു് കണ്ണു മയങ്ങിയ പാവങ്ങൾ ചെമ്പുകാട്ടി പൊന്നെന്നു മുറവിളിച്ചാൽ അവരോടു് അനുകമ്പയേ തോന്നേണ്ടതുള്ളു.

പരമാർത്ഥത്തിൽ ഓരോന്നും അതാതിന്റെ അന്തശ്ശക്തിയുടെ പ്രേരണ അനുസരിച്ചു വികസിക്കുന്നതാകാം. വിത്തിന്റെ ഉൾക്കാമ്പിൽ സൂക്ഷ്മമായി അദൃശ്യമായി ലയിച്ചിരിക്കുന്ന ശോഭതന്നെ ആകാം നവവർണ്ണരുചിരമായ കുസുമമായും മധുരസമയമായ ഫലമായും പ്രകാശിക്കുന്നതു്. മനുഷ്യന്റെ അന്തരാത്മാവിൽ ലീനമായ സൌന്ദര്യംതന്നെ അനുകൂലമായ ഉപാധികൾകൊണ്ടു വികസ്വരമായി കലാരൂപത്തിൽ വിലസുകയാകാം. ആ അന്തരാത്മാവും ആ സൌന്ദര്യവുമെല്ലാം വിശ്വംനിറഞ്ഞു നിലകൊള്ളുന്ന സർവ്വനിയാമകമായ ഒരു ജ്യോതിസ്സിന്റെ കിരണകണങ്ങൾ ആയിരിക്കാം.

> *“ദിക്കാലാദ്യനവച്ഛിന്നാ-
> നന്തചിന്മാത്രമൂർത്തയേ
> സ്വാനുഭൂത്യേകമാനായ
> നമഃ ശാന്തായ തേജസേ.”

---

* ദേശം, കാലം മുതലായവയാൽ അവച്ഛിന്നമല്ലാത്തതും അനന്തവും ചിൽസ്വരൂപവും സ്വാനുഭൂതിമാത്രം പ്രമാണമായുള്ളതും ശാന്തവും ആയ ആ തേജസ്സിനു നമസ്കാരം.

# ദ്യൂതം

—0—

വി. കൃഷ്ണൻതമ്പി ബി. ഏ.

(ഹസ്തിനാപുരി—കൗരവസഭ)

(ധൃതരാഷ്ട്രർ, ദുര്യോധനൻ, ദുശ്ശാസനൻ കർണ്ണൻ, ഭീഷ്മർ ദ്രോണർ മുതലായവർ ഇരിക്കുന്നു. ധർമ്മപുത്രർ, ഭീമൻ, അർജ്ജുനൻ, നകുലൻ സഹദേവൻ എന്നിവർ പ്രവേശിച്ച് "താത ധർമ്മപുത്രർ വണങ്ങുന്നു." എന്നു ക്രമത്തിന് ഓരോരുത്തരും അവരവരുടെ പേരു പറഞ്ഞു വണങ്ങുകയും, "വത്സ, ചിരം ജീവ" എന്ന് ധൃതരാഷ്ട്രർ ഓരോരുത്തരേയും അനുഗ്രഹിക്കുകയും ചെയ്യുന്നു.)

ധൃത:—ഉണ്ണികളെ, നിങ്ങളെല്ലാവരും ഇരിപ്പിൻ. (ധർമ്മപുത്രാദികൾ ഇരിക്കുന്നു)

ധർമ്മപുത്രർ:—താത, അവിടുത്തെ അരുളപ്പാടനുസരിച്ച് വന്നു ഞങ്ങൾ എന്ത് ആജ്ഞയെയാണ് നിറവേറ്റേണ്ടതെന്ന് അരുളിച്ചെയ്താലും.

ധൃത;—ഉണ്ണി യുധിഷ്ഠിര, ഉണ്ണി ആരംഭിച്ച രാജസൂയയാഗം മംഗലമായി അവസാനിച്ചു എന്നു കേട്ടതിൽ നമുക്ക് അളവററ സന്തോഷം ഉണ്ട്. ദുര്യോധനനും ദുശ്ശാസനനും ഉണ്ണി നൽകിയ മഹനീയമായ ആതിഥ്യത്തിന് അവർ ഏററവും കൃതജ്ഞരാണ്.

ധർമ്മ:—എല്ലാം താതന്റെ അനുഗ്രഹം തന്നെയാണ്. (ഭീമസേനനോട്) ഭീമസേന, ഞാൻ പറഞ്ഞില്ലേ ദുര്യോധനൻ തനിക്കു പററിയ നിസ്സാരമായ സ്ഥലജലഭ്രാന്തിയെപ്പററി അപ്പോൾ തന്നെ പാടെ വിസ്മരിച്ചു കളഞ്ഞിരിക്കുമെന്ന്. ദുര്യോധനനിൽ വളരെ നന്മകളുണ്ട്.

ഭീമ;—ഉപകാരങ്ങളെപ്പററി മറന്നേയ്ക്കാമെങ്കിലും അപകാരങ്ങളെപ്പററി ദുര്യോധനമഹാരാജാവ് മറക്കാറില്ല.

അർജ്ജു:—അതെ, അദ്ദേഹത്തിന്റെ മുഖത്ത് അതു കാണാനുണ്ട്.

ധർമ്മ:—ഏതായാലും താതൻ നമ്മെപ്പററി അന്യഥാ വിചാരിക്കുന്നില്ല; നിശ്ചയം,

ഭീമ:—ഈ കിഴവൻ അത്ര പച്ചപ്പരമാർത്ഥിയാണെന്ന് ജ്യേഷ്ഠൻ കരുതേണ്ട. ഈ തേൻ ഒക്കെ വിഷമാകാൻ വളരെ കാലതാമസം വേണ്ട.

അർജ്ജു:—ഏതായാലും ജ്യേഷ്ഠൻ കരുതിവേണം സംസാരിക്കുവാനും പ്രവൃത്തിക്കുവാനും.

ധർമ്മ:—നിങ്ങൾ മനുഷ്യരുടെ നന്മയിൽ വിശ്വസിക്കാനിഷ്ടമില്ലാത്തവരാണ്. (ധൃതരാഷ്ട്രരോട്) താതന്റെ ആജ്ഞ കേൾക്കുവാൻ ഞങ്ങൾ ഉൽക്കണ്ഠിതരായിരിക്കുന്നു,

ധൃത:—ആജ്ഞയോ! ഉണ്ണിയോട് എനിക്കപേക്ഷയാണുള്ളതു്. കൗരവകുലത്തിനും, പാണ്ഡവകുലത്തിനും സർവദാ സൗഭ്രാത്രമാണ് വേണ്ടതു്, അതു പുലർന്നുവരുന്നതു് പരസ്പരസമാഗമങ്ങൾകൊണ്ടാണ്. കുറെ ഏറെനാൾ ദുര്യോധനനും ദുശ്ശാസനനും ഇന്ദ്രപ്രസ്ഥത്തിൽ താമസിച്ചതു നിമിത്തം അതു് എത്ര വളർന്നു എന്നുള്ളതു് നിങ്ങളെക്കാണുമ്പോൾ അവർക്കുള്ള സന്തോഷത്തിൽ നിന്നുതന്നെ മനസ്സിലാകാം. ഇനി എനിക്കും അവർക്കും ആഗ്രഹമുള്ളതു് പറയാം. സോദരരോടും പാഞ്ചാലിയോടുംകൂടി നാലഞ്ചുദിവസമെങ്കിലും ഉണ്ണി ഇവിടെ സുഖമായി, സ്വൈരമായി കഴിച്ചുകൂട്ടണം.

ഭീമ:—(അപവാര്യ) ഇതെന്താ അപകടം വരാനുള്ള വഴിയാണ്.

അർജ്ജു:—(ധർമ്മപുത്രരോട്) സൂക്ഷിച്ചുവേണം ക്ഷണം അംഗീകരിക്കുവാൻ ധർമ്മ:—(അർജ്ജുനനോട്) വേണ്ടാത്തിടത്തു് ശങ്കിക്കരുതു്. (പ്രകാശം) താത, താതന്റെ ആജ്ഞ ഞങ്ങൾ ശിരസാവഹിക്കുന്നു.

ധൃത:—എന്നാൽ ഉണ്ണീ, നിങ്ങളെല്ലാവരും ഒന്നുചേർന്നു ആഹ്ലാദിച്ചു വിനോദിക്കുവിൻ. നിങ്ങളുടെ ഇത്തരമുള്ള സമ്മേളനങ്ങൾ ഈ കിഴവനു എത്രത്തോളം നിർവൃതികരമാണെന്നു് നിങ്ങൾക്കു് അറിയാൻ നിവൃത്തിയില്ല. ഉണ്ണീ ദുര്യോധന, എന്തിനു താമസിക്കുന്നു. എന്തു വിനോദമാണു് നിന്റെ സോദരന്മാർക്കായി നീ ഇപ്പോൾ തയ്യാർ ചെയ്തിട്ടുള്ളതു്?

ദുര്യോ:—ദ്യൂതം.

ധർമ്മ:—ദ്യൂതമോ, എനിക്കു് അതു് ഇഷ്ടമില്ല.

കർണ്ണൻ;...രാജോചിതമായ വിനോദമല്ലേ ദ്യൂതം? ദേവന്മാർക്കും രാജാക്കന്മാർക്കും ആയിട്ടു് ഇതു് ദേവന്മാർ നിർമ്മിച്ചിട്ടുള്ളതാണ്.

അർജ്ജു:—രാജാക്കന്മാർക്കു് ചൂതു് സപ്തവ്യസനങ്ങളിൽ ഒന്നാണ്. ഏററവും ദോഷകരമായിട്ടുള്ളതുമാണ്. അതു് രാജധർമ്മമല്ല.

ധർമ്മ:—ഞാൻ ചൂതിലേർപ്പെടുന്നില്ല.

ഭീമ:—രാജോചിതങ്ങളായ മററു വിനോദങ്ങളുണ്ടല്ലോ. അതു് ആകരുതോ? ഒരു ദ്വന്ദ്വയുദ്ധം നടക്കട്ടെ. ഞാൻ തയ്യാറുണ്ടു്. വരിക ദുശ്ശാസനാ! (മുൻപോട്ടു് കുതിച്ചു നില്ക്കുന്നു)

അർജ്ജു:—അല്ലെങ്കിൽ ധനുർവിദ്യാ പരീക്ഷയാകട്ടെ. ഞാൻ തയ്യാറുണ്ടു്. വരിക കർണ്ണാ!

ധൃത:—ശാന്തം, ശാന്തം പാപം! ധനുർവ്വിദ്യ വേണ്ട. ദ്വന്ദ്വയുദ്ധം വേണ്ട. ഉണ്ണികളേ, നിങ്ങളെ വിനോദിപ്പിക്കുവാനായിട്ടാണു് ഞാൻ വരുത്തിയതു്. യുദ്ധം ചെയ്യാൻ വേണ്ടിയല്ല.

ദുശ്ശാ:—ചൂതിൽനിന്നു് ഭയപ്പെടുന്നവർ യുദ്ധത്തിൽനിന്നും ഭയപ്പെടുകതന്നെ ചെയ്യും.

ദുര്യോ:—സോദര, യുധിഷ്ഠിരാ, എന്തിനു ശങ്കിക്കുന്നു.

പോരുക പാണ്ഡവ, സാനന്ദം മാം
നേരുക ചൂതിലമന്ദം
ദേവനരാധിപ ധർമ്മവിനോദം
ദേവനമേകമനന്തം—പോരുക—

ധർമ്മ:—

ദേവനമരചനു ധർമ്മമല്ലറികയി
വ്യസനം താനതിഘോരം
ദുരിതഭാരം—ധ്യാനചോരം
നിഖിലാഹിതതതിപൂരം
ജ്ഞാനവിവേകതപോതിവിദൂരം—ദേവന—

ധൃത:—ഉണ്ണി, യുധിഷ്ഠിര, സ്നേഹബുദ്ധിയോടെ അപേക്ഷിച്ചതു് സ്നേഹബുദ്ധിയോടെ കേൾക്കണം. വിനോദത്തിൽ ഏർപ്പെടുക. സൗഭ്രാത്രം വർദ്ധിക്കട്ടെ.

ദുശ്ശാ:—ഭീരു എന്ന അപവാദവും ഉണ്ടാകാതെ ഇരിക്കട്ടെ.

ശകുനി:—രാജധർമ്മം രക്ഷിതമാകട്ടെ.

ഭീമൻ<br>അർജ്ജുനൻ } :—(ധർമ്മപുത്രരോടു്) ജ്യേഷ്ഠ, ഒരിക്കലും സമ്മതിക്കരുതു്.

ധൃത:—ഉണ്ണി എന്താണു് ഇനിയും മിണ്ടാതിരിക്കുന്നതു്? വിനോദമല്ലേ ഇതു്. എന്തിനു ശങ്കിക്കുന്നു? ഇരിക്കുക. ചൂതു നിരത്തുക. ഈ വൃദ്ധന്റെ അഭിലാഷം സാധിപ്പിക്കുക.

ധർമ്മ:—(സഹോദരന്മാരോടു്) ഉണ്ണികളെ, ഇതു് വിധിബലമാണു്. ഇവിടെ മററു ഗതിയില്ല. ഗുരുജനനിന്ദ പാടില്ല. (പ്രകാശം) താത, താതന്റെ ആജ്ഞ ശിരസാ വഹിച്ചുകൊള്ളുന്നു

ദുര്യോ:—(വളരെ ധൃതിയിൽ) ആരു് അവിടെ? ചൂതിനിരിക്കുവാൻ പലകയും പകിടകളും കൊണ്ടുവരട്ടെ. സോദര ധർമ്മപുത്ര, മാതുലൻ ശകുനി മഹാരാജാവു് എനിക്കുവേണ്ടി പൊരുതുകൊള്ളും.

(പലക കൊണ്ടുവരുന്നു. ധർമ്മപുത്രരും ശകുനിയും ചൂതിനു് ഇരിക്കുന്നു. മററുള്ളവർ രണ്ടു വശത്തും നിരന്നു നിൽക്കുന്നു)

ശകുനി:— ഉണ്ണി ദുര്യോധന, ഞാൻ നിർദ്ധനനാണു്. പണയം പറയേണ്ട വസ്തു ഏതാണു്?

ദുര്യോ:—(ധൃതരാഷ്ട്രരോടു്) അച്ഛാ, ഇവിടെ എനിക്കല്പം ഉണർത്തിക്കാനുണ്ടു്. സോദര യുധിഷ്ഠിര! കേൾക്കുക. അങ്ങാണു് ജ്യേഷ്ഠഭ്രാതാവു്. രാജ്യം മുഴുവൻ യഥാർത്ഥത്തിൽ അങ്ങയുടെതാണു്. അച്ഛന്റെ പുത്രവാത്സല്യം നിമിത്തവും അങ്ങയുടെ സൌജന്യബുദ്ധികൊണ്ടും ഞാൻ അർദ്ധരാജ്യം അനുഭവിക്കുന്നു. അതു് ന്യായമല്ല. അതിനാൽ ആ അർദ്ധരാജ്യം തന്നെ ഞാൻ പണയം പറയുന്നു. ചൂതിൽ ജയിച്ചു് അങ്ങയുടെ വകയായ ആ അർദ്ധരാജ്യം അങ്ങയുടേതു തന്നെ ആക്കിക്കൊള്ളുക

ശകുനി:—ഹാ! ഉണ്ണിയുടെ ന്യായനിഷ്ഠയെപ്പററി എന്തു പറയട്ടെ! യുധിഷ്ഠിര, നമുക്കു് ചൂതിനാരംഭിക്കാം. അങ്ങു് എന്തു പണയം പറയുന്നു? സമാനവിഭവനായ അങ്ങും സ്വന്തമായ അർദ്ധരാജ്യം തന്നെ പണയം പറയുക.

ദുശ്ശാ:—അതുതന്നെയാണു് യുധിഷ്ഠിരന്റെ സ്ഥിതിക്കു് ന്യായമായ പണയം.

കർണ്ണൻ:—എതിരാളിയുടെ പണയത്തിൽ കുറഞ്ഞ ഒരു പണയം യുധിഷ്ഠിരൻ പറയുകയോ? ഒരിക്കലുമില്ല.

ധർമ്മ:—സോദര ദുര്യോധന, ഞാനും അർദ്ധരാജ്യം തന്നെ പണയം വയ്ക്കുന്നു.

(ചൂതുകളിക്കുന്നു. ധർമ്മപുത്രർ തോല്ക്കുന്നു.)

ശകുനി:—യുധിഷ്ഠിര, അങ്ങയുടെ നാടു് പണയമനുസരിച്ചു് ഞങ്ങൾ

ക്കായിരിക്കുന്നു. ഏന്താണ് ഇനി പണയം വയ്ക്കാൻ പോകുന്നതു്? പറഞ്ഞാലും

ദുര്യോ:—(സന്തുഷ്ടനായി) ഹാ മാതുല!

ദുശ്ശാ:—(ധർമ്മപുത്രരോടു്) യുധിഷ്ഠിര, നാടുപോയിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് രാജചിഹ്നങ്ങൾ അങ്ങേയ്ക്കു് ശോഭിക്കയില്ല. ഞാൻ മാററിക്കളയാം (ചെങ്കോലും കിരീടവും മാററുന്നു; സമ്പത്തുമുഴുവൻ നഷ്ടപ്പെട്ട അങ്ങേയ്ക്കു് ഇനി സഹദേവനെ പണയം വയ്ക്കാമല്ലോ.

ധർമ്മ:— സജ്ജനസമ്മതനും സുചരിതനുമായ എൻെറ പ്രിയസഹോദരൻ സഹദേവനെ ഇതാ പണയം വച്ചിരിക്കുന്നു.

(വീണ്ടും കളിക്കുന്നു ധർമ്മപുത്രർക്ക് തോൽവിതന്നെ)

ശകുനി:—ഏന്താണു് ഇനി പണയം വയ്ക്കാൻ പോകുന്നതു് നകുലനെ ആകരുതോ!

ദുര്യോ:—മാതുല, ഭേഷ്! ഭേഷ്!

ദുശ്ശാ:—(സഹദേവനോടു്) മൂർഖ! നീ ഞങ്ങൾക്കു ദാസനായിത്തീർന്നിരിക്കുന്നു. ഇവിടെ വന്നു നില്ക്കുക. പാണ്ഡവാ, ഇനി നകുലൻെറ പണയമാകാം.

ധർമ്മ:—കഷ്ടം, വിധി ഇങ്ങനെ ആയല്ലോ. മഹാ പരാക്രമിയായ നകുലനെത്തന്നെ ഞാൻ പണയം വയ്ക്കുന്നു.

(വീണ്ടും കളിക്കുന്നു)

ശകുനി:—മഹാപരാക്രമിയായ നകുലനും ഇതാ അടിമയായി. യുധിഷ്ഠിര, ഇനി എന്താണ് അങ്ങയുടെ പണയം?

ദുര്യോ:— മാതുല, മമതാവാരിധി തന്നെയാണു് മാതുലൻ.

ദുശ്ശാ:—(നകുലനോടു്) ഇവിടെ വരൂ മൂർഖ, ഇങ്ങോട്ടു നിൽക്കു പാണ്ഡവ, ഇനി അർജ്ജുനനാകട്ടെ.

ധർമ്മ:—ഹാ! ദൈവമേ, ഗത്യന്തരമില്ലല്ലോ. ലോകൈകധനുർധരനായ അർജ്ജുനനെതന്നെ ഞാൻ പണയം വയ്ക്കേണ്ടിയിരിക്കുന്നു. അങ്ങനെതന്നെയാകട്ടെ.

(വീണ്ടും കളിക്കുന്നു)

ശകുനി:—നിങ്ങളുടെ ലോകൈകധനുർധരനും ഞങ്ങളുടെ ദാസനായി. യുധിഷ്ഠിര, ഇനി എന്താണു പണയം വയ്ക്കാൻ പോകുന്നതു്?

ദുര്യോ:—മാതുല, ഇന്നെനിക്കു താങ്ങും തണലുമായതു് മാതുലൻ തന്നെയാണു്.

ദുശ്ശാ—(അർജ്ജുനനോടു്) ഹേ പണ്ഡിതമ്മന്യ! നിൻെറ സ്ഥാനം ഇവിടെയാണു്. പാണ്ഡവാ, ഭീമസേനനെ പണയം വയ്ക്കുമല്ലോ.

ധർമ്മ:—സിംഹപരാക്രമിയായ ഭീമനെ ഞാൻ പണയമായി വയ്ക്കുന്നു. ദൈവമേ ഇതിനും ഇടയായല്ലോ!

(വീണ്ടും കളിക്കുന്നു)

ശകുനി:—സിംഹപരാക്രമിയായ ഭീമനും ഞങ്ങളുടേതായി. ഇനി എന്താണു് പണയം?

ദുര്യോ;—മാതുലാ, അങ്ങയുടെ കാരുണ്യംകൊണ്ടു് ഇന്നു ഞാൻ ജീവിക്കുന്നു.

ദുശ്ശാ:—(ഭീമനോടു്) എടാ, ബഹുവികത്ഥന, ഇവിടെ വരിക. ഗദയിങ്ങു തരിക. മഹാനസത്തിൽ ഉഴുന്നുടക്കുവാൻ ഇതു് ഉപകരിച്ചേക്കാം.

ഭീമ:—അല്ലല്ല, നിൻെറ ഉരസ്സു് അടിച്ചു പൊടിയാക്കുവാൻ (മുൻപോട്ടു കുതിക്കുന്നു)

ധർമ്മ—ഉണ്ണീ, സത്യഭംഗമരുതു്. (ഭീമൻ നൈരാശ്യത്തോടെ പിൻവാങ്ങുന്നു.)

ദുശ്ശാ—പാണ്ഡവാ, ഇനി അങ്ങേക്കുതന്നെ പണയമായി നില്ക്കാമല്ലോ;

ധർമ്മ:—സഹോദരന്മാരെയെല്ലാം നിങ്ങൾക്കു ദാസന്മാരാക്കിയ മഹാനിഷ്ഠുരനായ എനിക്കു് സ്വാതന്ത്ര്യത്തിനവകാശമില്ല. അതുകൊണ്ടു് ഞാൻ പണയമാകാം.

ശകുനി:—നില്ക്കുക, നില്ക്കുക, പാഞ്ചാലി അവശേഷിക്കുന്നുണ്ടു്. പതിയുള്ളപ്പോൾ അവരെയും പണയം പറയേണ്ടതാണു് മുറ.

ധർമ്മ:—കഷ്ടം പാഞ്ചാലരാജപുത്രിയായ ദേവിയെ ഇവർക്കു ദാസിയാക്കേണ്ടിയിരിക്കുന്നു. അധർമ്മമായ ചൂതിൽ ഏർപ്പെട്ടു് സർവ്വവും നശിച്ചു. ഹാ! ദേവി, ഞാനെന്തു ചെയ്യട്ടെ. ഹേ ദുര്യോധനമഹാരാജാവേ, എൻെറ ധർമ്മപത്നിയായ പാഞ്ചാലരാജപുത്രിയും ഞാനും ഇതാ! നിങ്ങൾക്കു പണയമായി നില്ക്കുന്നു.

ഭീമ:—(അർജ്ജുനനോട്) ഇതു ഞാൻ സഹിക്കുകയില്ല. ജ്യേഷ്ഠനോടുള്ള ഭക്തിക്കും ഒരു അതിരുണ്ട് (മുൻപോട്ടു കുതിക്കുന്നു.)

അർജ്ജു:—അരുത്. അരുത് ജ്യേഷ്ഠാ, സാഹസം കാട്ടരുത്.

(വീണ്ടും കളിക്കുന്നു. ധർമ്മപുത്രൻ തോൽക്കുന്നു)

ശകുനി:—ശരി. പാഞ്ചാലിയും ധർമ്മപുത്രരും കൌരവന്മാരുടെ അടിമകളായിത്തീർന്നു. ഹേ യുധിഷ്ഠിര, കളി നിറുത്തുകയോ തുടരുകയോ? ഇനി പണയം വല്ലതുമുണ്ടോ?

ദുഃശ്ശാ:—മാതുല, അങ്ങയെ ഒന്നാശ്ലേഷിച്ചുകൊള്ളുവാൻ എനിക്കനുവാദം തരണേ. (എന്ന് അടുക്കലേക്കു ചെല്ലുന്നു)

ശകുനി:—നില്ക്കുക ഉണ്ണി, നില്ക്കുക. ഇനിയും കാര്യങ്ങൾ ഇവിടെ നടക്കേണ്ടതുണ്ട്. ദുശ്ശാസന, നീ എന്തിനു താമസിക്കുന്നു.

ദുശ്ശാ:—(ദുര്യോധനനോട്) ആര്യ, ദ്രൗപദിയെ സഭയിലേക്കു കൊണ്ടുവരുവാൻ അനുമതി നല്കണം.

ദുര്യോ:—അതെ വത്സ, അപ്രകാരം ചെയ്യുക.

വിദുരൻ:—(ധൃതരാഷ്ട്രരോട്) മഹാരാജാവേ, പുത്രന്മാരുടെ ഈ സാഹസം ഉടൻ തന്നെ തടയേണ്ടതാണ്. ദ്രൗപദി രാജപുത്രിയാണ്. ബലാൽക്കാരമായി അവളെ പരപുരുഷന്മാരുടെ മുൻപിൽ ആനയിക്കുന്നതു യോഗ്യമല്ല. അങ്ങ് അതിനു സമ്മതിക്കരുത്.

ദുര്യോ;—അച്ഛ, പാഞ്ചാലി നമുക്കു ദാസിയായിക്കഴിഞ്ഞു. ഇനി അവളെ എന്തു ചെയ്യുന്നതിനുമുള്ള അധികാരം നമുക്കാണ്- (ദുശ്ശാസനനോട്) വേഗത്തിൽപോയി അവളെ രാജസഭയിൽ ആനയിക്കുക.

ദുശ്ശാ:—(പെട്ടെന്നു വെളിയിലേക്കുപോയി തിരിച്ചുവന്ന് അണിയറയിലേക്കുനോക്കി) എന്ത്! നീ താനെ വരാത്തപക്ഷം നിന്റെ മുടി ചുറ്റിപ്പിടിച്ചു വലിച്ചിഴച്ച് ഇങ്ങോട്ടുകൊണ്ടുവരുന്നുണ്ട്.

ദ്രൗപതി:—ഛീ, മൂർഖ, മാറി നില്ക്കുക. (മുൻപോട്ടുവന്നു ധർമ്മപുത്രരെയും ഭീമാദികളെയും നിർവർണ്ണനം ചെയ്തിട്ട് ധർമ്മപുത്രരോട്) ഹാ ആര്യപുത്ര, മഹാരഥന്മാരായ നിങ്ങൾ ജീവിച്ചിരിക്കുമ്പോഴാണോ നീചരായ ഇവർ ഇങ്ങനെ ധിക്കാരം കാട്ടുവാൻ മുതിർന്നത്?

ധർമ്മ:—ഹേ ദേവി പാഞ്ചാലരാജപുത്രി, ചൂതിൽ ഞാൻ നിന്നോടും സോദരന്മാരോടൊന്നിച്ച് ദുര്യോധനന്റെ ദാസവൃത്തിക്കു സത്യബദ്ധനായിരിക്കുന്നു.

ശകുനി:—പാണ്ഡവ, അങ്ങയുടെ വാക്കുകൾ എത്രയോ ധർമ്മയുക്തം. ധർമ്മത്തെ അങ്ങ് രക്ഷിക്കുന്നു. ചൂത് ധർമ്മസമരമാണ്. അതിൽ ചെയ്ത നിബന്ധനകൾ പാലിക്കേണ്ടതു ന്യായമാണ്.

ദ്രൗപതി:—ഇതും ധർമ്മമാണത്രേ! അഹോ കഷ്ടം—സത്യത്തിനും ധർമ്മത്തിനും സ്വന്തങ്ങളായിത്തീർന്ന ആര്യപുത്രനും സോദരന്മാരും ഈ കുത്സിതപ്രവൃത്തി കണ്ട് ഇളകാതിരിക്കുന്നതിൽ എനിക്കത്ഭുതമില്ല. (ധൃതരാഷ്ട്രരോട്) ഹേ കുരുകുലശ്രേഷ്ഠനായ മഹാരാജാവേ! ഇതിനുത്തരം പറയുക. ഒരു രാജപുത്രിയെ സ്ത്രീപ്രാണഹാനിക്കൂടി ചെയ്യാനുള്ള അധികാരം ഭർത്താവിനു സ്മൃതികളിൽ നല്കിയിട്ടുണ്ട്. മാനഹാനി വരുത്തുവാനും പണയം മറ്റും വയ്ക്കുവാനുമുള്ള അവകാശം ഏതു ശ്രുതിയാണ്, ഏതു സ്മൃതിയാണ് നൽകിയിട്ടുള്ളതു്? (ധൃതരാഷ്ട്രർ മൗനമായിരിക്കുന്നു.) ഹാ അങ്ങ് അന്ധനാണെന്നു ഞാൻ മുൻപു തന്നെ ധരിച്ചിരുന്നു. സങ്കടക്കാരോട് അങ്ങ് ബധിരനും മൂകനുമാണെന്ന് ഇപ്പോഴേ മനസ്സിലാകുന്നുള്ളൂ. (ഭീഷ്മാദികളോട്) സദസ്സിന്റെ അലങ്കാരഭൂതരായി വർത്തിക്കുന്ന ഹേ പണ്ഡിതന്മാരെ, ശാസ്ത്രജ്ഞന്മാരെ, മഹാത്മാക്കളെ, നിങ്ങളും കണ്ടിരിക്കെയാണോ ഈ നീചമായ അധർമ്മം ഇവിടെ സ്വച്ഛന്ദം പ്രവർത്തിച്ചതു്? (അവരും മിണ്ടാതിരിക്കുന്നു.) ഹാ കഷ്ടം! ദുര്യോധനന്റെ അന്നം കൊണ്ടു വിലയ്ക്കുവാങ്ങപ്പെട്ടവർക്ക് എന്തു വിവേകമാണുള്ളതു്? എന്തു സ്വാതന്ത്ര്യമാണുള്ളതു്?

ദുര്യോ:—ശഠേ, നിന്റെ ധിക്കാരം അതിരുകടന്നുപോകുന്നു. ഇതു കുരുസഭയാണെന്ന് ഓർമ്മയില്ലേ?

ദ്രൗപദി:—ഛീ മൂർഖ, നീ എന്തർത്ഥമില്ലാത്ത വാക്കാണ് പറയുന്നതു്?

നാരിയെ മാനിയാത ന്യായവുമറിയാത്ത സ-
ഭയിതു സഭയാമോ?
നേരററ ചൂതാടി നിരക്കാത നീതിയോതും സ-
ഭയിതു സഭയാമോ?
അരചൻ കുരുടൻ പോൽ, അടിമകളമാ—

ത്യർത്ഥപാൽ, സഭയിതു സഭയാമോ?
ഒരു മൂഢൻനിൻമൊഴി ബഹുമൂഢർ കൊണ്ടാടും സ-
ഭയിതു സഭയാമോ?

ദുര്യോ:—ഇവളോടു സമാധാനം പറഞ്ഞിട്ടു് നമുക്കാവശ്യമില്ല. ഇവളുടെ അവഗുണ്ഠനം പറിച്ചു് ദൂരത്തു് എറിയുക. ദാസിക്കു് അവഗുണ്ഠനം ധരിക്കാൻ എന്തവകാശമാണുള്ളതു്! അവളു് പാണ്ഡവസഭയിൽവച്ചു് സുസ്മേരമായ ആ മുഖം ഇന്നു കണ്ണുനീർകണങ്ങളായ മുക്താഫലങ്ങൾ കൂട്ടിയണിഞ്ഞു് കൂടുതൽ സുന്ദരതരമായിരിക്കണം. അതു സകല ജനങ്ങളും വീക്ഷിച്ചുകൊള്ളട്ടെ.

ദ്രൗപ:—ധൂർത്ത! കണ്ണുനീരോ! എന്റെ കണ്ണുനീരോ! കണ്ണുനീർക്കണങ്ങൾ മുക്താഫലങ്ങളാണെന്നു് നീ പറഞ്ഞതു ശരിയാണു്. നിന്നെപ്പോലെയുള്ള നീചന്മാർക്കു വിലമതിക്കാൻ പാടില്ലാത്ത മുക്താഫലങ്ങളാണു്. വീരരാജപത്നികൾ അതു ചൊരിയുന്നതു മനുഷ്യത്വവും ദയയും കാണാനിടത്താണു്. മൃഗപ്രായനായ നിന്റെ അപകൃത്യങ്ങൾ ഉത്തരമായി ചൊരിയുന്നതു നിന്റെ ഹൃദയത്തിലെ ചുടുചോരയാണു്. എന്റെ കണ്ണുനീരല്ല.

കർണ്ണൻ:—ദുശ്ശാസന, ഇവളുടെ ജല്പനകളെ ഉടൻ നിറുത്തുക.

ദ്രൗപ:—ഹേ മാന്യരായ പുരുഷജനങ്ങളെ, നിങ്ങൾ സ്ത്രീകളെ അസ്വതന്ത്രകളായി, അടിമകളായി ചമച്ചുവിട്ടു. അവർക്കു ഭർത്താക്കന്മാരുണ്ടു്, ധർമ്മത്തിനു വൻകോട്ടയായ രാജാവുണ്ടു്, പണ്ഡിതപ്രവരന്മാരായ മന്ത്രിപുംഗവന്മാരുണ്ടു്, ഏതവസരത്തിലും തുണ ചെയ്യുവാൻ, എന്നുള്ള ബോധവും നിങ്ങൾ നല്കിയിട്ടുണ്ടു്. ഈ കൃത്രിമമായ സംസാരക്കൂട്ടിനുള്ളിൽ ലയിച്ചുകൊള്ളുവാൻ അവരോടു നിങ്ങൾ നിത്യോപദേശവും ചെയ്യുന്നുണ്ടു്. നിങ്ങൾ എത്ര ക്രൂരന്മാരാണു്, എത്ര നിസ്സഹായരാണു്, എത്ര ദയനീയന്മാരാണു് എന്നു് നിങ്ങൾതന്നെ ഇപ്പോൾ സ്പഷ്ടമാക്കി. ഹ! ഭാഗ്യവശാൽ എന്റെ ഈ കൃത്രിമവും നശ്വരവും ആയ സംസാരപഞ്ജരം ഉടഞ്ഞു തകരുന്നതു് ഞാൻ കാണുന്നു. ഒരു സ്ത്രീക്കു് സ്വതന്ത്രമായി പരമഗതി പ്രാപിക്കാൻ കഴിയുമെന്നും, അപ്രകാരം മാത്രമേ കഴിയുകയുള്ളു എന്നും നിങ്ങൾ എനിക്കു കാട്ടിത്തന്നു. നാടു്, നില,

നിലയം, സുജനാദികൾ എന്നിവ സകലവും അകന്നു് ഈ സംസാരപഞ്ജരം ഉടഞ്ഞു തകരുന്ന ഈ അവസരത്തിൽ അനശ്വരതേജോനിധിയായ ഭഗവൻ, ഹേ നീലനീരദശ്യാമള, മുരളീധര, ദ്വാരകാവാസിൻ! എനിക്കു് അവിടുന്നുതന്നെ ഏകാശ്രയമായി ഭവിക്കേണമേ.

[ദ്രൗപദി മേല്പോട്ടു കണ്ണുകളുയർത്തി ധ്യാനബദ്ധയായി ബാഹ്യകാര്യങ്ങളിൽ നിശ്ചേതനയായി നില്ക്കുന്നു.]

ദുര്യോ:—ദുശ്ശാസനാ! അഴിക്കു അവളുടെ അവഗുണ്ഠനം.

കർണ്ണൻ—അവളുടെ ഭ്രാന്തെല്ലാം തൽക്കാലത്തേക്കു പുലമ്പിത്തീർന്നുവെന്നു തോന്നുന്നു. (ദുശ്ശാസനൻ ദ്രൗപതിയുടെ അരികിലേക്കു ചെല്ലുന്നു ഭീമാദികൾ ദുശ്ശാസനനെത്തടയാനെന്നോണം മുന്നോട്ടേയ്ക്കായുന്നു)

ശകുനി:—അജാതശത്രോ! അങ്ങയുടെ ധർമ്മമെവിടെ, സത്യമെവിടെ

ധർമ്മ:—ഉണ്ണികളേ അരുതരുതു്. (ധ്യാനപരമായി നില്ക്കുന്ന ദ്രൗപതിയുടെ അവഗുണ്ഠനത്തിന്റെ ഒററം ദുശ്ശാസനൻ പിടിച്ചു വലിക്കുന്നു. വലിഞ്ഞു താഴെ വീഴുന്തോറും വർദ്ധിച്ചുവരുന്നു. ഒരു കുന്നു വെൺപട്ടു കുമിഞ്ഞശേഷം ദുശ്ശാസനന്റെ രണ്ടു കയ്യും കഴച്ചു് അയാൾ വല്ലാതെ വിഷമിക്കുന്നു)

ദുര്യോ;—ഉണ്ണി ദുശ്ശാസന, ഇതെന്തു മായമാണു്.

ദുശ്ശാ.—മായവും മന്ത്രവുമൊന്നും ഇവളോടു പററുകയില്ല. [വീണ്ടും ഇരട്ടിച്ച പരാക്രമത്തോടുകൂടി ഇഴുക്കുന്നു. ഒടുവിൽ മോഹാലസ്യപ്പെട്ടു നിലത്തു വീഴുന്നു]

ദുര്യോ;—മാതുല; ഇതെന്തിങ്ങിനെ വരുവാൻ? ഉണ്ണി എഴുന്നേൽക്കുക.

ശകു:—ഇതു് ആ ഐന്ദ്രജാലികനായ ഗോപവടുവിന്റെ എന്തോ ചതിപ്രയോഗമാണു്. ഉണ്ണി എഴുന്നേൽക്കുക. [രണ്ടുപേരും കൂടി ദുശ്ശാസനനെ താങ്ങി എഴുന്നേല്പിച്ചു് ഒരു ആസനത്തിന്മേൽ ഇരുത്തുന്നു]

വിദു:—നീചമായ അധർമ്മത്തിന്റെ കസൃതി കണ്ടു് ശാശ്വതമായ ധർമ്മം വെളുവെളെച്ചിരിയ്ക്കുന്ന അപഹാസധ്വനിയാകുന്ന ഈ വസ്ത്രപരമ്പര ആ ഗോപാലകൃഷ്ണന്റെ ലീലാവിലാസംതന്നെയാണു്. സംശയമില്ല.

ദ്രൗപദി—(ക്രമേണ ധ്യാനത്തിൽനിന്നുണൎന്നു പുറവും നോക്കിയിട്ടു്) ഹാ, നീച, കുലകലാധമ, എന്റെ വസ്ത്രത്തിൽ സ്പർശിക്കുവാനും നീ മുതിൎന്നുവോ? ഹേ സദാചാരങ്ങളായ വീരാഗ്രസരരേ, ഇത്രയും നിങ്ങൾ കണ്ടുമിണ്ടാതെതന്നെയിരുന്നുവോ (ഉഗ്രമായ മുഖഭാവത്തോടും ശാപാവിഷ്ടമായ ഹസ്തവിന്യാസത്തോടും നിന്നുകൊണ്ടു്) എന്നാൽ സകലമനുഷ്യരും സകലദേവകളും സകലഭൂതങ്ങളും പാണ്ഡവസഹചരിയായ പാഞ്ചാലി ചെയ്യുന്ന ഈ ശപഥം കേട്ടുകൊള്ളട്ടെ. എന്നോടും പാണ്ഡവന്മാരോടും കാട്ടിയ ഈ വഞ്ചനയ്ക്കും ദുർന്നയത്തിനും ആരാരു് സാക്ഷ്യം വഹിച്ചുകൊണ്ടിരുന്നുവോ അവരെല്ലാവരും, വൃദ്ധന്മാരാകട്ടെ വിജ്ഞന്മാരാകട്ടെ, യുവവീരന്മാരാകട്ടെ, ഒന്നൊഴിയാതെ രണാങ്കണത്തിൽ പരശസ്ത്രശകലിതാംഗന്മാരായി മരിക്കും. അന്ധനായ ഈ ധൃതരാഷ്ട്രൻ മാത്രം വിചിത്രമായ പുത്രദുഃഖത്തിൽപെട്ടു് ഉഴലുമാറു് ജീവൻ ധരിച്ചുകൊണ്ടിരിക്കും. ആത്മപുത്രനെ ചൂതിൽ ചതിച്ചു കുടിലതന്ത്രനായ ശകുനിയെ സഹദേവൻ യുദ്ധത്തിൽ കൊല്ലും.

എന്റെ കേശവും വസ്ത്രവും സ്പർശിക്കാൻ മുതിർന്ന ഈ നീചനായ ദുശ്ശാസനൻ ഭീമസേനന്റെ ഗദാഹതി ഏററു നെഞ്ചു പിളർന്നു് മൃത്യുലോകം പ്രാപിക്കും. ദുർമ്മന്ത്രനിപുണനും കർണ്ണജപനുമായ ഈ കർണ്ണൻ അർജ്ജുനന്റെ കോപാഗ്നിയിൽ ദഹിക്കും. സകലദുഷ്കൃതങ്ങൾക്കും നിദാനമായ ഈ ദുര്യോധനനെ ഭീമസേനൻ ഊരുഭംഗം ചെയ്തു് യമലോകത്തേക്കയയ്ക്കും.

ധൃതരാഷ്ട്രർ:—(ഭയകമ്പിതനായി) ഉണ്ണി ദുര്യോധന!

ദുര്യോ:—അച്ഛ! ഇതൊക്കെകേട്ടു അച്ഛൻ കുലുങ്ങരുതു്.

ധൃത—(ദുര്യോധനനോട്) ഉണ്ണി! പാണ്ഡവരോടെത്ര കാണിച്ചാലും അതിൽ നമുക്കു ഹാനിവരാനില്ല. ഇവൾ പാഞ്ചാലരാജാവിന്റെ പുത്രിയാണു്. അവളുടെ വാക്കുകൾ കേട്ടിട്ടു് എന്റെ ഹൃദയം നടുങ്ങുന്നു.

ദുര്യോ:—പ്രമത്തയുടെ പ്രലാപങ്ങൾ—ഇതൊരു വകവയ്ക്കേണ്ട.

'പതിദേവതേ ദ്രുപദരാജ സത്യം കാലത്രയേഽപി ഭവദ്വചനം തേ' എന്നു് ഉച്ചത്തിൽ പുറപ്പെട്ട അശരീരി കേൾക്കാറായി. എല്ലാവരും ഞെട്ടുന്നു )

ധൃത:—മകളേ! പാർഷതി! ബന്ധുജനങ്ങളോടുള്ള കഠിന കോപം സംഹരിക്കുക. എന്റെ പുത്രന്മാർ ചെയ്തതു് വലിയ അപരാധം തന്നെയാണു്. നിന്റെ കോപം അസ്ഥാനത്തിലല്ല. എങ്കിലും, മകളേ യാജ്ഞസേനി, നീ സൗജന്യവാരിധിയാണല്ലോ. എന്റെ പുത്രന്മാർ അറിയാതെ ചെയ്തുപോയ ദുഷ്കൃതികൾ നീ പൊറുക്കണം. കളിയിൽപററിയ ഒരപരാധമല്ലെ ഇതു്. മകൾ ഇതൊന്നും കാര്യമായി വിചാരിക്കരുതു്. വില്ലാളിവീരരായ നിന്റെ ഭർത്താക്കന്മാരോടൊത്തു് നീ സുഖമായി വസിച്ചാലും. നിന്റെ അമർഷത്തെ അടക്കുക. ഉണ്ണീ ദുര്യോധന! വിനോദത്തിനായിട്ടല്ലേ നിങ്ങൾ പുറപ്പെട്ടതു്. വിനോദപരമായിത്തന്നെ കലാശിക്കട്ടെ. അനർത്ഥങ്ങൾ ഉണ്ടാകരുതു്.

ദുര്യോ:—അച്ഛാ എനിക്കു യാതൊരു ഭയവുമില്ല. ഇവർ എനിക്കിപ്പോൾ ദാസരായിത്തീർന്നിരിക്കുന്നു. അടിമ നിലക്കുതന്നെ ഇവിടെ ഇവർ കഴിച്ചുകൂട്ടണം.

ധൃത:—ഉണ്ണി അങ്ങനെ നിർബന്ധം അരുതു്. പാണ്ഡവന്മാർ സ്വതന്ത്രരായികൊള്ളട്ടെ.

ദുര്യോ:—അമര, അമരൻ തന്നെയാണു് ദുരിതത്തിനു വേണ്ട വഴി ഉണ്ടാക്കിത്തീർക്കുന്നതു്.

ധൃതാ—ഉണ്ണി, ഈ കിഴവന്റെ വാക്കനുസരിക്കുക.

ദുര്യോ:—(കർണ്ണൻ ദുശ്ശാസനൻ ശകുനി എന്നിവരുമായി ആലോചിച്ചിട്ടു്.) ആകട്ടെ അച്ഛൻ പറയുന്നതുപോലെതന്നെയാകട്ടെ എന്നാൽ ഇവർ ഒരു പ്രതിജ്ഞ ചെയ്യണം. പന്ത്രണ്ടുവത്സരം വനവാസവും ഒരു വർഷം അജ്ഞാതവാസവും കഴിഞ്ഞുവേണം അവർ നാട്ടിലേക്കു മടങ്ങുവാൻ. ആ കരാറിന്മേൽ അവർ പൊയ്ക്കൊള്ളട്ടെ.

ധൃത:—[സസന്തോഷം] ഹാ ഉണ്ണിയുടെ വിവേകം ഞാനെന്തു പറയട്ടെ. ഉണ്ണികളേ പാണ്ഡുപുത്രരേ, ആയുധങ്ങൾ വാങ്ങിക്കൊള്ളുവിൻ സ്വതന്ത്രരായി എങ്ങും സഞ്ചരിച്ചുകൊള്ളുവിൻ.

[കഞ്ചുകി ആയുധങ്ങൾ കൊടുക്കുന്നു]

ദുശ്ശ:—ഹാ! ഞാൻ പറിച്ചെടുത്ത ആയുധങ്ങൾ ഇത്ര
തിരിച്ചുവാങ്ങുന്നതു കാണുമ്പോൾ എന്റെ
വീണ്ടും പ്രബലമായി ഉണരുന്നു, ഏതോ മുമ്പേ

ദുര്യോ:—ഉണ്ണി അടങ്ങുക നമുക്കു ഹസ്തകമായ വി
ൻതന്നെയല്ല പറിച്ചെടുത്തു ദ്രൗ എറ
നമുക്കെന്താണു ചെയ്യാവുന്നതു്.

ശകു:—നീ പിടിച്ചഴിച്ചിട്ടു് പൊടിയിൽ വീണ
കേശപാശം നമ്മുടെ അയശസ്സിനെ പ്രചാര
കണ്ടു് തൽക്കാലം തൃപ്തിപ്പെട്ടുകൊള്ളുക.

ധൃത:—മകളെ പാർഷതി നിന്റെ വേണി
യല്ലേ വേണ്ടതു്.

ദ്രൗ:—ഞാനതു ബന്ധിക്കും. ഈ ദുശ്ശാസനന്റെ
ത്തിൽ അതു മുക്കിക്കുളിച്ചതിനുശേഷം അതു
ണിയും പാണ്ഡവന്മാരെപ്പോലെ സ്വതന്ത്രമാ
കൊള്ളട്ടെ

കർട്ടൻ വീഴുന്നു

---

## ശ്രീചിത്രാവലി

൧. രാമാശ്വമേധം
൨. കപിലോപാഖ്യാനം
൩. പാതാളരാമായണം
൪. പ്രഹ്ലാദചരിതം
൫. പ്രബന്ധചൈത്രകം

---

...vey, 42 projects and 640 sub projects were identified in 13 districts. For the successful implementation of the programme 250 key resource persons, 2000 district level resource persons, 25,000 master trainers and 3.5 lakh instructors were trained. The literacy classes were inau-

Kerala's success in the literacy campaign has thus shown a way to overcome some of the critical obstacles to the nation's welfare and prosperity. The literacy achieved by the neo-literates could be made an instrument for liberation from igno-

eracy is truly power to the people.

The Post Literary Programme in Kerala was launched on 2nd October 1991. The main objective of the programme was to transfer the neo-literates from the stage of guided learning to self-learning. After the post literary

[illegible]